എലിക്കുളം
ഗ്രാമപഞ്ചായത്ത് വികസനരേഖ
1996

53-2

എലിക്കുളം ഗ്രാമപഞ്ചായത്ത്

വികസനറിപ്പോർട്ട് 1996

അധികാരം ജനങ്ങളിലേയ്ക്ക്

എലിക്കുളം ഗ്രാമ പഞ്ചായത്ത്



1. എലിക്കുളം പഞ്ചായത്ത് ഓഫീസ്.
2. വില്ലേജ് ഓഫീസ്.
3. മുസ്ലീം പള്ളി.
4. ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്ക്.
5. S N D P
6. ക്ഷേത്രം
7. മൃഗാശുപത്രി
8. സെന്റ് മേരീസ് ഹൈസ്കൂൾ
9. ST. MARY'S. L.P.S.
10 വിളങ്ങുളം പള്ളി.

VAIKOM TALUK
MEENACHIL TALUK
KOTTAYAM TALUK
KANJIRAPPALY TALUK
CHANGANACHERRY TALUK
ELIKULAM
VAIKOM MUNICIPALITY
PALAI MUNICIPALITY
VEMBANAD LAKE
ALLEPPEY
IDUKKI
PATHANAMTHITTA

എലിക്കുളം ഗ്രാമപഞ്ചായത്ത്

ഭരണസമിതി

ഉമ്മച്ചൻ കൂറ്റനാൽ
വൈ. പ്രസിഡന്റ്



പി.എ. മദനമോഹനൻ കർത്താ
പ്രസിഡന്റ്

ഷേർലി അന്ത്യാംകുളം
സ്റ്റാ. ക. ചെയർമാൻ

പി.കെ. ഭാസ്കരൻ

എ. ദാമോദരൻ നായർ



സെബാസ്റ്റ്യൻ പാറയ്ക്കൽ



പെണ്ണമ്മ സേവ്യർ



മേഴ്സി കുര്യൻ

നളിനി കുമാരൻ



ആന്റണി തോമസ്

എ.എസ്. കരുണാകരൻ

ഈ ഭരണസമിതിയിലെ അംഗമായിരുന്ന ശ്രീ.എ.എസ്. കരുണാകരൻ 27-5-96ൽ നിര്യാതനായി.

അകാലത്തിൽ അന്തരിച്ചുപോയ മാന്യ സുഹൃത്തിനെ ഈയവസരത്തിൽ കൃതജ്ഞതയോടെ സ്മരിക്കാം.

പ്രഥമ ഭരണസാരഥികൾ

I

1. ശ്രീ. പി.കേശവപിള്ള (പ്രസിഡന്റ്)
2. ശ്രീ. തോമസ് കല്ലറക്കൽ
3. ശ്രീ. സി.കെ. നാരായണപിള്ള, മുളയ്ക്കൽ
4. ശ്രീ. കെ.എം മാണി, ആയല്ലൂക്കുന്നേൽ
5. ശ്രീ. സി.വി. വർക്കി, ചീരാംകുഴിയിൽ
6. ശ്രീ. പി.എൻ. ഗോപാലൻനായർ
7. ശ്രീ. ഏ.ജെ. മത്തായി, പാംബ്ലാനിയിൽ
8. ശ്രീ. വി.എസ്. രാമകൃഷ്ണൻനായർ
9. റ്റി.എസ്. തങ്കപ്പൻനായർ, പന്നാങ്കൽ
10. ശ്രീ. മാത്തച്ചൻ കുരുവിനാക്കുന്നേൽ

II

1. ശ്രീ. കെ.ഡി. തോമസ് കുന്നപ്പള്ളിൽ
2. ശ്രീ. എംഎൻ. ഗോപാലകൃഷ്ണൻനായർ. മഞ്ഞപ്പള്ളിൽ
3. ശ്രീ. സി.എം. ജോസഫ് ചെരിപുറം
4. ശ്രീ. പി.കെ. രാഘവൻനായർ, പേണ്ടാനത്ത്
5. ശ്രീ. എൻ.എസ്. ജോസഫ്, കോഴികൊത്തിക്കൽ
6. ശ്രീ. പി.എം. ദേവസ്യാ, പൗവ്വത്ത്
7. ശ്രീ. എം.എൻ. കൃഷ്ണൻനായർ മുളയ്ക്കൽ
8. ശ്രീ. പി. കേശവപിള്ള, മാടപ്പള്ളിൽ
9. ശ്രീ. എം.കെ. ചന്ദ്രശേഖരൻനായർ, നിരവത്ത്
10. ശ്രീമതി സി.കെ. മേരി, ചീരാംകുഴി (നോമിനി)
11. ശ്രീമതി കാതറൈൻ ചാക്കോ, ജീരകത്ത്
12. ശ്രീ. കെ. രാമകൃഷ്ണൻനായർ, അമ്പഴത്തിനാൽ

III

1. ശ്രീ. സി.ഒ. തോമസ്സ്. ചെറുചിലമ്പിൽ
2. ശ്രീ. പി.എ. മദനമോഹനൻകർത്താ
3. ശ്രീ. സി.റ്റി. വർക്കി, ചെങ്ങളത്തുപറമ്പിൽ
4. ശ്രീ. വർക്കി മാത്യു, മുതുപ്ലാക്കൽ
5. ശ്രീ. സാജൻ ചാക്കോ ജീരകത്ത്
6. ശ്രീ. തോമസ്സ് കുന്നപ്പള്ളിൽ
7. ശ്രീ. ജോർജ്ജ് കുര്യൻ, മുത്തോലിൽ
8. ശ്രീ. വി.എം. ചെറിയാൻ, വളകോടിയിൽ
9. ശ്രീ. വി.കെ. കുട്ടപ്പൻ, വെങ്ങാലൂർ
10. ശ്രീ. പി.ജി. ലീലാവതിയമ്മ, അമ്പഴത്തിനാൽ

IV

1. ശ്രീ. ഈ.കെ. തോമസ് ഈരൂരിക്കൽ
2. ശ്രീ. പി.എ. മദനമോഹനൻകർത്താ
3. ശ്രീ. സി.വി. ജോസഫ്, ചീരാംകുഴിയിൽ
4. ശ്രീമതി വത്സമ്മ ആന്റണി, ഇല്ലിക്കൽ
5. ശ്രീ. ഉമ്മച്ചൻ കൂറ്റനാൽ
6. ശ്രീ. ജോസ് വടക്കേക്കൂറ്റ്
7. പി.റ്റി. ആന്റണി, പാലക്കുടിയിൽ
8. വി.എം. ചെറിയാൻ വളകൊടിയിൽ
9. എ.എസ്. കരുണാകരൻ ആനപ്പാറ
10. ശ്രീമതി ലക്ഷ്മിക്കുട്ടിയമ്മ, അക്കാട്ടുവയലിൽ

ശ്രീ ഔസേപ്പച്ചൻ വാളിപ്ലാക്കൽ സംഭാവന ചെയ്ത സ്ഥലത്താണ് ഈ പഞ്ചായത്താഫീസ് സ്ഥിതി ചെയ്യുന്നത്.

എഡിറ്റോറിയിൽ ബോർഡ്

കെ.ആർ. ചന്ദ്രശേഖരൻനായർ കറിക്കാട്ടാത്ത്

പി.ഡി. മാത്യു പുത്തൂർ

എസ്. ഷാജി ആളുറുമ്പിൽ

കെ.ജി. ഗോപിനാഥൻ

വി. ബാലചന്ദ്രൻ

ജില്ലാ റിസോഴ്സ് പേഴ്സൺസ്

പി.ഡി. മാത്യു പുത്തൂർ.

സി.ആർ. വിനോദ്, തപസ്യ.

എം.ഇ. ഇസ്മായിൽ മുള്ളൻമടയ്ക്കൽ

സദാശിവൻ പി.വി.

എസ്. ഷാജി ആളുറുമ്പിൽ

കെ.പി. ജോസഫ് കുന്നത്തുപുരയിടം

എം.എസ്. രാമകൃഷ്ണൻ

കെ.ജി. ഗോപിനാഥൻ

വികസനറിപ്പോർട്ടിന്റെ ശില്പികൾ.

1. ആന്റണി തോമസ് പാലക്കുടിയിൽ.
2. വി.എം. ചെറിയാൻ, വളകൊടിയിൽ.
3. വി.റ്റി. ജോസഫ്, വെള്ളാപ്പാണിയിൽ.
4. ജോസ് എബ്രാഹം ചക്കാലയിൽ.
5. ശ്രീധരൻ നായർ പുളിയപുള്ളുംപുറത്ത്.
6. തോമസ് മാത്യു ഉള്ളാട്ട്.
7. മധുസൂദനൻ നായർ, താവുക്കുന്നേൽ.
8. ശശിധരൻ നായർ, കണയംപുറത്ത്.
9. തൊമ്മൻതോമസ് ഞാറയ്ക്കൽ.
10. എൻ.ജി. പുരുഷോത്തമൻനായർ ശ്രായിക്കാട്ട്.
11. ഏ.പി. വിശ്വൻ, അഞ്ജലി.
12. ബിനോയ് കളപ്പുരയ്ക്കൽ.
13. ഡി. രാധാകൃഷ്ണൻനായർ, കാക്കനാട്ട്.
14. ഷേർളി, അന്ത്യാംകുളം.
15. സി.വി. ജോസഫ് ചീരാംകുഴിയിൽ.
16. എൻ.എം. ഭാസ്കരൻനായർ, മാടപ്പള്ളിൽ.
17. പി.കെ. സുകുമാരക്കൈമൾ, പെരുമ്പൂഴിപ്പുറത്ത്.
18. കെ.എം. ജോസഫ് കല്ലറയ്ക്കൽ.
19. കെ.എ. മാത്യു കൊടയ്ക്കനാൽ.
20. എൻ.കെ. തങ്കച്ചൻ നിരപ്പേൽ.
21. ഇ.എം. കൃഷ്ണൻകുട്ടി, ഇളംപുരയിടം.
22. എം.റ്റി. സജി, മാക്കൽ.
23. വി.എൻ. രാമകൃഷ്ണൻനായർ, മഞ്ചക്കുഴി.
24. രാധാകൃഷ്ണപിള്ള, കുന്നേൽ.
25. എ. ദാമോദരൻ നായർ, വള്ളുവശ്ശേരിൽ.
26. ജോസ് പി. ജോസഫ്, പള്ളിവാതുക്കൽ.
27. രഞ്ജിത് വിശ്വം, അഞ്ജലി.
28. കൃഷ്ണകുമാർ, പേരൂക്കുന്നേൽ.
29. ശശികുമാർ സി.എൻ. ലക്ഷ്മിസദനം.
30. എം.ജി. കൃഷ്ണൻനായർ, മുളയ്ക്കൽ.
31. വിജയമ്മ, മാടപ്പാട്ടു കിഴക്കേതിൽ, മടുക്കക്കുന്ന്.
32. റോസമ്മ ജോസഫ്, വട്ടക്കുന്നേൽ.
33. രമേശ് കുമാർ കെ.ആർ. കണ്ണമുണ്ടേൽ.
34. റ്റി.കെ. വിശ്വനാഥൻ നായർ, തകടിയേൽ.
35. എസ്. സതീഷ്, ശ്രീനികേതൻ, പനമറ്റം.
36. സെബാസ്റ്റ്യൻ പാറയ്ക്കൽ.
37. പി.റ്റി. മാത്യു മുടത്തുകുന്നേൽ.
38. സാജൻ തൊടുകയിൽ.
39. ജോസ് മണിമലക്കുന്നേൽ.
40. എം.എൻ. ബാലസുബ്രഹ്മണ്യം, ലക്ഷ്മീനിവാസ്, കൂരാലി.
41. പി.എ. വർക്കി പന്തലാടിയ്ക്കൽ.
42. കെ.എസ്. ജോസഫ് കുന്നപ്പള്ളിൽ.
43. പി.എ. മാത്യു പടിഞ്ഞാറെമുറിയിൽ.
44. കെ.ജെ. ജെയിംസ് കളരിയ്ക്കൽ.
45. വി.എസ്. പങ്കജാക്ഷൻ നായർ, പുത്തൻപുരയ്ക്കൽ.
46. വി.റ്റി. സോമശേഖരൻ നായർ വാരിക്കാട്ടു കിഴക്കേതിൽ.
47. പി.കെ. ഭാസ്കരൻ, പുളിക്കരയിൽ.
48. പി.എ. മാത്യു പേഴുംതോട്ടത്തിൽ.
49. പി.ജി. സുധാകരൻനായർ അമ്പഴത്തിനാൽ.
50. സുരേഷ് ബാബു ആണ്ടൂർ.
51. ജേക്കബ് തോമസ് വെള്ളാപ്പാണി.
52. ബാബു ഫിലപ്പ്, മൈലാടിയിൽ.
53. രാധാമണി മുല്ലശ്ശേരിൽ മടുക്കക്കുന്ന്.
54. ജോസ് കാഞ്ഞമല.
55. കുര്യൻ ജോസഫ്, നരിപ്പാറ, മല്ലികശ്ശേരി.
56. ജോയിച്ചൻ തെക്കേക്കുറ്റ്, എലിക്കുളം.
57. ഒ.എം. ഗോപാലകൃഷ്ണൻനായർ, ഗോകുലം.
58. പെണ്ണമ്മ സേവ്യർ, കോക്കപ്പുറം.
59. വിത്സൺ മാത്യു പതിപ്പള്ളിൽ.
60. സി.പി. ചെല്ലപ്പൻനായർ അശ്വതിഭവൻ.
61. പി.എൻ. ശിവരാമപിള്ള, പുതുപ്പള്ളിക്കുന്ന്.
62. രാജൻ മാത്യു ആരംപുളിയ്ക്കൽ

63. പി.എം. ജോസഫ് വാതല്ലൂപറമ്പിൽ.
64. ഏ.വി. ജോസഫ് എടയോടിയിൽ.
65. പ്രവീൺ കെ. പുളിയ്ക്കച്ചുണ്ടയിൽ.
66. സി.എൽ. ചാക്കോ, കരിനാട്ട്.
67. പി.വി. പീതാംബരൻ, മുകളേൽ.
68. ജോസ് തോമസ് കുമ്പുക്കാട്ട്.
69. ജി.എസ്. ചാക്കോച്ചൻ, ഗണപതിപ്ലാക്കൽ
70. എസ്. രാജീവ് പുതുപ്പള്ളിൽ പനമറ്റം
71. രാജീവ് കളരിക്കൽ
72. സി.എസ്. രാജു. ചീങ്കല്ലേൽ തച്ചാപ്പുഴ
73. കെ. സുരേഷ് വയലിൽ കൂരാലി
74. എ. രാജപ്പൻ അരമ്പുങ്കൽ ചെങ്ങളം
75. ഔതച്ചൻ ഉള്ളാട്ട് മടുക്കക്കുന്ന്.
76. റ്റി.എം. കുട്ടപ്പൻ താന്നിയ്ക്കൽ
77. ജോസ് വടക്കേമംഗലം
78. രാജമ്മ പുതുക്കാട്
79. ബാല ഈട്ടിയ്ക്കൽ
80. സി.കെ. കുമാരൻ ചിറയ്ക്കൽ
81. സി.സി. മാത്യു ചേരങ്ങാട്ട്
82. റ്റി.കെ. ദാമോദരൻ തട്ടാമ്പറമ്പിൽ
83. കെ.കെ. രാഘവൻ, കുളത്തകത്ത്
84. വി.പി. ബാലകൃഷ്ണൻ, വരമ്പനാനിക്കൽ
85. കെ.പി. അപ്പച്ചൻ കാരടിയിൽ
86. പി.എൻ. രഘു പുതിയകത്ത്
87. ഉമ്മച്ചൻ കൂറ്റനാൽ
88. കെ.പി. കരുണാകരൻനായർ കീച്ചേരിൽ
89. ജേക്കബ് സെബാസ്റ്റ്യൻ വടക്കേകുന്നുംപുറത്ത്
90. ശ്രീകുമാർ പി. നായർ, ശ്രീഭവൻ
91. എ.റ്റി. ജോസഫ് എട്ടിയിൽ
92. ഗോപാലകൃഷ്ണൻനായർ മലാകൽ
93. ടോമി എടയോടിയിൽ
94. രാജു അമ്പലത്തറ
95. റ്റി.എൻ. രാഘവൻനായർ കാർത്തിക
96. ബിജുമോൻ പി. പനച്ചിപ്ലാക്കൽ
97. ജനാർദ്ദനൻനായർ ഉറുമ്പിൽ
98. കെ.എ. എബ്രാഹം കളളിവയലിൽ
99. മേഴ്സി കുര്യൻ പുതിയറ
100. വി.എ. മാത്യു. കാഞ്ഞമല
101. വി. ബാലചന്ദ്രൻ വേലമ്പറമ്പിൽ
102. എൻ.കെ. നമ്പൂതിരി പുളിക്കച്ചുണ്ടയിൽ
103. കെ.വി. ജോസഫ് കൂവത്തോട്ട്
104. എ. സജീവ് തെക്കേമഠത്തിൽ
105. തോമസ് റ്റി. കുറ്റിക്കാട്ട്
106. എസ്. ശ്രീനിവാസൻനായർ, രേവതി
107. പി.ജെ. അലക്സ് പാലക്കുഴയിൽ
108. കെ.ആർ. വിജയകുമാർ, കിഴക്കേക്കര
109. നളിനീകുമാരൻ ചിറയ്ക്കൽ
110. ലക്ഷ്മിക്കുട്ടിയമ്മ പി.ജി. അക്കാട്ടുവയലിൽ
111. സുശീല രവി ചിത്രാഞ്ജലി
112. വത്സമ്മ തോമസ് ആലഞ്ചേരിൽ
113. ബിനി വിനോദ് ഉടുമ്പയ്ക്കൽ
114. കെ. ശാന്തമ്മ നടുവിലാത്ത്
115. സുജാഗോപിനാഥ് വേലിക്കകത്ത് പീടികയിൽ
116. നിർമ്മലാ മോഹൻ, പാറയിൽ
117. കെ.ആർ. രാജമ്മ ചിറ്റടിയിൽ
118. പി.പി. ലീലാമണി, ഇടമനത്താഴത്ത്.

പ്രമുഖർ പ്രതികരിക്കുന്നു.

സ്വാതന്ത്ര്യം തുടങ്ങേണ്ടത് താഴെനിന്നാണ് അങ്ങനെ ഓരോ ഗ്രാമവും മുഴുവൻ അധികാരമുള്ള റിപ്പബ്ലിക്കോ പഞ്ചായത്തോ ആകണം. അതിന്റെ അർത്ഥം ഓരോ ഗ്രാമവും സ്വയം പര്യാപ്തമാകണം. സ്വന്തം കാര്യങ്ങൾ നോക്കാൻ കഴിവുള്ളതുമാകണം.

ഗാന്ധിജി

ഗ്രാമസ്വരാജ് ഗാന്ധിജിയുടെ സ്വപ്നമായിരുന്നു.

ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പുതന്നെ ഗാന്ധിജി പറഞ്ഞു: "ഗ്രാമങ്ങളുടെ ഭരണം നടത്തേണ്ടത് പഞ്ചായത്തായിരിക്കണം. ജനങ്ങൾ സ്വയാശ്രയശീലരും സ്വയം പര്യാപ്തതയുള്ളവരുമായിരിക്കണം. ഓരോ ഗ്രാമവും ആവശ്യമുള്ള ഭക്ഷണവും വസ്ത്രവും ഉണ്ടാക്കണം. ഗ്രാമീണ ജനതയ്ക്കാവശ്യമായ കുടിനീർ സൗകര്യം, വിദ്യാലയം, കളിസ്ഥലം, സമ്മേളനസ്ഥലം എന്നിവ ഓരോ പഞ്ചായത്തിലും ഉണ്ടാകണം. എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും സഹകരണാടിസ്ഥാനത്തിൽ ആയിരിക്കണം. ഭരണം വികേന്ദ്രീകരിക്കുമ്പോഴെ ജനാധിപത്യ സ്വഭാവം ഉണ്ടാകുകയുള്ളു. ഗ്രാമസ്വരാജായിരിക്കണം എല്ലാ വികസനപ്രവർത്തനങ്ങളുടെയും പരമലക്ഷ്യം.

സമൂഹത്തെ ആകെ ലക്ഷ്യമാക്കിയുള്ള ആസൂത്രണ പരിപാടിയിൽനിന്നും വ്യത്യസ്തമായ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനുതുകുന്ന സാമൂഹ്യസേവനമേഖലയ്ക്കു പ്രാധാന്യം നല്കിക്കൊണ്ടുള്ള ഒരു സമീപനമാണ് വികേന്ദ്രീകൃത ആസൂത്രണം.

ഇ.എം.എസ്. നമ്പൂതിരിപ്പാട്

അധികാരം ഗ്രാമങ്ങളിലേക്ക് എത്തിക്കാൻ ഏകാഗ്രമായി ശ്രമിച്ചുവരികയാണ്. ജനങ്ങൾക്കുവേണ്ടിയുള്ള ഭരണം ജനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുകയാണ് കേരളപ്പരിപാടിയുടെ അടിസ്ഥാനം. പഴയമട്ടിൽ ഉദ്യോഗസ്ഥകേന്ദ്രീകൃതമായിട്ടല്ല ഇതു നടപ്പാക്കുക.

ഡോ. സുകുമാർ അഴീക്കോട്

1980-കളിലാണെങ്കിൽ സാക്ഷരതാപ്രസ്ഥാനം കേരളത്തെയാകെ തൊട്ടുണർത്തുക മാത്രമല്ല. ഇൻഡ്യയിലെ ഇതരസംസ്ഥാനങ്ങൾക്ക് മാതൃകയാകുകയും ചെയ്തു. ഇവയുടെയെല്ലാം തുടർച്ചയായാണ് ഇന്നിപ്പോൾ ആസൂത്രണവികേന്ദ്രീകരണസമിതി രൂപം കൊണ്ടിരിക്കുന്നത്. കക്ഷിരാഷ്ട്രായത്തിനതീതമായി പുതിയൊരു വികസന കാഴ്ച്ചപ്പാട് വികസിപ്പിക്കുന്നതിനുള്ള പരീക്ഷണവേദിയാകേണ്ടത് ഗ്രാമസഭകളാണ്. അവിടെനിന്നാണ് പുതിയ ആശയങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുത്തേണ്ടത്.

ഇ.കെ. നായനാർ

ഇത് ജനതയുടെ അശ്വമേധം

ആസൂത്രണം എന്നത് ഒരു സംസ്കൃത പദമാണ്. കണിശമായും കൃത്യമായും ശാസ്ത്രീയമായും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പ്രക്രിയയാണത്. ഈ സ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ ആസൂത്രണത്തെ പൊതിഞ്ഞുനിൽക്കുന്ന ആതാര്യതയും നിഗൂഢതയും അപ്രാപ്യതയും അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. ന്യൂനപക്ഷം വരുന്ന ഉദ്യോഗസ്ഥരും സാങ്കേതിക വിദഗ്ദ്ധരും ഹജ്ജൂർ കച്ചേരിയുടെ അകത്തളത്തിലിരുന്ന് രൂപം കൊടുക്കുന്നതിനു പകരം, ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ കൂട്ടായ്മയിൽ നിന്ന് അത് ഉരുവം കൊള്ളേളണ്ടിയിരിക്കുന്നു. ആസൂത്രണത്തിനുള്ള അവകാശവും ഉത്തരവാദിത്വവും ജനങ്ങളിൽ നിക്ഷിപ്തമാകേണ്ടതാണ്. ഈ ലക്ഷ്യത്തോടെ കേരളത്തിൽ 9-ാം പദ്ധതിയുടെ നാന്ദികുറിച്ചുകൊണ്ടാരംഭിച്ച ജനകീയ സംരംഭം നമ്മുടെ പഞ്ചായത്തിൽ കായിക - രാഷ്ട്രീയ ജാതി - മതാദി പരിഗണനകൾക്കതീതമായ ജനകീയ യജ്ഞമായി മാറക്കഴിഞ്ഞിരിക്കുന്നു.

പ്രാരംഭമായി നടന്ന വാർഡുതല സ്വാഗത സംഘരൂപീകരണം പ്രത്യേക ഗ്രാമസഭകൾ. അവിടെ നിന്നും തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികളുടെ യോഗങ്ങൾ അവരുടെ സഫലമായ അന്വേഷണ ഗവേഷണങ്ങൾ അതിന്റെ ഫലമായി രൂപപ്പെട്ട വികസനരേഖകൾ. സാങ്കേതിക വിദഗ്ദ്ധരുടെ ആധുനിക ശാസ്ത്രീയ വിജ്ഞാനവും പരിചയസമ്പന്നരായ ഗ്രാമീണ വ്യക്തിത്വങ്ങളുടെ ക്രിയാത്മകമായ നാട്ടറിവുകളും. സമന്വയപ്പിച്ചു കൊണ്ടുള്ള പ്രോജക്ട് നിർമ്മാണം.

വികസന സെമിനാറുകൾ, ഈ പാഞ്ചായത്തിലെ ഫലപുഷ്ടിയുള്ള മണ്ണിനെ ഉഴുതുമറിച്ചുകൊണ്ട് അതിന്റെ ഊർവ്വരതയും സർഗ്ഗാത്മകതയും സമ്പൂർണ്ണമായി വിനിയോഗിച്ചു കൊണ്ടുള്ള സജീവമായ കർമ്മപരിപാടിയുടെ ആദ്യഘട്ടം കഴിഞ്ഞിരിക്കുന്നു.

ഓരോ പഞ്ചായത്തിനും അതിന്റെ തനിമയുണ്ട്. ഈ തനിമയിൽ നിലയുറപ്പിച്ച് കൊണ്ട് ദേശത്തനിമയിലേക്കും രാഷ്ട്രത്തിന്റെ തനിമയിലേക്കും ഉയരുകയാണ് വികസനത്തിന്റെ ആത്യന്തിക ദർശനം.

വേരുകൾ അന്വേഷിച്ച് കണ്ടെത്തുമ്പോൾ വിസ്മയം ഈ പഞ്ചായത്തിലെ ജനതയുടെ ചരിത്രത്തിന്റെ ഗതിവിഗതികളിലൂടെയുള്ള വികാസം അതിന്റെ സാരഥ്യ ശക്തികൾ ഇവിടത്തെ സാംസ്ക്കാരിക സവിശേഷതയുടെ സുവർണ്ണ മുദ്രകൾ വിദ്യാഭ്യാസം, കൃഷി വിഭവങ്ങൾ, ഇവിടത്തെ റോഡുകൾ, ആരോഗ്യം എല്ലാം യഥാവിധി ചേർന്നുണ്ടാവുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ, നമ്മുടെ തന്നെ മുഖദർശനം.

ഇത് ഇവിടെ തുടങ്ങുന്നതേയുള്ളു. ഏറെയുണ്ടിനിയും പോവാൻ ഈ സഫലമായ യാത്രയിൽ അതിരുകളില്ലാത്ത സൗഹൃദവും സഹകരണവും ശക്തിയും നൽകണമെന്ന് അപേക്ഷിക്കട്ടെ.

ചരിത്രപ്രധാനമാവുന്ന ഈ മഹാജനകീയ പ്രസ്ഥാനത്തിന് നമ്മുടേതായ രീതിയിൽ നമുക്ക് ശക്തി നൽകാം.

അധികാരം കോടനുകോടി മനസ്സുകളിലേക്ക് വ്യാപിച്ച് മഹത്തായ നമ്മുടെ ജനാധിപത്യസംസ്ക്കാരം അനുനിമിഷം സാർത്ഥകമാകട്ടെ.

ഇതിൽ പ്രത്യക്ഷമായും പരോക്ഷമായും പങ്കാളികലാവുകയും സംഭാവന ചെയ്യുകയും ചെയ്തവർ നിരവധിയാണ്. ഒരർത്ഥത്തിൽ ഈ പഞ്ചായത്തിലെ എല്ലാവരും ഇതിൽ ഭാഗഭാക്കുകളായിട്ടുണ്ട്. എല്ലാവരേയും ഹൃദയപൂർവ്വം സ്മരിക്കുന്നു. എല്ലാവർക്കും നന്ദി.

ഉള്ളടക്കം

❒ ആമുഖം
ഇത് ജനതയുടെ അശ്വമേധം

❒ സാമൂഹ്യസാംസ്കാരിക ചരിത്രം
സമയതീരങ്ങളിൽ ഈ സാർത്ഥവാഹകസംഘം

❒ ഭൂപ്രകൃതി - ജനപ്രകൃതി
മണ്ണും മനുഷ്യനും

❒ കൃഷിയും ജലസേചനവും
പുത്തൻ ഉറവയും പുതിയ കൊയ്ത്തും

❒ മൃഗസംരക്ഷണം - മത്സ്യബന്ധനം

❒ വ്യവസായം
പണിശാലകൾക്കുമേൽ പുതിയ യജ്ഞത്തിന്റെ പുക ഉയരുന്നു.

❒ ഗതാഗതം
പുതിയ പാതകൾ : പുതിയ യാത്രകൾ

ഊർജ്ജം
ഉറവിടങ്ങളിലഗ്നിയുണരുമ്പോൾ

❒ കുടിവെള്ളം - പൊതുജനാരോഗ്യം ശുചിത്വം
ശുചിത്വം മഹത്വം ശരീരമാദ്യം

❒ വിദ്യാഭ്യാസം
വെളിച്ചത്തിന്റെ ആയിരം ഇരുളുകൾ

❒ പാർപ്പിടം
സുദൃഢം സുഭഗം ആരൂഢം

സാമൂഹ്യക്ഷേമം
ഇവിടെ ജീവിതം മധുരം സൗമ്യം ദീപ്തം

❒ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
ഞങ്ങളങ്ങനെ നമ്മളാവുമ്പോൾ

❒ വനിത
അബല ഇനിമേൽ പ്രബല

❒ സംസ്ക്കാരം
ഉണർവിന്റെ സൂര്യശോഭകൾ

❒ സഹകരണം
ഒരു കയ്യ് ഇരുകയ്യ് ഒരായിരം കയ്യ്

❒ വിഭവസമാഹരണം
ഇല്ലം നിറ വല്ലം നിറ

❒ ടൂറിസം
യാത്രികർക്ക് ഒരിടം

❒ അധികാരത്തിന്റെ അണമുറിയുന്നു.

പഞ്ചായത്തുപൊതുവിവരണം

പഞ്ചായത്തിന്റെ പേര്	-	എലിക്കുളം ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ആരംഭിച്ച തീയതി	-	15-8-1953
ഉൾപ്പെടുന്ന വില്ലേജുകൾ	-	ഇളങ്ങുളം, എലിക്കുളം
ബ്ലോക്കുപഞ്ചായത്ത്	-	പാമ്പാടി
താലൂക്ക്	-	കാഞ്ഞിരപ്പള്ളി
ജില്ല	-	കോട്ടയം
അസംബ്ലി മണ്ഡലം	-	കാഞ്ഞിരപ്പള്ളി
പാർലമെന്റ് മണ്ഡലം	-	മൂവാറ്റുപുഴ
വിസ്തീർണ്ണം	-	40.14 ചതുരശ്ര കി.മീറ്റർ
അതിരുകൾ	-	
വടക്ക്	-	മീനച്ചിൽ പഞ്ചായത്ത്
കിഴക്ക്	-	തിടനാട്, കാഞ്ഞിരപ്പള്ളി പഞ്ചായത്തുകൾ
തെക്ക്	-	ചിറക്കടവ്, വാഴൂർ പഞ്ചായത്തുകൾ
പടിഞ്ഞാറ്	-	അകലകുന്നം, പള്ളിക്കത്തോട് പഞ്ചായത്തുകൾ
ജനസംഖ്യ	-	22211 (സെൻസസ് റിപ്പോർട്ട് 1991)
പുരുഷന്മാർ	-	11168
സ്ത്രീകൾ	-	11043
ജനസാന്ദ്രത	-	553
അക്ഷരഭ്യാസമുള്ളവർ	-	19139 (9712 പു + 9427 സ്ത്രീ)
വാർഡുകൾ	-	10
പ്രസിഡന്റ്	-	ശ്രീ പി.എ. മദനമോഹനൻകർത്താ
വൈ. പ്രസിഡന്റ്	-	ശ്രീ ഉമ്മച്ചൻ കൂറ്റനാൽ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	-	ഷേർളി അന്ത്യാംകുളം
ബ്ലോക്ക് പഞ്ചായത്ത് ചെയർമാൻ	-	1) എം.പി. സുമംഗലാദേവി
		2) എ.റ്റി. ആന്റണി
ജില്ലാ പഞ്ചായത്തു മെമ്പർ	-	ശ്രീമതി അന്നമ്മ ജോൺ
നിയമസഭാംഗം	-	ശ്രീ ജോർജ്ജുദ്. ജെ. മാത്യു.
പാർലമെന്റംഗം	-	ശ്രീ. പി.സി. തോമസ്.

സാമൂഹ്യസാംസ്ക്കാരിക ചരിത്രം

സമയതീരങ്ങളിൽ ഈ സാർത്ഥവാഹക സംഘം

ഭൂതകാലത്തിന്റെ സൃഷ്ടിയാണ് വർത്തമാനകാലം. വർത്തമാനകാലത്തിന്റെ സൃഷ്ടിയാണ് ഭാവികാലം. നൈരന്തരിയമായ മനുഷ്യ സമൂഹത്തിന്റെ ഇടപെടലുകളാണ് കാലസൃഷ്ടിക്കും ചരിത്രസൃഷ്ടിക്കും ആധാരം. ഇന്നലെകളേക്കാൾ നല്ലൊരിന്ന്, ഇന്നിനേക്കാൾ നല്ലൊരു നാളെ, ഈയൊരു പ്രസാദാത്മക സമീപനമാണ് ചരിത്രത്തിൽ നിന്നും നാം സ്വാംശീകരിക്കേണ്ടത്. ചരിത്രബോധമെന്നത് ഈ നാട് ഇന്നലെകളിൽ എങ്ങനെ ജീവിച്ചു എന്നതും അവരുടെ ആചാരം, വിശ്വാസങ്ങൾ, ഉല്പാദനരീതികൾ തുടങ്ങിയ സമസ്തതലങ്ങളുമായും ബന്ധപ്പെട്ടതാണ്. ദേശീയ ചരിത്രമായാലും പ്രാദേശിക ചരിത്രമായാലും ആരാധനാകേന്ദ്രങ്ങളുടെ ചെപ്പേടുകൾ, പടയോട്ടങ്ങൾ സ്ഥലനാമങ്ങൾ, നാട്ടറിവുകൾ, ഉപകരണങ്ങൾ എന്നിവയിൽ ഉൾച്ചേർത്തിരിക്കുകയാണ്. അവയെ ആധുനിക ചരിത്ര നിരൂപണ സാദ്ധ്യത ഉപയോഗിച്ച് യുക്തിസഹമായ രൂപത്തിൽ ക്രമീകരിക്കുക എന്നത് ശ്രമകരമായ ബാദ്ധ്യതയാണ്. സമ്പൂർണ്ണവും സമഗ്രവുമായ ചരിത്രസൃഷ്ടി എന്നൊന്നില്ല. കാലത്തിനനുസരിച്ച് ചരിത്രത്തിൽ പാഠഭേദങ്ങൾ ഉണ്ടാകുന്നു. നാളെ ഈ പ്രദേശത്തിന്റെ ചരിത്രാന്വേഷികൾക്ക് പ്രഥമ പാഠം എന്ന നിലയിലാണ് ഈ എളിയ സംരംഭം.

വളരെ പുരാതനമായ ചരിത്രമുറങ്ങുന്ന പ്രദേശമല്ല എലിക്കുളം. ഭൂപ്രകൃതി തന്നെയാണിതിന്റെ കാരണം. നമുക്കു കണ്ടെത്താൻ കഴിയാത്ത ആദിമ മനുഷ്യൻ ഈ മണ്ണിൽ ജീവിച്ച് ഇവിടുത്തെ തോടുകളിൽ നിന്നും വെള്ളം കുടിച്ചിട്ടുണ്ടായിരിക്കണം. അവരൊക്കെ ചരിത്രമില്ലാത്തവരാണ്. ചരിത്രത്തിനപ്പുറത്തുനിൽക്കുന്ന ചരിത്രത്തിന്റെ നിമിത്തങ്ങളായവർ, തെളിവുകൾ ലഭിക്കുന്നതു മാത്രമേ ചരിത്രമാവുകയുള്ളു. ചരിത്രം - ചരിച്ചത് - കഴിഞ്ഞത്. ഈ ഗ്രാമത്തിന്റെ ഭൂതകാലം തെളിവുകളുടെ പിൻബലത്തോടെ നമുക്ക് ഒന്ന് എത്തിനോക്കാം. കോട്ടയം ജില്ലയിൽ ഏറ്റവും വടക്ക്കിഴക്ക് 10 വാർഡുകളിലായി 40 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ കിടക്കുന്ന പ്രദേശമാണ് എലിക്കുളം ഗ്രാമം. കുന്നുകളും ചെരിവുകളും സമതലങ്ങളും ഉൾക്കൊള്ളുന്നതാണീ ഗ്രാമഭൂപ്രകൃതി. 80% ത്തോളം കൃഷിവലരായ ഇവിടത്തെ ജനങ്ങളുടെ മുഖ്യവരുമാനമാർഗ്ഗം നാണ്യവിളയായ റബ്ബറാണ്. എങ്കിലും സമ്മിശ്രകൃഷിരീതിയും അവലംബിച്ചുള്ളവർ ധാരാളമുണ്ട്.

എലിക്കുളം എന്ന പേര് ഈ ഗ്രാമത്തിന് ലഭിക്കാനിടയായ പശ്ചാത്തലത്തെപ്പറ്റിയും നാമമാത്രകമായെങ്കിലും ഒന്ന് ചിന്തിക്കാം പുരാതന കാലത്ത് പൊന്നൻ മണിയൻ എന്നീ കാട്ടു രാജക്കന്മാർ, മഹാരാജക്കന്മാരെപ്പോലെ അടക്കി വാണിരുന്നു. ഇവർ ഗിരിവർഗ്ഗക്കാരായ മലമ്പണ്ടാരങ്ങളായിരുന്നു. പൊന്നൻ സാധാരണയായി അയ്യമലം കോട്ടയിലായിരുന്നു അന്തിയുറങ്ങിയിരുന്നത്. ഒരിക്കൽ മണിയൻ ഒരു ഉല്ലാസയാത്രയ്ക്കു പുറപ്പെട്ടു കൂട്ടത്തിൽ സഹ്യസാനുക്കളിൽ എവിടെയോ നിന്നു തട്ടിക്കൊണ്ടു വന്ന രണ്ടു കറുത്ത സുന്ദരികളും കൂട്ടിനുണ്ടായിരുന്നു. അയ്യമലം കോട്ടയിലെ ആന കേറാ പാറക്കൂട്ടങ്ങൾക്കിടയിൽ മറ്റാരുടെയും ശ്രദ്ധയിൽപ്പെടാതെ അവരെ പാർപ്പിരിക്കുകയായിരുന്നു. ഒരു ദിവസം പടിഞ്ഞാറ് കാടു കാണാൻ പുറപ്പെട്ട അവർ സന്ധ്യക്കൊരു വൃക്ഷച്ചുവട്ടിൽ വിശ്രമിച്ചു. ഒരുവളുടെ മടിയിൽ തലയും മറ്റവളുടെ മടിയിൽ കാലും വച്ചുകിടന്നിരുന്ന പൊന്നൻ ഒന്നു മയങ്ങിപ്പോയി. ഈ നേരത്ത് അവിടെയെത്തിയ മണിയൻ ഈ സുന്ദരികളുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായി അവരുടെ സമീപത്തെത്തി. അപരിചിതനെ കണ്ട അവർ പൊന്നനെ തൊട്ടുണർത്തി. ഞെട്ടിയുണർന്ന പൊന്നനും മണിയനുമായി ഉണ്ടായ സംഘട്ടനത്തിൽ മണിയൻ പൊന്നനെ കൊടുവാൾകൊണ്ട് അരിഞ്ഞുവീഴ്ത്തി. പെണ്ണുങ്ങൾ പൊന്നനെ കെട്ടിപ്പിടിച്ച് വാവിട്ടുകരഞ്ഞു. പൊന്നൻ മരിച്ചുവീണ ആ മണ്ണിൽ അവരു ബോധരഹിതരായി വീണു. തങ്ങളുടെ പ്രിയ കാമുകനെ ബലികഴിച്ച-കുരുതികൊടുത്ത ആ മണ്ണിൽ അവരും കാലയവനികയിലേയ്ക്കു മറഞ്ഞു. ഈ കുരുതികളത്തിൽനിന്നാണ് - ബലിക്കളത്തിൽനിന്നാണ് എലിക്കുളത്തിന്റെ നാമം ഉടലെടുക്കുക. ഇതൊരു കഥ.

ചെമ്പകശ്ശേരി രാജാവ് സന്ദർശനത്തിനെഴുന്നെള്ളുമ്പോൾ താമസിക്കുന്നതിന് കിഴക്കൻ പ്രദേശമായ എലിക്കുളത്ത് ഒരു കൊട്ടാരമുണ്ടായിരുന്നു. മൂരിപ്പാറ മഠം എന്ന പേരിൽ ഇപ്പോഴും ആ വീടു നിലനിൽക്കുന്നുണ്ട്. ഈ വീടിന് കൊട്ടാരം എന്നും പറയപ്പെടാറുണ്ട്.

എലിക്കുളം, കാരക്കുളം പള്ളിക്കു സമീപം പ്രാചീനകാലത്ത് കല്ലമ്പള്ളി മന എന്ന ബ്രാഹ്മണ കുടുംബം ഉണ്ടായിരുന്നു. ഈ കുടുംബക്കാരുടെ ഉടമസ്ഥതയിൽ ഒരു കാവും അതിനോടനുബന്ധിച്ച് ഒരു കളവും സ്ഥിതെ ചെയ്തിരുന്നു. താളിക്കോട്ട് എന്ന പേരിലാണ് ഈ കുളം അറിയപ്പെട്ടിരുന്നത്. ഈ കുളത്തിലാണ് സമീപ

വാസികൾ പിതാമഹന്മാർക്ക് ആണ്ടുബലി നടത്തിപ്പോന്നിരുന്നത്. ഈ ബലികർമ്മത്തിന്റെ പ്രാധാന്യം കണക്കിലെടുത്തു കൊണ്ട് ഈ പ്രദേശത്തെ ബലിക്കുളം എന്നും ഈ ശബ്ദം എലിക്കുളമായി ഭാഷാന്തരം പ്രാപിച്ചു ദേശനാമം ആയി എന്നും വിശ്വസിക്കുന്നുണ്ട്. സവർണ്ണ ഹിന്ദുക്കളുടെ ആസ്ഥാനമായിരുന്നു ഈ പ്രദേശം ചാതുർവർണ്ണ്യം ശക്തിപ്പെട്ടപ്പോൾ തീണ്ടൽ തൊടീൽ എന്നിവ എണ്ണ തൊട്ടുമാറ്റുന്നതിനു വേണ്ടി ക്രിസ്ത്യാനികളെ ഇവിടെ കൊണ്ടുവന്നതായി പറയപ്പെടുന്നു. നൂറ്റാണ്ടുകൾക്കുമുമ്പ് പാലായിൽ നിന്നും വയലിൽ കൊമ്പിൽ ക്രിസ്ത്യൻ കുടുംബക്കാർ ഈ പ്രദേശത്ത് താമസിച്ചിരുന്നതായി രേഖകളുണ്ട്.

ക്രിസ്തുവർഷം 1750 വരെ ഇളങ്ങുളം, എലിക്കുളം എന്നീ പ്രദേശങ്ങളിലെല്ലാം തെക്കുംകൂർ രാജ്യത്തിന്റെ കിഴക്കൻ അതിർത്തികളിൽ പെട്ടിരുന്നു. കോട്ടയം തലസ്ഥാനമാക്കി ഭരിച്ചിരുന്ന ഈ രാജവംശം കൊച്ചി രാജവംശത്തിന്റെ ആശ്രിതരായിരുന്നു. ഈ ഗ്രാമത്തിന്റെ ഇപ്പോഴുള്ള 10 വാർഡുകളും അന്ന് ഈ രണ്ടുകരകളുടെ ഭാഗമായിരുന്നു. എന്നാൽ എലിക്കുളത്തിന്റെ കിഴക്കൻ പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം പൂർണ്ണമായ സ്വാധീനം ചെലുത്താൻ തെക്കുംകൂറിനു കഴിഞ്ഞിരുന്നില്ല. അവിടത്തെ മൂരിപ്പാറ വംശക്കാർ ചെമ്പകശ്ശേരി രാജക്കന്മാരുടെ പരിപൂർണ്ണ വിധേയത്വത്തിലായിരുന്നു. എന്നാൽ എലിക്കുളത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ള ഉരുളികുന്നത്തു നിന്നും 12 പണിക്കർ കുടുംബങ്ങളിൽ നിന്ന് ധീരരായ 12 യോദ്ധാക്കൾ തെക്കുംകൂർ സൈന്യത്തിൽ സേവനം അനുഷ്ഠിച്ചിരുന്നതായി തെക്കുംകൂർ കൊട്ടാരത്തിലെ ചെമ്പോലകളിൽ കാണുന്നുണ്ട്. ഈ പണിക്കർമാർക്ക് കായിക പരിശീലനം നൽകുന്നതിനുള്ള കളരികൾ എലിക്കുളത്തിന്റെ വിവിധ ഭാഗങ്ങളിൽ കളരി, കളരിക്കൽ, കളപ്പുര തുടങ്ങിയ വീടുനാമങ്ങളിൽ നിലനിന്നു വരുന്നതായി കാണാം. നമ്മുടെ ഗ്രാമത്തിന്റെ വടക്കനതിർത്തിയുടെ പേരുതന്നെ പൈക എന്നാണല്ലോ. പൈക എന്ന പദത്തിന്റെ അർത്ഥം കാലാൾപ്പട എന്നാണ് (റൊമീല ഥാപ്പർ പുരാതന ചരിത്ര വിഭാഗം). 1970ൽ തെക്കുംകൂർ രാജകുടുംബം അവരുടെ സൈനിക ശക്തി പുനഃക്രമീകരിക്കുവാനായി പാണ്ടിയിൽനിന്നും വിദഗ്ദ്ധരായ രണ്ട് അഭ്യാസികളെ തെക്കുംകൂർ രാജാവ് ക്ഷണിച്ചു വരുത്തി. ആഭിജാജ്യം, മന്ത്രി പദവി ഉൾപ്പടെയുള്ള എല്ലാ ഉന്നതപദവികളും അവർക്കു നൽകുകയും കിഴക്കനതിർത്തി സംരക്ഷിക്കുന്നതിനായി ആനിക്കാട്ട് അവരെ താമസിപ്പിക്കുയും ചെയ്തു. കൂരോപ്പട, അകലക്കുന്നം, ആനിക്കാട്, എലിക്കുളം എന്നീ പഞ്ചായത്തർത്തിക്കുള്ളിൽപ്പെട്ട അമ്പഴത്തുങ്കൽ കർത്താക്കന്മാരുടെ വംശ പരമ്പരയിലെ പ്രഥമ കണ്ണികളായിരുന്നു ഈ അഭ്യാസികൾ. അമ്പഴത്തുങ്കൽ കർത്താക്കന്മാരോടൊപ്പം ഈ ഗ്രാമത്തിന്റെ സാംസ്ക്കാരിക പാരമ്പര്യത്തിൽ സ്വാധീനം ചെലുത്തിയ മറ്റൊരു ശക്തിയായിരുന്നു. അമ്പീ കർത്താക്കന്മാർ, അമ്പഴത്തുങ്കൽ തറവാട്ടിൽ സ്ത്രീ സന്താനങ്ങളിലില്ലാതെ വന്ന സാഹചര്യത്തിൽ തെക്കുകൂർ രാജാവിന്റെ നിർദ്ദേശാനുസരണം കളരി വിദഗ്ദ്ധരായ കടത്തനാട്ടിൽ നിന്നും രണ്ട് സ്ത്രീകളെ ദത്തെടുത്ത് അമ്പഴത്തുങ്കൽ കൊണ്ടുവന്നെങ്കിലും അതിലൊരുവളെ കർത്താക്കന്മാർക്ക് സ്വീകാര്യമല്ലാതെ വന്നു. അവരുടെ തറവാടിനു സമീപം മറ്റൊരു കൊട്ടിയമ്പലം പണിയിച്ച് ആ സ്ത്രീയെ അവിടെ കുടിയിരുത്തി. ആ വംശപരമ്പരയിൽപ്പെട്ടവരാണ് അമ്പി കർത്താക്കന്മാർ. 1708-ൽ അമ്പഴത്തുങ്കൽ കർത്താക്കന്മാരിലൊരാൾ പനമറ്റത്തു താമസിക്കുകയും ആ തറവാട്ടിൽ നിന്നും മറ്റൊരു സ്ത്രീയെ മറ്റത്തിലേക്കു ദത്തെടുക്കുകയും ചെയ്തു. ഈ ഘട്ടത്തിലാണ് രാജ്യത്തിന്റെ കിഴക്കേ അതിർത്തിക്കുള്ളിൽ ദേവീ - ശാസ്താ ക്ഷേത്രങ്ങൾ നിർമ്മിക്കുവാനുള്ള പ്രചോദനം തെക്കുംകൂർ രാജാവിൽ നിന്നുണ്ടാകുന്നത്. 1735 നും 1745നും ഇടയ്ക്കാണ് ഈ പ്രദേശത്തെ പ്രധാന ക്ഷേത്രങ്ങളെല്ലാം സ്ഥാപിതമായിട്ടുള്ളത്. എന്നാൽ വളരെ മുമ്പുതന്നെ എലിക്കുളം ക്ഷേത്രം, മൂരിപ്പാറ ക്ഷേത്രം, ഇളങ്ങുളം കുളത്തൂർ ക്ഷേത്രം എന്നിവ നിലനിന്നിരുന്നു. ഈ ക്ഷേത്ര സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ചരിത്രത്തിന്റെ മറുപാഠം അല്പമൊന്നു ഗ്രഹിക്കേണ്ടതായിട്ടുണ്ട്. കഥയെന്നു പറഞ്ഞെങ്കിലും നാം ചരിത്രാവലോകനത്തിൽ സൂചിപ്പിച്ച പൊന്നനേറയും മണിയന്റേയും പിൻതുടർച്ചക്കാർ നിശ്ശബ്ദസംസ്ക്കാരത്തിനുടമകളായി ഈ മണ്ണിൽ ജീവിച്ചിരുന്നു. അവർക്കും അവരുടേതായ ആരാധനാകേന്ദ്രങ്ങൾ ഉണ്ടായി. കാവുകൾ എന്ന നിലയിൽ അറിയപ്പെടുന്ന അവിടെ കൊറ്റവേട്ടക്ഷണം ദേവീസങ്കല്പത്തിന്റെ ആസ്ഥാനങ്ങളായിരുന്നു. കൃഷിയും ആ രംഗത്ത് പുരുഷാധിപത്യവും സ്വകാര്യസ്വത്തും ജീവിത ക്രമമാക്കിയ ആര്യസ്വാധീനമാണ് ക്ഷേത്രങ്ങളുടെ നിർമ്മിതിയുടെ പിറകിൽ, കാവുകൾ പലതും കൈക്കലാക്കി ദേവീ ദേവന്മാരെ പ്രതിഷ്ഠിപ്പിക്കാൻ ഇട യാക്കിയത്. സാമൂഹ്യ ജീവിതത്തിന്റെ കേന്ദ്രങ്ങൾ ക്ഷേത്രങ്ങളാകുകയും അവയുടെ നിയന്ത്രണമാകെ നമ്പൂതിരിയടക്കമുള്ള സവർണ്ണരുടെ കൈകളിൽ അമരുകയും ഫ്യൂഡലിസം എന്ന സാമൂഹ്യരൂപം കേരളത്തിന്റെ ജീവിത വ്യവസ്ഥയായി രൂപാന്തരം പ്രാപിക്കുകയും ചെയ്തു. രാഷ്ട്രീയാധികാരം രാജാവിനും ആത്മീയ മേധാവിത്വം ബ്രാഹ്മണർക്കും അധികാരവും അവകാശവും നിഷേധിക്കപ്പെട്ട അവർണ്ണർ മറുവശത്തുമായി വിഭജിക്കപ്പെട്ട കേരളത്തിന്റെ പൊതുജീവിതം ചാതുർവർണ്ണ്യ വ്യവസ്ഥയുടെ കീഴിലായി. ഈ കാലഘട്ടത്തിലാണ് ഈ പ്രദേശത്തിന്റെ ചരിത്രപരമായ വ്യക്തമായ തെളിവുകൾ നമുക്കു ലഭിക്കുക.

സാമൂഹ്യ ജീവിതത്തിന്റെ കേന്ദ്രങ്ങളായിരുന്ന ആരാധനാലയങ്ങളുടെ ചെപ്പേടുകളിലേ

യ്ക്കും നാട്ടറിവുകളിലേയ്ക്കും നമുക്കൊന്നു കണ്ണോടിക്കാം. പുരാതനമായ ഇളങ്ങുളം ശാസ്താ ക്ഷേത്ര ചരിത്രം മുതൽ ആരംഭിക്കാം. ഇളങ്ങുളം ശ്രീ ധർമ്മ ശാസ്താ ക്ഷേത്രം സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്തിന് ഇളങ്ങുളം എന്ന പേരുണ്ടാകാൻ കാരണമായി പറയപ്പെടുന്നത് ഇപ്രകാരമാണ്. തൃക്കാക്കര ക്ഷേത്രത്തിലെ പുരോഹിതനായിരുന്ന ഒരു ബ്രാഹ്മണനാണ് ഇടപ്പള്ളി രാജ്യം സ്ഥാപിച്ചത്. ഇടപ്പള്ളിയിൽ നിന്നൊരു ശാസ്താ വിഗ്രഹം ഇളങ്ങുളത്തു കൊണ്ടുവന്ന് അവിടെ പ്രതിഷ്ഠിച്ചു. ഈ ക്ഷേത്രത്തിന്റേയും വസ്തുവകകളുടേയും പൂർണ്ണനിയന്ത്രണം ഇടപ്പള്ളി രാജാവിന്റെ തായ്വഴി ശാഖയായ എറണാകുളത്തെ എളംകുളം മനയ്ക്ക് വിട്ടുകൊടുത്തു. ഇവരുടെ ആത്മീയവും ഭൗതീകവുമായ നിയന്ത്രണത്തിന്റെ ഫലമായി ഈ പ്രദേശത്തിന് എളങ്കുളം എന്ന നാമവും ലഭിച്ചു. ഇക്കാര്യം വ്യക്തമാക്കുന്ന ഒരു ചരിത്രരേഖ പരിശോധിക്കാം. 136-ാം നമ്പരായി 1061-ാമാണ്ട് കുഭമാസം 14-ാം തീയതി ഉണ്ടായിട്ടുള്ള തിരുവെഴുത്തു വിളംബരത്തിലെ 24-ാം വകുപ്പ് അനുസരിച്ച് കോട്ടയം ജില്ലയിൽ അകലക്കുന്നം പ്രവൃത്തിയിൽ ഇളംകുളം മുറിയിൽ ചൂരപ്പൊയ്ക വീട്ടിൽ നസ്രാണി ദേവസ്യാ ചാക്കോയ്ക്കു കൊടുത്ത ഇനാം ആധാരം.

ഇടപ്പള്ളിയിൽ നിന്നും വടക്കേ മഠത്തിൽ കർത്താക്കന്മാരിലേയ്ക്ക് (അമ്പിയിൽ കർത്താവ്) അധികാരം കൈമാറിയതായി ഇടപ്പള്ളിയിലെ ചെമ്പോലയിൽ കാണുന്നണ്ട്. പിന്നീട് ഈ ക്ഷേത്രത്തിന്റെ ഭരണം ഇളങ്ങുളം കരയോഗങ്ങളിലേക്കാവുകയും കാലക്രമേണ അതിനും വ്യതിയാനം വരുകയും ചെയ്തു. എല്ലാ ഹിന്ദുക്കളുടേയും വകയാവുകയും തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഭരണസമിതിയിലാവുകയും ചെയ്തു.

പഴക്കമേറിയ മറ്റൊരു ആരാധനാലയമാണ് പനമറ്റം ഭഗവതീ ക്ഷേത്രം. ഈ ക്ഷേത്രവും ഇടപ്പള്ളി തമ്പുരാക്കന്മാരുടെ അധീനതയിലായിരുന്നു. എന്നാൽ ചെങ്ങന്നൂരുള്ള ഊരു മഠത്തിൽ തമ്പുരാൻ ഒരിക്കൽ പരിവാരങ്ങളോടൊപ്പം ഇവിടെയെത്തുകയും ഊരകത്ത് നായരോട് കുറെ കരിയ്ക്ക് ആവശ്യപ്പെടുകയും ചെയ്തു. കരിയ്ക്ക് നൽകാത്തതിൽ പ്രതിഷേധിച്ച് ഭീഷണി മുഴക്കി തമ്പുരാൻ ദേശവഴി എഴുതി വാങ്ങാനായി എടപ്പള്ളിക്കു പോവുകയും പണം പറയ്ക്കളന്നുകൊണ്ട് അവകാശം എഴുതി വാങ്ങുകയും ചെയ്തു. പണം അളന്നുകൊടുത്തു വാങ്ങിയതുകൊണ്ട് പണമറ്റം എന്ന പേരുണ്ടാവുകയും പിന്നീട് പനമറ്റമാവുകയും ചെയതതാകാമെന്നാണറിവ്.

ഹിന്ദുക്കളുടെ മറ്റൊരാരാധനാ കേന്ദ്രമായ എലിക്കുളം ഭഗവതീ ക്ഷേത്രം, മൂരിപ്പാറ മഠത്തിൽ ഇട്ടി എന്ന സ്ത്രീ ആയിരുന്നു എലിക്കുളം ദേവീക്ഷേത്രത്തിന്റെ ഉടമ. അവരിൽ നിന്നും ളാക്കാട്ടൂർ പണിക്കർമാർ അധികാരം കൈക്കലാക്കി. 440 ഏക്കർ സ്ഥലം ഉണ്ടായിരുന്നു. ജന്മിക്കരം പിരിച്ചിരുന്നു. 500 വർഷത്തിനുമേൽ പഴക്കമുണ്ട്.

ഉരുളികുന്നം ഗന്ധർവ്വൻകാവ് ആണ് എടുത്തു പറയേണ്ട മറ്റൊരു ക്ഷേത്രം. ചെമ്പകശ്ശേരി രാജാക്കന്മാർ കിടങ്ങൂർ വോണിയപ്പുലത്തു നിന്ന് ഒരു ശാഖയെ ഉരുളികുന്നത്തേക്ക് കൊണ്ടുവന്നു. ഞണ്ടുപാറ, വെച്ചിമറ്റം, ഉരുളികുന്നം എന്നീ പ്രദേശങ്ങളിലായി നൂറുകണക്കിനേക്കറുകളും ജന്മാവകാശവും ഈ തറവാട്ടിനു ലഭിച്ചിരുന്നു. കൊറ്റവേ എന്ന മൂർത്തീ പ്രതിഷ്ഠ മാറ്റി ഗന്ധർവ്വ ക്ഷേത്രമാക്കുകയാണുണ്ടായത്. ഉത്സവത്തിന് വാളും പരിചയും എടുക്കാനുള്ള അവകാശം തെക്കുംകൂർ രാജാവിന്റെ പടയാളികളായിരുന്ന ഇടച്ചേരിയാത്ത് കുടുംബക്കാർക്കായിരുന്നു.

തമിഴ് നാട്ടിലെ കാഞ്ചീപുരത്തു നിന്നും കച്ചവടക്കാരുങ്ങൾക്കായി കേരളത്തിൽ എത്തി ആലപ്പുഴ മുഹമ്മയിൽ താവളമടിച്ചവരിൽ കാലാന്തരത്തിൽ ഒരു ശാഖ ഇളങ്ങുളത്ത് വരികയും അവരുടെ പരദേവതയായ മുത്താരമ്മ (ഭദ്രകാളി)യെ ഇവിടെ പ്രതിഷ്ഠിക്കുകയും ചെയ്തു. അതാണ് ഇളങ്ങുളം ശ്രീ മൂത്താരമ്മൻ കോവിൽ.

വിശ്വകർമ്മസഭയുടെ വകയായി മാസം തോറും പൂജയുള്ള ഒരു ദേവീക്ഷേത്രമാണ് കാവുംമുറി ക്ഷേത്രം. ചെറുവള്ളി ഭഗവതിയുടെ സങ്കല്പമാണിവിടെ. ഇളങ്ങുളത്തും കൂരാലിയിലും ഇതുപോലൊരു ചെറുവള്ളിക്കാവുണ്ട്.

ആണ്ടുതോറും ശിവരാത്രി മുതലായ ആഘോഷങ്ങൾ നടത്തിവരാറുള്ള പുല്ലാട്ടുകുന്നേൽ ക്ഷേത്രം പഴക്കമേറിയതാണ്.

വെളിയന്നൂർ ശ്രീ ധർമ്മശാസ്താക്ഷേത്രം 1976ൽ പുതുക്കിപ്പണിത് പൂജാദി കർമ്മങ്ങളും ഉത്സവാഘോഷങ്ങളും N.S.S. കരയോഗത്തിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്നു.

തീണ്ടലും തൊടീലും പ്രാബല്യത്തിലിരുന്ന കാലഘട്ടത്തിൽ ക്ഷേത്രങ്ങളിലെ ഉപയോഗത്തിനുള്ള എണ്ണ ക്രിസ്ത്യാനികൾ തൊട്ടു ശുദ്ധീകരിക്കുന്ന പതിവുണ്ടായിരുന്നു.

ഇതിലേയ്ക്കായി ഇടപ്പള്ളി സ്വരൂപക്കാർ കൊണ്ടുവന്നവരാണ് ഇവിടുത്തെ ആദ്യ ക്രിസ്തീയ കുടുംബങ്ങൾ എന്നാണറിവ്. പിന്നീട് ജനസംഖ്യ വർദ്ധിച്ചതോടുകൂടി പള്ളികൾ സ്ഥാപിതമായി. അതിൽ ആദ്യമായി സ്ഥാപിക്കപ്പെട്ടതാണ്. ഇളങ്ങുളം സെന്റ് മേരീസ് ദേവാലയം. 1895-ൽ നവംബർ 3ന് ഈ പള്ളി സ്ഥാപിച്ചു. ഈ പള്ളിയുടെ കീഴിൽ വിദ്യാലയങ്ങളും അനാഥശാലയും മറ്റും പ്രവർത്തിക്കുന്നുണ്ട്. 1898-മാർച്ച് മാസം 25-ാം തീയതി 4 കുടുംബക്കാർ ചേർന്ന് കാരക്കുളം ഉണ്ണിമിശാഹാ പള്ളി സ്ഥാപിച്ചു. ആ കാലഘട്ടത്തിൽ ഈ പ്രദേശം വന്യജീവി സങ്കേതികമായിരുന്നതായാണ് അറിവ്. ഫെബ്രുവരി 18നാണ് പൂവരണി പള്ളിയുടെ കുരിശുപ

ളളിയായ വിശുദ്ധ ഗീവർഗ്ഗീസ് പുണ്യവാളന്റെ നാമത്തിൽ 1923-ൽ ഉരുളികുന്നം സെന്റ് ജോർജ്ജ് ദേവാലയം സ്ഥാപിതമായത്. 1926-ൽ എലിക്കുളം ചെറുപുഷ്പം ദേവാലയം സ്ഥാപിതമായി. ഉദ്ദേശം 70 വർഷങ്ങൾക്കുമുമ്പ് വഞ്ചിമല വാസക്കാരുടെ വകയായി 3 സെന്റ് സ്ഥലം മറ്റമുണ്ട കുടുംബത്തിൽ നിന്നുവാങ്ങി കുരിശുപളളി സ്ഥാപിച്ചു. പിന്നീട് അതൊരിടവകപ്പളളിയായി മാറി.

ക്രിസ്ത്യാനികളുടെ ആഗമനത്തോടുകൂടി ഈ പ്രദേശത്തിന്റെ ഭൂപ്രകൃതിയാകെ മാറ്റി മറിക്കപ്പെട്ടു. അദ്ധ്വാനശീലരായ ഇവർ സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ ഈ പ്രദേശത്തിന്റെ വളർച്ചയ്ക്ക് താങ്ങും തണലുമായി വർത്തിച്ചു. വിദ്യാഭ്യാസ രംഗത്തും സാമൂഹ്യ-സാംസ്കാരിക രംഗത്തും വളരെയധികം സംഭാവനകൾ ഈ ഗ്രാമത്തിനു നൽകുവാൻ ഇവർക്കു കഴിഞ്ഞിട്ടുണ്ട്. എല്ലാം എടുത്തു പറഞ്ഞുപോയാൽ ഒരു ഗ്രന്ഥം തന്നെ അതിലേയ്ക്ക് രചിക്കേണ്ടിവരും. ഗ്രാമീണ ജനതയുടെ നല്ലൊരു പങ്ക് ഈ വിഭാഗത്തിൽപ്പെട്ടവരാണ്.

ഹിന്ദുക്കളും ക്രിസ്ത്യാനികളും കഴിഞ്ഞാൽ എടുത്തു പറയത്തക്ക മറ്റൊരു ജനവിഭാഗങ്ങളാണ് മുസ്ലീങ്ങൾ. ഏതാണ്ട് 200 വർഷത്തെ കുടിയേറ്റ പാരമ്പര്യം ഇവർക്കുണ്ട്. പനമറ്റം മുസ്ലീം പളളി കൊല്ലവർഷം 1090-ൽ സ്ഥാപിച്ചതായും 1982-ൽ പുതുക്കിപ്പണിതതായും രേഖകളുണ്ട്. കുന്നപ്പളളി, ഇലവനാൽ, വയലുങ്കൽ, വല്യാത്തേൽ, ചൊക്കഞ്ചേരി തുടങ്ങിയ കുടുംബക്കാർ പളളി സ്ഥാപിക്കലിന് നേതൃത്വം നൽകിയിരുന്നു. ഈ പഞ്ചായത്തിൽത്തന്നെ വഞ്ചിമല ഭാഗത്ത് മറ്റൊരു മുസ്ലീം ഉപദേവാലയം കൂടിയുണ്ട്. വ്യാപാര വ്യവസായ പ്രവർത്തനങ്ങളാണ് പ്രധാന ഉപജീവനമാർഗ്ഗമായി ഇവർ സ്വീകരിച്ചിട്ടുളളത്. എങ്കിലും ഉന്നത വിദ്യാഭ്യാസം നേടി ഉദ്യോഗങ്ങളിൽ ശോഭിക്കുന്നവരും ഇല്ലാതില്ല.

പഴക്കമേറിയ ഒരു സംഘടനയാണ് S.N.D.P. യോഗം. ജാതിയും, ജാതിക്കുളളിൽത്തന്നെ ഉപജാതികളുമായി തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായി കഴിഞ്ഞിരുന്ന ഒരു സമൂഹത്തെ ഉദ്ധരിക്കുന്നതിനു നേതൃത്വം നൽകിയ ഒരു മഹത് പ്രസ്ഥാനമാണ് ഇത്. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന് ഉറക്കെ പ്രഖ്യാപിച്ച യോഗി വര്യനായ 'ശ്രീ നാരായണ ഗുരു'വിന്റെ അനുഗ്രഹാശിസ്സുകളോടെ ഡോക്ടർ പല്പുവിന്റെ നേതൃത്വത്തിൽ 1903-മെയ് 15 ന് കമ്പനീസ് ആക്ട് അനുസരിച്ച് പ്രവർത്തനമാരംഭിച്ച ഈ സംഘടനയ്ക്ക് നാലായിരത്തിലധികം ശാഖകളുണ്ട്. സാമൂഹ്യ-സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ വളരെയധികം നേട്ടങ്ങൾ ഉണ്ടാക്കുവാൻ ഈ സംഘടനയ്ക്കു കഴിഞ്ഞിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ ഇളങ്ങുളം, പനമറ്റം, എലിക്കുളം, മല്ലികശ്ശേരി എന്നിവടങ്ങളിൽ ഗുരു മന്ദിരങ്ങളുമായി പ്രദേശമാകെ നിറഞ്ഞു നിൽക്കുന്നു. 44-ാം നമ്പർ ഇളങ്ങുളം ശാഖ നേരിട്ട് ഗുരുദേവനിൽ നിന്ന് നാഗമ്പടത്തുവച്ച് രജിസ്ട്രേഷൻ വാങ്ങി പ്രവർത്തനം ആരംഭിച്ചതാണ്. ഇതിന്റെ ഇപ്പോഴത്തെ കെട്ടിടം ഉത്ഘാടനം ചെയ്തത് സ്വാതന്ത്ര്യസമര സേനാനി ആയിരുന്ന ശ്രീ 'ടി.കെ. മാധവൻ' ആണ്. എലിക്കുളം, കപ്പാട് റോഡുസൈഡിൽ ആളുറുമ്പ് ഭാഗത്ത് 45-ാം നമ്പർ ശാഖ പ്രവർത്തിക്കുന്നു. ഇവിടെയുളള ഗുരുമന്ദിരത്തിന്റെ ഉദ്ഘാടനം 19-1-1969ൽ ശ്രീ ആർ.ശങ്കർ ആണ് നിർവ്വഹിച്ചത്. യൂത്ത് മൂവ്മെന്റ്, വനിതാസംഘം എന്നിവയുടെ ചുമതലയിൽ ഒരു ലൈബ്രറിയും പ്രവർത്തിക്കുന്നുണ്ട്. 2201-ാം നമ്പർ പനമറ്റം ശാഖ 44-ാം നമ്പർ ശാഖ വിഭജിച്ച് 1977ൽ പ്രവർത്തനം ആരംഭിച്ചതാണ്. മല്ലികശ്ശേരിയിലും S.N.D.P.യുടെ ഒരു ശാഖ പ്രവർത്തനത്തിലുണ്ട്.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മൂലം നാശോന്മുഖമായിക്കഴിഞ്ഞിരുന്ന ഒരു സമൂഹത്തെ - നായർ സമുദായത്തെ - നാശത്തിന്റെ പടുകുഴിയിൽ നിന്നും കൈപിടിച്ചുയർത്തിയ മഹത്തായ പ്രസ്ഥാനമാണ് N.S.S. 1914 Ovt. 31-ാം തീയതി (1090 തുലാം 15-ാം തീയതി) ചേർന്ന് പെരുന്നയിലെ മന്നത്തു ഭവനത്തിൽ വച്ച് ശ്രീ. മന്നത്തു പത്മനാഭന്റെ മാതാവ് മന്നത്തു പാർവ്വതി അമ്മ കൊളുത്തിവച്ച നിലവിളക്കിനു മുമ്പിൽ നിന്ന് സത്യം ചെയ്ത് ആരംഭിച്ചതാണ് നായർ സർവ്വീസ് സൊസൈറ്റി. ഈ സംഘടന വളർന്നു വലുതായി 5000 ത്തോളം ശാഖകളും 57 താലൂക്ക് യൂണിയനുകളുമായി ലക്ഷക്കണക്കിന് സജീവ പ്രവർത്തകരുളള പ്രസ്ഥാനമായി മാറിയിരിക്കുന്നത്.

10 ശാഖകൾ - കരയോഗങ്ങൾ ഈ പഞ്ചായത്തിലാകെ പ്രവർത്തിക്കുന്നു. ഉദ്ദേശം 1000 ത്തോളം കുടുംബങ്ങൾ ഇതിൽ അംഗങ്ങളായുണ്ട്. ഈ ശാഖകളുടെ ഭരണഘടന തന്നെ ഒരു നാടിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് ഉതകുംവിധമാണ്. മറ്റൊരു പ്രത്യേകത, 18 വയസ്സു പൂർത്തിയാവർക്ക് അംഗത്വവും വോട്ടവകാശവും, 83 വർഷങ്ങൾക്കു മുമ്പ് അനുവദിച്ചു കൊടുത്തിരിക്കുന്നു എന്നതാണ്. സ്വന്തം ജീവിതകാലം മുഴുവൻ മനുഷ്യ സമൂഹത്തിന്റെ നന്മയ്ക്കായി ഉഴിഞ്ഞുവച്ച ഭാരതകേസരി മന്നത്തു പത്മനാഭന്റെ വിശാലവും കുശാഗ്രവും ആയ ബുദ്ധിയാണ് ഇതിനു പിന്നിലുണ്ട്. വിശ്വകർമ്മ മഹാസഭ, വണിക വൈശ്യ സമാജം, വീരശൈവ മഹാസഭ തുടങ്ങിയ സംഘടനയുടെ ശാഖകളും വിജയകരമായി പ്രവർത്തിക്കുന്നുണ്ട്.

ഭാരത സ്വാതന്ത്ര്യ സമരത്തിന്റെ ചരിത്രത്തിൽ പങ്കാളികളായ ഈ ഗ്രാമ സന്തതികളിൽ പേരെടുത്തു പറയേണ്ടുന്ന രണ്ടു വ്യക്തികളാണ് പനമറ്റം മാടപ്പളളിൽ ശ്രീ. പി. കേശവപിളള, പെരുവേലിൽ ആശാൻ എന്നു വിളിക്കുന്ന ശ്രീ. ജോസഫ്, ശ്രീ. കേശവപിളള എന്നിവർ പയ്യന്നൂർ ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടു

ക്കുകയും ജയിൽവാസം അനുഷ്ഠിക്കുകും ചെയ്തിട്ടുണ്ട്. പെരുവേലിൽ ശ്രീ. ജോസഫ് സേവാദൾ സംഘടപ്പിക്കുകയും പ്രവർത്തിക്കുകയും ഗ്രാമത്തിലെ സ്വാതന്ത്ര്യ സമരത്തിന്റെ മുന്നപ്പടയാളികളായി പ്രവർത്തിക്കുകയും ജയിൽ വാസമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്.

നമ്മുടെ ഗ്രാമത്തിന്റെ ചരിത്രരേഖകളിൽ സ്ഥാനം പിടിച്ചിട്ടുള്ള ഒന്നുരണ്ടു വ്യക്തികളേയും സംഭവങ്ങളേയും കൂടി സ്മരിക്കാം. 1947-ൽ ഭാരതം സ്വതന്ത്രമായ വർഷം സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നതിന് ഏതാനും മാസങ്ങൾക്കു മുൻപ് ഇളങ്ങുളം-പാലാ-പൊൻകുന്നം റോഡരുകിൽ പൊൻകുന്നത്തു നിന്ന് രണ്ട് മൈൽ വടക്കുമാറി ഒരു സംസ്കൃത ഹൈസ്കൂൾ നില നിന്നിരുന്നു. സ്വാതന്ത്ര്യ സമരാഹ്വാനത്തിൽ ആകൃഷ്ടരായ വിദ്യാർത്ഥികൾ വിദ്യാലയം ബഹിഷ്കരിച്ച് മുദ്രാവാക്യങ്ങളും ജാഥകളും ആയി നീങ്ങുന്ന കാലം - പൊൻകുന്നം K.V. ഹൈസ്കൂളിൽ നിന്നും വിദ്യാർത്ഥികൾ മുദ്രാവാക്യം മുഴക്കി ഈ വിദ്യാലയത്തിലെത്തി. ഈ സ്കൂളിലെ വിദ്യാർത്ഥികളും സമാരവാശത്തോടെ മുദ്രാവാക്യം മുഴക്കി ക്ലാസു ബഹിഷ്ക്കരിച്ചു. സ്കൂൾ മാനേജരുടെ നിർബന്ധത്തിനും ഭീഷണിയ്ക്കും വഴങ്ങി രണ്ടു പേരൊഴിച്ച് ബാക്കി വിദ്യാർത്ഥികളെല്ലാം ക്ലാസിൽ കയറി. എന്നാൽ രണ്ടു പേർ - പത്മനാഭ ഗണകനും, മധുസൂദനൻ നായരും ഒന്നിനും വഴങ്ങാൻ തയ്യാറായില്ല. പത്മനാഭ ഗണകനെ സ്സസപെന്റ് ചെയ്തു. തുടർന്ന് രണ്ടു പേരും സ്കൂൾ അങ്കണത്തിൽ സത്യാഗ്രഹം ആരംഭിച്ചു. നാടിന്റെ നാനാഭാഗങ്ങളിലുള്ള സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികൾ അനുഭാവപൂർവ്വം പ്രകടനങ്ങളുമായി ദിവസേന എത്തിത്തുടങ്ങി. സമരക്കാർ സ്കൂൾ വളപ്പിൽ പ്രവേശിക്കാതിരിക്കുവാൻ അന്നത്തെ ദിവാൻ ആയിരുന്ന C.P. രാമസ്വാമി അയ്യരുടെ ഉത്തരവനുസരിച്ച് പോലീസ് സന്നാഹമേർപ്പെടുത്തി. അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട്, ഏതാനും ഇൻസ്പെക്ടർമാർ തുടങ്ങിയ മേധാവികൾ പോലീസിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി സ്ഥലത്തു ക്യാമ്പു ചെയ്തിരുന്നു. വേണ്ടിവന്നാൽ വെടി വയ്ക്കുന്നതിനുള്ള ഉത്തരവുപോലും മുകളിൽ നിന്നും സമ്പാദിച്ചിട്ടുണ്ട്. ഒരു ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടും ആയതു നടപ്പിലാക്കുവാൻ ഉത്തരവിടുന്നതിനായി ദിവസവും സ്ഥലത്തുണ്ട്. സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന പൊൻകുന്നം അഡ്വക്കേറ്റ് എ.കെ. പാച്ചുപിള്ള സമര നേതൃത്വം ഏറ്റെടുത്തു പട്ടം താണുപിള്ള, പി.റ്റി. ചാക്കോ, ടി.എം. വർഗ്ഗീസ് തുടങ്ങിയ സംസ്ഥാന കോൺഗ്രസ് നേതാക്കൾ സ്ഥലത്തെത്തി സമരത്തിന് പിൻബലമേകി. മാനേജ്മെന്റിന് ഒരു കുലുക്കവുമില്ല. മഹാകവി കുമാരനാശാന്റെ പൊന്നോമന പുത്രൻ പ്രഭാകരൻ സമരം ഏറ്റെടുത്ത് സത്യാഗ്രഹം ആരംഭിച്ചു. സത്യാഗ്രഹം ദിവസങ്ങളോളം നീണ്ടു. പിടിച്ചു നിൽക്കാനാവാത്ത വിധം ഉണ്ടായ പ്രകൃതിക്ഷോഭം മൂലം ആ സ്വാതന്ത്ര്യ സമരം അവിചാരിതമായി നിർത്തിവയ്ക്കേണ്ടിവന്നു. ദിവസങ്ങൾക്കു ശേഷം സ്വാതന്ത്ര്യ പ്രഖ്യാപനമുണ്ടായി.

പഞ്ചായത്തിന്റെ ചരിത്രത്തിൽ സ്ഥാനം പിടിച്ചു പറ്റിയ മറ്റൊരു സംഭവമാണ് കൂലിക്കൂടുതലിനും കുടികിടപ്പവകാശത്തിനുമായി 1969 മുതൽ നടന്ന മഞ്ഞപ്പള്ളിൽ തൊഴിലാളി സമരം. വർഷങ്ങൾ നീണ്ടു നിന്ന യാതനാ പൂർണ്ണമായ ഈ സമരം വിജയകരമായി പര്യവസാനിപ്പിച്ചതും നയിച്ചതും, ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) യാണ്.

ഈ ഗ്രാമപഞ്ചായത്തിന്റെ വികസനത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ഏതാനും വ്യക്തികളേക്കൂടി സ്മരിച്ചുകൊണ്ട് ഇതിനു വിരാമമിടാം. വിദ്യാഭ്യാസരംഗത്ത് വളരെയധികം സംഭാവനകൾ നൽകിയ ഒരു മാന്യദേഹമാണ് ശ്രീ. മഞ്ഞപ്പള്ളിൽ രാമകൃഷ്ണപിള്ള. ഒരു ഇംഗ്ലീഷ് ഹൈസ്കൂൾ, മലയാളം ഹൈസ്കൂൾ, സംസ്കൃത ഹൈസ്കൂൾ, ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ, മൂന്ന് L.P. സ്കൂളുകൾ ഇവ സ്വന്തമായി നടത്തുകയും തന്മൂലം ഈ ഗ്രാമങ്ങളിലേയും സമീപ പ്രദേശങ്ങളിലേയും ജനങ്ങൾക്ക് വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്.

ഒന്നിലധികം തവണ ജനപ്രതിനിധി സഭയിൽ അംഗമായിരിക്കുവാൻ ഭാഗ്യം സിദ്ധിച്ച ശ്രീ. ജെ.എ. ചാക്കോ, ഈ ഗ്രാമത്തിന്റെ സംഭാവനയാണ്. ഒരു സാധാരണ കുടുംബത്തിൽ പിറന്ന് സാങ്കേതിക ബിരുദം നേടി ഒരു വകുപ്പ് മേധാവിയാകാൻ കഴിഞ്ഞ (ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ), ശ്രീ. കെ.എ. ശ്രീധരൻ, കൊല്ലമ്പറമ്പിൽ ഇളങ്ങുളം ഈ ഗ്രാമത്തിന്റെ മറ്റൊരു ഓമനപ്പുത്രനാണ്. വിദ്വാൻ ശ്രീ. ആർ. വാസുദേവൻ കർത്താ വടക്കേമഠം വിദ്വാൻ കെ.ജെ. സെബാസ്റ്റ്യൻ കുറ്റിക്കാട്ട്, ഇളങ്ങുളം, ബി. ഉണ്ണികൃഷ്ണൻ ചെമ്മരപ്പള്ളിൽ ഇളങ്ങുളം, ശ്രീ. വി. ബാലചന്ദ്രൻ വേലമ്പറമ്പിൽ പനമറ്റം, പി.ഡി. മാത്യു പുത്തൂർ ഇളങ്ങുളം, എലിക്കുളം ഗോപാലകൃഷ്ണൻ നായർ, പ്രസിദ്ധ നോവലിസ്റ്റും, ചെറുകഥാകൃത്തും ആയ സക്കറിയാ മുള്ളാട്ടു ചുണ്ടയിൽ ഉരുളികുന്നം തുടങ്ങിയവർ കവിതാ രംഗത്തും സാഹിത്യരംഗത്തും മികച്ച സംഭാവനകൾ നൽകുകയും നൽകികൊണ്ടിരിക്കുകയും ചെയ്യുന്ന ഗ്രാമത്തിലെ ചിരസ്മരണീയരാണ്.

ഈ ചരിത്രാന്വേഷണത്തിൽപ്പെടാത്ത പലതും കണ്ടേക്കാം. ഇത് പൂർണ്ണമാണെന്നവകാശപ്പെടുന്നില്ല. പരിമിതമായ അറിവിൽപ്പെട്ട ചിലതുമാത്രം കൊണ്ട് ഈ സംരംഭത്തിനിവിടെ വിരാമമിടട്ടെ.

ഭൂപ്രകൃതി ജനപ്രകൃതി

മണ്ണും മനുഷ്യനും

കേരളത്തിന്റെ ഭൗതിക വിഭവങ്ങളിൽ ഏറ്റവും പ്രധാനമായത് ഭൂവിഭവും ജലവിഭവുമാണ്. നമ്മുടെ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 4143 ഹെക്ടറാണ്. ഇതിൽ പുറമ്പോക്കു ഭൂമി 152 ഹെക്ടർ ആണ്. റോഡ്, സർക്കാർ സ്ഥാപനങ്ങളുടെ സ്ഥലം, തോടിന്റെ അരികുകൾ എന്നിവ ചേർന്നതാണ് ഈ പുറമ്പോക്കു പ്രദേശം. തരിശായി കിടക്കുന്ന സ്ഥലം ഈ പഞ്ചായത്തിൽ ഇല്ല എന്നു തന്നെ പറയാം. വിസ്തൃതമായി പാറകളുള്ള മേഖലകളും വിരളമാണ്. ബാക്കിയുള്ള സ്ഥലത്ത് വ്യാപകമായി നിർവ്വഹിക്കപ്പെടുന്ന കൃഷിയുടെ ചിത്രം താഴെക്കൊടുക്കുന്നു.

റബ്ബർ	3080	ഹെക്ടർ
കുരുമുളക്	152	"
നൽകൃഷി	30	"
തെങ്ങ്	673	"
മറ്റു കൃഷികൾ	208	"

പഞ്ചായത്തിലെ 6,7 വാർഡുകളിൽ കൂടിയൊഴുകുന്ന പൊന്നൊഴുകും തോടിന്റെ ഇരുവശങ്ങളിലുമായി നെൽവയലുകൾ കാണപ്പെടുന്നു. തോടിന്റെ ഇരുകരകളിലും കുന്നുകളാണ്. കുന്നുകളും ചെരിവുകളും സമതലങ്ങളും ഇടകലർന്ന ഭൂപ്രകൃതിയാണ് പത്തു വാർഡുകളിലെയും പൊതുസ്ഥിതിയെന്ന് കാണാം. പശിമരാശി മണ്ണാണ് ഇവിടെ സാർവ്വത്രികമായ കാണാൻ കഴിയുന്നത്.

കൊണ്ട് മഴക്കാലത്ത് തീവ്രമായ മണ്ണൊലിപ്പ് ഉണ്ടാവുന്നുണ്ട്. വെള്ളപ്പൊക്കമുണ്ടാവാറുണ്ടെങ്കിലും കൃഷിനാശം കാര്യമായി സംഭവിക്കാറില്ല. വേനൽക്കാലത്ത് കുടിവെള്ളക്ഷാമം വളരെ രൂക്ഷമായ തോതിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അനുഭവപ്പെടുന്നു. ഓരോ വാർഡിലെയും സമതല മേഖലയിൽ ജലലഭ്യതയുണ്ടെങ്കിലും ചെരിവുകളിലും കുത്തനെയുള്ള മലകളിലും കുടിവെള്ളത്തിന്റെ അഭാവം ഗുരുതരമായുണ്ട്.

1983ലെ വരൾച്ച ഇന്നും ഇവിടത്തെ കർഷകരുടെ മനസ്സിൽ കറുത്ത ഓർമ്മയായി നിൽക്കുന്നു. ഏറ്റവും കൂടുതൽ കൃഷിനാശം സംഭവിച്ച വർഷമാണിത്. റബ്ബർ തൈകൾ നൂറുകണക്കിന് കരിഞ്ഞുണങ്ങിപ്പോയി. കുടിവെള്ളത്തിനായി മൈലുകളോളം സഞ്ചരിക്കേണ്ടിവന്നു. അക്കാലത്താണ് ഈ പഞ്ചായത്തിൽ ആദ്യമായി ഗ്രൗണ്ട് വാട്ടർ (ഭൂഗർഭജലം) ഉപയോഗിക്കുന്നതിനുള്ള സാധ്യതയെക്കുറിച്ച് ജനങ്ങൾ ചിന്തിക്കാൻ തുടങ്ങിയത്. തികച്ചും ശാസ്ത്രീയമായി ഗ്രൗണ്ട് വാട്ടർ ബോർഡ് സർവ്വേ നടത്തിയിട്ടില്ല. ഒരു ഡസനോളം കുഴൽ കിണറുകളുള്ളതിൽ പകുതിയും കാര്യക്ഷമമല്ല. ഭൂഗർഭ ജലത്തിന്റെ കാര്യത്തിൽ കേരളം ഉപരിതല ജലത്തിന്റെ കാര്യത്തിലെന്നപോലെ അത്ര സംപുഷ്ടമല്ല. ഏകദേശം 80% വരുന്ന ഭൂപ്രദേശത്തും മണ്ണിനടിയിൽ കുറഞ്ഞ ദൂരം കീഴ്പ്പോട്ടു ചെല്ലുമ്പോഴേക്കും കട്ടിയുള്ള കരിമ്പാറകൾ സ്ഥിതി

ഭൂപ്രകൃതി	സമതലം	ചെറിയ ചെരിവ്	കുന്നിൻമുകൾ	കുത്തനെ ചെരിവ്
മൺതരം	പശിമരാശി മണ്ണ്	പശിമരാശി മണ്ണ്	പശിമരാശി മണ്ണ്	പശിമരാശി മണ്ണ്
സസ്യാവരണം	നെല്ല്, തെങ്ങ്	റബ്ബർ	റബ്ബർ	റബ്ബർ
പരിസ്ഥിതി പ്രശ്നങ്ങൾ		മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്

"ജീവനുള്ള ജനത്തിന്റെ ജീവനായത് ജീവനം" എന്നു പറയാറുണ്ടല്ലൊ. ജീവന്റെ നിലനില്പിന് വെള്ളം അത്യന്താപേക്ഷിതമാണ്. നമ്മുടെ പഞ്ചായത്ത് മുഖ്യമായും മഴയെ ആശ്രയിച്ച് ജലസേചനം നടത്തുന്നു. ജൂൺമുതൽ ആഗസ്റ്റുവരെ ലഭിക്കുന്ന കാലവർഷവും സെപ്തംബർ മുതൽ നവംബർ വരെ കിട്ടുന്നതു തുലാവർഷവും ആണ് മഴലഭിക്കുന്ന കാലഘട്ടം. 1995ൽ ശരാശരി 3250 മി.മീറ്റർ മഴ ഇവിടെ ലഭിക്കുകയുണ്ടായി. ചെങ്കുത്തെനെയുള്ള മലഞ്ചെരിവുകളും നിമ്നോന്നതമായ ഭൂപ്രകൃതിയും ആയതു

ചെയ്യുന്നു. ഇതുമൂലം മണ്ണിനടിയിൽ കൂടി കിനിഞ്ഞിറങ്ങുന്ന വെള്ളം കരിമ്പാറയിൽ ചെന്നെത്തുമ്പോൾ വീണ്ടും കീഴ്പ്പോട്ടു പോകുവാൻ കഴിയാതെ പാറയുടെമേൽ ഭാഗത്തുകൂടി ഒലിച്ച് നീരുറവകളായി ഒടുവിൽ പുഴകളിൽ ചെന്നു ചേരുന്നു. വിള്ളലുകളും പൊട്ടലുകളും ഉള്ള ഭാഗങ്ങളിൽ കൂടിയും ദ്രവിച്ച ഭാഗങ്ങളിൽ കൂടിയും മാത്രമേ കിനിഞ്ഞിറങ്ങുന്ന വെള്ളം കീഴ്പോട്ടുപോയി ഭൂഗർഭജലവിതാനത്തിൽ ചെന്നെത്തുന്നുള്ളു. നമ്മുടെ പഞ്ചായത്തിൽ വിപുലമായ ശാസ്ത്രീയ സർവ്വേ ഇനിയും ഈ

വിഷയത്തിൽ നടത്തേണ്ടതുണ്ട്. അനുഭവം വെച്ച് ഭൂഗർഭജലലഭ്യത ഇവിടെ കുറവാണെന്ന് കരുതേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ ഭൂമിയുടെ ഉപയോഗത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഒരു കാര്യം പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. പുരയിടങ്ങൾ പൊതുസ്ഥാപനങ്ങൾ, റോഡുകൾ, ഫാക്ടറികൾ, പാർക്കുകൾ തുടങ്ങി പലയാവശ്യങ്ങൾക്കുമായി കൃഷിഭൂമി വിനിയോഗിക്കപ്പെടുന്ന പ്രവണത കേരളത്തിൽ വ്യാപകമാവുന്നുണ്ട്. കൃഷിയിടത്തെ പുരയിടമാക്കി മാറ്റുമ്പോൾ അതിന്റെ വില അനേകം മടങ്ങ് വർദ്ധിക്കുന്നു. കൃഷിഭൂമിയെ കാർഷികേതര ഭൂമിയാക്കി മാറ്റുന്ന പ്രവണത-ഇതിനെ നഗരവത്ക്കരണത്തിന്റെ ഒരു മുഖം എന്നു വിളിക്കാം-നമ്മുടെ പഞ്ചായത്തിൽ ശക്തി പ്രാപിച്ചിട്ടില്ല. കൃഷി ഭൂമി കഴിയുന്നത്ര കൃഷിഭൂമിയായി നിലനിർത്താനും, ലഭ്യമായ സ്ഥലത്ത് ഏതാണ്ട് സമ്പൂർണ്ണമായി വിളകൾ ഇറക്കാനും ശ്രമിക്കുന്ന "പൂരിത കൃഷി" മേഖലയാണ് നമ്മുടെ പഞ്ചായത്ത് എന്നത് ഒരു പ്രത്യേകതയാണ്.

പഞ്ചായത്തിൽ 6 പൊതുകുളങ്ങളാണുള്ളത്. ഇതു കൂടാതെ നിരവധി സ്വകാര്യ കുളങ്ങളുണ്ട്. ഇവയ്ക്ക് വിസ്തൃതിയും ആഴവും വർദ്ധിപ്പിക്കാനോ, നന്നായി നിലനിർത്താനോ വേണ്ടത്ര ശ്രദ്ധ ആരും നൽകുന്നില്ല എന്നതാണ് വാസ്തവം. ഈ കുളങ്ങളിലെ ജലവിഭവം വേണ്ട വിധത്തിൽ വിനിയോഗിക്കുവാൻ അതതു സ്ഥലത്തെ, കുടുംബങ്ങളുടെ കൂട്ടായ്മ ചുമതലയേൽക്കുകയും നിർവ്വഹിക്കുകയും വേണം.

മടുക്കക്കുന്നുതോട്, കാരടിതോട്, തോക്കനാട് തോട് എന്നിങ്ങനെയുള്ള തോടുകളുടെ നീളം 28 കിലോ മീറ്റർ വരും. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തി വഴി ഒഴുകുന്ന മക്കനാതോടിന് 7 കി.മീ. നീളം വരും. ഇവ മീനച്ചിലാറ്റിലും മണിമലയാറ്റിലും ഒഴുകിയെത്തുന്നു. പൊതുവേ 7 മാസക്കാലമേ ഈ തോടുകളിൽ വെള്ളം നിലനില്ക്കുന്നുള്ളു. ഈ തോടുകളുടെ വീതി അനുദിനം കുറഞ്ഞുവരുന്നതായി കാണാം. മണ്ണൊലിപ്പു കൂടാതെ തോടിനരികെയുള്ള സ്ഥലമുടമകൾ തങ്ങളുടെ അതിർത്തികൾ കയ്യാലകൾ വഴി തോട്ടിലേക്ക് ഇറക്കുന്നതായ അനുഭവവും കാണാം. ഇത് തോടുകളുടെ സുസ്ഥിതിയെ മാത്രമല്ല, കിട്ടാവുന്ന ജലവിഭവത്തെ പരിമിതപ്പെടുത്താനും ഇടയാക്കുന്ന കാര്യമാണ്. ഈ പ്രവണത തിരുത്തുവാനുള്ള ശ്രമങ്ങൾ വൈകാതെ നടത്തേണ്ടിയിരിക്കുന്നു.

1979നും 80നും ഇടയിൽ ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ കോട്ടയം ജില്ലയിൽ നടത്തിയ സർവ്വെയിൽ നമ്മുട പഞ്ചായത്തും ഉൾപ്പെട്ടിരുന്നു. ധാതുനിക്ഷേപങ്ങൾ കണ്ടെത്തുവാനുള്ള ഈ പര്യവേക്ഷണത്തിന്റെ ഫലം അറിവായതിൽ നമ്മുട പഞ്ചായത്തിലെ മണ്ണിൽ ധാതുലവണങ്ങൾ സമ്പുഷ്ടമല്ല എന്ന നിഗമനമാണ് കാണാൻ കഴിയുന്നത്.

അർദ്ധ-ഉഷ്ണമേഖലാ (Semi-tropical) മേഖലയിൽ കാണുന്ന മൃഗങ്ങളും പക്ഷികളും നമ്മുടെ പഞ്ചായത്തിൽ ധാരാളമായുണ്ട്. നമ്മുടെ ഉൾനാടൻ പ്രദേശങ്ങളിൽ വർഷങ്ങളോളം പഴക്കമുള്ള ആഞ്ഞിലി, മാവ്, ആൽമരം എന്നിവയൊക്കെ ഇപ്പോഴുമുണ്ട്. പണ്ട് ധാരാളമായുണ്ടായിരുന്ന കാവുകളുടെ അവശിഷ്ടങ്ങൾ നിശ്ശേഷം മാഞ്ഞു കഴിഞ്ഞിട്ടില്ല. വീടുകളോടനുബന്ധിച്ചും തൊടിയിലും ഔഷധ സസ്യങ്ങൾ നടുകയും വളർത്തുകയും ചെയ്യുന്ന രീതി ഇവിടെ സർവ്വസാധാരണമായിരുന്നു. ഇന്ന് ആ ശീലം ഇല്ലാതായിരിക്കുന്നു.

ജനസംഖ്യയിൽ പുരുഷന്മാരും സ്ത്രീകളും ഒപ്പത്തിനൊപ്പം നില്ക്കുന്നു. ആരോഗ്യമുള്ള ദൃഢഗാത്രരായ ജനതയെയാണ് പൊതുവെ ദൃശ്യമാവുന്നത്. ശുചിത്വത്തിൽ നിഷ്കർഷയുള്ളവരാണ്, അധ്വാനശീലരാണ്. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്ന സ്ഥിതിയുണ്ട്. മുഖ്യജീവനാലംബമായ കൃഷിയോടുള്ള വിമുഖതയും വെള്ളക്കോളർ ജോലികളോടുള്ള ആഭിമുഖ്യവും മറ്റെല്ലാ പ്രദേശങ്ങളിലുമെന്നപോലെ ഇവിടെയും പ്രശ്നമാവുന്നു. വിദ്യാർത്ഥികൾ പഠനത്തോടൊപ്പം കുടുംബത്തിലെ പ്രശ്നങ്ങളിലും പ്രത്യേകിച്ച് കാർഷിക പ്രവർത്തനങ്ങളിലും താല്പര്യപൂർവ്വം ഏർപ്പെട്ടിരുന്ന ഗ്രാമീണ പാരമ്പര്യത്തിന് മങ്ങലേറ്റിട്ടുണ്ട്. അണുകുടുംബങ്ങളുടെ വ്യാപനം ആശങ്കാജനകമല്ല.

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ ഭാഗം 9-ാം വാർഡിലെ വഞ്ചിമലയുടെ മുകളറ്റമാണ്. ചെത്തിമറ്റം ഭാഗവും മണിയൻകുന്നും സമുദ്രനിരപ്പിൽ നിന്നും 254 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു.

I കൃഷിയും ജലസേചനവും

പുത്തൻ ഉറവയും പുതിയ കൊയ്ത്തും

കേരളത്തിൽ കാർഷിക രംഗത്ത് ഈയടുത്ത കാലത്ത് സംഭവിച്ച ഏറ്റവും പ്രധാനപ്പെട്ട മാറ്റം ധാന്യ വിളകളിൽ നിന്നും നാണ്യ വിളകളിലേയ്ക്കുള്ള ചുവടുമാറ്റമാണ്. ഏതാണ്ട് എഴുപതുകളുടെ മധ്യത്തിലാണ് ഈ പ്രവണത ശക്തി പ്രാപിച്ചത്. ധാന്യവിളകൾ കൃഷി ചെയ്തിരുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കുറയുകയും നാണ്യ വിളകളുടെ കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം കൂടുകയും ചെയ്യുന്ന ഈ പ്രവണത, ധാന്യവിള കൃഷി നഷ്ടമാണെന്ന അനുഭവത്തിൽ നിന്നുണ്ടായതാണ്. വാണിജ്യവിളകളുടെ ഉല്പന്നവിലയിൽ സംഭവിക്കുന്ന ഏറ്റക്കുറച്ചിലുകൾ കേരളത്തിനെ കർഷകന്റെ തീരുമാനങ്ങളെ സാരമായി സ്വാധീനിക്കുന്നു. റബ്ബറിന്റെ ഉയർന്ന കമ്പോളവില, നെൽകൃഷി മരച്ചീനി തുടങ്ങിയ കാർഷിക വിളകളിൽ നിന്നും വാണിജ്യവിളകളുടെ കൃഷിയിലേക്ക് മാറുവാൻ കർഷകനെ പ്രേരിപ്പിച്ചിട്ടുണ്ട്. കപ്പ അല്ലെങ്കിൽ മരിച്ചീനി എന്ന ചെടി കാണാത്ത ഒരു തലമുറ നമ്മുടെ നാട്ടിൽ അനതിവിദൂര ഭാവിയിൽ ഉണ്ടാവാനുള്ള സാധ്യത അതിശയോക്തിയല്ല. വാണിജ്യവിളകളിലേയ്ക്കുള്ള ഈ വ്യതിയാനം, കൃഷി ഒരുപജീവനമാർഗ്ഗം എന്നതിൽ കവിഞ്ഞ് ആദായകരമായ ഒരു വ്യവസായം എന്ന സങ്കല്പത്തിലെത്തി നിൽക്കുന്ന കാലവും അകലെയല്ല. നമ്മുടെ പഞ്ചായത്ത് ഈയവസ്ഥയിലെത്തിച്ചേർന്നിട്ടില്ല എങ്കിലും വാണിജ്യവിളകൾ, പ്രത്യേകിച്ച് റബ്ബർ മുഖ്യ കാർഷിക വൃത്തിയായി മാറിക്കഴിഞ്ഞിരിക്കുന്നു. പത്തു സെന്റുണ്ടെങ്കിൽ അമ്പതു റബ്ബർ വയ്ക്കുക എന്ന രീതി വ്യാപകമാകുന്നു.

വാണിജ്യ വിളകളോടുള്ള അമിതമായ ഭ്രമത്തിന്റെ അപകടഫലങ്ങൾ അനുഭവങ്ങളുണ്ടെങ്കിലും കർഷകർ മനസിലാക്കിയിട്ടില്ല. നമ്മുടെ പഞ്ചായത്തിൽത്തന്നെ 1978-80 കാലത്ത് വ്യാപകമായി കർഷകർ കൊക്കോ കൃഷി ചെയ്തിരുന്നു. അന്ന് 14 രൂപ ഉണ്ടായിരുന്ന കൊക്കോയുടെ വിപണവില 1981 ൽ അഞ്ചു രൂപയായി കുറഞ്ഞു. കാഡ്ബറീസ് കമ്പനി കൊക്കോ മാർക്കറ്റിൽ നിന്നും പിൻവാങ്ങിയതായിരുന്നു കാരണം. വിപണ സാധ്യത നഷ്ടപ്പെട്ട പരിതഃസ്ഥിതിയിൽ നൂറുകണക്കിനു കൊക്കോ തൈകൾ കൃഷിക്കാർ നശിപ്പിച്ച അനുഭവം നമ്മുടെ ഓർമ്മയിലുണ്ട്. റബ്ബറിന്റെ കാര്യത്തിൽ ഇതേവരെ ഈ പ്രതികൂലാനുഭവം ഉണ്ടായിട്ടില്ലെങ്കിലും അത് എപ്പോഴും സംഭവ്യമാണെന്ന വസ്തുത നാം മറന്നുകൂടാ.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രത്യേക പരിഗണനയർഹിക്കുന്ന ഒന്നാണ് ജൈവകൃഷി സമ്പ്രദായം. ഈ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും ജൈവവളങ്ങൾ സുലഭമാണ്. എങ്കിലും ഇന്നും രാസവളപ്രയോഗത്തിൽ അമിതമായി വിശ്വസിക്കുന്ന പ്രവണത നമ്മുടെ കർഷകരിൽ വേരൂന്നിയിരിക്കുന്നു. ഈ രാസവളങ്ങൾ അപ്പാടെ ഉപേക്ഷിക്കണമെന്നല്ല, ഇപ്പറഞ്ഞതിനർത്ഥം. ജൈവവളത്തിന് പ്രാമുഖ്യം കല്പിക്കുന്ന നാടൻ കൃഷി രീതിയുടെ മേന്മയെക്കുറിച്ച് അവബോധമുണ്ടാക്കേണ്ടിയിരിക്കുന്നു. ഗ്രാമീണ കർഷക ജനതയുടെ നാട്ടറിവുകളും നവീന സാങ്കേതിക വിദ്യയും സമന്വയിപ്പിച്ച കൃഷി സമ്പ്രദായമാണ് അഭികാമ്യം. രാസവള കീടനാശിനി പ്രയോഗത്തിലൂടെ ഉല്പന്നങ്ങളിൽ കലരുന്ന വിഷത്തെക്കുറിച്ച് ക്രമേണ അവബോധമുണ്ടാവുകയും ജൈവ കൃഷിയിലേക്ക് മടങ്ങുകയും ചെയ്യേണ്ടത് നമ്മുടെ പഞ്ചായത്തിലെ മാത്രമല്ല, കേരളത്തിലെ പൊതുവെ തന്നെയുള്ള ആവശ്യമായി വരുന്ന സന്ദർഭം അടുത്തുവരുന്നു.

താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും നമ്മുട പഞ്ചായത്തിലെ കർഷകന്റെ നിലവിലുള്ള കൈവശ കൃഷി ഭൂമി സംബന്ധിച്ച സ്ഥിതി വ്യക്തമാകും.

കൈവശഭൂമി വിസ്തീർണ്ണം

റബ്ബർ ഭൂപരിധി	ആളുകളുടെ എണ്ണം
1. ഒരു ഹെക്ടറിൽ താഴെ	6986
2. ഒരു ഹെ. 2 ഹെ. ഇടയിൽ	950
3. 2 ഹെക്ടറിനു മുകളിൽ	264

സംസ്ഥാനത്തിന്റെ ആളോഹരി കൃഷിഭൂമി 0.07 ഹെക്ടറും പഞ്ചായത്തിന്റേത് 0.16 ഹെക്ടറുമാണ്. പട്ടിക സൂചിപ്പിക്കുന്നതുപോലെ ഇവിടുത്തെ ബഹുഭൂരിപക്ഷം കർഷകരും ഒരു ഹെക്ടറിൽ താഴെ ഭൂമി കൈവശമുള്ളവരാണ്.

ഏതാണ്ട് നൂറുവർഷം മുമ്പ് ഈ പ്രദേശത്തെ ഭൂമിയുടെ ഉടമസ്ഥർ ജന്മിമാരും ദേവസ്വങ്ങളുമായിരുന്നു. അദ്ധ്വാനശീലരായ മനുഷ്യർ സ്ഥലം ദേഹണ്ഡത്തിനുവേണ്ടി വാങ്ങി തെങ്ങ്, കവുങ്ങ്, പ്ലാവ്, കുരുമുളക് എന്നിവ കൃഷി ചെയ്യുകയും കല്ലുകയ്യാലകൾ തീർത്തു പുരയിട

ങ്ങളാക്കി മാറുകയും ചെയ്തു. ജന്മിക്കു നൽകേണ്ട മിച്ചവാരം കർഷകൻ യഥാസമയം കൊടുത്തുകൊണ്ടിരിക്കുകയും വർഷങ്ങൾക്കുശേഷം ദേഹണ്ഡസ്ഥലം തുല്യമായി വീതിച്ചെടുക്കുയും ചെയ്യുന്ന കിളച്ചുപാതി ദേഹണ്ഡ സമ്പ്രദായം പതിറ്റാണ്ടുകളോളം നിലനിന്നരുന്നു. ജന്മിയുടെ വീതം സാധാരണയായി ആർക്കെങ്കിലും വിൽക്കുകയായിരുന്നു പതിവ്. മിച്ചവാരത്തിന് വീഴ്ച വരുത്തിയാൽ അതനുസരിച്ച് കർഷകനു നൽകുന്ന ദേഹണ്ഡഭൂമിയിൽ കുറവു വരുത്തിയുരുന്നു. ചില കുടിയാന്മാർക്ക് കുടിശ്ശികയേറുകയാൽ ഒട്ടുംതന്നെ ഭൂമി ലഭിക്കാതെ വരികയും ചെയ്യുമായിരുന്നു. ഈ വ്യവസ്ഥ തകർന്നത് ഭൂപരിഷ്ക്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെയാണ്. ജന്മി - കുടിയാൻ വ്യവസ്ഥിതി ക്രമേണ നാമാവശേഷമാവുകയും പുരയിടങ്ങളായിതിരിഞ്ഞുകിടന്ന മണ്ണിൽ തെങ്ങ്, മാവ്, പ്ലാവ്, കമുക് തുടങ്ങിയവ കൃഷി ചെയ്യുകയും സാധാരണമായിത്തീർന്നു. മരച്ചീനി തുടങ്ങിയ കഴിങ്ങുവർഗ്ഗങ്ങളും ആവശ്യത്തിനു പച്ചക്കറികളും എല്ലാവീടുകളിലും സുലഭമായിരുന്നു. എല്ലായിനം വളർത്തുമൃഗങ്ങളും സാധാരണമായിരുന്നു. മൂന്ന് നാല് ഏക്കർ കൃഷിഭൂമി സ്വന്തമായുള്ള കൃഷിക്കാരന് 3000 മുതൽ 10,000 വരെ നാളികേരം പ്രതിവർഷം ലഭിച്ചിരുന്നു.. ഈ തേങ്ങകൾ വാങ്ങുവാൻ ധാരാളം വ്യാപാരികൾ ഉണ്ടായിരുന്നു. അവർ തേങ്ങ കൊപ്രയാക്കി സംസ്ക്കരിച്ച് പാലാ - കോട്ടയം എന്നീ പട്ടണങ്ങളിൽ കാളവണ്ടികളിലെത്തിച്ച് അവിടെ നിന്ന് ആലപ്പുഴ കൊണ്ടുപോയി വിറ്റിരുന്നു. അടയ്ക്കയും ജനങ്ങളുടെ മുഖ്യവരുമാനങ്ങളിലൊന്നായിരുന്നു. ഉണക്കപ്പാക്കിന്റെ വില്പനകേന്ദ്രം പൊൻകുന്നമായിരുന്നു. എല്ലാ പുരയിടങ്ങളിലും ഇടവിളയായി ഇഞ്ചി, മഞ്ഞൾ മുതലായവ കൃഷി ചെയ്തിരുന്നു. മരച്ചീനികൃഷി ഏറ്റവും വ്യാപകമായത് രണ്ടാം ലോകമഹായുദ്ധ കാലത്താണ്. അന്നത്തെ മുഖ്യാഹാര പദാർത്ഥം മരച്ചീനിയായിരുന്നു.

പിൽക്കാലത്ത് ഈ പുരയിടത്തിൽ റബ്ബർകൃഷി ആരംഭിച്ചു. ആദ്യകാലത്ത് ഉല്പാദനശേഷി കുറഞ്ഞ നാടൻ മരങ്ങളായിരുന്നു നട്ടുപിടിപ്പിച്ചിരുന്നത്. ഒരു ഘട്ടത്തിൽ റബ്ബർകൃഷി ആദായകരമല്ലാതായിത്തീർന്നതിനാൽ റബ്ബർ മരങ്ങൾ മുറിച്ച കളഞ്ഞ് കുരുമുളക് തുടങ്ങിയ മറ്റുകൃഷികൾ ചെയ്യുന്നതിന് കർഷകർ നിർബന്ധിതരായിത്തീർന്നു. കാലക്രമേണ ഈ രീതിക്കൊരു മാറ്റം വരികയും റബ്ബർ കൃഷിയിലേക്ക് കർഷകർ മടങ്ങിയെത്തുകയും ചെയ്തു. റബ്ബർ അന്യനാട്ടിലേക്ക് അയയ്ക്കുന്നതിനുള്ള കോട്ടാ വിതരണം ചെയ്തിരുന്നു. ഇത്തരം പെർമിറ്റുകൾ വ്യാപാരി വില തന്ന് വാങ്ങുന്ന പ്രവണതയും ഉണ്ടായിരുന്നു.

എന്നാൽ റബ്ബർ ബോർഡിന്റെ ആരംഭത്തോടുകൂടി റബ്ബർകൃഷിയിലും വിപണനത്തിലും കാതലായ മാറ്റങ്ങൾ കൈവന്നു. നാടൻ മരങ്ങൾക്കു പകരം ഉൽപാദനശേഷി കൂടിയ ക്ലോണൽ, പോളിക്ലോണൽ തൈകൾ ബോർഡു വിതരണം ചെയ്തു തുടങ്ങി. തുടർന്ന് അത്യുൽപാദനശേഷിയുള്ള ബഡ് തൈകൾ പ്രചാരത്തിലായി. ഇതോടെ തെങ്ങ്, മാവ്, കവുങ്ങ്, പ്ലാവ് തുടങ്ങിയ കൃഷികളുടെ സ്ഥാനം റബ്ബറിനു വഴിമാറിക്കൊടുക്കുകയും അവ പുരയിടങ്ങളിൽ നിന്ന് മിക്കവാറും അപ്രത്യക്ഷമാവുകയും ചെയ്തു.

നെൽകൃഷി

ഈ പഞ്ചായത്തിലെ 6.7 വാർഡുകളിലുള്ള 50 ഹെക്ടർ നിലത്ത് ഇരുപ്പു കൃഷി ചെയ്തിരുന്നു. എന്നാൽ പിന്നീട് നെൽകൃഷി ലാഭകരമല്ലാതായപ്പോൾ ഉടമകൾ നിലം തുണ്ടു തുണ്ടായി വിഭജിച്ച് വിൽക്കുകയും അവിടെ തെങ്ങ്, കമുക്, തുടങ്ങിയ ഫലവൃക്ഷങ്ങൾ കൃഷി ചെയ്യുകയും ചെയ്തു. ഇപ്പോൾ നിലവിലുള്ള അൻപതു ഹെക്ടറിൽ മൂന്നിലൊന്ന് കര ഭൂമിയായും മൂന്നിലൊന്ന് ഒരുപ്പുനിലങ്ങളും ശേഷിച്ചത് ഇരുപ്പുനിലങ്ങളുമാണ്. ഇരുനൂറുമുതൽ മുന്നൂറുമീറ്റർ വീതിയിൽ 5 മൈലോളം നീണ്ടുകിടക്കുന്ന സൂര്യപ്രകാശം നന്നായി ലഭിക്കുന്ന ഈ നിലങ്ങളുടെ ഇരുവശത്തും തലയയുയർത്തി നിൽക്കുന്ന നല്ലയിനം റബ്ബർത്തോട്ടങ്ങളുടെ നിഴലുകൾ നെൽകൃഷിക്ക് പ്രതിബന്ധം സൃഷ്ടിക്കുന്നു. ഇതര കൃഷികൾ ചെയ്യുന്നതിൽ നിന്നും ഈ അവസ്ഥ കർഷകനെ പിന്തിരിപ്പിക്കുന്നുണ്ട്. പാടത്തിന്റെ തോട്ടുവശത്തുള്ള പുറം നടപൊട്ടി കൃഷിക്ക് ഭീഷണിയായിത്തീർന്നിട്ട് മൂന്നു നാലു വർഷമായി. നെൽകൃഷിയുടെ അപചയത്തിന് ഇതും ഒരു കാരണമായി.

റബ്ബർകൃഷി

1960 വരെ ഈ പഞ്ചായത്തിൽ ഉല്പാദനക്ഷമത കുറഞ്ഞ നാടൻ മരങ്ങൾ ആണ് കൃഷി ചെയ്തിരുന്നത്. 1954ൽ റബ്ബർബോർഡ് സ്ഥാപിതമായ ശേഷം റബ്ബർകൃഷി വളരെയധികം വളർച്ച നേടുകയുണ്ടായി. ആരംഭ ഘട്ടത്തിൽ ഉല്പാദനശേഷി കൂടിയ ക്ലോണൽ, പോളിക്ലോണൽ തൈകൾ പ്രചരിപ്പിക്കുകയുണ്ടായി. പിന്നീട് വർദ്ധിച്ച ഗവേഷണങ്ങളുടെ ഫലമായി അത്യുൽപ്പാദനശേഷിയുള്ള ബഡ് തൈകൾ പ്രചാരത്തിലായി. ഇന്ന് ഏറ്റവും കൂടിയ ഇനമായ RRI 105 വളരെ പ്രാചരം നേടിയിരിക്കുന്നു. റബ്ബർ ഏറ്റവും ആദായകരമായ കൃഷി ആയി മാറിയിരിക്കുന്നു. ഈ രംഗത്തെ ഗവേഷണ ഫലങ്ങൾ കർഷകരിൽ എത്തിക്കാനുള്ള സെമിനാറുകൾ, ധനസഹായങ്ങൾ, വിത്ത്, വളം, കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവയുടെ വിതരണം തുടങ്ങിയ കാര്യങ്ങൾ റബ്ബർ ഉല്പാദകസംഘങ്ങളിൽകൂടി നടപ്പാക്കുന്നു. കൂടാ

തെ ഷീറ്റ്, ലാറ്റക്സ് എന്നിവയുടെ വിപണനത്തിലും റബ്ബർബോർഡ് ശ്രദ്ധിക്കുന്നു. ഈ പഞ്ചായത്തിൽ 3080 ഹെക്ടർ റബ്ബർ കൃഷിയുണ്ട്. മൊത്തം ഉല്പാദനം 32,34,000 Kg ആണ് ഉല്പാദനക്ഷമത ഹെക്ടറിൽ 1050 Kg ആണ്. സംസ്ഥാന ക്ഷമത 999Kg ആണ്.

തെങ്ങ്

പണ്ട് ഈ പഞ്ചായത്തിലെ മുഖ്യനാണ്യവിളയായിരുന്ന തെങ്ങ് ഇന്നൊരു നാമമാത്ര കൃഷിയായി മാറിയിരിക്കുന്നു. തെങ്ങിനെ ബാധിക്കുന്ന രോഗങ്ങളും റബ്ബർകൃഷിയുടെ വ്യാപനവും വിലനിലാവരത്തകർച്ചയും ഉല്പാദനച്ചെലവിന്റെ വർദ്ധനയും ഇതിനു കാരണമായിത്തീരുന്നു. നല്ല വിത്തിനങ്ങളുടെ അഭാവം, ജലസേചനത്തിനുള്ള അസൗകര്യം, അശാസ്ത്രീയമായ വളപ്രയോഗം എന്നിവയെല്ലാം ഈ പ്രശ്നങ്ങളെ രൂക്ഷമാക്കുന്നു.

തെങ്ങ് കൃഷി സ്ഥിതി വിവരം

വർഷം	ഭൂമിയുടെ വിസ്തീർണ്ണം	വാർഷിക ഉല്പാദനം	ഉല്പാദനക്ഷമത ഹെക്ടറിൽ
94-95	693 ഹെക്ടർ	30,31,875	4375

തെങ്ങിൻതൈ വിതരണം

93-94 ൽ	850
94-95 ൽ	800
95-96 ൽ	1000

തെങ്ങുകളുടെ സ്ഥിതി (94-95ൽ)

കേടുവന്ന തെങ്ങുകൾ	6150
കായ്ഫലമില്ലാത്തവ	10,000
കായ്ഫലം ഉള്ളവ	1,11,275

1994-95ലെ സംസ്ഥാന ക്ഷമത 1 ഹെക്ടറിന് 5888 ആണ്. തെങ്ങ് കൃഷി പ്രാചാരത്തിലിരുന്ന കാലഘട്ടത്തിൽ മുഖ്യ ഇടവിള ആയിരുന്നു കമുക്. രൂക്ഷമായ വരൾച്ചയും പലവിധ രോഗങ്ങളും കൊണ്ട് കമുകു കൃഷി ഈ പഞ്ചായത്തിൽ ഇന്നു വളരെ പരിമിതമായേ നടക്കുന്നുള്ളു.

പച്ചക്കറികൾ

ഇവിടുത്തെ ജനങ്ങളുടെ ഭക്ഷണക്രമത്തിലെ പ്രധാനഘടകമായ പച്ചക്കറി കൃഷി ചെയ്യുന്നതിൽ കൃഷിക്കാർ ഇന്നു വളരെ വിമുഖത കാട്ടുന്നു. ഇന്ന് എല്ലാവരും അമിതവിലനല്കി മാർക്കറ്റിനെ ആശ്രയിക്കുന്നു. നല്ലയിനം വിത്തുകളുടെ അഭാവവും കീടനാശിനികളുടെ പ്രയോഗത്തിലുള്ള പരിചയക്കുറവും വർദ്ധിച്ച കൃഷിച്ചെലവുകളും കൂടാതെ കാർഷിക വൃത്തിയോടുള്ള താൽപ്പര്യക്കുറവും കൃഷിഭൂമിയുടെ കുറവും ഇതിനു കാരണങ്ങളാണ്.

കപ്പ കൃഷി

കുറെ വർഷങ്ങൾക്കു മുമ്പുവരെ നെൽകൃഷിക്കൊപ്പം തുല്യപരിഗണനയുണ്ടായിരുന്ന ഒന്നാണ് കപ്പ. കപ്പ കൃഷി ചെയ്യുന്ന വിശാലമായ പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിൽ എല്ലാ മേഖലകളിലും ഉണ്ടായിരുന്നു. ഇന്ന് റബ്ബർ ഒരു ആദായകരമായ കൃഷിയായി വ്യാപിച്ചതോടുകൂടി കപ്പകൃഷി നിന്നു എന്നു തന്നെ പറയാം. കപ്പകൃഷിയെ ഏറ്റവും ദോഷകരമായി ബാധിക്കുന്നത് എലികളുടെ ഉപദ്രവം ആണ്. കൂടാതെ തൊഴിലാളികളുടെ ദൗർലഭ്യം ഒരു കാരണമാണ്.

സുഗന്ധവിളകൾ

ഈ പഞ്ചായത്തിലെ സുഗന്ധവിളകളിൽ ഒരു പ്രമുഖസ്ഥാനം ജാതികൃഷിക്കുണ്ട്. ഒരു ജാതി മരമെങ്കിലും ഇല്ലാത്ത കുടുംബങ്ങൾ വളരെ കുറവുമായിരിക്കും. 5 ഉം 10 ഉം 100 ഉം അതിൽ അധികവും ജാതി മരങ്ങളുള്ള കർഷകർ ധാരാളമുണ്ട്. കൃഷി ചെലവുകൾ കുറവാണെങ്കിലും ജലദൗർലഭ്യം ഒരു പ്രധാന പ്രശ്നമാണ്. കൂടാതെ ഉല്പന്നത്തിന്റെ വിലക്കുറവും കൃഷിയെ ദോഷകരമായി ബാധിക്കുന്നു. ഗ്രാമ്പൂ, കറുവ എന്നിവയും ഈ പഞ്ചായത്തിൽ കൃഷി ചെയ്യുന്നുണ്ട്. ഇവയുടെ സംരക്ഷണച്ചെലവും ഉല്പന്നത്തിന്റെ വിലക്കുറവും കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

കുരുമുളക്

സുഗന്ധവിളകളിൽ ഒന്നാം സ്ഥാനത്തു നിന്നിരുന്ന കൃഷിയാണ് കുരുമുളക് വളരെ വ്യാപകമായി ഇടവിളയായും മുഖ്യവിളയായും കർഷകർ ഇതു കൃഷി ചെയ്തിരുന്നു. കുരുമുളകു ചെടികളെ ബാധിച്ചിരിക്കുന്ന ദ്രുതവാട്ടം എന്ന മാരകമായ രോഗം ഇന്നും ഈ കൃഷിയുടെ നാശത്തിനു കാരണമായിരുന്നു. കൃഷിഭവന്റെ കണക്ക് അതനുസരിച്ച് ഈ പഞ്ചായത്തിൽ 152 ഹെക്ടർ കുരുമുളക് കൃഷിയുണ്ട്. മൊത്തം ഉല്പാദനം ഒരു വർഷം 27,360 കിലോ ആണ്. ഉല്പാദനക്ഷമത ഹെക്ടറിന് 180Kg ആണ്. 94-95ൽ സംസ്ഥാന ക്ഷമത കുരുമുളക് ഹെക്ടറിൽ ഹെക്ടറിൽ 276 Kg. 1994-95 വർഷത്തിൽ 5,000 കുരുമുളക് വള്ളികളും 95-96ൽ 40,000 കുരുമുളക് വള്ളികളും ഈ പഞ്ചായത്തിൽ വിതരണം ചെയ്തു എന്നാണ് കണക്ക്.

ഇഞ്ചി, മഞ്ഞൾ, കച്ചോലം

ഈ പഞ്ചായത്തിലെ ഇടവിള കൃഷികളിൽ പ്രമുഖസ്ഥാനം ഉണ്ടായിരുന്ന ഇഞ്ചിക്കും മഞ്ഞളിനും കച്ചോലത്തിനും വർദ്ധിച്ചുവരുന്ന ഉല്പാദനച്ചെലവും ഉല്പന്നത്തിന്റെ വിലയിടിവും കൃഷിഭൂമിയുടെ അപര്യാപ്തതയും കാരണം കർഷകൻ ഈ കൃഷികൾ ഉപേക്ഷിക്കാൻ നിർബന്ധിതരായി.

വാഴ

ആദായകരമാണെങ്കിലും വാഴകൃഷി ഇന്ന് വളരെ പിന്നിലാണ്. ഉല്പാദനശേഷികൂടിയ വിത്തിനങ്ങളുടെ ലഭ്യതക്കുറവും രാസവളങ്ങളുടെ വിലവർദ്ധനവും പ്രധാന കാരണമാണ്. വരൾച്ചയും ജലസേചനത്തിനുള്ള സൗകര്യക്കുറവും ഈ കൃഷിയെ ദോഷകരമായി ബാധിച്ചു. എങ്കിലും എല്ലാ വീടുകളോടുമനുബന്ധിച്ച് നാടൻവാഴകളും മറ്റിനങ്ങളും കൃഷി ചെയ്തുവരുന്നു.

നെൽകൃഷി പാടശേഖര സമിതികൾ

നമ്മുടെ പഞ്ചായത്തിൽ 6,7 വാർഡുകളിൽപ്പെട്ട നെൽകർഷകരെ കൂട്ടി യോജിപ്പിച്ചു കൊണ്ട് മൂന്നു പാടശേഖരസമിതികൾ ഉണ്ടെങ്കിലും ഇപ്പോൾ പ്രവർത്തനമുള്ളത് കാപ്പുകയം പാടശേഖര സമിതി മാത്രമാണ്. 40 ഹെക്ടർ നിലമാണ് ഈ പ്രദേശത്ത് ഉള്ളത് എങ്കിലും 30 ഹെക്ടർ മാത്രമേ ഇപ്പോൾ കൃഷി ചെയ്യുന്നുള്ളു. ഒന്നാം വിളയിൽ 75,000 കിലോയും രണ്ടാം വിളയിൽ 90,000 കിലോയും നെല്ലുല്പാദിപ്പിക്കുന്നു. ഒന്നാം വിളയിൽ ഉല്പാദനക്ഷമത ഹെക്ടറിൽ 2500 കിലോയും രണ്ടാം വിളയിൽ ഹെക്ടറിൽ 3000 കിലോയും ആണ്. മൂന്നാം വിളയിൽ കൃഷിനടത്തുന്നില്ല. പത്തു ഹെക്ടർ നിലം കൃഷിയോഗ്യമായത് തരിശ് ആയി കിടക്കുന്നു.

ഈ പഞ്ചായത്തിൽ 9-ാം വാർഡിൽ മനോലി ഭാഗത്ത് ഒരു ഹെക്ടറർ നിലമുണ്ട്. ഇവിടെ രണ്ടുതവണ നെൽകൃഷി നടത്തുന്നു. ഒന്നാം വിളയിൽ 2500 കിലോ നെല്ലും രണ്ടാം വിളയിൽ 1500 കിലോ നെല്ലും ഉല്പാദിപ്പിക്കുന്നു. മൂന്നാം വിള പച്ചക്കറി കൃഷി ചെയ്യുന്നുണ്ട്. മൂന്നാം വാർഡിൽ വയലുങ്കൽ പാടം മൊത്തം 5 ഹെക്ടർ ഉണ്ട്. 10-ാം വാർഡിൽ ഒന്നാം മൈൽ ഭാഗത്ത് മഞ്ഞപ്പള്ളി നിലം 2 ഹെക്ടർ ഉണ്ട്. വയലുങ്കൽനിലവും മഞ്ഞപ്പള്ളി നിലവും കൃഷിയോഗ്യമായ തരിശുനിലമാണ്. ഉദ്പാതനചെലവിന്റെ വർദ്ധനവും, പാടം സംരക്ഷിക്കുന്നതിലെ പരിമിതികളും തരിശിടാൻ കർഷകരെ നിർബന്ധിതരാക്കി.

കേരകർഷകസമിതി

ഈ പഞ്ചായത്തിലെ തെങ്ങുകൃഷി വികസനത്തിനുവേണ്ടി കൃഷിഭവന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന കേരകർഷകരുടെ ഒരു കർഷകസമിതിയാണിത്. കൃഷിഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുന്ന തെങ്ങിൻതൈകളും വളങ്ങളും ഈ സമിതി മുഖേനയാണ് വിതരണം നടത്തുന്നത്. എഴുന്നൂറിൽപ്പരം കർഷകർ ഈ സമിതിയിൽ അംഗങ്ങളാണ്. ഈ വർഷം 25200Kg രാസവളം സബ്സീഡി നിരക്കിൽ വിതരണം നടത്തുകയുണ്ടായി.

നേഴ്സറികൾ

ഈ പഞ്ചായത്തിലെ മുഖ്യകൃഷിയായ റബ്ബറിന്റെ തൈകൾ ഉല്പാദിപ്പിക്കുന്ന നേഴ്സറികൾ സ്വകാര്യമേഖലയിൽ ഉണ്ട്. മറ്റുഫലങ്ങളുടെയും ചെടികളുടേയും നേഴ്സറികളുണ്ട്. മോഡി കമ്പനിയുടെ വകയായി പ്രശസ്തമായ നിലയിൽ 10,1 വാർഡുകളിൽ പ്രവർത്തിക്കുന്ന റബ്ബർ നേഴ്സറിയും നിലവിൽ ഉണ്ട്. പുതിയ ഇനം നടീൽ വസ്തുക്കൾ വഭ്യമാക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

കൃഷിഭവൻ

1987ലാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. തികച്ചും കാർഷികമേഖലയായ ഈ പഞ്ചായത്തിൽ വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം വളരെ പരിമിതമായ പ്രദേശങ്ങളിൽ മാത്രമേ എത്തിയിട്ടുള്ളു. പത്തു വാർഡുകളുള്ള ഈ പഞ്ചായത്തിലെ 90 ശതമാനം ജനങ്ങൾക്കും അസൗകര്യമായ സ്ഥലത്താണ് കൃഷിഭവൻ സ്ഥാപിച്ചിട്ടുള്ളത്. രണ്ട് അസിസ്റ്റന്റുമാരും ഒരു കൃഷി ആഫീസറും ഉള്ള കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ മുഴുവൻ കർഷകർക്കും ലഭിക്കേണ്ടതുണ്ട്.

വളം

സഹകരണ മേഖലയിൽ രണ്ടും സ്വകാര്യമേഖലയിൽ ഒന്നും ഉൾപ്പടെ മൂന്നു വിപണനകേന്ദ്രങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. കൃഷിക്കുപയോഗിക്കുന്നത് 80% വും രാസവളങ്ങളാണ്. ഈ പഞ്ചായത്തിനു വെളിയിലുള്ള വളം ഡിപ്പോകളിൽ നിന്ന് വളവും കീടനാശിനികളും കർഷകർ വാങ്ങി ഉപയോഗിക്കുന്നുണ്ട്. രാസവളപ്രയോഗം ശാസ്ത്രീയമായ രീതിയലല്ല നടന്നുവരുന്നത്. അതുകൊണ്ട് കൃഷി ചെലവിന്റെ അനിവാര്യമായ വർദ്ധനവിനു കാരണമാകുന്നു. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം നടന്നിട്ടേ ഇല്ല. ജൈവവളങ്ങൾ വിരളമായി മാത്രമേ ഉപയോഗിക്കു

ന്നുള്ളു. അമിതമായ വിലവർദ്ധനയാണ് ഇതിനു കാരണം. കാലി വളം കമ്പോസ്റ്റ് തുടങ്ങിയ ജൈവവളങ്ങൾ ഉപയോഗിക്കുന്ന കർഷകരുമുണ്ട്. കൂടാതെ പഞ്ചായത്തിലെ 9 റബ്ബർ ഉല്പാദകസംഘങ്ങളിൽ കൂടിയും രാസവളം വിതരണം നടത്തുന്നുണ്ട്.

രാസവള വിതരണ വിവരം

ഏജൻസി	വർഷം	രാസവളം	കീടനാശിനി
1. എലിക്കുളം സർവ്വീസ് സഹകരണ ബാങ്ക്	93-94	25 ടൺ	3 ടൺ
	94-95	30 ടൺ	6 ടൺ
	95-96	35 ടൺ	7 ടൺ
2. ഇളങ്ങുളം സർവ്വീസ് സഹ. ബാങ്ക്	93-94	25 ടൺ	-
	94-95	30 ടൺ	-
	95-96	40 ടൺ	-
3. സെന്റ് മേരീസ് ഫെർട്ടിലൈസേഴ്സ് മല്ലികശ്ശേരി	93-94	1 ടൺ	-
	94-95	1.5 ടൺ	-
	95-96	2.5 ടൺ	-

കൂലിനിരക്ക്

കാർഷികമേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങളും കൃഷിയോടുള്ള ആഭിമുഖ്യക്കുറവും ഇതിന്റെ കാരണങ്ങളിൽപെടുന്നു. 5244 കുടുംബങ്ങൾ ഉള്ളതിൽ 70% ത്തോളം കുടുംബങ്ങൾ കൃഷി മുഖ്യ ഉപജീവനമാർഗ്ഗമായി ആശ്രയിക്കുന്നവരാണ്. തൊള്ളായിരത്തി പതിനാലു പേർ മാത്രമാണ് കർഷകത്തൊഴിലാളികളായി പഞ്ചായത്തിലുള്ളത്. ഇവരുടെ ശരാശരി കൂലി നിരക്ക് പുരുഷന് 80 രൂപയും സ്ത്രീകൾക്ക് 60 രൂപയുമാണ്. നിലവിൽ ഒരു ഏകീകൃത നിരക്കില്ല.

കാർഷികവായ്പ

രണ്ടു സഹകരണ ബാങ്കുകൾ ഒരു S.B.T. ബ്രാഞ്ച്, കോട്ടയം അർബൻ സഹകരണ ബാങ്കിന്റെ ഒരു ശാഖഉൾപ്പടെ നാലു പ്രധാന ബാങ്കുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിൽ ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്കിന്റെ അഞ്ചു ശാഖകളും, എലിക്കുളം സർവ്വീസ് സഹകരണ ബാങ്കിന്റെ 2 ശാഖകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൃഷിക്കുവേണ്ടി അനുവദിക്കുന്ന വായ്പകൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു എന്നാണ് പൊതുവായ അഭിപ്രായം. അർബൻ ബാങ്കിൽ നിന്നും കർഷിക വായ്പകൾ നല്കുവാൻ തുടങ്ങിയിട്ടില്ല.

കീടനാശിനികൾ

നെല്ല്, പച്ചക്കറികൾ, വാഴ, തെങ്ങ്, റബ്ബർ, കവുങ്ങ് എന്നീ വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിച്ചുവരുന്നത്. വളം ഡിപ്പോകളിൽ നിന്നും റബ്ബർ ഉല്പാദകസംഘങ്ങളിൽ നിന്നും കീടനാശിനികൾ വിതരണം ചെയ്യുന്നുണ്ട്. കീടനാശിനി ഉപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയമായ രീതിയോ പരിഗണിച്ചു കാണാറില്ല. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനു കാരണമാണ്.

കാർഷികോപകരണങ്ങൾ

ഈ പഞ്ചായത്തിൽ 7-ാം വാർഡിലെ പാടശേഖരസമിതിക്കായി കൃഷിഭവൻ മുഖേന രണ്ടു ടില്ലർ, 10 റോക്ക് സ്പ്രെയർ, 2 നാപ്സ്റ്റോക്ക് സ്പ്രെയർ, ഒരു മെതിയന്ത്രം, പോർട്ടബിൾ പമ്പ്സെറ്റ് ഒന്ന്, കൊയ്ത്ത് യന്ത്രം ഒന്ന് എന്നീ കാർഷിക ഉപകരണങ്ങൾ നല്കിയിട്ടുണ്ട്. ഇവ കൂടാതെ കൃഷിഭവനിൽ നിന്ന് 500 റോക്ക് സ്പ്രെയർ, 8 നാപ്പ്സ്റ്റോക്ക് സ്പ്രെയർ, 5 തെങ്ങുകയറ്റ യന്ത്രങ്ങൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

റബ്ബർ ഉല്പാദകസംഘങ്ങൾ

1987നുശേഷം റബ്ബർ ബോർഡിന്റെ മേൽനോട്ടത്തിലാരംഭിച്ച റബ്ബർ കർഷകരുടെ സഹകരണ സംഘങ്ങൾ ആണ് റബ്ബർ ഉല്പാദകസംഘങ്ങൾ. ഇത് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ 9 സംഘങ്ങൾ പ്രവർത്തിക്കുന്നു. 1000 ത്തോളം കർഷകർ ഈ സംഘത്തിൽ അംഗങ്ങളാണ്. റബ്ബർ കൃഷിയുടെ വളർച്ചയ്ക്കും ഉല്പാദന വർദ്ധനവിനും ഉതുകുന്ന എല്ലാവിധ പ്രവർത്തനങ്ങളും സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടന്നു വരുന്നു. റബ്ബർ ഉല്പാദകസംഘങ്ങളിൽ നിന്നും കർഷകർക്ക് ആവശ്യമായ തൂമ്പ, പിക്കാസ്, കമ്പി, ടാപ്പിംഗ് ആവശ്യമായ കത്തി, ചില്ല്, കമ്പി, വള്ളി, ചിരട്ട, ഡിഷ്, റെയിൻ ഗാർഡിംഗിന് ആവശ്യമായ പശ, പ്ലാസ്റ്റിക്ക് എന്നീ സാധനങ്ങളും വിതരണം നടത്തുന്നുണ്ട്. 1995-96ലെ ഉല്പാദകസംഘങ്ങൾ വഴി ഈ പഞ്ചായത്തിലെ റബ്ബർ കർഷകർക്ക് വിതരണം നടത്തിയ രാസവളങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു.

യൂറിയ	-	37950Kg
മസൂറി	-	93100Kg
പൊട്ടാഷ്	-	30100 Kg
തുരിശ്	-	5400 Kg

കാർഷിക വിതരണം 95-96

ബാങ്ക്	ഹ്രസ്വകാലം	മദ്ധ്യകാലം	ദീർഘകാലം
1. ഇളങ്ങുളം SCB	3,96,48,288	12,80,658	14,46,799
2. എലിക്കുളം SCB	41,92,140	5,52,373	6,80,215

ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന ഈ പഞ്ചായത്തിൽ രണ്ടു ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റു വരെ ലഭിക്കുന്ന കാലവർഷവും സെപ്തംബർ മുതൽ നവംബർ വരെ കിട്ടുന്ന തുലാവർഷവും. ശരാശരി കഴിഞ്ഞ വർഷം 3250 മി.മീറ്റർ മഴ ഇവിടെ ലഭിക്കുകയുണ്ടായി.

തോടുകൾ

നമ്മുടെ പഞ്ചായത്തിൽ ആകെയുള്ള തോടുകളുടെ നീളം 28 കിലോമീറ്റർ വരും. കൂടാതെ ഈ പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിരു വഴി ചെങ്ങളം മുതൽ തച്ചപ്പുഴ വരെയുള്ള മക്കനാതോടിന് 7 കീ.മി. നീളം വരും. ഈ തോടുകൾ മീനച്ചിലാറ്റിലും മണിമലയാറ്റിലും ഒഴുകിയെത്തുന്നു. 6,7 വാർഡുകളിൽകൂടി ഒഴുകുന്ന പൊന്നൊഴുകും തോട്ടിലെ വെള്ളം മാത്രമേ നെൽകൃഷിക്കുപയോഗിക്കുന്നുള്ളൂ. പൊതുവെ 7 മാസക്കാലം മാത്രമേ തോടുകളിൽ വെള്ളം ഉള്ളൂ.

കുളങ്ങൾ

പഞ്ചായത്തിൽ 6 പൊതുകുളങ്ങൾ ഉണ്ട്. കൂടാതെ സ്വകാര്യകുളങ്ങൾ അനവധിയുണ്ട്. കുളങ്ങൾ ഒന്നും യഥാവിധി സംരക്ഷിക്കപ്പെടുകയോ കാർഷികാവശ്യത്തിന് ഉപയോഗിക്കുകയോ ചെയ്യുന്നില്ല.

മണ്ണുസംരക്ഷണം

പഞ്ചായത്തിലെ ഭൂപ്രകൃതിയിൽ മണ്ണൊലിപ്പ് വളരെ രൂക്ഷമാണ്. മുൻകാലങ്ങളിൽ കർഷകർ കൃഷിയിടങ്ങളിൽ കയ്യാലകൾ നിർമ്മിച്ച് മണ്ണും ജലവും സംരക്ഷിച്ചിരുന്നു. നിർമ്മാണച്ചെലവിൽ വന്ന വർദ്ധനവും കാർഷിക വൃത്തിയോടു വന്ന വിമുഖതയും മണ്ണുസംരക്ഷണപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു.

പ്രശ്നങ്ങൾ

1. മുമ്പ് മുഖ്യകൃഷി ആയിരുന്ന തെങ്ങിനെ ബാധിച്ചിരിക്കുന്ന മാരകരോഗങ്ങൾ, നല്ലയിനം വിത്തുകളുടെ അഭാവം, കൃഷിച്ചെലവിൽ ഉണ്ടായ വർദ്ധന, ഉല്പന്നത്തിന്റെ വിലക്കുറവ് എന്നിവ തെങ്ങുകൃഷിയെ ബാധിച്ചിരിക്കുന്ന പ്രശ്നങ്ങളാണ്.
2. നല്ലയിനം വിത്തുകളുടെ ലഭ്യതക്കുറവും, കീടനാശിനികളുടേയും, രാസവളങ്ങളുടേയും ഉപയോഗത്തിലെ പരിചയക്കുറവും സ്ഥലത്തിന്റെ പരിമിതിയും പച്ചക്കറികൃഷിയെ ബാധിക്കുന്ന പ്രശ്നങ്ങളാണ്.
3. മുൻകാലങ്ങളിൽ വ്യാപകമായിരുന്ന കപ്പ കൃഷി ഇന്ന് എലികളുടെ വർദ്ധിച്ച ഉപദ്രവത്താലും സ്ഥലത്തിന്റെ അപര്യാപ്തതയാലും വർദ്ധിച്ച കൂലി ചെലവുകാരണവും ക്ഷയിച്ചു പോകാനിടയായി.
4. ഈ പഞ്ചായത്തിൽ നല്ല നിലയിൽ കൃഷി ചെയ്തിരുന്ന കുരുമുളകു ചെടികളെ ബാധിച്ചിരിക്കുന്ന ദ്രുതവാട്ടം ഈ കൃഷിയുടെ നാശത്തിനു കാരണമായി.
5. നമ്മുടെ മണ്ണിനും ഭൂപ്രകൃതിക്കും പറ്റിയ കൃഷികളായ കൊക്കോ, ജാതി, ഗ്രാമ്പൂ, കറുവാ, കച്ചോലം, ഇഞ്ചി, മഞ്ഞൾ, കവുങ്ങ്, വാഴ തുടങ്ങിയ വിളകളെ ബാധിച്ചിരിക്കുന്ന രോഗങ്ങളും അപ്രതീക്ഷിതമായ വരൾച്ചയും കൂലിച്ചെലവിലുണ്ടായ വർദ്ധനവും ജലസേചനത്തിനുള്ള സൗകര്യക്കുറവും ഉല്പന്നത്തിന്റെ വിലതകർച്ചയും ഈ മേഖലയിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളാണ്.
6. നെൽകൃഷി രണ്ടാം വിളയുടെ സമയത്ത് വെള്ളം വറ്റുന്നത് കൃഷിയെ ദോഷകരമായി ബാധിക്കുന്നു. കൂടാതെ പൊന്നൊഴുകും തോട്ടിലെ ജലം കൃഷിക്ക് ഉപയുക്തമാകുന്ന രീതിയിൽ സ്ഥിരമായ സംവിധാനം ഇല്ല.
7. പഞ്ചായത്തിലെ ചെരിവു പ്രദേശങ്ങളിൽ മണ്ണൊലിപ്പു തടയുന്നതിനും ജലം സംരക്ഷിക്കുന്നതിനും പദ്ധതികൾ ഇല്ലാത്തത് എല്ലാ കൃഷിയേയും ബാധിക്കുന്ന പൊതുവായ പ്രശ്നമാണ്.
8. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ നടത്തേണ്ട വളപ്രയോഗം അശാസ്ത്രീയമായിട്ടാണ് നടത്തുന്നത്. ജൈവവളങ്ങളുടെ വിലവർദ്ധനവും അവ ഉപയോഗിക്കുന്നതിലെ താൽപ്പര്യക്കുറവും കൃഷികളുടെ ഉല്പാ

ദനക്ഷമത കുറയാൻ കാരണമാണ്. രാസ വളങ്ങളുടേയും കൃഷി ഉപകരണങ്ങളുടേയും വില വർദ്ധനവ് കൃഷിയെ ദോഷകരമായി ബാധിക്കുന്നുണ്ട്.

9. 9-ാം വാർഡിൽ മാനോലി ഭാഗത്തെ പാടത്തിന് വരമ്പുകൾ കെട്ടാത്തത് അവിടുത്തെ കൃഷിയെ ബാധിക്കുന്ന പ്രശ്നമാണ്.

10. ഉൽപ്പാദന ചെലവിൽ വന്ന വർദ്ധനവ്, കർഷക തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ട്, ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത്, കാലവർഷ - തുലാവർഷ വ്യതിയാനങ്ങൾ തുടങ്ങിയവയും ഈ രംഗത്തെ പ്രശനങ്ങൾ ആണ്. എല്ലാത്തരം കൃഷിയിനങ്ങളുടെയും വികസനത്തിനാവശ്യമായ നേഴ്സറികളും ഫാമുകളും ഈ പഞ്ചായലില്ല.

11. സർവ്വോപരി പഞ്ചായത്തിലെ കൃഷിഭവന്റെ പ്രവർത്തനവും പോരായ്മയായി നിലനിൽക്കുന്നു. ചില വാർഡുകളിലെ ചുരുക്കം പ്രദേശങ്ങളിൽ ഒഴികെ പഞ്ചായത്തിന്റെ ഭൂരിഭാഗത്തും കൃഷിഭവന്റെ പ്രവർത്തനം എത്തുന്നില്ല. കൃഷി വകുപ്പിന്റെയും കാർഷിക സർവ്വകലാശാലയുടെയും ഗവേഷണഫലങ്ങൾ കൃഷിക്കാരിൽ എത്താതിരിക്കുക, സങ്കരയിനം വിത്തുകൾ ലഭിക്കാതെ വരിക, വിദഗ്ദ്ധ ഉപദേശങ്ങൾ ലഭിക്കായ്ക, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളെപ്പറ്റിയുള്ള അജ്ഞത തുടങ്ങിയവയെല്ലാം പലപ്പോഴും പുരോഗതിക്കു തടസ്സമായി നിൽക്കുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ സാമ്പിളുകൾ എടുത്തു പരിശോധനകൾ നടത്തി ആവശ്യമായ വളപ്രയോഗത്തെപ്പറ്റി കർഷകർക്ക് ധാരണ നൽകാൻ സ്ഥിരമായ സംവിധാനം വേണം.

2. പച്ചക്കറി ഉല്പാദനം :- ഗുണമേന്മയുള്ള വിത്തുകൾ ശേഖരിച്ച് ജൈവവളങ്ങൾക്ക് മുൻതൂക്കം നല്കി സഹകരണാടിസ്ഥാനത്തിലും വ്യക്തികൾക്കും പച്ചക്കറികൃഷി വാർഡുകളിൽ വ്യാപിപ്പിക്കുവാൻ കഴിയുന്നതാണ്. ഇന്ന് അനുഭവപ്പെടുന്ന പച്ചക്കറിയുടെ കടുത്തവില നേരിടാൻ കർഷകർക്ക് സൗജന്യമായി വിത്തുകളും വളങ്ങളും കീടനാസിനികളും സ്ഥലവിസ്തൃതി കണക്കാക്കി സബ്സീഡികളും അനുവദിക്കണം.

3. തെങ്ങുകൃഷിയെ ദോഷകരമായി ബാധിച്ചിരിക്കുന്ന മാരകരോഗങ്ങൾ കണ്ടുപിടിക്കുകയും അവയ്ക്ക് ആവശ്യമായ കീടനാസിനികൾ ലഭ്യമാക്കുകയും വേണം. അത്യുൽപ്പാദന ശേഷിയുള്ള ചന്ദ്രകല്പ തുടങ്ങിയ തെങ്ങിൻ തൈകൾ കൃഷിക്കാർക്ക് നല്കണം. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുകയും പുതിയ തൈകൾ കേരവികസനസമിതി വഴി വിതരണം ചെയ്യുകയും വേണം.

4. ജാതി, ഗ്രാമ്പൂ, കറുവ, ഇഞ്ചി, മഞ്ഞൾ, കച്ചോലം തുടങ്ങിയ സുഗന്ധ വിളകൾക്ക് ന്യായമായ വില ലഭിക്കുവാൻ സംവിധാനമുണ്ടാവണം. കൂടാതെ വരൾച്ചയെ നേരിടുന്നതിനു കിണറുകൾ കുളങ്ങൾ എന്നിവ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്പ്രയറുകൾ എന്നിവ വാങ്ങുന്നതിനും ധനസഹായങ്ങളും മറ്റ് ആനുകൂല്യങ്ങളും നൽകണം.

5. മുമ്പു വ്യാപകമായിരുന്ന കപ്പകൃഷിക്ക് ഭീഷണിയായ എലികളെ നശിപ്പിക്കുന്നതിനും മാർഗ്ഗം കണ്ടുപിടിക്കണം. ഈ കൃഷിയുടെ വ്യാപനത്തിനാവശ്യമായ ധനസഹായം നൽകണം. കപ്പകൃഷിക്ക് ചുറ്റുമതിൽ കെട്ടുന്നതിന് ധനസഹായം നല്കണം.

6. കുരുമുളക് ചെടിക്കുണ്ടായ ദ്രുതവാട്ടം എന്ന രോഗത്തിന് പ്രതിവിധി കണ്ടെത്തുകയും അവ കൃഷിക്കാരിൽ പ്രചരിപ്പിക്കുകയും ചെയ്യുക.

7. കാർഷിക ഉപകരണങ്ങൾ, വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയവ നിയന്ത്രിത വിലയ്ക്ക് ലഭിക്കുന്നതിന് ഉല്പന്നങ്ങൾ ന്യായ വിലയ്ക്ക് വിറ്റഴിക്കുന്നതിനും വിപണന സഹകരണ സംഘം രൂപീകരിക്കണം.

8. **വിത്തിനങ്ങൾ**:- ഉല്പാദനശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം. പ്രാദേശികമായി വിത്ത് സംഭരിക്കുന്നതിന് നടപടി ഉണ്ടാകണം. എല്ലാത്തരം കൃഷിയിനങ്ങളുടേയും വികസനത്തിനും നേഴ്സറികളുടെ അഭാവം പരിഹരിക്കണം.

9. കീടനാശിനിയുടെ വിതരണവും ഉപയോഗവും ശാസ്ത്രീയമായ സംവിധാനത്തിലാകണം. ജൈവകീട നിയന്ത്രണം ലക്ഷ്യമാക്കി ബോധവൽക്കരണം വേണം.

10. **വളങ്ങൾ**: രാസവളവിതരണ കേന്ദ്രങ്ങൾ ആവശ്യത്തിനു പഞ്ചായത്തിൽ ഇപ്പോൾ ഉണ്ടെങ്കിലും ചെറുകിട നാമമാത്ര കർഷകർക്ക് ആവശ്യമായ അഞ്ച് കിലോ, പത്തു കിലോ, ഇരുപതു കിലോ എന്നീ തൂക്കങ്ങളിൽ ഉള്ള രാസവളപായ്ക്കറ്റുകൾ ലഭ്യമാക്കണം. പച്ചില വളത്തിന്റെ കുറവു നികത്തുന്നതിനു ശീമക്കൊന്ന വളർത്താ

വുന്നതാണ്. ജൈവവളപ്രയോഗം പ്രോത്സാഹിപ്പിക്കുകയും അതിനുവേണ്ട സഹായങ്ങൾ നൽകുകയും വേണം. ഔഷധ വൃക്ഷങ്ങളുടെയും ഔഷധച്ചെടികളുടെയും കൃഷി വ്യാപകമായ തോതിൽ നടപ്പാക്കുക.

11. **ജലസേചനം**:- നെൽകൃഷി രണ്ടാം വിളയുടെ സമയത്ത് വെള്ളം വറ്റുന്നതിനു പരിഹാരമായി 15x5 അടി വിസ്താരത്തിൽ കുളം കുഴിച്ച് വെള്ളം പമ്പുചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാകണം. കാപ്പുകയം പാടത്തിന്റെ ചെർക്കോലി ഭാഗത്ത് കുളം നിർമ്മിച്ച് കോൺക്രീറ്റ് കനാൽ തീർത്താൽ 10 ഹെക്ടർ പാടത്ത് രണ്ടാം കൃഷി ലാഭകരമായി ചെയ്യാൻ സാധിക്കും. പൊന്നൊഴുകും തോടിന്റെ പുറം ബണ്ട് കെട്ടണം. പാമ്പോലി പാടത്തിന്റെ തോട്ടിലെ പുറം ബണ്ട് കെട്ടണം. പുളിക്കച്ചിറ ക്രോസ് ബാറിൽ ആരംഭിക്കുന്ന കനാലുകൾ തുല്യ ഉയരത്തിലാക്കുകയും ക്രോസ് ബാറിന്റെ മെയിന്റനൻസ് നടത്തി പുതിയ പലകകൾ ഉണ്ടാക്കുകയും വേണം. മല്ലികശ്ശേരി ഭാഗത്ത് പാടശേഖരസമിതിയുണ്ടാക്കി കൃഷി അഭിവൃത്തിപ്പെടുത്തണം. തരിശ് ഇടുന്നത് ഒഴിവാക്കുവാൻ നടപടികൾ ഉണ്ടാകണം. പാടങ്ങളിലേക്ക് കരയിൽനിന്നും മരങ്ങളാൽ ഉണ്ടാകുന്ന ശല്യം ഒഴിവാക്കുവാൻ നടപടിയുണ്ടാകണം. പൊന്നൊഴുകുതോട്ടിൽ പുളിക്കൽച്ചിറ ഭാഗത്ത് സ്ഥിരമായ ബണ്ട് കെട്ടണം. കോക്കാട്ടു ഭാഗത്ത് കണ്ടത്തിന്റെ പുറം ഭിത്തി കെട്ടണം. 9-ാം വാർഡിൽ മാനോലി കണ്ടത്തിനു ആവശ്യമായ വരമ്പുകൾ കെട്ടാൻ സഹായം ചെയ്യണം. തരിശു നിലങ്ങളായി കിടക്കുന്ന പാടങ്ങളിൽ കൃഷി ചെയ്യാൻ കർഷകർക്ക് ആവശ്യമായ പ്രോത്സാഹനങ്ങളും സഹായങ്ങളും ചെയ്യണം. പൊന്നൊഴുകും ഭാഗത്ത് 10 ഹെക്ടർ, 3-ാം വാർഡിൽ വയലുങ്കൽ നിലം 5 ഹെക്ടർ, 10-ാം വാർഡിൽ 1-ാം മൈൽ ഭാഗത്ത് മഞ്ഞപ്പള്ളി നിലം ഒരു ഹെക്ടർ ഇവയാണ് തരിശിട്ടിരിക്കുന്ന നിലങ്ങൾ. ഇപ്പോൾ ഉള്ള റബ്ബർ റീപ്ലാന്റ് ചെയ്യുമ്പോൾ പാടത്തിനു ദോഷം വരാതെ കൃഷി ചെയ്യുവാൻ ശ്രദ്ധിക്കണം.

12. **മണ്ണുസംരക്ഷണം**. മടുക്കക്കുന്ന് തോട്, കാരടി തോട് തോക്കനാട്ട് തോട് എന്നിവയിൽ ചെക്ക്ഡാമുകൾ നിർമ്മിക്കണം. മണ്ണൊലിപ്പ് തടയുന്നതിനാവശ്യമായ കയ്യാലകൾ നിർമ്മിക്കുന്നതിനും ജലസംരക്ഷണത്തിന് കുഴികൾ എടുക്കുന്നതിനും ധനസഹായവും പ്രോത്സാഹനവും നൽകണം പനമറ്റം മാന്തറ തോട് എന്നീ തോടുകളിൽ ആവശ്യമായ ചെക്കുഡാമുകൾ നിർമ്മിച്ചാൽ കൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ സാധിക്കും. പഞ്ചായത്തിലെ കുളങ്ങൾ ആഴം വർദ്ധിപ്പിച്ച് ജലസേചനത്തിന് ഉപയുക്തമാക്കണം.

13. **ഇൻഷ്വറൻസ്**:- കൃഷി സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനും വിള ഇൻഷ്വറൻസ് സമ്പ്രദായം നടപ്പിലാക്കണം. കഴിഞ്ഞവർഷം ആരംഭിച്ച വിള ഇൻഷ്വറൻസ് പദ്ധതിയിലെ അപാകതകൾ പരിശോധിക്കുകയും പരിഹരിക്കുകയും വേണം. പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കത്തക്ക വിധത്തിൽ പദ്ധതി ആസൂത്രണം ചെയ്യണം.

14. **നബാർഡ്**:- ഇന്നു കാർഷികമേഖലയിൽ കുറഞ്ഞ പലിശക്ക് ഹ്രസ്വകാല, ദീർഘകാല വായ്പകൾ സഹകരണ ബാങ്കുകളിൽകൂടി വിതരണം നടത്തിക്കൊണ്ടിരിക്കുന്ന നബാർഡിന്റെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തണം.

15. **നേഴ്സറികൾ**:- ധാരാളം വിപണന സാധ്യതകൾ ഉള്ള ഫ്ലോറി കൾച്ചർ, ഓർക്കിഡ്, ആന്തൂരിയം ഇവ നേഴ്സറികളുടെ സഹായത്തോടെ കൂടുതൽ പ്രദേശങ്ങളിൽ എത്തിക്കണം. കുറ്റിമുല്ല കൃഷിക്ക് സാധ്യതകൾ ഉണ്ട്. വളരെ ചെലവു കുറഞ്ഞതും ലാഭകരവുമായി കുറഞ്ഞസമയപരിധിക്കുള്ളിൽ വിളവെടുക്കുന്നതുമായ കൂൺകൃഷി നടപ്പിലാക്കുന്നതിന് അടിന്തിരശ്രദ്ധ പതിപ്പിക്കണം. തരിശുഭൂമിയിൽ യോജിച്ച് കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകണം. തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കണം.

16. **മത്സരങ്ങളും അവാർഡുകളും**:- എല്ലാ വിളകൾക്കും പഞ്ചായത്തുതലത്തിൽ മത്സരങ്ങളും പ്രദർശനങ്ങളും സംഘടിപ്പിച്ച് കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ ഏർപ്പെടുത്തണം. ഏകീകൃത കൂലി സമ്പ്രദായം കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടവയ്ക്ക് അത്യാവശ്യമാണ്. ഇതു ഫലപ്രദമായി നടപ്പിലാക്കുന്നതിനും ഒരു മോണിറ്ററിംഗ് സമിതി ഉണ്ടാകുന്നത് നല്ലതാണ്.

II മൃഗസംരക്ഷണവും മത്സ്യബന്ധനവും

പുത്തൻ ഉരുവും പുതിയൊരു വിളയും

വളർത്തുമൃഗങ്ങളുടെ പരിപാലനം മനുഷ്യന്റെ സാമൂഹ്യജീവിതവുമായി പണ്ടുമുതലേ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കാലാകാലങ്ങളായി ജീവിതരീതിയുലുണ്ടായ മാറ്റങ്ങൾ മറ്റുരംഗങ്ങളിലെന്നതുപോലെ മൃഗപരിപാലനരീതികളിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പിന്നിട്ട മൂന്ന് നാല് ദശാബ്ദങ്ങളിൽ മൃഗപരിപാലന രംഗത്ത് സമൂലപരിവർത്തനമുണ്ടായിട്ടുള്ളതായി കാണാൻ കഴിയും. പരമ്പരാഗത മൃഗപരിപാലന രീതികൾ അപ്രത്യക്ഷമാവുകയും നാടൻ ഇനത്തിൽ പെട്ട വളർത്തു മൃഗങ്ങൾ നാമാവശേഷമാകുകയും ചെയ്ത ഒരു കാലഘട്ടമാണിത്. അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനങ്ങളുടെ വ്യാപനം ഈ രംഗത്ത് ഒട്ടേറെ സാദ്ധ്യതകളും അതുപോലെ തന്നെ പ്രശ്നങ്ങളും ഉണ്ടാക്കിയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശു, ആട്, പന്നി, കോഴി എന്നിവയാണ്. എണ്ണത്തിൽ അധികമില്ലെങ്കിലും എരുമകളും സംരക്ഷിക്കപ്പെടുന്നുണ്ട്. മുയൽ, ഗിനിപന്നി തുടങ്ങിയെങ്കിലും നാമാത്രമായി വളർത്തുന്ന ഇനങ്ങളാണ്. നിലം ഉഴുന്നതിനും ഭാരവണ്ടികൾ വലിക്കുന്നതിനുമായ കാളകളെ സംരക്ഷിച്ചിരുന്നു. എന്നാൽ ഇന്ന് ഈ ആവശ്യങ്ങൾക്ക് മറ്റുപാധികൾ ലഭ്യമായതോടെ കാളകളും വളർത്തുമൃഗപട്ടികയിൽ ഇല്ലാതെയായി.

കന്നുകാലി വളർത്തൽ

വീടുകളുടെയും ജനസംഖ്യയുടെയും വർദ്ധനയ്ക്ക് അനുപാതികമായി കന്നുകാലികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടില്ലെങ്കിലും പശുവളർത്തൽ ഇന്നും പഞ്ചായത്തിൽ വ്യാപകമായിട്ടുണ്ട്. കാർഷികവിളകളുടെ കൃഷി കുറയുകയും റബ്ബർകൃഷി വ്യാപകമാവുകയും ചെയ്തതോടെ കന്നുകാലി സംരക്ഷണം സാധാരണകുടുംബങ്ങൾക്ക് ബുദ്ധിമുട്ടായിത്തീർന്നു. തീറ്റപ്പുലിന്റെറയും വൈയൊക്കോലിന്റെറയും ലഭ്യതക്കുറവ്, കാലിത്തീറ്റകളുടെ നിരന്തരമായ വിലക്കയറ്റം, സങ്കരജാതി പശുക്കൾക്ക് വേണ്ട തീറ്റയുടെ അളവു കൂടുതൽ തുടങ്ങിയ പ്രശ്നങ്ങളും കാലിവളർത്തൽ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. അതോടൊപ്പം മെച്ചപ്പെട്ട ഇനം പശുക്കളെ വാങ്ങുവാൻ വേണ്ടി വരുന്ന വലിയ മൂലധന നിക്ഷേപവും സാധാരണക്കാർക്ക് താങ്ങാവുന്നതല്ല. പാരമ്പര്യ കന്നുകാലിവളർത്തുരീതിയിൽ പശുക്കുട്ടികളെ കൈമാറ്റരീതിയിൽ വളർത്തുവാൻ ലഭ്യമായിരുന്നു. എന്നാൽ ഇന്ന് ഈ രീതി നിലവിലില്ല. ധനകാര്യസ്ഥാപനങ്ങളിൽ മൂലധനനിക്ഷേപം കടമായി ലഭിച്ചാൽ പോലും നിലവിലുള്ള സാഹചര്യങ്ങളിൽ കാലിവളർത്തലിലെ ആദായം കൊണ്ട് ബാദ്ധ്യത തിരിച്ചടയ്ക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

പാൽ ഉല്പാദനം കൂടുതലുള്ള സമയത്ത് പാൽ വിറ്റഴിക്കുവാനുള്ള ബുദ്ധിമുട്ട് നിലവിലുണ്ട്. അതുപോലെതന്നെ ചില സമയങ്ങളിൽ പാലിന്റെറ ലഭ്യതക്കുറവും പ്രശ്നമാവുന്നു. പാൽ വിതരണ സംരംഭങ്ങൾക്ക് കേന്ദ്രീകൃത സംവിധാനമില്ലാത്തത്കൊണ്ട് കൂടുതൽ പാലും പാലുല്പന്നങ്ങളും ആവശ്യമുള്ള ഉപഭോക്താക്കൾ സമീപന നഗരങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയും നിലവിലുണ്ട്. നമ്മുടെ പഞ്ചായത്തിന്റെറ തെക്കൻ മേഖലയിലെ 3 വാർഡുകൾ പ്രവർത്തനപരിധിയിപ്പെടുന്ന പൊൻകുന്നം മിൽക്ക് സൊസൈറ്റി മാത്രമാണ് ഈ രംഗത്ത് നമ്മുടെ പഞ്ചായത്തിലുള്ള ഏക സഹകരണ സംരംഭം. ഇതിന്റെറ പ്രവർത്തനം ഒട്ടും തന്നെ കാര്യക്ഷമവുമല്ല. ചില സ്വകാര്യ സംരംഭകരുടെ സംഭരണ കേന്ദ്രങ്ങലാണ് ഇന്ന് കർഷകർക്ക് ആശ്രയം.

രോഗങ്ങളാണ് കന്നു കാലി വളർത്തലിനെ നിരുത്സാഹപ്പെടുത്തുന്ന മറ്റൊരു ഘടകം. കുളമ്പുരോഗം, അകിടുവീക്കം, ദഹനക്കുറവ്, കാത്സ്യത്തിന്റെറ കുറവുമൂലമുള്ള തളർച്ച, ഗർഭകാല രോഗങ്ങൾ തുടങ്ങിയവയാണ് സങ്കരയിനം പശുക്കളിൽ സാധാരണയായി കണ്ടുവരുന്നത്. രോഗം സംബന്ധിച്ച അറിവില്ലായ്മ കാലികൂടുകകളുടെ ശുചിത്വക്കുറവ് തുടങ്ങിയവ രോഗ വ്യാപനത്തിന് കാരണമാകുന്നു. രോഗചികിത്സയ്ക്കാവശ്യമായി വരുന്ന ചെലവുകളും ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും രണ്ട് ICDP സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. എങ്കിലും എല്ലാ മേഖലകളിലും ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ല.

ആട്

മുൻകാലങ്ങളിൽ ആടു വളർത്തൽ വ്യാപകമായിരുന്നെങ്കിലും ഇന്ന് പരിമിതമായ തോതിലേ ആടുകളെ സംരക്ഷിച്ചു വരുന്നുള്ളു. പശുവിനേ അപേക്ഷിച്ച് സംരക്ഷണം എളുപ്പമാണെന്നത് ആടു വളർത്തൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും മെച്ചപ്പെട്ട ഇനം ആടുകളുടെ ലഭ്യ

തക്കുറവ് ഈ മേഖലയിൽ അനുഭവപ്പെടുന്നുണ്ട്. വിപണന സാദ്ധ്യതകൾ കുറവാണെങ്കിലും ചെറിയ കുടുംബങ്ങളുടെ തനതാവശ്യങ്ങൾക്കുള്ള പാൽ ലഭിക്കുന്നു എന്നത്കൊണ്ട് പ്രോത്സാഹിക്കപ്പെടേണ്ട ഒന്നാണ് ആടുവളർത്തൽ.

കോഴി

പഞ്ചായത്തിൽ വ്യാപകമായി ഉള്ള ഒന്നാണ് കോഴി വളർത്തൽ. 75% വീടുകളിലും ചെയിതോതിലെങ്കിലും കോഴികളെ വളർത്തുന്നുണ്ട്. എന്നാൽ ഇത് ആദായകരമായ ഒരു തൊഴിലോ ഉപതൊഴിലോ ആയി വളർന്നിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് ആവശ്യമായ മുട്ടയുടെ സിംഹഭാഗവും ഇന്ന് പുറത്തുനിന്ന് കൊണ്ടുവരികയാണ്. ഇറച്ചികോഴിവളർത്തൽ ആദായകരമായി നടത്തുന്ന ചുരുക്കം ചില സംരംഭങ്ങൾ ഉണ്ടെങ്കിലും വേണ്ടത്ര പ്രചരണം ഈ രംഗത്ത് ഉണ്ടായിട്ടില്ല. ആദായകരമായ തൊഴിലായി ഇത് മാറ്റുവാൻ കഴിയും. നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ് ഒരു പ്രധാന പ്രശ്നമാണ്. കോഴിത്തീറ്റകളുടെ വിലവർദ്ധനവ് കർഷകരെ അലട്ടുന്ന മറ്റൊരു പ്രസ്നമാണ്. കോഴി വസന്തമൂലം കോഴികൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നതും സാധാരണമാണ്. രോഗപ്രതിരോധ നടപടികളെപ്പറ്റിയുള്ള അറിവുകേടും പ്രതിരോധ ചികിത്സാ സൗകര്യങ്ങളുടെ കുറവും രോഗവർദ്ധനവലും ത്വരിതപ്പെടുത്തുന്നു. കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത, കോഴിത്തീറ്റകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കൽ, മുട്ട, ഇറച്ചി വിപണന സാദ്ധ്യതകൾ, രോഗപ്രതിരോധ നടപടികൾ തുടങ്ങിയവ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങളാണ്.

പന്നി

പന്നി വളർത്തൽ ആദായകരമായ ഒരു ഉപ തൊഴിലായി മുൻകാലങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്നെങ്കിലും ഇന്ന് ചുരുക്കം ചില കർഷകരെ ഈ രംഗത്ത് പ്രവർത്തിക്കുന്നുള്ളു. കാർഷികവിളകളുടെ കൃഷിയിലുണ്ടായ കുറവ് മൂലം തീറ്റയുടെ ലഭ്യത കുറയുകയും കൃഷിടങ്ങൾ റബ്ബർ തോട്ടങ്ങലായി മാറുകയും ചെയ്തതുമൂലം പരമ്പരാഗത പന്നിവളർത്തൽ രീതി അസാദ്ധ്യമായതാണ് ഇതിന് പ്രധാന കാരണം. പന്നിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്, ലഭ്യമായവയുടെ തന്നെ അമിത വില വർദ്ധന, മെച്ചപ്പെട്ട ഇനങ്ങൾ നാട്ടിൽ പ്രചാരത്തിലില്ലായ്മ, വിപണനരംഗത്തെ ബുദ്ധിമുട്ടുകൾ ഇവയും കർഷകരെ ബുധിമുട്ടിയ്ക്കുന്നു. പുതിയ ഇനങ്ങളുടെ ലഭ്യതയും പരിപാലനവും, വിപണനവും, സാദ്ധ്യമാക്കിയാൽ ഏറെ സാദ്ധ്യതകളുള്ള മേഖലയാണ് പന്നിവളർത്തൽ.

മുയൽ ഗിനിപന്നി

ഇവയെ വ്യവസായികമായി വളർത്തുന്ന ഒരു സംരംഭവും നാട്ടിലില്ല. എന്നാൽ ചെറിയ തോതിൽ ഈ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർ ചുരുക്കമായുണ്ട്. ഇറച്ചി ആവശ്യത്തിന് മാത്രമായി വളർത്തുന്ന ഇവയുടെ വിപണന സാദ്ധ്യതകൾ വളരെ പരിമിതമായതകൊണ്ട് ഈ കൃഷി കൂടുതൽ ആകർഷകമായിട്ടില്ല.

കാർഷിക വിഭവങ്ങളുടെ കുറവ് വളർത്തുമൃഗങ്ങളുടെ സംരക്ഷണത്തെ വളരെ സ്വാധീനിച്ചിട്ടുണ്ട്. ജൈവവളങ്ങളുടെ ഉപയോഗത്തിൽ വന്ന കുറവും കാലിവളർത്തലിനെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റുകളുടെ പ്രചാരണവും നമ്മുടെ പഞ്ചായത്തിൽ നാമാത്രമാണ്. വിവിധ പ്രയോജനങ്ങൾ കൂട്ടിഇണക്കിയെങ്കിൽ മാത്രമേ ആദായകരമായി മൃഗസംരക്ഷണ പ്രവർത്തനം കൊണ്ടുപോകുവാൻ കഴിയൂ.

മൃഗസംരക്ഷണരംഗത്തെ പ്രശ്നങ്ങൾ

1. തീറ്റപ്പുലിന്റെ കുറവ്
2. കാലിത്തീറ്റയുടെ വിലവർദ്ധനവ്
3. രോഗപ്രതിരോധ, ചികിത്സാസൗകര്യങ്ങളുടെ കുറവ്
4. ഉല്പനങ്ങളുടെ സംഭരണ സംസ്ക്കരണ വിപണന സൗകര്യങ്ങളുടെ കുറവ്.
5. മെച്ചപ്പെട്ട ഇനങ്ങളുടെ ലഭ്യത കുറവ്
6. കന്നുകാലികളുടെ വർദ്ധിച്ച വിലമൂലം വാങ്ങുവാനുള്ള ബുദ്ധിമുട്ട്.
7. അലഞ്ഞുതിരിയുന്ന വളർത്തു നായ്ക്കൾ മൂലമുള്ള പേപ്പട്ടിശല്യം.

പ്രതിവിധികൾ

1. എലിക്കുളം ഗ്രാമ പഞ്ചായത്ത്പ്രദേശം മുഴുവൻ പ്രവർത്തന പരിധിയുള്ള ഒരു ക്ഷീര വ്യവസായ സഹകരണ സംഘം രൂപീകരിക്കുക. വർദ്ധുതോറും സംഭരണ വിപണന കേന്ദ്രങ്ങൾ തുറക്കുക.
2. മിച്ചം വരുന്ന പാൽ, തൈര്, മോര്, നെയ്യ് എന്നിവയുമായി മാറ്റുന്നതിനും തൈരുപയോഗിച്ച് ശീതളപാനീയം നിർമ്മിക്കുന്നതിനുള്ള സംവിധാനം മേൽ സൊസൈറ്റിയുടെ കീഴിൽ ഉണ്ടാക്കുക.
3. പ്രാദേശിക അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കാലിത്തീറ്റയുടെ നിർമ്മാണം സാദ്ധ്യമാക്കുക. കുറഞ്ഞ വിലയ്ക്ക് സൊസൈറ്റി വഴി കാലിത്തീറ്റ ലഭ്യമാക്കുക.

4. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സൗജന്യനിരക്കിൽ വിത്തും വളവും ലഭ്യമാക്കുക. തീറ്റപ്പുൽകൃഷിക്ക് കുറഞ്ഞ സ്ഥലവിസ്തൃതി നിർബന്ധമാക്കാതിരിക്കുക.

5. ചികിത്സാ സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിനായി ഇപ്പോൾ ഉള്ള മൃഗാശുപത്രി മുഴുവൻ സമയ പ്രവർത്തനമുള്ള ആശുപത്രിയായി ഉയർത്തുക.

   നിലവിലുള്ള രണ്ട് ICDP സെന്ററുകൾ കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിയിൽ മാറ്റിസ്ഥാപിക്കുകയും നിശ്ചിത ദിവസങ്ങളിൽ ഡോക്ടറുടെ സേവനം സെന്ററുകളിൽ ലഭ്യമാക്കുകയും ചെയ്യുക. ഈ നടപടികൾ മൂലം വേണ്ടത്ര വൈദ്യസേവനം ലഭിക്കാത്ത ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ഉപകേന്ദ്രങ്ങൾ തുറന്ന് സൗകര്യം ഉണ്ടാക്കുക.

6. കന്നുകാലി കൃഷി ആദായകരമാകുവാൻ ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണത്തിന് പ്രചരണം നല്കുക.

7. മുട്ടക്കോഴി, ഇറച്ചിക്കോഴി വളർത്തലിൽ കർഷകർക്ക് ശാസ്ത്രീയമായ രീതിയിൽ പരിശീലനം നൽകുക. മെച്ചപ്പെട്ട ഇനം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പാക്കുക. ആവശ്യമെങ്കിൽ ഒരു ഹാച്ചറിയൂണിറ്റിനെപ്പറ്റിയും ആലോചിക്കാം.

കോഴിവസന്തയ്ക്കെതിരേയുള്ള പ്രതിരോധ പ്രവർത്തനം ജനപങ്കാളിത്തത്തോടെ വാർഡുകൾ കേന്ദ്രീകരിച്ച് നടത്തുക.

8. കോഴി, മുട്ട തുടങ്ങിയവയുടെ വിപണനം സഹകരണസംഘം വഴി സാദ്ധ്യമാക്കുക. കോഴിത്തീറ്റ സംഘം വഴി കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക.

9. ആടുവളർത്തൽ പരിപോഷിപ്പിക്കുന്നതിന് മെച്ചപ്പെട്ട ഇനം ആടുകളെ ലഭ്യമാക്കുക. കുറഞ്ഞ വരുമാനമളള്ള കുടുംബങ്ങൾക്ക് ആട്ടിൻ കുട്ടികളെ സൗജന്യമായി നല്കുക. അവയുടെ കുട്ടികളെ കൈമാറ്റം വഴിയും കൂടുതൽ പേർക്ക് ദീർഘകാലാടിസ്ഥാനത്തിൽ സഹായം ലഭ്യമാക്കുവാൻ കഴിയും. ഇറച്ചി ആടുകളെ വളർത്തുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തൊഴിൽ രഹിതരുടെ കൂട്ടുസംരംഭങ്ങൾ ഉണ്ടാക്കുകയും ആവശ്യമായ പരിശീലനവും സഹായവും നൽകുകയും ചെയ്യുക.

10. പാലുല്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന വനിതായൂണിറ്റുകൾ സ്ഥാപിക്കുവാൻ സഹായവും പരിശീലനവും നല്കുക.

11. കർഷകർക്ക് തങ്ങളുടെ വളർത്തുമൃഗങ്ങളെ വില്ക്കുന്നതിനും വാങ്ങുന്നതിനും ഇടനിലക്കാരുടെ സഹായം ആവശ്യമില്ലാത്തവിധം മാസത്തിൽ ഒന്നോ രണ്ടോ ദിവസം മുൻ നിശ്ചയമനുസരിച്ച് ചേരുന്ന ഗ്രാമചന്ത പഞ്ചായത്തിൽ പൊതുസ്ഥലത്ത് സംഘടിപ്പികകുക. ഈ ചന്തയോടുകൂടി കാർഷിക ഉല്പന്നങ്ങളുടെ വിപണനവും സാധ്യമാക്കാവുന്നതാണ്.

12. സംരക്ഷണ ചെലവ് താരതമ്യേന കുറഞ്ഞ സങ്കരയിനം പശുക്കളെ കർഷകർക്ക് ലഭ്യമാക്കുകയും വാങ്ങുവാൻ സാമ്പത്തിക സഹായം നൽകുകയും ചെയ്യുക. വൃത്തിയുള്ള തൊഴുത്തുകൾ നിർമ്മിക്കുവാൻ കർഷകർക്ക് പ്രേരണയും സഹായവും നൽകുക.

13. പേവിഷ ബാധ തടയുവാൻ അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുക. വളർത്തു നായ്ക്കൾക്ക് പേയ്ബാധയ്ക്കെതിരേയുള്ള കുത്തിവെപ്പ് നിർബന്ധമാക്കുകയും ലൈസൻസിംഗ് ഏർപ്പെടുത്തുകയും ചെയ്യുക.

14. പന്നി വളർത്തലിൽ ശാസ്ത്രീയ പരിശീലനം നൽകുക. മെച്ചമായ ഇനം കുഞ്ഞുങ്ങളെ എത്തിച്ചുകൊടുക്കുക. വളർച്ചയെത്തിയവയുടെ വിപണനം എളുപ്പമാക്കുക.

15. മുയൽ, ഗിനിപന്നി തുടങ്ങിയവയെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുവാൻ താല്പര്യമുള്ളവർക്കും, കൗതുക വളർത്തുപക്ഷിവളർത്തിലിൽ ഏർപ്പെടുന്നവർക്കും സഹായം നൽകുക.

16. വിവിധ വകുപ്പുകളിൽ നിന്ന് കർഷകർക്കു ലഭിക്കുന്ന സേവനങ്ങളും സഹായങ്ങളും യഥാകാലം കർഷകരിൽ എത്തിയ്ക്കുവാൻ വാർഡുതലത്തിൽ ഗ്രാമച്ചുവരുണ്ടാക്കുക. റേഷൻ കടകൾ, ഗ്രന്ഥശാലകൾ തുടങ്ങിയവ വഴി യഥാക്കാലം പരസ്യപ്പെടുത്തുക.

17. കുറഞ്ഞ പലിശനിരക്കിൽ മൃഗസംരക്ഷണത്തിന് വായ്പകൾ എളുപ്പമായി ലഭിക്കണം.

വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്ന പഞ്ചായത്തുതല കാർഷികമേളയും വേണം.

ക്ഷീരവികസനം

ഇൻഡ്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ്. സഹകരണ പ്രസ്ഥാനത്തിന്റെ തലോടലോടെ ഗ്രാമീണ വികസനത്തിന് ക്ഷീരവികസനവകുപ്പ് ഈടും പാവും നൽകുന്നു. വികേന്ദ്രീകരണ ആസൂത്രണത്തിനും പദ്ധതി നടത്തിപ്പിനുമായി ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്ന സാഹചര്യത്തിൽ ക്ഷീരവികസന പദ്ധതികൾക്ക് വളരെയധികം പ്രാധാന്യമാണുള്ളത്.

കഴിഞ്ഞ കുറെ വർഷങ്ങളായി ക്ഷീരോത്പാദന രംഗത്ത് പ്രകടമായ പുരോഗതിയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ പുരോഗതി ഈ മേഖലയിൽ നടപ്പിലാക്കിയ ശാസ്ത്രീയമായ പദ്ധതി പ്രവർത്തനങ്ങൾ മൂലമാണ്.

പാലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുക, പാലുല്പാദനം കൂടുതൽ ലാഭകരമാക്കുക, ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകൾ കർഷകർക്ക് എത്തിക്കുക, ക്ഷീരസഹകരണ മേഖല ശക്തമാക്കുക, പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക, പുൽകൃഷി പ്രോത്സാഹിപ്പിക്കുക, ദുർബലവിഭാഗത്തിലുള്ള കർഷകർക്ക് പരമാവധി സഹായം എത്തിക്കുക, അഭ്യസ്തവിദ്യരായ വനിതകൾക്ക് സ്വയം തൊഴിൽ സാദ്ധ്യതകൾ പ്രായോഗികമാക്കുക. ഗ്രാമീണ ജനങ്ങളുടെ ആരോഗ്യപരമായ ഭക്ഷണക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരത്തുക, പാൽ ഉല്പാദകർക്ക് പരമാവധി വില ലഭ്യമാക്കുക തുടങ്ങിയവയാണ് ക്ഷീര വികസന വകുപ്പിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ. ഈ പ്രവർത്തനങ്ങൾ ജനകീയ അടിത്തറയോടെ നടപ്പിലാക്കാൻ ക്ഷീരസഹകരണ സംഘങ്ങളുടെ ഭരണനിയന്ത്രണങ്ങൾ, ക്ഷീര വികസന വകുപ്പിൽ നിക്ഷിപ്ചതമായിരിക്കുന്നു. ഈ വകുപ്പിന്റെ പദ്ധതിയും പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു:

1. കർഷക സമ്പർക്കപരിപാടി

സഹകരണസംഘങ്ങൾ, ഗ്രന്ഥശാലകൾ, വായനശാലകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവിടങ്ങളിൽ വച്ച് കർഷകരുടെ ചെറുയോഗങ്ങൾ ചേരുന്നു. ഈ യോഗങ്ങളിൽ വിവിധ ക്ഷീരവികസന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കപ്പെടുകയും ചെയ്യുന്നു.

2. ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനം

ഈപരിപാടിയിൽ വനിതാ സംഘടനകൾ വനിതാ സമാജങ്ങൾ തുടങ്ങിയ സന്നദ്ധ സംഘടനകളും സഹകരണത്തോടെ ക്ഷീരോല്പന്നങ്ങൾ ഉണ്ടാക്കുന്ന രീതി വിശദമാക്കുകയും ക്ഷീരോല്പന്നം അവിട വച്ചു നിർമ്മിച്ച് വിശദീകരിക്കുകയും ചെയ്യുന്നു.

3. ബ്ലോക്കുതല കന്നുകാലി പ്രദർശനം

കർഷകർക്ക് അവരവരുടെ ഉരുക്കളെ സ്വയം വിലയിരുത്താനും നല്ല ഉരുക്കളെ കണ്ട് ബോധ്യപ്പെടാനും വഴിയൊരുക്കുന്നതാണ് ഈ പ്രദർശനങ്ങൾ. ഇതിനോടനുബന്ധിച്ച് കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറും സംഘടിപ്പിക്കുന്നു.

4. മോഡൽ ഡയറി ഫാം യൂണിറ്റ്

കാലിത്തൊഴുത്ത് നിർമ്മിച്ച് കറവപ്പശുക്കളെ വാങ്ങി മാതൃകാപരമായി സംരക്ഷിക്കുന്നതിന് നൽകുന്ന ധനസഹായ പദ്ധതിയാണിത്.

5. ധാതുലവണ മിശ്രിത വിതരണം

കറപ്പശുക്കൾക്കും വളരുന്ന ഉരുക്കൾക്കും ധാതുലവണങ്ങളുടെ അപര്യാപ്തത പരിഹരിക്കുവാൻ ധാതുലവണമിശ്രിതങ്ങൾ സബ്സീഡി നിരക്കിൽ ക്ഷീരസംഘങ്ങൾ മുഖാന്തിരം വിതരണം നടത്തുകയും ചെയ്യുന്നു.

6. ജീവകപൂരിതങ്ങൾ

(വിറ്റാമിൻ എ സപ്ലിമെന്റ്)

ധാതുലവണങ്ങൾ പോലെ തന്നെ ജീവകങ്ങളും ഉരുക്കൾക്ക് അത്യന്താപേക്ഷിതമാണ്. മേൽ വിവരിച്ചതുപോലെ ഇതും വിതരണം ചെയ്തുവരുന്നു.

7. മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം.

നല്ല പാർപ്പിടം കറവപ്പശുക്കളിൽ 20% ത്തോളം പാലുല്പാദനം വർദ്ധിപ്പിക്കുവാൻ സഹായിക്കും രണ്ട് ഉരുക്കളെ ഉൾക്കൊള്ളാൻ കഴിയുന്ന വൃത്തിയുള്ള, ഉറപ്പുള്ള നല്ല മേൽക്കൂരയും തറയും ഉള്ള മാതൃകാ കാലിത്തൊഴുത്തുകൾ നിർമ്മിക്കാൻ ധനസഹായം നൽകിവരുന്നു. (അറ്റകുറ്റപ്പണി)

8. ശുദ്ധമായ പാൽ ഉല്പാദിപ്പിക്കാൻ കിറ്റ് വിതരണം

നാമമാത്രമായ വില ഈടാക്കിക്കൊണ്ട് ശുദ്ധമായ പാൽ ഉല്പാദിപ്പിക്കാൻ സഹായിക്കുന്ന അണുനാശിനികളും പശുക്കളെ വൃത്തിയാക്കാൻ സഹായിക്കുന്ന ഉപകരണങ്ങളും മറ്റും അടങ്ങിയ കിറ്റ് വിതരണം നടത്തിവരുന്നു.

9. ലഘുലേഖകൾ, പോസ്റ്ററുകൾ തുടങ്ങിയവ

വിജ്ഞാനവ്യാപന പ്രവർത്തനങ്ങളുടെ ഭാഗം സൗജന്യമായി ലഘുലേഖകൾ, പോസ്റ്ററുകൾ തുടങ്ങിയവ വിതരണം ചെയ്യുന്നു.

10. ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷി

കാലിത്തീറ്റയിൽ പച്ചപ്പുല്ലിന്റെ പ്രാധാന്യം ഏറെയാണ്. സ്വന്തമായി ഭൂമിയുള്ള ചെറുകിട കർഷകർക്ക് അവരുടെ ഭൂമിയിലും നാമമാത്ര കർഷകർക്ക് പാട്ടത്തിന് എടുത്ത ഭൂമിയിലും പുൽകൃഷി ചെയ്യാം. പാട്ടമായി എടുക്കുന്ന സ്ഥലത്ത് പാട്ടം നൽകുന്നതുൾപ്പെടെ വിവിധ ഇനങ്ങൾക്കായി ധനസഹായം നൽകുന്നു.

11. വ്യവസായികാടിസ്ഥാനത്തിൽ പച്ചപ്പുല്ല് സംഭരണ വിപണന പരിപാടി.

ഗുണമേന്മയുള്ള പച്ചപ്പുല്ല് കർഷകർക്ക് മിനിമം വിലയ്ക്ക് എത്തിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്ന ഈ പരിപാടി നടപ്പിലാക്കാൻ ക്ഷീര സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നു.

12. പുൽ-പയർ മിശ്രിത കൃഷിയും - ഗിനി പുൽ കൃഷിയും

ഗുണമേന്മയേറിയ പുല്ല് വർഗ്ഗങ്ങളും പോഷക പ്രധാനമായ പയർ വർഗ്ഗങ്ങളും ചേർത്ത് പുൽപയർ മിശ്രിത വിത്തുകൾ പകുതി വിലയ്ക്ക് നൽകുന്നു.

13. പുൽക്കട കൃഷി

പുൽക്കട ഉപയോഗിച്ച് പുൽകൃഷി വ്യാപിപ്പിക്കുന്ന പരിപാടിയാണിത്. പുൽക്കടുയുടെ വിലയുടെ 50% ധനസഹായവും രാസവള സബ്സിഡിയും നൽകുന്നു.

14. ചോള കൃഷി.

അന്നജ പ്രധാനവും ചുരുങ്ങിയ കാലം കൊണ്ട് വിളവു നൽകുന്നതുമായ ചോളം വിത്ത് സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നു.

15. വൻപയർ കൃഷി

മാംസ പ്രധാനമായ വൻപയർ വിത്ത് സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാകുന്നു. വിളവെടുപ്പ് കഴിഞ്ഞ നെൽപ്പാടങ്ങളിൽ വൻപയർ കൃഷി ചെയ്യാവുന്നതാണ്.

16. സൈലേജ് നിർമ്മാണം

കൂടുതൽ പച്ചപ്പുല്ല് ലഭ്യമായ സമയത്ത് പച്ചപ്പുല്ല് അച്ചാറുപോലെ സൂക്ഷിച്ച് വേനൽക്കാലത്ത് ഉപയോഗിക്കുന്നതിനുള്ള പദ്ധതിയാണിത്. സൈലേജ് നിർമ്മിക്കുന്നതിന് ക്ഷീരവകുപ്പിൽ നിന്നും ധനസഹായം നൽകിവരുന്നു.

17. യൂറിയ ചേർത്ത് വൈക്കോൽ സംപുഷ്ടീകരണം

ഉരുക്കൾക്ക് നൽകുന്ന വൈക്കോലിൽ യൂറിയ ചേർത്ത് സംപുഷ്ടീകരിച്ചാൽ പോഷക ഗുണം വർദ്ധിപ്പാക്കാനും തീറ്റച്ചെലവ് കുറയ്ക്കാനും സഹായിക്കുന്ന ധനസഹായവും സാങ്കേതിക ഉപദേശവും നൽകുന്നു.

18. ക്ഷീര സംഘങ്ങൾക്ക് ആവശ്യമായ മിൽക്കോ, ടെസ്റ്റർ, മിൽക്ക് കൂളർ, ഫ്രീസർ, ഫ്രിഡ്ജ്, ഫർണ്ണിച്ചർ, പാൽ ക്യാനുകൾ, പാൽ പരിശോധന ഉപകരണങ്ങൾ, ജനറേറ്റർ, ക്രീം സെപ്പറേറ്റർ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകി വരുന്നു. ക്ഷീരസംഘങ്ങൾക്ക് ഓഫീസ് നിർമ്മിക്കുന്നതിന് സബ്സിഡി, യോഗ്യത നേടിയ സെക്രട്ടറിമാരുടെ നിയമനം പ്രോത്സാഹിപ്പിക്കുന്നതിനായി മാനേജീരിയൽ സബ്സിഡി, പ്രവർത്തന മൂലധനം എന്നിവ നൽകുന്നു.

19. ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റുകൾ.

പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക, അഭ്യസ്ത വിദ്യരായ വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുക. ഗ്രാമീണ ജനതയുടെ ആഹാരരീതി മെച്ചമാക്കുക, പാൽ ഉല്പാദകർക്ക് ആദായകരമായ വില ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് നാലു വനിതകൾകൂടി ഉൾപ്പെടുന്ന ഒരു യൂണിറ്റിന് 15 ദിവസത്തെ പരിശീലനവും ധനസഹായവും നൽകുന്നു.

20. ചെറുകിട കാലിത്തീറ്റ ഫാക്ടറി

ക്ഷീര സഹകരണ സംഘങ്ങൾ മുഖേന ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നു.

21. പ്രത്യേക ഘടക പദ്ധതി

പട്ടിക ജാതിയിലുള്ള കർഷകർക്ക് കറപ്പശുക്കൾ വാങ്ങുന്നതിനും പശുക്കളെ വളർത്തുന്നതിനും കാലിത്തീറ്റ വാങ്ങുന്നതിനും സബ്സിഡി നൽകി വരുന്നു.

22. പരിശീലന പരിപാടി

ഡയറി ട്രെയിനിംഗ് സെന്ററുകളിൽ ചർച്ചാ ക്ലാസ് കർഷക സമ്പർക്കപരിപാടി, സെമിനാർ, തെരഞ്ഞെടുത്ത കർഷകർക്ക് കറവപ്പശുക്കൾ വാങ്ങുന്നതിനും പശുക്കളെ വളർത്തുന്നതിനും കാലിത്തീറ്റ വാങ്ങുന്നതിനും സബ്സിഡി നൽകിവരുന്നു.

ക്ഷീര സംഘങ്ങൾ

എലിക്കുളം ഗ്രാമപഞ്ചായത്തിൽ ആനന്ദ് മാതൃകാ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ ഉണ്ട്

എലിക്കുളം പഞ്ചായത്തിൽ ക്ഷീരവികസന പദ്ധതികൾ നടപ്പിലാക്കി വരുന്നത് പാമ്പാടി യിൽ പ്രവർത്തിക്കുന്ന ക്ഷീരവികസനയൂണിറ്റാ ണ്. ഈ യൂണിറ്റിന്റെ പ്രവർത്തപരിധി പാമ്പാടി ബ്ലോക്കിൽപ്പെട്ട ഈ പഞ്ചായത്ത് ഉൾപ്പെടെ യുള്ള 6 പഞ്ചായത്തുകളിലായി വ്യാപിച്ചു കിട ക്കുന്നു. നമ്മുടെ പഞ്ചായത്തിൽപ്പെട്ട ക്ഷീരകർ ഷകർക്ക് പദ്ധതികളുടെ പ്രയോജനം കൂടുത ലായി ലഭിക്കുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു ക്ഷീരവികസന യൂണിറ്റ് സ്ഥാപിക്കേണ്ടതാ ണ്.

സങ്കര വർഗ്ഗത്തിൽപ്പെട്ട നല്ലയിനം പശു ക്കളെ കൂടുതലായി വളർത്തി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും തദ്വാരാ സാമൂഹ്യ സാമ്പ ത്തിക വളർച്ച കൈവരിക്കുന്നതിനും നമ്മുടെ പഞ്ചായത്തിന് സാധ്യതകൾ കൂടുതലായുണ്ട്. ആയതിനാൽ മേല്പറഞ്ഞ ക്ഷീരവികസന പദ്ധ തികൾ കൂടുതലായി ഏറ്റെടുത്ത് നടത്തി. ആയ തിന്റെ പ്രയോജനം പഞ്ചായത്തിലെ മുഴുവൻ ക്ഷീരകർഷകർക്കും ലഭ്യമാക്കുന്നതിനുള്ള നടപ ടികൾ 9-ാം പഞ്ചവത്സര പദ്ധതിയിലേയ്ക്ക് ആസൂത്രണം ചെയ്യേണ്ടതാണ്.

മത്സ്യബന്ധനം

കടലോ കായലോ, ജലാശയങ്ങളോ, വലിയ നദികളോ ഒന്നും ഇല്ലാത്ത ഒരു പഞ്ചാ യത്താണ് എലിക്കുളം. അതുകൊണ്ടുതന്നെ മത്സ്യ സമ്പത്ത് കൊണ്ട് അനുഗ്രഹീതവുമല്ല നമ്മുടെ നാട്. മുൻകാലങ്ങളിൽ തോടുകളിലും കുളങ്ങളിലുമൊക്കെ നാടൻ ഇനം മത്സ്യങ്ങൾ വരാൽ, വട്ടോൻ, മുഷി തുടങ്ങിയവ ധാരാള മായി ഉണ്ടായിരുന്നു. എന്നാൽ വേനൽക്കാ ലത്തെ തോടുകൾ മരുഭൂമികളായതോടുകൂടി ഈ മത്സ്യങ്ങളും നാമാവശേഷമായിക്കൊണ്ടി രിക്കുന്നു. നഞ്ച്, തോട്ട, തുടങ്ങിയ പ്രയോഗ ങ്ങൾക്കൂടി ആയപ്പോൾ നശീകരണം പൂർത്തി യാവുന്നു. പഞ്ചായത്തിൽ അങ്ങിങ്ങായുള്ള കുള ങ്ങളും സംരക്ഷണ കുറവുകൊണ്ട് നശിച്ചുകൊ ണ്ടിരിക്കുന്നു. ഇവ പുനരുദ്ധരിക്കപ്പെടുകയും തോടുകളിലെ വേനൽക്കാല വരൾച്ചയ്ക്കെതിരെ തടയണപോലുള്ള സംവിധാനങ്ങൾ ഉണ്ടാക്കു കയും ചെയ്തില്ലെങ്കിൽ നമ്മുടെ നാടൻ മത്സ്യ ഇനങ്ങൾ അന്യം നിന്നു എന്നു വരാം.

മത്സ്യ ഉപഭോഗത്തിന്റെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് പിന്നിലല്ല. ആവശ്യത്തി നുള്ള മുഴുവൻ മത്സ്യവും തന്നെ പുറത്തു നിന്ന് എത്തുന്നതുമാണ്. അപൂർവ്വമായി പാറമ ടകളിലും കുളങ്ങളിലും മത്സ്യം വളർത്തി വീട്ടാ വശ്യത്തിനുപയോഗിക്കുന്ന കർഷകർ ഉണ്ട് എന്നു മാത്രം. മത്സ്യം വളർത്തൽ സാദ്ധ്യതക ളെപ്പറ്റി ആളുകളിൽ താല്പര്യമുണ്ടാക്കിയെങ്കിൽ മാത്രമേ ഈ വഴി ശ്രദ്ധ തിരിയു. പ്രയോഗികാ നുഭവമില്ലാത്ത ഒരു മേഖലയായതുകൊണ്ട് പ്രശ്ന ങ്ങൾ ചൂണ്ടിക്കാണിക്കുവാൻ ഒന്നുമില്ല. അതു കൊണ്ട് തന്നെ പ്രതിവിധികളും.

സാദ്ധ്യതകൾ

1. പഞ്ചായത്തിൽ നിലവിലുള്ള ജലാശയങ്ങൾ വൃത്തിയാക്കി വളർത്തു മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക. ജലലഭ്യതയുള്ള പാറ മടകളും മറ്റു സ്രോതസ്സുകളും ഇതിനായി ഉപയോഗിക്കാം.
2. തോടുകളിൽ നിർമ്മിക്കുന്ന തടയണകളി ലും ജലസേചനത്തിനു കുഴിയ്ക്കുന്ന കുള ങ്ങളിലും കാർഷിക ഗ്രൂപ്പുകളുടെ നേതൃ ത്വത്തിൽ മത്സ്യകൃഷി നടത്തുക.
3. മീൻവളർത്തലിൽ താല്പര്യമുള്ള ആളുകൾക്ക് ചെറു ടാങ്കുകളിൽ വീടുകളിൽ വളർത്തു മത്സ്യങ്ങളെ വളർത്തുന്നതിന് സഹായവും പരിശീലനവും നല്കുക. വളരെ ചെലവു കുറഞ്ഞ രീതിയിൽ ടാങ്കുകൾ നിർമ്മിച്ച് മീൻവളർത്തുന്ന രീതികൾ പ്രചരിപ്പിക്കുക.
4. ഒരു വാർഡിൽ 10 കൃഷിക്കാരെ വീതമെങ്കി ലും കണ്ടെത്തി മത്സ്യകൃഷിയിൽ പരിശീ ലനം നൽകുകയും ആവശ്യമായ മത്സ്യ ക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും ചെയ്യുക. സ്വന്തം പുരയിടത്തിൽ നിർമ്മിക്കുന്ന ടാങ്കിൽ വീട്ടാവശ്യത്തിനും വേണമെങ്കിൽ വ്യവസാ യികാടിസ്ഥനത്തിലും മീൻ വളർത്തുവാൻ കഴിയും. അതുവഴി ദീർഘകാലാടിസ്ഥാന ത്തിൽ നമ്മുടെ പഞ്ചായത്ത് മത്സ്യസ്വ യംപര്യാപ്തമാകുമെന്ന നേട്ടവും.
5. അലങ്കാര മത്സ്യങ്ങളുടെ വിപണനം ഇന്ന് ആദായകരമായ ഒരു തൊഴിലായി മാറി ക്കൊണ്ടിരിക്കുന്നു. അകോറിയങ്ങളുണ്ടാക്കി അലങ്കാര മത്സ്യങ്ങളെ വിപണനം ചെയ്യുന്ന ഒരു വനിതാ തൊഴിൽ സംരംഭത്തിന് സാദ്ധ്യ തയുണ്ട്. സന്നദ്ധതയുള്ളവർക്ക് പരിശീല നവും സഹായവും നൽകണം.
6. തോട്ട, നഞ്ച് തുടങ്ങിയവയുമപയോഗിച്ച് ജലാശയങ്ങളിൽ മീൻപിടിക്കുന്നതുവഴി ജല മലിനീകരണവും മത്സ്യ ആവാസവ്യവസ്ഥ യ്ക്ക് നാശവും വരുന്നവർക്കെതിരെ നടപ ടിയെടുക്കുക.

പട്ടിക I എലിക്കുളം പഞ്ചായത്ത്

കന്നുകാലികളുടെ എണ്ണം

	സങ്കരം	നാടൻ	ആകെ
1. പശു	1551	812	2363
2. എരുമ	—	127	127
3. കോഴി	—		15513
4. പട്ടി	383	3053	3436
5. പന്നി	384	241	625

പട്ടിക II രോഗവിവരങ്ങൾ

	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി
1.	ദഹനസംബന്ധമായ	216	12	60	18	—	264
2.	ശ്വാസകോശസംബന്ധം	36	12	—	12	—	60
3.	ഉപാപചയ സംബന്ധം	66	—	—	18	—	—
4.	ത്വക്ക് രോഗങ്ങൾ	126	24	24	12	—	—
5.	ധാതുലവണങ്ങളുടെ അഭാവം	132	6	24	72	—	96
6.	പരാദരോഗങ്ങൾ	258	30	102	24	—	136
7.	പ്രത്യുല്പാദനവ്യവസ്ഥയുമായി						
	ബന്ധപ്പെട്ട	192	8	18	—	—	—
8.	വന്ധ്യത	4	—	—	—	—	
9.	അകിടുവീക്കം	42	—	6	—	—	—
10.	മുടന്തൻ പനി	6	—	—	—	—	

പട്ടിക IV കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തു മൃഗം	ആകെ എണ്ണം	ക്രിത്രിമ ബീജസങ്കലനം നടത്തിയ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബിജ സങ്കലനം വേണ്ടിവന്നവ
1. പശു	2363	958	152
2. കിടാരി	796	340	122
3. എരുമ	127	21	11

പട്ടിക III പേവിഷബാധ പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവയ്പ്				60		

III വിദ്യാഭ്യാസം

വെളിച്ചത്തിന്റെ ആയിരം ഇതളുകൾ

ജില്ലാ ആസ്ഥാനമായ കോട്ടയം പട്ടണത്തിൽ നിന്ന് 35 കിലോമീറ്റർ കിഴക്കു മാറി പാലാ - പൊൻകുന്നം റോഡിന്റെ ഇരു വശങ്ങളിലുമായി 40.14ച.കി. മീറ്റർ വിസ്തൃതി യിൽ വ്യാപിച്ചു കിടക്കുന്ന എലിക്കുളം, വയ ലേലകളും കുന്നിൻ ചെരിവുകളും താഴ്വാരങ്ങളും ഇടകലർന്ന ഹരിതാഭമായ ഒരു സമ്പന്ന കർ ഷകഗ്രാമമാണ്. കാൽലക്ഷത്തോളം ജനസംഖ്യയു ടെള്ള ഈ പഞ്ചായത്ത് സാക്ഷരതയിലും വിദ്യാ സത്തിലും നല്ല നിലവാരം പുലർത്തുന്നു. 1991 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 94.4% ആണ്. അടിയുറച്ച ദീർഘമായ ഒരു സാംസ്കാരിക പാരമ്പര്യം ഈ പഞ്ചായത്തിന് അവകാശപ്പെടാം. കലാശാലാ വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, തൊഴി വധിഷ്ഠിത വിദ്യാഭ്യാസം, എന്നിവ ലഭിച്ച ധാരാളം യുവജനങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം വരെ ഈ ഗ്രാമത്തിലെ അക്ഷരാഭ്യാസവും, വിദ്യാഭ്യാ സവും മതപാഠശാലകളേയും, കളരിയാശന്മാ രേയും ആശ്രയിച്ചാണ് നടന്നു പോന്നിരുന്നത്. അക്കാലങ്ങളിൽ ഔപചാരിക വിദ്യാഭ്യാസം ആഗ്ര ഹിച്ചിരുന്നവർ വിദൂരസ്ഥലങ്ങളായ പാലാ, കറു കച്ചാൽ, കോട്ടയം, തുടങ്ങിയ സ്ഥലങ്ങളെ ആശ്ര യിച്ചിരുന്നു. 1915 ലാണ് ഈ പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസം ആരംഭിച്ചത്. കുരു വിനാക്കുന്നേൽ കുരുവിള മാത്യുവിന്റെ ഉത്സാ ഹത്തിൽ അദ്ദേഹത്തിന്റെ മാനേജ്മെന്റിൽ എലി ക്കുളത്ത് സെന്റ് മാത്യൂസ് എൽ.പി. സ്കൂളും, ഫാദർ ഫ്രാൻസീസ് കണ്ണങ്കുളത്തിന്റെ മാനേ ജ്മെന്റിൽ ഇളങ്ങുളത്ത് സെന്റ്. മേരീസ് എൽ.പി. സ്കൂളും, എലവന്താനത്ത് കുഞ്ഞുഞ്ഞുകർത്താ മാനേജരായി പനമറ്റത്ത് ഭാരതി വിലാസം മല യാളം പ്രൈമറി സ്കൂളും സ്ഥാപിച്ചത് ഏതാണ്ട് ഒരേ കാലത്താണ്. ഇളങ്ങുളം സെന്റ് മേരീസ് എൽ.പി. സ്കൂളിന്റെയും സ്ഥാപനത്തെപ്പറ്റി ചരി ത്രരേഖയിൽ ഇങ്ങനെ കാണപ്പെടുന്നു. ഇള ങ്ങുളത്ത് സ്ഥാപിതമായ സെന്റ് മേരീസ് ദേവാ ലയത്തോടൊപ്പം കുട്ടികളുടെ വിദ്യാഭ്യാസകത്തി നായി ഒരു കളരിയും ആരംഭിച്ചിരുന്നു. 1912ൽ ഈ വിദ്യാലയത്തിനു വേണ്ടിയുള്ള കെട്ടിടം പുതുക്കിപ്പണിതു. 1915ൽ അന്നത്തെ വിദ്യാഭ്യാ സവകുപ്പിന്റെ ചുമതലയുണ്ടായിരുന്ന റാവു സാഹിബ്ബ് ഒ.എം. ചെറിയാൻ നാട്ടുവഴിയിലൂടെ പാലായിൽ നിന്നും കുതിരപ്പുറത്ത് സഞ്ചരിക്കു മ്പോൾ വിശ്രമിക്കാനായി ഈ ദേവാലയത്തോടു ചേർന്നുള്ള പള്ളിമുറിയിൽ അല്പസമയം ചെല വഴിച്ചു. പള്ളിയുടെ പരിസരത്തുള്ള സ്കൂൾ കെട്ടിടവും കുട്ടികളുടെ എണ്ണവും കണ്ട് സംതൃപ്ത നായ അദ്ദേഹം മൂന്നാം ക്ലാസ്സുവരെയുള്ള ഒരു പ്രൈമറി സ്കൂൾ നടത്തുന്നതിനുള്ള അംഗീകാരം നല്കി. ഈ പ്രദേശത്തെ ആദ്യകാല പ്രൈമറി സ്കൂൾ അങ്ങനെ രൂപം കൊണ്ടു. ഫാ. ഫ്രാൻ സീസ് കണ്ണങ്കുളം മാനേജരും ശ്രീ പി.പി. കുമാ രപിള്ള തമ്പലയ്ക്കാട് ആദ്യകാല ഹെഡ്മാസ്റ്ററും, തമ്പലക്കാട് സ്വദേശികളായ കൈപ്പള്ളി കൃഷ്ണ പിള്ള, പാലപ്പള്ളി കൃഷ്ണപിള്ള എന്നിവരും 1926-28 വരെ പ്രശസ്ത സാഹിത്യകാരനായിരുന്ന പൊൻകുന്നം വർക്കിയും ഈ സ്കൂളിലെ അദ്ധ്യാ പകരായിരുന്നു.

ഈ നാട്ടിലെ സമുദായ മൈത്രിയുടെയും വിജ്ഞാനദാഹത്തിന്റെയും പരിണിതഫലമായി ഇളങ്ങുളം പള്ളി വികാരിയായിരുന്ന ഫാ. സെബാസ്റ്റ്യൻ കരോട്ടുവേമ്പേനി നേതൃത്വം നൽകി 1921 ൽ സ്ഥാപിച്ചതാണ് കൂരാലിയി ലുള്ള ഇംഗ്ലീഷ് മീഡിൽ സ്കൂൾ, വിദ്യാലയഭര ണത്തിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു എങ്കിലും പിന്നീടുണ്ടായ ചില അഭിപ്രായവിത്യാ സങ്ങൾ മൂലം ശ്രീ രാമകൃഷ്ണപിള്ള മഞ്ഞപള്ളി മാനേജർ സ്ഥാനം ഏറ്റെടുക്കുകയാണുണ്ടായത്. സർവ്വശ്രീ പി. രാമകൃഷ്ണപിള്ള ഹെഡ്മാസ്റ്ററും വി.പി. പുന്നൻ, റ്റി.കെ. കൃഷ്ണൻനായർ തുടങ്ങി യവർ ആദ്യകാല അദ്ധ്യാപകരുമായിരുന്നു.

തുടർന്ന് 1923ൽ (തച്ചപ്പുഴ ഇളങ്ങുളം കെ.വി. സൗത്ത് എൽ.പി. സ്കൂളും, 1924ൽ ഇളങ്ങുളം K.V.L.P. ഗേൾസ് സ്കൂളും, മഞ്ഞപ്പ ള്ളിൽ ശ്രീ രാമകൃഷ്ണപിള്ളയുടെ മാനേജ്മെന്റിൽ ആരംഭിച്ചു. 1929ൽ ആര്യസമാജം ഉരുളികുന്നത്ത് S.D.L.P. സ്കൂളും, 1939ൽ ഇളങ്ങുളം സംസ്കൃത ഹൈസ്കൂളും ആരംഭിച്ചു. സ്വാതന്ത്ര്യസമരത്തി ന്റെ ഭാഗമായി ശ്രീ. പത്മനാഭഗണകന്റെ നേതൃ ത്വത്തിൽ നടന്ന വിദ്യാർത്ഥിസമരം ഈ സംസ്കൃതഹൈസ്കൂൾ കേന്ദ്രീകരിച്ചായിരുന്നു. ഈ സമരത്തിന് പിൻബലമേകാൻ സ്വാതന്ത്ര്യ സമരനേതാക്കലായ ശ്രീ ഏ.കെ. പാച്ചുപിള്ള, പി.റ്റി. ചാക്കോ തുടങ്ങിയ സമുന്നത നേതാ ക്കൾ ഇവിടെ എത്തിയിരുന്നു. സ്വാതന്ത്ര്യാന ന്തരം ഈ വിദ്യാലയത്തിന്റെ പ്രവർത്തനം നില ച്ചുപോയി. 1949ൽ എലിക്കുളം സെന്റ്. മാത്യൂസ് യു.പി. സ്കൂളും, M.G.M. യു.പി. സ്കൂളും ആരംഭിച്ചു. 1953ൽ ഉരുളികുന്നത് (ഞണ്ടുപാറ)

സെന്റ് ജോർജ്ജ് യു.പി. സ്കൂളും, ഇളങ്ങുളത്ത് ഈ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂളായ സെന്റ് മേരീസ് ഹൈസ്കൂളും പ്രവർത്തനമാരംഭിച്ചു. 1960ൽ ഞണ്ടുപാറ സെൻറ് ജോർജ്ജ് യു.പി. സ്കൂളിനോടു ചേർന്ന് എൽ.പി. വിഭാഗവും പ്രവർത്തനം ആരംഭിച്ചു. 1962ൽ പനമറ്റം വെളിയന്നൂരിൽ നാട്ടുകാരുടെ സഹായസഹകരണത്തോടെ ഒരു സർക്കാർ എൽ.പി. സ്കൂൾ സ്ഥാപിതമായി. ഏതാണ്ട് ഇതേ കാലഘട്ടത്തിൽ മല്ലികശ്ശേരിയിൽ 1 മുതൽ 7 വരെ സ്റ്റാൻഡേർഡുകൾ പ്രവർത്തിക്കുന്ന സെന്റ് ഡൊമിനിക് സേവിയോ യു.പി. സ്കൂളും ആരംഭിച്ചു. 1947ൽ പനമറ്റം ഭാരതി വിലാസം എൽ.പി.സ്കൂൾ സർക്കാരിനു വിട്ടുകൊടുത്തുശേഷം നാട്ടുകാരുടെ ഉത്സാഹത്തോടെ 1964ൽ ഒരു യു.പി. സ്കൂളായും 1980ൽ ഒരു ഹൈസ്കൂളായും ഉയർത്തിയതോടെ പഞ്ചായത്തിലെ ഹൈസ്കൂളുകളുടെ എണ്ണം രണ്ടായി ഉയർന്നു. 1990ൽ സർക്കാർ മേഖലയിൽ പ്രവർത്തിച്ചിരുന്ന വെളിയന്നൂർ ഗവ. എൽ.പി. സ്കൂൾ, അൺ എക്കണോമിക്സ് (നഷ്ടത്തിൽ നടക്കുന്ന) സ്കൂളെന്ന കാരണത്താൽ അടച്ചുപൂട്ടിയതോടുകൂടി പഞ്ചായത്തിലെ മൊത്തം സ്കൂളുകളുടെ എണ്ണം 13 ആയി കുറഞ്ഞു. ഇന്ന് 23,000 ത്തോളം ജനസംഖ്യയുള്ള പഞ്ചായത്തിൽ രണ്ടു ഹൈസ്കൂളുകളിലും 5 യു.പി. സ്കൂളുകളിലും 6 എൽ.പി. സ്കൂളുകളിലുമായി 2811 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. അധ്യാപകരുടെ എണ്ണം 117.

ഉന്നത വിദ്യാഭ്യാസ രംഗം

കോളേജ് വിദ്യാഭ്യാസത്തിനായി കുട്ടികൾ എസ്.ഡി. കോളേജ് കാഞ്ഞിരപ്പള്ളി, സെന്റ് തോമസ്സ് കോളേജ് പാലാ, വാഴൂർ എൻ.എസ്.എസ്. കോളേജ്, കെ.ജി. കോളേജ് പാമ്പാടി എന്നീ സ്ഥാപനങ്ങളെയാണ് മിക്കവാറും ആശ്രയിക്കുന്നത്. സംസ്ഥാനത്തെ ഇതര കോളേജുകളിലുള്ള ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നവരുമുണ്ട്.

സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള ഒരു സ്ഥാപനവും ഈ ഗ്രാമത്തിൽ പ്രവർത്തിക്കുന്നില്ല എന്നുള്ളത് ഒരു പോരായ്മയായി നിലകൊള്ളുന്നു. എങ്കിലും ഈ പഞ്ചായത്തിന് അഭിമാനം നല്കികൊണ്ടും, നമ്മുടെ വിദ്യാഭ്യാസപാരമ്പര്യം നിലനിർത്തിക്കൊണ്ടും അഭ്യസ്തവിദ്യരായ ധാരാളം പേർ എൻജിനിയറിംഗ്, മെഡിക്കൽ രംഗങ്ങളിൽ വിവിധ സംസ്ഥാനങ്ങളിൽ സ്തുത്യർഹമായ വിധത്തിൽ സേവനമനുഷ്ഠിക്കുന്നു.

സ്കൂൾ തലത്തിലെ അദ്ധ്യായന നിലവാരം

നമ്മുടെ സ്കൂളിൽ മാനേജർമാർ, അദ്ധ്യാപകർ, മാതൃസംഗമം, PTA ഭാരവാഹികൾ എന്നിവരുടെ ആരോഗ്യകരമായ സഹകരണമനോഭാവവും കൂട്ടായ ചർച്ചയും വിദ്യാർത്തികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് വളരെയേറെ സഹായിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളുകളിലും 70-75% ശരാശരി വിജയം ഉറപ്പാക്കാൻ കഴിയുന്നത് ഈ കൂട്ടായയത്നത്തിന്റെ സൽഫലങ്ങളാണ്. ഏറിയ കൂറും സാധാരണക്കാരായ മാതാപിതാക്കളുടെ കുട്ടികളാണ് നമ്മുടെ സ്കൂളുകളിൽ പഠിക്കുന്നതെന്നും പബ്ലിക്ക് സ്കൂളുകളിൽ കുട്ടികളെ അയച്ചു പഠിപ്പിക്കുവാൻ താല്പര്യപ്പെടുന്ന മാതാപിതാക്കളുടെ സംഖ്യ വർദ്ധിച്ചു വരുന്നു എന്നതും നിഷേധിക്കാനാവാത്ത യാഥാർത്ഥ്യങ്ങളാണ്. S.S.L.C. പരീക്ഷയിൽ നല്ല മാർക്കു വാങ്ങുന്നവരുടെ സംഖ്യ ഏതാണ്ട് 50% വരുമെന്നതിനാൽ അത്രയും പേർക്ക് കോളേജ് പ്രവേശനത്തിനും സാങ്കേതിക പഠനത്തിനും അവസരങ്ങൾ ലഭിക്കുന്നുണ്ട്. മറ്റുള്ളവരിൽ ഭൂരിഭാഗവും പാരലൽ കോളേജുകളെ ആശ്രയിക്കുന്നു. എലിക്കുളം തികച്ചും കാർഷിക മേഖലയായതിനാൽ അടുത്തുള്ള പാലാ, കാഞ്ഞിരപ്പള്ളി പൊൻകുന്നം എന്നീ പ്രദേശങ്ങളിലാണ് ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ നിലകൊള്ളുന്നത്.

ഔതിക നിലവാരം

നമ്മുടെ മാനേജ്മെന്റ് സ്കൂളുകളിലെല്ലാം തന്നെ ആവശ്യമായ കെട്ടിടങ്ങളും പഠനോപകരണങ്ങളും സജ്ജമാക്കിയിട്ടുണ്ട്. സ്കൂൾ ലൈബ്രറികളും ലബോറട്ടറി ഉപകരണങ്ങളും പഠനരംഗത്ത് കുട്ടികൾക്ക് സഹായകമായിട്ടുണ്ട്. കളിസ്ഥലങ്ങളും കുടിവെള്ളവും പരിമിതമാണ്. സാനിട്ടറി സൗകര്യങ്ങളും, വൈദ്യുതിയും ശുദ്ധജല വിതരണ പദ്ധതിയുമെല്ലാം P.T.A. യുടെ സഹകരണത്തോടുകൂടി നടപ്പാക്കി വരുന്നു. എന്നത് ശുഭോദർക്കമാണ്. അത്യാവശ്യസൗകര്യങ്ങളുണ്ടെങ്കിലും ആധുനിക ബോധവൽക്കരണ സംവിധാനങ്ങൾ സജ്ജീകരിക്കേണ്ടതും അവയുടെ ഉപയോഗം കൂടുതൽ കാര്യക്ഷമമായ പഠനരീതിക്ക് സഹായകമാക്കേണ്ടതുമാണ്. ഈ പഞ്ചായത്തിൽ ഏക ഗവ. ഹൈസ്കൂളിന് ആവശ്യമായ കെട്ടിടങ്ങളില്ല. കൂടാതെ കളിസ്ഥലങ്ങളുടെ കുറവും മറ്റു പരാധീനതകളും നിലനിൽക്കുന്നു.

പാഠ്യേതര രംഗം

പാഠ്യേതര വിഷയങ്ങളിൽ പ്രോത്സാഹനം നൽകുന്നതിൽ അദ്ധ്യാപകർ സന്നദ്ധരാണെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുള്ളവാക്കുന്നു. കലാ

- കായിക വേദികളിൽ പരിശീലനം നൽകാൻ തക്ക സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടിയ.ഇരിക്കുന്നു. ഒരു പൊതു സ്റ്റേഡിയവും, കോച്ചിംഗ് സൗകര്യങ്ങളും കായികപ്രതിഭകളെ സൃഷ്ടിക്കുവാൻ ആവശ്യ.മാണ്. നമ്മുടെ കുട്ടികൾ ഇവയുടെ അഭാവത്തിൽ പോലും മെച്ചമായ പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്നു എന്നത് അഭിമാനകരമാണ്. കലാ കായികരംഗങ്ങളിൽ അവസരങ്ങൾ ലഭിക്കുന്നതു വഴി അദ്ധ്യാപക വിദ്യാർത്ഥി ബന്ധം സുദൃഢമാക്കുവാനും വിരസത കുറയ്ക്കുവാനും ആത്മാഭിമാനം വളർത്തി അച്ചടക്കം പുലർത്തുവാനും കുട്ടികൾ തയ്യാറാകും. നമ്മുടെ സ്കൂളുകളിലേർപ്പെടുത്തിയിട്ടുള്ള നിരവധി അവാർഡുകളും സ്കോളർഷിപ്പുകളും കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും കായികക്ഷമത ഉറപ്പുവരുത്തുന്നതിനും കലാപ്രതിഭകളെ വാർത്തെടുക്കുന്നതിനും സഹായിക്കുന്നുണ്ട്. N.C.C. സകൗട്ട് ആന്റ് ഗൈഡ്സ്, ജൂനിയർ റെഡ് ക്രോസ്, തുടങ്ങിയ സന്നദ്ധ സംഘടനകൾ നമ്മുടെ സ്കൂളുകളിൽ ആരംഭിക്കുകയും അതുവഴി കുട്ടികളിൽ പൗരബോധവും സാമൂഹ്യപ്രതിബദ്ധതയും, ദേശസ്നേഹവും വളർത്തുകയും ചെയ്യേണ്ടതാണ്.

പ്രീ പ്രൈമറി വിദ്യാഭ്യാസം

പഞ്ചായത്തിന്റെറ പത്തു വാർഡുകളിലും, ഒരു വാർഡിൽ 2 എന്ന കണക്കിൽ 22 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇവയിൽ സ്വന്തമായി കെട്ടിടമുള്ളവ 15 എണ്ണവും ബാക്കി 7 എണ്ണം താക്കാലിക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയുമാണ്. അദ്ധ്യാപകരുടേയും പൊതുജനങ്ങളുടേയും ആത്മാർത്ഥമായ സഹകരണം ഈ രംഗത്തു ലഭിക്കുന്നുണ്ട്. സ്കൂളുകളോടനുബന്ധിച്ച് 4 നെഴ്സറി സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. ഈ പഞ്ചായത്തിലെ ഏക ഇംഗ്ലീഷ് മീഡിയം എൽ.പി. സ്കൂൾ മടുക്കക്കുന്നിലെ ലിസിയാ ഇംഗ്ലീഷ് മീഡിയം സ്കൂളാണ്.

അനൗപചാരിക വിദ്യാഭ്യാസം

സാക്ഷരതപ്രസ്ഥാനം ഏറ്റെടുത്ത ഇവിടുത്തെ പ്രവർത്തകരുടെ ശ്രമഫലമായി 100% സാക്ഷരത കൈവരിച്ച ഈ ജില്ലയിലെ രണ്ടാമത്തെ ഗ്രാമം എന്ന സ്ഥാനം നമുക്ക് ലഭിക്കുകയുണ്ടായഎ ഭാരത് സേവക് സമാജത്തിന്റെറ പ്രവർത്തനം നടന്നിരുന്ന കാലത്ത് സ്ഥാപിച്ച മടുക്കക്കുന്ന് റിക്രിയേഷൻ ക്ലബ്, ഇവിടെ പ്രവർത്തിക്കുന്ന നിരവധി വായനശാലകൾ, ഉരുളികുന്നം സാംസ്ക്കാരിക കേന്ദ്രം, ശാസ്ത്രസാഹിത്യപരിഷത്ത് ഇവയെല്ലാം ബോധനരംഗത്തും സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തനരംഗങ്ങളിലും നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്.

കഴിഞ്ഞ ഒരു ശതാബ്ദക്കാലം നമ്മുടെ വിദ്യാഭ്യാസമണ്ഡലത്തെ പ്രകാശമാനമാക്കിയ അഭിവന്ദ്യരായ ഗുരുഭൂതരുടെ പട്ടികയിൽ മൺമറഞ്ഞു പോയ ഏതാനും പേരെ നമുക്ക് ഇത്തുരണത്തിൽ അനുസ്മരിക്കാം. ശ്രീയ. പി. രാമകൃഷ്ണപിള്ള, കയ്യൂന്നപാറ ടി.കെ. കൃഷ്ണൻ നായർ. വി.പി. പുന്നൻ, വി.പി. കർത്താ, കുമാരപിള്ള, കൃഷ്ണപിള്ള പാലപ്പള്ളി, റ്റി. മത്തായി ഉളളാട്ട്, പാച്ചുകർത്താ വടക്കേമുറി, നാരായണൻ നായർ മണ്ണിൽ എന്നിവരാണ് ഈ മഹാമതികൾ. ഇന്ന് ജീവിച്ചിരിക്കുന്നവരിൽ ഗോവിന്ദൻനായർ പൂവത്തുങ്കൽ, ആർ. കേശവൻനായർ മേലണ്ണൂർ എന്നിവരേയും മികച്ച അദ്ധ്യാപകനുള്ള ദേശീയ അവാർഡു ലഭിച്ച ശ്രീ. എൻ.സി. ചാക്കോ നന്തികാടിനേയും നമുക്ക് ഇത്തരുണത്താൽ സ്മരിക്കാം.

ഗ്രാമസഭാ സമ്മേളനങ്ങളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും സ്ഥിതിവിവരണ ശേഖരണത്തിൽ നിന്നും സ്വീകരിച്ചിട്ടുള്ള ചില പ്രായോഗിക നിർദ്ദേശങ്ങളും കണക്കിലെടുത്ത് വരും പഞ്ചവത്സരപദ്ധതിക്കാലത്ത് നടപ്പിലാക്കേണ്ട നിർദ്ദേശങ്ങൾ താഴെകൊടുക്കുന്നു.

1. ഇളങ്ങുളം K.V.L.P. സ്കൂളിൽ(തച്ചപ്പുഴ) നാലു ക്ലാസ്സുകൾ ഉണ്ടെങ്കിലും മൂന്ന് അദ്ധ്യാപകർ മാത്രമേ ഉള്ളൂ. ആവശ്യാനുസരണം അദ്ധ്യാപകരെ നിയമിച്ചും കെട്ടിടം നിർമ്മിച്ചും നിലിവിലുള്ള ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കണം.

2. 72 വർഷം പഴക്കമുള്ള പ്രസ്തുത സ്കൂളിന് കതകുകൾ വച്ച് അടവാക്കുന്നതിനും സ്കൂൾ കോമ്പൗണ്ടിന് ചുറ്റുമതിൽ നിർമ്മിച്ച് സ്കൂൾ മുറ്റം നിരപ്പാക്കി എടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

3. സ്പോർട്സ് അതോറിറ്റിയുടെയോ സ്പോർട്സ് കൗൺസിലിന്റെയോ സാമ്പത്തിക സഹായത്തോടെ പഞ്ചായത്തിലുള്ള 2 ഹൈസ്കൂളുകൾക്കും ആവശ്യമായ സ്റ്റേഡിയം നിർമ്മിക്കുക.

4 8-ാം വാർഡിൽ പൊതുകത്ത് ഒരു എൽ.പി. സ്കൂൾ സ്ഥാപിക്കുക.

5. പനമറ്റം ഗവ. ഹൈസ്കൂളിന് 12 മുറികളുള്ള ഒരു സ്കൂൾ കെട്ടിടം പണിയുക.

6. പ്രസ്തുത സ്കൂളിൽ വെക്കേഷണൽ ഹയർ സെക്കൻഡറി ക്ലാസുകൾ ആരംഭിക്കുകയും മുറ്റം കെട്ടി ബലവത്താക്കുകയും ചെയ്യുക.

7. പ്രൈമറി സ്കൂളുകളിൽ K.V.L.P. സ്കൂൾ ഇളങ്ങുളം, തച്ചപ്പുഴ സെന്റ്. ജോർജ്ജ് യു.പി. സ്കൂൾ ഉരുളികുന്നം, ഡൊമിനിക്

സേവിയോ എൽ.പി. സ്കൂൾ മല്ലികശ്ശേരി എന്നിവിടങ്ങളിൽ ഉച്ചക്കഞ്ഞി വിതരണത്തിന് പാചകമുറി നിർമ്മിക്കുക, പാത്രങ്ങൾ വാങ്ങുക തുടങ്ങിയവയ്ക്ക് സഹായം നല്കുക.

8. പ്രസ്തുത സ്കൂളുകൾ, വൈദ്യുതീകരിക്കുക, ശുദ്ധജലവിതരണപദ്ധതികൾ ഏർപ്പെടുത്തുക

9. ഈ പഞ്ചായത്തിൽ മുടുക്കക്കുന്നിനും ഉരുളികുന്നതിനും മദ്ധ്യേ സൗകര്യപ്രദമായ സ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ആരംഭിക്കുക.

10. സെന്റ്, മാത്യൂസ് യു.പി.എസ്. എലിക്കുളം അപ് ഗ്രേഡ് ചെയ്യുക.

11. സെന്റ് മേരീസ് ഹൈസ്കൂളിൽ പ്ലസ് ടൂ കോഴ്സ് ആരംഭിക്കുക.

12. അദ്ധ്യായന നിലവാരം മെച്ചപ്പെടുത്താൻ ഉതുകുന്നവിധം സ്കൂൾ കോംപ്ലക്സ് പ്രവർത്തനം കാര്യക്ഷമമാക്കുക.

13. നഴ്സറി സ്കൂൾ കുട്ടികൾക്കായി പഞ്ചായത്ത് തല മേളകൾ നടത്തുക.

15. സ്ഥിരം കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് അവ ഉണ്ടാകുവാൻ നടപടി സ്വീകരിക്കുക. അംഗൻവാടികൾക്ക് ബ്ലാക്ക് ബോർഡ്, ബഞ്ച്, ഡസ്ക് തുങ്ങിയവ ലഭ്യമാക്കുക.

16. N.C.C. രണ്ട് ഹൈസ്ക്കൂളുകളിലും ആരംഭിക്കുക.

17. L.P. സ്കൂളുകളിൽ ആവശ്യ പഠന നിലവാര പദ്ധതി ആരംഭിക്കുക.

18. നിർത്തലാക്കിയ വെളിയന്നൂർ L.P. സ്കൂൾ പഞ്ചായത്തിനെ ഏൽപ്പിച്ച് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനമാക്കുക.

പട്ടിക V കാൽപാദപരീക്ഷ - 95-96

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതുനിലവാരം				
		30% താഴെ കുട്ടികൾ	**30-40** മാർക്ക് നേടുന്നവർ	**40-50** ശതമനാം നേടുന്നവർ	**50-60** ശതമാനം നേടുന്നവർ	**60%** മാർക്ക് നേടുന്നവർ
1	2	3	4	5	6	7
3	315	46	36	54	50	129
4	289	25	29	48	64	123
5	309	44	42	64	80	79
6	295	46	44	56	72	77
7	316	50	56	67	68	75
8	269	102	60	34	50	33
9	224	84	46	35	28	31
10	174	81	32	20	19	22

പട്ടിക IB സ്കൂളുകളുടെ പൊതുവിവരങ്ങളും ഭൗതിക സൗകര്യങ്ങളും

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ഏതുവിഭാഗം HS/LP UP/Pre.P	മാനേജ്മെന്റ്	കാമ്പസിന്റെ മൊത്തം വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങളുടെ എണ്ണം		
							സ്ഥിരം	അർദ്ധ സ്ഥിരം	താക്കാലികം
1.	കെ.വി.എസ് L.P.S ഇളങ്ങുളം	L.P	എയ്ഡഡ്	50 സെന്റ്	25 സെന്റ്	4	1	-	-
2.	കെ.വി.എസ് L.P.G.S ഇളങ്ങുളം	L.P	എയ്ഡഡ്	50 സെന്റ്	25 സെന്റ്	4	1	-	-
3.	കെ.വി. U.P.S ഇളങ്ങുളം	U.P	എയ്ഡഡ്	1. ഏ.50 സെ.	1 ഏക്കർ	6	1	1	-
4.	സെന്റ് മേരീസ് L.P.S ഇളങ്ങുളം	L.P	എയ്ഡഡ്	1. ഏ.50 സെ	50 സെന്റ്	8	3	-	-
5.	സെന്റ് മേരീസ് H.S ഇളങ്ങുളം	U.P& H.S.	എയ്ഡഡ്	3. ഏക്കർ	50 സെന്റ്	16	3	-	-
6.	എസ്.ഡി. L.P.S ഉരുളികുന്നം	L.P	എയ്ഡഡ്	1. ഏക്കർ	25 സെന്റ്	4	1	1	-
7.	സെന്റ് ജോർജ് U.P.Sഉരുളികുന്നം	L.P.&U.P.	എയ്ഡഡ്	1. ഏ.50 സെ	25 സെന്റ്	7	1	1	-
8.	എസ്.ഡി.എസ്. U.P.S മല്ലികശ്ശേരി	L.P&U.P	എയ്ഡഡ്	2. ഏക്കർ	1 ഏക്കർ	7	1	1	-
9.	സെന്റ് മാത്യൂസ് L.P.S എലിക്കുളം	L.P	എയ്ഡഡ്	50 സെന്റ്	ഇല്ല	5	1	-	-
10.	സെന്റ് മാത്യൂസ് U.P.S എലിക്കുളം	U.P	എയ്ഡഡ്	50 സെന്റ്	ഇല്ല	3	1	-	-
11.	എം.ജി.എം. U.P.S എലിക്കുളം	U.P	എയ്ഡഡ്	1. ഏ.25 സെ.	ഇല്ല	3	1	1	-
12.	ഗവ:ഹൈസ്ക്കൂൾ, പനമറ്റം	L.P.,U.P&H.S.	സർക്കാർ	3. ഏക്കർ	50 സെ.	17	3	1	1
13.	ദേവമാതാ നഴ്സറിസ്കൂൾ, ഇളങ്ങുളം	നഴ്സറി	അൺഎയഡഡ്	15 സെ.	ഇല്ല	1	-	-	-
14.	ലൂസിയാ E.M. L.P. സ്കൂൾ, മടുക്കക്കുന്ന്	L.P. & Pre	അൺഎയഡഡ്	1ഏ50സെ.	ഇല്ല	4	1	-	-
15.	എസ്.ഡി. നഴ്സറിസ്കൂൾ, ഉരുളികുന്നം	നഴ്സറി	അൺഎയഡഡ്	15 സെ.	ഇല്ല	1	1	-	-
16.	ലിറ്റിൽ ഫ്ലവർ നഴ്സറിസ്കൂൾ, പൈക, പൂവരണി	നഴ്സറി	അൺഎയഡഡ്	15 സെ.	ഇല്ല	1	1	-	-

സ്കൂളുകളുടെ പൊതുവിവരണങ്ങളും ഭൗതിക സൗകര്യങ്ങളും പട്ടിക I B

ക്രമ നമ്പർ	പേര്	ആകെ മുറികൾ	ഇനി ആവശ്യം ഉള്ള മുറി	ഇനി കെട്ടിടം പണിയാൻ സ്ഥലമുണ്ടോ	നിലവിലുള്ള മൂത്രപ്പുരകൾ	നിലവിലുള്ള കക്കൂസുകൾ	കുടിവെള്ളത്തിനുള്ള സംവിധാനം	വൈദ്യുതി കരിച്ചതോ?	പാചക മുറി ഉണ്ടോ	പ്രത്യേക സ്റ്റാഫ്റൂം
1.	കെ.വി.എസ് L.P.S ഇളങ്ങുളം	ഹാൾ	1	ഉണ്ട്	1	ഇല്ല	പഞ്ച. കിണർ	അല്ല	ഉണ്ട്	ഇല്ല
2.	കെ.വി.എസ് L.P.G.S ഇളങ്ങുളം	ഹാൾ	-	ഉണ്ട്	1	ഇല്ല	കിണർ	അല്ല	ഉണ്ട്	ഇല്ല
3.	കെ.വി.എസ് U.P.S ഇളങ്ങുളം	ഹാൾ	-	ഉണ്ട്	2	1	കിണർ	അല്ല	ഉണ്ട്	ഉണ്ട്
4.	സെന്റ് മേരീസ് L.P.S ഇളങ്ങുളം	8	-	ഉണ്ട്	2	1	വാട്ടർ സപ്ലൈ	അതെ	ഉണ്ട്	ഉണ്ട്
5.	സെന്റ് മേരീസ് H.S ഇളങ്ങുളം	17	-	ഉണ്ട്	2	4	വാട്ടർ സപ്ലൈ	അതെ	ഉണ്ട്	ഉണ്ട്
6.	എസ്.ഡി. L.P.S ഉരുളികുന്നം	5	-	ഉണ്ട്	2	1	വാട്ടർ സപ്ലൈ	അതെ	ഉണ്ട്	ഇല്ല
7.	സെന്റ് ജോർജ് U.P.Sഉരുളികുന്നം	7	-	ഉണ്ട്	2	5	ഇല്ല	അതെ	ഇല്ല	ഉണ്ട്
8.	എസ്.ഡി.എസ്. U.P.S മല്ലികശ്ശേരി	7	-	ഉണ്ട്	2	3	ഉണ്ട്	അതെ	ഉണ്ട്	ഉണ്ട്
9.	സെന്റ് മാത്യൂസ് L.P.S എലിക്കുളം	5	-	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	അതെ	ഇല്ല	ഇല്ല
10.	സെന്റ് മാത്യൂസ് U.P.S എലിക്കുളം	6	-	ഉണ്ട്	1	2	ഉണ്ട്	അതെ	ഇല്ല	ഉണ്ട്
11.	എം.ജി.എം. U.P.S എലിക്കുളം	5	-	ഉണ്ട്	2	1	ഉണ്ട്	അതെ	ഉണ്ട്	ഉണ്ട്
12.	ഗവ:ഹൈസ്ക്കൂൾ, പനമറ്റം	10	12	ഉണ്ട്	3	3	-	അതെ	ഉണ്ട്	ഇല്ല
13.	ദേവമാതാ നഴ്സറിസ്കൂൾ,ഇളങ്ങുളം	-	-	ഉണ്ട്	1	-	ഉണ്ട്	അതെ	ഇല്ല	ഇല്ല
14.	ലൂസിയാ E.M. L.P. സ്കൂൾ, മടുക്കക്കുന്ന്	6	2	ഉണ്ട്	3	2	ഉണ്ട്	അതെ	ഇല്ല	ഇല്ല
15.	എസ്.ഡി. നഴ്സറിസ്കൂൾ, ഉരുളികുന്നം	1	-	ഉണ്ട്	1	-	ഉണ്ട്	അതെ	ഇല്ല	ഇല്ല
16.	ലിറ്റിൽ ഫ്ലവർ നഴ്സറിസ്കൂൾ, പൈക, പൂവരണി	1	-	ഉണ്ട്	1	-	ഉണ്ട്	അതെ	ഇല്ല	ഇല്ല

പട്ടിക I A
വിദ്യാർത്ഥികൾ അദ്ധ്യാപകർ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	വിദ്യാർത്ഥികൾ ആൺ	പെൺ	ആകെ	അദ്ധ്യാപകർ പുരു.	സ്ത്രീ	ആകെ
I	പ്രീപ്രൈമറിയും നഴ്സറി സ്കൂളും							
1	ദേവമാതാ നഴ്സറി സ്കൂൾ, ഇളങ്ങുളം	അൺ എയിഡഡ്	14	9	23	-	1	1
2	ലൂസിയ E.M. പ്രീ പ്രൈമറി സ്കൂൾ, മടുക്കക്കുന്ന്	"	56	39	95	-	2	2
3	S.D നഴ്സറി സ്കൂൾ, ഉരുളികുന്നം	"	8	2	10	-	1	1
4	ലിറ്റിൽ ഫ്ലവർ നഴ്സറി സ്കൂൾ, പൈക, പൂവരണി	"	21	21	42	-	2	2
	ആകെ		99	71	170	-	6	6
II	ലോവർ പ്രൈമറി വിഭാഗം							
1	K.V.S. എൽ.പി.എസ് സ്കൂൾ, തച്ചപ്പുഴ, ഇളങ്ങുളം	എയിഡഡ്	48	50	98	-	3	3
2	K.V. എൽ.പി.ജി സ്കൂൾ, ഇളങ്ങുളം	"	63	62	125	-	4	4
3	St. മേരീസ് എൽ.പി. സ്കൂൾ, ഇളങ്ങുളം	"	134	113	247	-	8	8
4	S.D L.P സ്കൂൾ, ഉരുളികുന്നം	"	60	45	105	2	3	5
5	St. ജോർജ്സ് യു.പി. സ്കൂൾ, ഉരുളികുന്നം	"	55	57	112	1	3	5
6	St. ഡോമിനിക് സേവിയോ U.Pസ്കൂൾ, മല്ലികശ്ശേരി	"	61	55	116	-	4	4
7	St. മാത്യൂസ് L.Pസ്കൂൾ, എലിക്കുളം	"	86	69	115	-	5	5
8	Govt. ഹൈസ്കൂൾ, പനമറ്റം. (L.P. വിഭാഗം)	സർക്കാർ	81	75	156	-	4	4
9	ലൂസിയ ഇംഗ്ലീഷ് മീഡിയം L.Pസ്കൂൾ, മടുക്കക്കുന്ന്	അൺ എയിഡഡ്	59	49	108	-	4	4
	ആകെ		647	575	1222	3	38	41
III	അപ്പർ പ്രൈമറി വിഭാഗം							
1	K.V. U.Pസ്കൂൾ, ഇളങ്ങുളം	എയിഡഡ്	101	65	166	1	7	8
2	St. മേരീസ് ഹൈസ്ക്കൂൾ, ഇളങ്ങുളം	"	108	92	200	2	7	9
3	St. ജോർജ്ജ് U.Pസ്കൂൾ, ഉരുളികുന്നം	"	53	50	103	1	5	6
4	St. ഡോമിനിക് സേവിയോ U.Pസ്കൂൾ, മല്ലികശ്ശേരി	"	33	49	82	-	4	4
5	St. മാത്യൂസ് U.Pസ്കൂൾ, എലിക്കുളം	"	47	54	101	2	3	5
6	M.G.M. U.Pസ്കൂൾ, എലിക്കുളം	"	59	49	108	3	3	6
7	Govt. ഹൈസ്കൂൾ, പനമറ്റം. (U.P. വിഭാഗം)	സർക്കാർ	85	77	162	2	7	9
	ആകെ		486	436	922	11	36	47
IV	ഹൈസ്കൂൾ വിഭാഗം							
1	സെന്റ് മേരീസ് ഹൈസ്കൂൾ, ഇളങ്ങുളം	എയിഡഡ്	214	205	419	3	13	16
2	ഗവ: ഹൈസ്കൂൾ, പനമറ്റം	സർക്കാർ	126	122	248	6	7	13
	ആകെ		340	327	667	9	20	29

കുട്ടികളുടെ എണ്ണക്കുറവുമൂലം വെളിയന്നൂർ സർക്കാർ L.P. സ്കൂൾ നിറുത്തലാക്കി.

പട്ടിക I (C)
L.P., U.P., H.S വിഭാഗങ്ങളിലെ കുട്ടികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	L.P. വിഭാഗം			U.P. വിഭാഗം			H.S. വിഭാഗം		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
2811	647	575	43.47	486	436	32.8	340	327	23.7

പട്ടിക I (D)
L.P., U.P., H.S വിഭാഗങ്ങളിലെ കുട്ടികളുടെ വിവരം

L.P. വിഭാഗം			U.P. വിഭാഗം			H.S. വിഭാഗം		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
1222	103	9%	922	84	9.1%	667	63	9.3

പട്ടിക I (E)

പഠനം നിർത്തിയവരുടെ കണക്ക്

S.C./S.T.			മറ്റുള്ളവർ			ആകെ
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
4	5	9	9	9	18	27

പട്ടിക II ഗവ. സ്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അദ്ധ്യപകർ പഞ്ചായത്തിൽ	ഗവ. വിദ്യാലയങ്ങളിലെ അദ്ധ്യാപകർ	ഗവ. അദ്ധ്യാപകരുടെ ശതമാനം	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ. വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ. വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ ശതമാനം
117	26	22%	2811	566	20%

പട്ടിക III അക്കാദമിക സൗകര്യങ്ങളുടെ ലഭ്യത

	ലൈബ്രറി	പ്രവർത്തിക്കാത്തത്	ലാബ്	പ്രവർത്തിക്കാത്തത്	പഠനോപകരണങ്ങൾ	റേഡിയോ	ടേപ് റിക്കോർഡർ	ടെലിവിഷൻ	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ബ്ലാക്ക് ബോർഡ് ആവശ്യത്തിലധികം	മാതൃസംഘം സജീവം	P.T.A. പ്രവർത്തിക്കുന്നു
ഉള്ളത്	12	12	2	1	12	7	1	0	1	1	12	12	12
ഇല്ലാത്തത്	-	-	10	11	-	5	11	12	11	11	0	0	0

പട്ടിക IV കഴിഞ്ഞ 5 വർഷത്തെ S.S.L.C വിജയശതമാനം

സ്കൂൾ	91-92	92-93	93-94	94-95	95-96
സെന്റ് മേരീസ് H.S ഇളങ്ങുളം	75%	59%	68%	71%	72%
ഗവ. H.S. പനമറ്റം	65%	72%	55%	70%	66%

IV കുടിവെള്ളം പൊതുജനാരോഗ്യം പരിസരശുചിത്വം

ശുചിത്വം മഹത്വം; ശരീരമാദ്യം.....

കുടിവെള്ളം: ശുദ്ധവായു, ജലം, ശുചിത്വമുള്ള പാർപ്പിടം ആരോഗ്യമുള്ള സമൂഹത്തിന് ആവശ്യമായ ഘടകങ്ങളാണിവ. എലിക്കുളം ഗ്രപാമപഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന ജലസ്രോതസ് കിണറുകളാണ്. പഞ്ചായത്തിലൊട്ടാകെ 14 പൊതുകിണറുകളും 5112 സ്വകാര്യകിണറുകളുമുണ്ട്. വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമമാണ് പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും അനുഭവപ്പെടുന്നത്. ഈ ദൗർലഭ്യം കുറയ്ക്കാൻ കുഴൽകിണർ കുഴിയ്ക്കുന്ന പരിപാടി പഞ്ചായത്തിൽ നടപ്പാക്കിയെങ്കിലും പദ്ധതി വിജയകരമല്ല, പഞ്ചായത്തിലൊട്ടാകെ 20 പൊതു കുഴൽക്കിണറുകളും 82 സ്വകാര്യ കുഴൽകിണറുകളുമുണ്ട്. പൊതുകുഴൽക്കിണറുകളിൽ 12 എണ്ണം മാത്രമേ ഇപ്പോൾ ഉപയോഗയോഗ്യമാ യുള്ളു ഒരു ജലവിതരണപദ്ധതിയുടെ അഭാവമാണ് പഞ്ചായത്തിലെ ജലദൗർലഭ്യത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന്. പഞ്ചായത്തിൽ മുഴുവനായി ജലമെത്തിക്കുന്നതിനുതുകുന്ന പദ്ധതികൾ പഞ്ചായത്തിൽ നിലവിലുള്ള സ്രോതസുകളിൽ നിന്ന് ശേഖരിക്കുവാൻ കഴിയില്ല. K.W.Aയുടെ ജലവിതരണ പദ്ധതിയില്ലാത്ത അപൂർവ്വം പഞ്ചായത്തുകളിലൊന്നാണ് എലിക്കുളം പഞ്ചായത്ത്. പഞ്ചായത്തിൽ കാലവർഷം ലഭിക്കുന്നത് ജൂൺ മുതൽ ഓഗസ്റ്റ് വരെയും തുലാവർഷം ലഭിക്കുന്നത് സെപ്റ്റംബർ മുതൽ നവംബർ വരെയുമാണ്. ഒരു വർഷം ശരാശരി 3250 മില്ലീ മീറ്റർ മഴ ലഭിക്കുന്നു. ആകെ തോടുകളുടെ നീളം 25Km.ഉം മക്കനാ തോടിന്റെ നീളം 7 Km. ഉം ആണ്.

പഞ്ചായത്ത് ഒട്ടാകെയുള്ള ജലദൗർലഭ്യം പരിഹരിക്കുവാൻ വിശേഷാൽ ഗ്രാമസഭകളിലൂയർന്നു വന്ന പ്രശ്നപരിഹാരങ്ങളും, ചർച്ചകളിലൂടെ രൂപപ്പെട്ടുവന്ന നിർദ്ദേശങ്ങളും സൂക്ഷ്മവിശകലനത്തിനായി താഴെ ചേർക്കുന്നു.

പ്രശനപരിഹാരങ്ങളും നിർദ്ദേങ്ങളും

വാർഡ് I

പ്രശ്നമേഖല	പരിഹാരമാർഗ്ഗം
1. കൊപ്രാക്കുളം	പഞ്ചായത്ത് കിണർ ആഴം കൂട്ടി ഉയർന്ന് പ്രദേശത്ത് ടാങ്ക് കെട്ടി ജലമെത്തിച്ച് വിതരണം നടത്തുക
2. രണ്ടാം മൈൽ കോളനി	കുഴൽക്കിണർ ഉപയോഗയോഗ്യമാക്കുക
3. തച്ചപ്പുഴ പള്ളി ഭാഗം	ബ്ലോക്ക് കിണർ പുതുക്കിപ്പണ്ണുത് ആഴം കൂട്ടി ഉപയോഗയോഗ്യമാക്കുക.

വാർഡ് II

പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരം
1. ഇളംപള്ളി പാലം	പഞ്ചായത്ത് കിണർ കുഴിക്കുക
2. ത്രീവേണി ഭാഗം	കിണറോ കുഴൽക്കിണറോ കുഴിക്കുക
3. ശ്രായിക്കാട്ട് ഭാഗം	കുഴൽക്കിണർ നിർമ്മിക്കണം
4. കൂരാലി കോളനി	കിണറോ കുഴൽക്കിണറോ നിർമ്മിക്കുക

പൊതുനിർദ്ദേശങ്ങൾ

1. നടയ്ക്കൽ, വയലിൽകുളം ആഴം കൂട്ടി ഉയർന്ന പ്രദേശത്ത് ടാങ്ക് കെട്ടി പഞ്ചായത്തിൽ മുഴുവൻ ജലമെത്തിക്കുന്നതിനുള്ള പദ്ധതി
2. മക്കാനത്തോട്ടിൽ ചെക്ക് ഡാം കെട്ടി വെള്ളം തടഞ്ഞുനിർത്തി കൃഷിക്കും മറ്റും ഉപയുക്തമാക്കുക.

വാർഡ് III

പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
1. പന്തമാക്കൽ ഭാഗം	കുഴൽകിണറോ, കിണറോ കുഴിക്കുക

2. മലയോലിക്കൽ ഭാഗം	കുഴൽകിണർ കുഴിക്കുക
3. ചെരുപുറം ഭാഗം	കുഴൽകിണർ കുഴിക്കുക
4. ഇളങ്ങുക ചന്ത ഭാഗം	കുഴൽകിണർ കുഴിക്കുക
5. മറ്റപ്പള്ളി ഭാഗം	കിണറോ കുഴൽകിണ റോ കുഴിക്കുക

വാർഡ് IV

1. ഇല്ലിക്കോൺ, പേഴത്താനി	കുഴൽകിണറുകൾ നന്നാക്കി ഇരുമ്പുപൈപ്പിനു പകരം PVC പൈപ്പിടുക
2. ലക്ഷം വീട് കോളനി	താഴ്ന്ന പ്രദേശത്ത് കുളവും മുകളിൽ ടാങ്കും നിർമ്മിച്ച് ജലവിതരണ സംവിധാനം ഉണ്ടാക്കുക.

വാർഡ് V

പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
1. പള്ളത്തു കോളനി	കിണറോ കുഴൽക്കിണറോ പൊതു ടാങ്കോ നിർമ്മിക്കണം
2. വെച്ചുമറ്റം	കിണറോ കുഴൽകിണറോ പൊതുടാങ്കോ നിർമ്മിക്കുക
3. വളഞ്ഞ തോട്	പഞ്ചായത്ത് കിണർ നിർമ്മിക്കുക.

പൊതുനിർദ്ദേശങ്ങൾ

1. മഴവൻചേരിൽ കുളം ആഴം കൂട്ടി ടാങ്ക് കെട്ടി ജലവിതരണ സംവിധാനം വാർഡിനായി ഉണ്ടാക്കുക.
2. മീനച്ചിൽ തോട്ടിൽ പമ്പു ഹൗസ് സ്ഥാപിച്ച് വെച്ചിമറ്റം ഭാഗത്തേക്ക് പമ്പുചെയ്ത് വാർഡിന്റെ എല്ലാ മേഖലയിലും ജലമെത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

വാർഡ് VI

പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
1. വട്ടത്താനം	പൈകതീയേറ്റർ ജംഗ്ഷനിൽ കുളം കുഴിച്ച് അവിടെ നിന്നുംപമ്പുചെയ്ത് സംഭരിച്ച്വിതരണസംവിധാനം ഉണ്ടാക്കുക.
2. മുള്ളുവേങ്ങപ്പുറം	കുഴൽകിണർ കുഴിക്കുക
3. കൊരട്ടിയുറുമ്പ്	പൊതുടാങ്ക്, കുഴൽ കിണറുകൾ എന്നിവ നിർമ്മിക്കുക.

വാർഡ് VII

പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
1. കുന്നുംപുറ ഭാഗം	കാരക്കുളം പാടശേഖരത്തിനടുത്ത് കുളം കുഴിച്ച് ഉയർന്ന സ്ഥലത്ത് സംഭരിച്ച് ജലവിതരണസംവിധാനം ഉണ്ടാക്കുക
2. കിഴക്കേമല	കിഴക്കേമലയിലെ കുഴൽക്കിണർ ഉപയോഗയോഗ്യമാക്കുകയോ പുതിയത് നിർമ്മിക്കുകയോ ചെയ്യുക
3. പുലിപ്പാറ	
4. ചീരംകുളം	

വാർഡ് VIII

പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
1. കരിമലക്കുന്ന്	ജലസർവ്വേ നടത്തി കുഴൽക്കിണർ കുഴിച്ച് കരിമലക്കുന്നിൽ മുകൾഭാഗത്ത് ടാങ്കുകെട്ടി സംഭരിച്ച് ജലവിതരണ സംവിധാനം ഉണ്ടാക്കുക.
2. മാനോലി സൗത്ത്	കുഴൽക്കിണറുകൾ കുഴിക്കുക.

പൊതുനിർദ്ദേശങ്ങൾ

1. വട്ടോടി പപാലത്തിനു സമീപം തോട്ടിൽ തടയണകെട്ടി ജലം ജലസേചനത്തിനായി ഉപയോഗിക്കുക
2. കരിമലക്കുന്നു തോട്ടിൽ തടയണകെട്ടി ജലം സംഭരിക്കുക.

വാർഡ് IX

പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
1. ചാത്തമല കോളനി	കുടിവെള്ളത്തിനായി കുളം കുഴിക്കുക.
2. പ്ലാന്തറ	കുഴൽകിണർ കുഴിക്കുക

പൊതുനിർദ്ദേശങ്ങൾ

1. നിലവിലുള്ള കുഴൽക്കിണറുകൾ ഉപയോഗയോഗ്യമാക്കുക.
2. പുതിയവ നിർമ്മിക്കുക.
3. കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ടാങ്കിൽ നിന്നും വഞ്ചിമല ടോപ്പിൽ ടാങ്ക് സ്ഥാപിച്ച് ജലമെത്തിക്കുക.
4. പൊതുകത്ത് കരിപ്പാക്കുന്നേൽ പുരയിടത്തിലുള്ള മുള്ളൻകുഴി ഭാഗത്തെ കിണർ കുള മാക്കി ജലം വഞ്ചിമലക്കുന്നിൽ ടാങ്ക് നിർമ്മിച്ച് സംഭരിച്ച് വിതരണം ചെയ്യുക.
5. ടാങ്കർ ലോറിയിൽ ജലമെത്തിക്കുക.
6. മഴക്കാലത്ത് വെള്ളം ശേഖരിച്ചു വയ്ക്കാൻ കഴിയുന്ന ടാങ്കുകൾ നിമ്മിക്കുക.

വാർഡ് X

പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പ്രശ്നപരിഹാരം
1. ലക്ഷംവീട് കോളനി	
2. കൊപ്രാക്കളം	കുഴൽക്കിണർ നിർമ്മിക്കുക.

പൊതു നിർദ്ദേശങ്ങൾ

1. ചിറക്കടവ്, കാഞ്ഞിരപ്പള്ളി പഞ്ചായത്തുകളുടെ ജലവിതരണ പദ്ധതി 10-ാം വാർഡി ലേക്കു നീട്ടുക.
2. കരിമ്പ്കയം സ്കീം നടപ്പിലാക്കുക.
3. വെള്ളാങ്കാവ് വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുക.
4. ജലദൗർലഭ്യം പരിഹരിക്കുവാൻ പനമറ്റം മാന്തറതോട്ടിൽ തടയണ നിർമ്മിക്കുക.

ജലദൗർലഭ്യം പരിഹരിക്കുവാനുള്ള പൊതുനിർദ്ദേശങ്ങൾ

1. ഉയർന്ന സ്ഥലങ്ങളിൽ നീർകുഴികൾ കുഴിച്ചും വരമ്പുകളിട്ടും ജലസംഭരണം. വർദ്ധി പ്പിക്കുക. മഴ വെള്ള സംഭരണത്തിന് കുഴിക ളും പൊട്ടക്കിണറുകളും ഉപയോഗപ്പെടുത്തുക.

പഞ്ചായത്തിലെ ജലസ്രോതസുകളുടെ വിനിയോഗം പരിശോധിക്കുമ്പോൾ ഈ സ്രോത സുകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല എന്നു കാണാം. ശാസ്ത്രീയമായ ജലവിതരണ പദ്ധതികളുടെ അഭാവമാണിതിന്റെ പ്രധാന കാര ണം. K.W.A. പഞ്ചായത്തിൽ ജലവിതരണത്തി നായി ഒരു പദ്ധതി നടപ്പിലാക്കേണ്ടതാണ്. അതു പോലെ ചെറുകിട ഇടത്തരം പദ്ധതികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

പൊതുജനാരോഗ്യം

ആരോഗ്യമുള്ളൊരു ജനതയാണ് നാടിന്റെ സമ്പത്ത് 1958ൽ സ്ഥാപിതമായ പൈക പ്രൈമറി ഹെൽത്ത് സെന്ററാണ് പഞ്ചായത്തിലെ ആധു നിക ശുചീകരണ രംഗത്തെ ആദ്യസ്ഥാപനം. അന്ന് കേരളാ ഗവർണറായിരുന്ന ബി. രാമകൃ ഷ്ണറാവു ആണ് 1958 ഏപ്രിൽ 13ന് ഹെൽത്ത് സെന്റർ ഉത്ഘാടനം ചെയ്തത്. ഇതിനു മുമ്പ് പഞ്ചായത്തിലെ ആരോഗ്യരംഗം പരമ്പരാഗത വൈദ്യന്മാരേയും മറ്റുമാണ് ആശ്രയിച്ചു വന്നിരു ന്നത്. 1934ൽ പഞ്ചായത്തിന്റെ 7,8 വാർഡുക ളിൽ പടർന്നു പിടിച്ച മസൂരി ബാധയാണ് ഈ നൂറ്റാണ്ടിൽ പഞ്ചായത്തിനെ ബാധിച്ച ഭീ കരമായ പകർച്ചവ്യാധി. ഏകദേശം 100റോളം

പേർ അന്ന് വസൂരി രോഗബാധയിൽ മരിച്ച തായി കണക്കാക്കപ്പെടുന്നു.

ഇന്ന് പഞ്ചായത്തിന്റെ ആരോഗ്യമേഖല യിൽ ഏറെ സ്ഥാപനങ്ങളുണ്ട്. സർക്കാർ മേഖ ലയിൽ കമ്മയൂണിറ്റി ഹെൽത്ത് സെന്ററാക്കിയുർ ത്തിയ പൈക പ്രൈമറി ഹെൽത്ത് സെന്ററുൾ പെടെ 3 സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവ ർത്തിക്കുന്നു. ഇവയ്ക്കു പുറമെ സ്വകാര്യമേഖ ലയിൽ 2 അലോപ്പതി, 6 ആയുർവ്വേദം, 5 ഹോമിയോ എന്നീ ആരോഗ്യസ്ഥാപനങ്ങൾ പ്രവ ർത്തിക്കുന്നുണ്ട്. കൂടാതെ 4 വിഷചികിത്സക ന്മാർ പഞ്ചായത്തിന്റെ ആരോഗ്യമേഖലയ്ക്ക് ഗണ്യമായ സംഭാവന നൽകുന്നു. അലോപ്പതി നിർമ്മാണരംഗത്തെ പ്രശസ്ത സ്ഥാപനമായ കോക്കാട്ട് ഫാർമസ്യൂട്ടിക്കൽസ് ഈ പഞ്ചായ ത്തിലാണ് സ്ഥിതി ചെയ്യുന്നത്.

ആരോഗ്യകേന്ദ്രങ്ങൾ

നമ്പർ	സ്ഥാപനങ്ങൾ	മേഖല	ഇനം
1.	കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പൈക	പൊതുമേഖല	അലോപ്പതി
2.	ഗുഡ്സമരിറ്റൻ ഹോസ്പിറ്റൽ, കൊപ്രാക്കളം	സ്വകാര്യം	അലോപ്പതി
3.	വിവേകാനന്ദാ ഡിസ്പെൻസറി	സ്വകാര്യം	ആയുർവ്വേദം
4.	കോഴിക്കൊത്തിക്കൽ ആയുർവ്വേദ ആശുപത്രി	സ്വകാര്യം	ആയുർവ്വേദം
5.	സേതു ഹോമിയോ ക്ലീനിക്ക്, കൂരാലി	സ്വകാര്യം	ഹോമിയോ
6.	കളരിക്കൽ ഹോമിയോ ഡിസ്പെൻസറി	സ്വകാര്യം	ഹോമിയോ
7.	ആ.എൻ.റ്റി. ക്ലീനിക്ക്, 7-ാം മൈൽ	സ്വകാര്യം	അലോപ്പതി
8.	കോവിക്കൊത്തിക്കൽ തിരുമ്മുചികിത്സാ കേന്ദ്രം	സ്വകാര്യം	ആയുർവ്വേദം
9.	കുടുംബക്ഷേമ ഉപകേന്ദ്രം, കുരുവിക്കൂട്	പൊതു	അലോപ്പതി
10.	കുടുംബക്ഷേമ കേന്ദ്രം ഉരുളികുന്നം	സ്വകാര്യം	ആയുർവ്വേദം
11.	വിഷചികിത്സാ കേന്ദ്രം ഉരുളികുന്നം	സ്വകാര്യം	ആയുർവ്വേദം
12.	ലൂർദ് മാതാ ഡിസ്പെൻസറി കൂരാലി	സ്വകാര്യം	അലോപ്പതി
13.	ആയുർവ്വേദ ചികിത്സാ കേന്ദ്രം മഞ്ചക്കുഴി	സ്വകാര്യം	ആയുർവ്വേദം
14.	വളവശ്ശേരിൽ വൈദ്യശാല ഇളങ്ങുളം	സ്വകാര്യം	ആയുർവ്വേദം

പഞ്ചായത്തിന്റെ ആരോഗ്യരംഗം പൊതു വിൽ മെച്ചമാണെങ്കിലും സംതൃപ്തമല്ല. 1993-94 വർഷത്തിൽ 358 തൃക്ക് രോഗങ്ങളും 270 വാത രോഗങ്ങളും 21316 മറ്റുരോഗങ്ങളും ഉണ്ടായിരു ന്നതായി റിപ്പോർട്ടുചെയപ്പെട്ടിട്ടുണ്ട്. 94-95 വർ ത്തിൽ 510 തൃക് രോഗങ്ങളും 330 വാതരോഗ ങ്ങളും 29372 മറ്റുരോഗങ്ങളും ഉണ്ടായരുന്നതായി കണക്കുകൾ കാണിക്കുന്നു. കുടുംബാ സൂത്രണ പ്രവർത്തനങ്ങളിൽ പഞ്ചായത്തിന്റെ സ്ഥിതി പൊതുവിൽ മെച്ചമാണ്. 1994-95ൽ കുടുംബാസൂ ത്രണ സംവിധാനങ്ങൾ സ്വീകരിച്ച അമ്മമാരുടെ എണ്ണം 2347 ആണ്. പഞ്ചായത്തിലാകെ 12 അന്ധരും 14 ബധിരരും 13 മൂകരും 43 ചലന വൈകല്യമുള്ളവരും ഉണ്ട്. കുഷ്ഠരോഗികൾ 5 പേരും ക്ഷയരോഗ ബാഹിതരായി 5 പേരും ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ നൂറ്റാ ണ്ടിന്റെ മഹാവിപത്തായ എയ്ഡ്സ് രോഗ ബാധിതരായി ആരുംപഞ്ചായത്തിൽ ഇല്ല എന്നാണ് ഔദ്യോഗിക നിഗമനം.

പ്രതിരോധ കുത്തിവയ്പ്:- പ്രതിരോധ കുത്തിവയ്പുകൾ പഞ്ചായത്തിൽ 100% വിജ യകരമായി നടന്നിട്ടുണ്ട്. 1994-95ൽ ഒരു വയ സ്സിനു താഴെ പ്രായമുള്ള 322 കുട്ടികളിൽ മുഴു വൻ പേർക്കും ആവശ്യമായ പ്രതിരോധ കുത്തി വയ്പുകൾ എടുത്തിട്ടുണ്ട്. എങ്കിലും പഞ്ചായ ത്തിലെല്ലായിടത്തും പ്രാഥമിക ചികിത്സാ സൗ കര്യങ്ങളെത്തിച്ചു കൊടുക്കുവാൻ ഇനിയും പൂർ ണ്ണമായി കഴിഞ്ഞിട്ടില്ല. ആധുനിക സൗകര്യങ്ങ ളുള്ള ആരോഗ്യ സ്ഥാപനങ്ങൾ പഞ്ചായത്തിൽ

വിരളമാണ്. പഞ്ചായത്തിലെ 2 കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും തൃപ്തികരമല്ല. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മുഴുവൻ സമയവും ഡോക്ടറുമാരുടെ സേവനം ലഭ്യമാകുന്നില്ല. സ്വകാര്യ പ്രാക്ടീസിലുള്ള താല്പര്യം സ്ഥിതി കൂടുതൽ ശോചനീയമാക്കുന്നു. പഞ്ചായത്തിൽ പൊതുമേഖലയിൽ ഹോമിയോ ആയൂർവേദ ആശുപത്രികൾ ഇല്ല.

നിർദ്ദേശങ്ങൾ

പഞ്ചായത്തിന്റെ ആരോഗ്യ മേഖലയെ സന്തുഷ്ടമാക്കുവാൻ ഗ്രാമസഭകളിലുയർന്നുവന്ന നിർദ്ദേശങ്ങളുടെ ക്രോഡീകരിച്ച രൂപം താഴെ ചേർക്കുന്നു.

1. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും കൂടുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കുകയും ചെയ്യണം.

2. പൈക കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മുഴുവൻ സമയവും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തണം.

3. അവിടെ ലഭ്യമായ മരുന്നുകളുടെ പട്ടിക പ്രസിദ്ധപ്പെടുത്തണം. കൂടുതൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തണം. X-Ray യൂണിറ്റ് സ്ഥാപിക്കണം.

4. കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ രണ്ടും പ്രൈമറി ഹെൽത്ത് സെന്ററാക്കി ഉയർത്തുകയും ആഴ്ചയിലൊരു ദിവസമെങ്കിലും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയും ചെയ്യുക.

5. കൂടുതൽ കുടുംബക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കണം. സർക്കാർ മേഖലയിൽ ഹോമിയോ ആയൂർവ്വേദ ആശുപത്രികൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുക.

6. പഞ്ചായത്തിന്റെ വിഷചികിത്സാരംഗത്ത് സ്തുത്യർഹമായ സേവനം നൽകുന്നവരെ പ്രോത്സാഹിപ്പിക്കുകയും വിഷചികിത്സാ പഠനത്തിനായും ചികിത്സയ്ക്കായും ഒരു കേന്ദ്രം ഇവുടെ സേവനം പ്രയോജനപ്പെടുത്തി സ്ഥാപിക്കുകയും ചെയ്യണം.

ആരോഗ്യ സംരക്ഷണ കാര്യത്തിൽ മരുന്നുകളോളമോ ഒരു പക്ഷേ അതിലധികമോ പ്രാധാന്യം ബോധവൽക്കരണത്തിനുണ്ട്. എന്നാൽ ഫീൽഡ് വർക്കർമാരിൽ കാണുന്ന നിഷ്ക്രിയത ഈ രംഗത്തെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. പൊതുസ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖത എടുത്തു പറയേണ്ടതാണ്. ഇവയെ വേണ്ട വിധം പരിഗണിച്ച് ആരോഗ്യ രംഗത്ത് ഒരു പുതിയ സമീപനം ഉണ്ടാകേണ്ടിയിരിക്കുന്നു.

കക്കൂസ്: പൊതുജനാരോഗ്യത്തിന് അവശ്യം വേണ്ട പ്രാഥമിക സൗകര്യങ്ങളിലൊന്നാണ് കക്കൂസ്. പഞ്ചായത്തിലെ 1228 വീടുകളിൽ നിലവിൽ കക്കൂസ് ഇല്ല. കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും.

പട്ടിക 3

തടസ്സകാരണം		പരിഹാരം
സാമ്പത്തിക പ്രശ്നം	-	സർക്കാർ-അർദ്ധസർക്കാർ സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താം.
സ്ഥലപരിമിതി (കോളനികളിലും മറ്റും)	-	പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിച്ചു പരിഹരിക്കാം.
ആവശ്യകത (ബോധ്യപ്പെടാത്തതിനാൽ)	-	ബോധവൽക്കരണ പരിപാടികൾ ചർച്ചാ ക്ലാസുകൾ, പ്രദർശനങ്ങൾ തടങ്ങിയവ സംഘടിപ്പിക്കുക.

കക്കൂസ് നിർമ്മാണ രംഗത്ത് പഞ്ചായത്തിൽ ഇന്ന് പുതിയ പല പദ്ധതികളും നടപ്പിൽ വന്നിട്ടുണ്ട്. ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്ക് നടപ്പിലാക്കുന്ന നിർമ്മൽ 2000 പദ്ധതി ഇതിനൊരുദാഹരണമാണ്. മറ്റു സഹകരണ സംഘങ്ങളും സന്നദ്ധ സംഘങ്ങളും ഇത്തരം പദ്ധതി നടപ്പിലാക്കിയാൽ എല്ലാവർക്കും കക്കൂസ് എന്ന ലക്ഷ്യത്തിലെത്താൻ അധികകാലം വേണ്ടി വരില്ല.

പരിസര ശുചിത്വം:- വ്യവസായ വൽക്കരണം വളരെ കുറഞ്ഞ പ്രദേശമാകയാൽ പരിസര മലിനീകരണം ഗുരുതരമല്ല. എന്നിരിക്കിലും പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിൽ നിന്നും മലിനീകരണത്തെക്കുറിച്ച് പരാതികൾ ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്തു പ്രദേശം നഗരവൽക്കരണ പ്രവണതയും ജനസാന്ദ്രതയിലുള്ള വർദ്ധനവും പ്രശ്നം രൂക്ഷമാക്കുന്നു. ശുചീകരണ പ്രവർത്തനത്തിനായി പഞ്ചായത്തടിസ്ഥാനത്തിൽ പദ്ധതികൾ ആഴിഷ്കരിച്ച് നടപ്പിലാക്കണം.

പ്രശ്നങ്ങളും പരിഹാരങ്ങളും

ഗ്രാമസഭകളിൽ ഉയർന്നുവന്ന പരശ്നങ്ങളും പരിഹാരങ്ങളും താഴെ പറയുന്ന വിധം ക്രോഡീകരിക്കാം.

1. പഞ്ചായത്തിന്റെ രണ്ടാം വാർഡിൽ പ്രവർത്തിക്കുന്ന അലൈഡ് ഫാക്ടറിയിലെ മലിന വസ്തുക്കൾ തോടുവഴി ഒഴുക്കി വിടുന്നു. അത് തടയുവാനും പരിസര മലിനീകരണം ഉണ്ടാകാത്ത വിധത്തിൽ മലിനവസ്തുക്കൾ സംസ്കരിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യണം.

2. അഞ്ചാം വാർഡിൽ സ്ഥാപിക്കുന്ന മെറ്റൽ ക്രഷർ വൻതോതിൽ പരിസര മലിനീകരണം ഉണ്ടാക്കുന്ന ഒന്നാണ്. ഇതിൽ നിന്നുണ്ടാകുന്ന പൊടിമൂലം പല രോഗങ്ങളും ഉണ്ടാകാം. അതിനാൽ ജനസാന്ദ്രത കൂടിയ ഈ സ്ഥലത്ത് മെറ്റൽ ക്രഷർ യൂണിറ്റ് തുടങ്ങുവാൻ അനുവദിക്കാതിരിക്കണം.

3. പഞ്ചായത്തിലെ 6ഉം 7ഉം വാർഡുകളിലൂടെയൊഴുകുന്ന പൊന്നൊഴുകും തോട്ടിലെ ജലം മലിനമാകുന്നു. തോടിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന റബ്ബർ വ്യവസായ ശാലയിൽ നിന്നു പുറത്തുവിടുന്ന മലിന വസ്തുക്കളാണിതിനു കാരണം. ഇത് ഈ പ്രദേശത്തെ ജനങ്ങൾക്ക് പല ആരോഗ്യ പ്രശ്നങ്ങളും സൃഷ്ടിക്കുന്നു.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്ന അറവുശാലകളൊന്നും നിയമാനുസൃതമായി പ്രവർത്തിക്കുന്നവയല്ല. ഇവയ്ക്കുള്ള ലൈസൻസിംഗ് കർശനമാക്കുകയും അതിനുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നണ്ടെന്നുറപ്പു വരുത്തുകയും ചെയ്യണം. പഞ്ചായത്ത് മുൻകൈ എടുത്ത് ആധുനിക സജ്ജീകരണങ്ങളോടു കൂടിയ അറവുശാല സ്ഥാപിക്കണം.

പൊതുശ്മശാനം

പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം സ്ഥാപിക്കണം. പഞ്ചായത്തിനു മുഴുവൻ സൗകര്യപ്രദവും ശ്മശാനത്തിനു യോഗ്യവുമായ ഒരു സ്ഥലത്തു വേണം നിർമ്മിക്കുവാൻ.

രക്ത നിർണ്ണയ ക്യാമ്പുകൾ

വാർഡു തലങ്ങളിൽ രക്തനിർണ്ണയ ക്യാമ്പ് നടത്തി രക്തഗ്രൂപ്പുകൾ ശേഖരിച്ചുവച്ച് അത്യാവശ്യ സന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്തുവാനുള്ള സൗകര്യം ഉണ്ടാക്കണം.

ഔഷധ സസ്യകൃഷി

റബ്ബറിന് ഇടവിളയായി കൃഷി ചെയ്യാവുന്ന ഔഷധ സസ്യങ്ങൾ കർഷകരിലെത്തിക്കുകയും അവയുടെ കൃഷിയെ പ്രോത്സാഹിപ്പിക്കുകയും വിപണന സൗകര്യങ്ങൾ സംഘടിപ്പിക്കുകയും ചെയ്യണം.

പഞ്ചായത്ത് വാസികളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാനുള്ള പുകവലി, പുകയില കൂട്ടിയുള്ള മുറുക്കൽ, മദ്യപാനം എന്നിവ ബോധവൽക്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രണ വിധേയമാക്കണം. പൊതു സ്ഥാപനങ്ങളിലുള്ള പുകവലി, വെറ്റില മുറുക്കൽ ഇവ

അറവുശാലകൾ										
വാർഡ്	1	2	3	4	5	6	7	8	9	10
എണ്ണം	1	—	1	—	2	1	2	1	1	
ലൈസൻസ്	Nil		Nil		Nil	Nil	Nil	Nil	Nil	

തടയുവാനുള്ള പ്രവർത്തനങ്ങൾ ഉണ്ടാവണം. നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായും ശാസ്ത്രീയമായും പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളെ കൂട്ടിയിണക്കിയാൽ എലിക്കുളം പഞ്ചായത്ത് ശുചിത്വ പൂർണ്ണമായ ആരോഗ്യഗ്രാമമാക്കുക എന്നുള്ള സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ നമുക്കു കഴിയും.

ശുചിത്വം

ഹോട്ടലുകളിൽ നിന്നും, റ്റീഷോപ്പുകളിൽ നിന്നും മലിനജലം റോഡുകളിലേയ്ക്കും, തോടുകളിലേയ്ക്കും ഒഴുക്കിക്കളയുന്നത് തടയുക. മലിനവസ്തുക്കൾ സംസ്കരിക്കാൻ സൗകര്യമുണ്ടാക്കുക

കുടിവെള്ളം

10-ാം വാർഡിന്റെ 2/3 ഭാഗം വരുന്ന പുതിയകം, വെളയന്നൂർ നരിയനാനി എന്നീ ഭാഗങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി മാന്തറത്തോട്ടിൽ മൂഴിപ്പുറം ഭാഗത്ത് കുളം നിർമ്മിച്ചു പമ്പുഹൗസ് സ്ഥാപിച്ചു പുരിയകം ഭാഗത്ത് ടാങ്കു നിർമ്മിച്ച് ജലവിതരണം നടത്തുക.

5-ാം വാർഡിൽ പാലുമടക്കിൽ തോട്ടിൽ കുളം കുഴിച്ച് കുടിവെള്ള സൗകര്യം ഉണ്ടാക്കുക.

വെള്ളാങ്കാവ് വാട്ടർ സപ്ലൈ സ്കീം

വെള്ളാങ്കാവു ഭാഗത്ത് നിലവിലുള്ള കിണറും കുളവും സുരക്ഷിതമാക്കി വെള്ളം പമ്പു ചെയ്ത് 10-ാം വാർഡിൽ കുന്നപ്പള്ളി കുന്നിൽ ടാങ്കു നിർമ്മിച്ച് അക്കരക്കുന്നുഭാഗം ഉൾപ്പെടെ ജലവിതരണം ചെയ്യാനുള്ള പദ്ധതി നടപ്പാക്കുക.

9-ാം വാർഡിലെ മുഴുവൻ ഭാഗങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. അതിനു പരിഹാരമുണ്ടാകണം.

V വ്യവസായം

പണിശാലകൾക്ക് മേൽ പുതിയ യജ്ഞത്തിന്റെ പുക ഉയരുന്നു.

മറ്റു പല സംസ്ഥാനങ്ങളെ അപേക്ഷിച്ച് വ്യവസായികമായി പിന്നോക്കം നിൽക്കുന്ന സംസ്ഥാനമാണ് കേരളം. അഭ്യസ്ഥവിദ്യരായ തൊഴിലില്ലാത്തവരുടെ എണ്ണം നാൾക്കു നാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്ത് വ്യവസായവല്കരണത്തിലൂടെ മാത്രമേ ഒരു പരിധി വരെയെങ്കിലും ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളു. പൊതുമേഖലയിലായാലും സ്വകാര്യമേഖലയിലായാലും വൻകിടവ്യവസായങ്ങൾകൊണ്ടുമാത്രം ഇതിനു പരിഹാരം ഉണ്ടാക്കാൻ സാധ്യമല്ല. പ്രാദേശിക പരിതസ്ഥിതിക്കനുസരണമായ ആസൂത്രണത്തിലൂടെ സംസ്ഥാനഗവൺമെന്റും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളും വ്യവസായ വളർച്ചയ്ക്കാവശ്യമായ വിവിധ പദ്ധതികളിലേയ്ക്ക് ശ്രദ്ധകേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു.

എലിക്കുളം പഞ്ചായത്തിന് വ്യവസായ മേഖലയിൽ കാര്യമായ നേട്ടമൊന്നും കൈവരിക്കുവാൻ സാധിച്ചിട്ടില്ല. പരമ്പരാഗതകുടിൽ വ്യവസായങ്ങളായ കുട്ടനെയ്ത്ത്, പനമ്പുനെയ്ത്ത്, ഗ്രാമീണ എണ്ണയാട്ടു വ്യവസായം, ഇരുമ്പുപണി, മരപ്പണി എന്നിവ ഒഴികെ മറ്റ് വൻകിട ചെറുകിട വ്യവസായങ്ങൾ ഒന്നും തന്നെ എലിക്കുളം പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. പരമ്പരാഗത കുലത്തൊളിലുകളായി വിവിധ നിർമ്മാണ വ്യവസായജോലികൾ ചെയ്തുവന്നിരുന്നവർ തങ്ങളുടെ വീടുകൾ കേന്ദ്രമാക്കി കുടിൽവ്യവസായങ്ങളും പ്രവ2ത്തിച്ചിരുന്നു. എന്നാൽ ഇവയിൽ പലതും നാമാവശേഷമായിരിക്കുന്നു.

എലിക്കുളം പഞ്ചായത്തിൽ പൊതുമേഖലാ വ്യവസായങ്ങളൊന്നും തന്നെയില്ല. സ്വകാര്യമേഖലയിൽ 49 ചെറുകിട യൂണീറ്റുകളാണുള്ളത്. 187 പുരുഷന്മാരും 80 സ്ത്രീകളും ഉൾപ്പെടെ 267 ആളുകൾ ഇവിടെ തൊഴിൽ ചെയ്യുന്നു. ബ്ലോക്കുതല ട്രൈസം പരിശീലനം ലഭിച്ച 101 പരിശീലകർ ഈ പഞ്ചായത്തിലുണ്ട്. കരിപൗഡർ നിർമ്മാണം, തയ്യൽ രംഗം എന്നീ വിഭാഗങ്ങളിൽ കൂടുതൽ സ്ത്രീകൾ പ്രവർത്തിച്ചുവരുന്നു. വ്യവസായ മേഖലയിൽ അടുത്തകാലത്ത്മാത്രമാണ് അല്പം പുരോഗതി ഉണ്ടായത്. 1985 ൽ സ്വകാര്യമേഖലയിൽ മല്ലികശ്ശേരി കേന്ദ്രമായി ആരംഭിച്ച 'കോക്കാട്ട് ഫാർമസ്യൂട്ടിക്കൽസ്' എന്ന ഔഷധനിർമാണശാലയാണ് ഈ പഞ്ചായത്തിലെ ഏകവൻകിട വ്യവസായ സ്ഥാപനം. ആരംഭത്തിൽ രണ്ടുലക്ഷം രൂപാമുതൽ മുടക്കി പ്രവർത്തനം ആരംഭിച്ച ഫാക്ടറി ഇപ്പോൾ 80 ലക്ഷംരൂപ മുതൽമുടക്കി വലിയ വ്യവസായ യൂണീറ്റായി പ്രവർത്തിക്കുന്നു. ഇവിടെ ജീവൻ രക്ഷാഔഷധം ഉല്പാദിപ്പിക്കുന്നു. 49 പുരുഷന്മാരും 45 സ്ത്രീകളും ഇവിടെ ജോലിചെയ്യുന്നു. ജീവനക്കാർക്ക് പ്രതിമാസം 1800 രൂപാ വേതനം ലഭിച്ചുവരുന്നു. ഫാക്ടറിക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ അന്യസംസ്ഥാനങ്ങളിൽ നിന്നുകൊണ്ടുവരുന്നു. കേരളം, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലാണ്ട ഔഷധം കൂടുതലും വിറ്റഴിക്കുന്നത്. ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായസ്ഥാപനമാണിത്.

1995 ൽ മല്ലികശ്ശേരിയിൽ റബ്ബർ ഹോളോമാറ്റ് ഫാക്ടറി ആരംഭിച്ചു. 12 പുരുഷന്മാരും 8 സ്ത്രീകളും അവിടെ ജോലിചെയ്യുന്നു. പുരുഷന്മാർക്ക് 80 രൂപയും സ്ത്രീകൾക്ക് 50 രൂപയും കൂലിയായി ലഭിക്കുന്നു. ഇവിടെ ഉല്പാദിപ്പക്കുന്ന സാധനങ്ങൾ കേരളത്തിലും കൂടാതെ സൗദി അറേബ്യയിലും മറ്റു യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കും കയറ്റി അയയ്ക്കുന്നു. 45 ലക്ഷം രൂപാ മുതൽമുടക്കുള്ള ഈ സ്ഥാപനം ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നു.

കൂരാലി കേന്ദ്രമായി ഫോംബഡ്സ് നിർമ്മിക്കുന്ന 'അലൈഡ് റബ്ബർ ഇൻഡസ്ട്രീസ്' എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ഇവിടെ 15 ജീവനക്കാർ പണിയെടുക്കുന്നു. പ്രതിദിനം ശരാശരി 60 രൂപ കൂലിയാണ് ഇവർക്കു ലഭിക്കുന്നത്. ' ക്രീമെക്സ് റബ്ബർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം 5-ാം വാർഡിൽ പ്രവർത്തിക്കുന്നു. റബ്ബർപാൽ ജലാംശം മാറ്റി കെമിക്കൽസ് ചേർത്ത് പശയുണ്ടാക്കുന്നു. ലതർ, റെക്സിൻ മുതലായവ ഒട്ടിക്കുന്നതിന് ഈ പശ ഉപയോഗിക്കുന്നു. മൂന്നു തൊഴിലാളികൾ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. കൂടാതെ റബ്ബർപാൽ ഉപയോഗിച്ച് ത്രഡ് ഉണ്ടാക്കുന്നു. 3 പുരുഷന്മാരും 9 സ്ത്രീകളും ഇവിടെ ജോലിചെയ്യുന്നു. പുരുഷന്മാർക്ക് 60 രൂപയും സ്ത്രീകൾക്ക് 30 രൂപയും ആണ് കൂലിയായി ലഭിച്ചുകൊണ്ടിരിക്കുന്നത്.

മൂന്നാം വാർഡിലുള്ള 'അമൃത ഇൻഡസ്ട്രീസ്' എന്ന സ്ഥാപനം റബ്ബർ നൂൽ ഉല്പാദിപ്പിക്കുന്നു. ദിവസക്കൂലി അടിസ്ഥാനത്തിൽ 2 പുരുഷന്മാരും 4 സ്ത്രീകളും ഇവിടെ ജോലി ചെയ്യുന്നുയ ശരാശരി 35 രൂപാവരെയാണ് ഇവരുടെ വരുമാനം.

8-ാം വാർഡിൽ ഇളങ്ങുളം റബ്ബേഴ്സ് എന്ന പേരിൽ റബ്ബർ ബാൻഡ് നിർമ്മാണ ഫാക്ടറി പ്രവർത്തിക്കുന്നു. ഒരു പുരുഷനും 4 സ്ത്രീകളും ഉൾപ്പടെ 5 പേർ ഇവിടെ ജോലിചെയ്യുന്നു. ഗ്ലൗസ്, ബലൂൺ, എന്നീവകൂടി ഉല്പാദിപ്പിച്ച് കൂടുതൽ വിപുലീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

8-ാം വാർഡിൽ അടുത്തകാലത്താരംഭിച്ച കാംകോസ് എന്ന എലിക്കുളം സോഷ്യൽ ഡവലപ്മെന്റ് സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനം പാൽ സിപ് അപ്പ് നിർമ്മിച്ച്. വരുന്നു.

ഈ പഞ്ചായത്തിലെ 4 തടിമില്ലുകളിലായി 15 തൊഴിലാളികൾ പ്രവർത്തിച്ചു വരുന്നു. ഇവരുടെ പ്രതിദിന വേദനം 100 രൂപയാണ്. 2-ാം മൈൽ കേന്ദ്രമായി മിഷാ മാച്ച് ഇൻഡസ്ട്രീസ് എന്ന സ്ഥാപനം 16 വർഷമായി പ്രവർത്തിച്ചു വരുന്നു. തീപ്പെട്ടി നിർമ്മാണത്തിനാവശ്യമായ വീനേഴ്സ് ആണ് ഇവിടുത്തെ ഉല്പന്നം. 6 ലക്ഷം രൂപ ആസ്തിയുള്ള ഈ സ്ഥാപനത്തിൽ 2 പുരുഷന്മാരും 7 സ്ത്രീകളും ജോലി ചെയ്യുന്നു. പുരുഷന്മാർക്ക് 50 രൂപയും സ്ത്രീകൾക്ക് 30 രൂപയുമാണ് കൂലിയിനത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ പഞ്ചായത്തിൽ 12 ഓട്ടോ മൊബൈൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇവിടെ 13 തൊഴിലാലികൾ ജോലി ചെയ്യുന്നു. പ്രതിദിന വരുമാനം 80 രൂപയാണ്. സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 2 റെഡിമെയിഡ് സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. 12 സ്ത്രീകൾ ഈ രംഗത്ത് പണിയെടുക്കുന്നു.

2-ാം മൈൽ കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്ന ഹോളോ ബ്രിക്സ് യൂണിറ്റിൽ 3 ജീവനക്കാരുണ്ട്. പ്രതിദിനം 90 രൂപ ഇവർക്കു കൂലിയായി ലഭിക്കുന്നു. കെട്ടിടനിർമ്മാണ സാമഗ്രികളും ഫർണ്ണിച്ചറുകളും ഓർഡർ അനുസരിച്ച് സഹകരണാടിസ്ഥാനത്തിൽ നിർമ്മിച്ചു കൊടുക്കുന്ന ഒരു സ്ഥാപനം കൂരാലിക്കു സമീപം പ്രവർത്തിക്കുന്നു. 7 തൊഴിലാളികൾ പീസ് റേറ്റ് നിരക്കിൽ ജോലി ചെയ്യുന്നു. ഇവരുടെ വേതനം 125/- രൂപയാണ്. കരിങ്കൽ ക്വാറിയിൽ പണിയെടുക്കുന്ന 7 പുരുഷന്മാരും 3 സ്ത്രീകളും ഈ പഞ്ചായത്തിലുണ്ട്. പ്രതിദിനം 100 രൂപ കൂലി ഇവർക്കു ലഭിക്കുന്നുണ്ട്.

കുടിൽ വ്യവസായ മേഖലയിൽ പ്ലാസ്റ്റിക്ക് ഉപകരണങ്ങൾ നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റ് രണ്ടാം വാർഡിൽ പ്രവർത്തിക്കുന്നു. 7 അംഗങ്ങൾ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. ഇരുമ്പുപണി നടത്തുന്ന 8 ആലകൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഈ പഞ്ചായത്തിൽ 4 ഫർണ്ണിച്ചർ വർക്ക്ഷോപ്പുകൾ പ്രവർത്തിക്കുന്നു. ഇവിടെ 6 പേർ പണിയെടുക്കുന്നു. 125 രൂപ മുതൽ 150 രൂപവരെയുള്ള വേതനം ഇവർക്കു ലഭിക്കുന്നുണ്ട്.

രണ്ടാം മൈൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്രവീൺ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ ഗേറ്റ്, ഗ്രില്ല്, ഫർണ്ണിച്ചർ എന്നിവ നിർമ്മിച്ച് കൊടുക്കുന്നു. ഇവിടെ 4 തൊഴിലാളികൾ പണിയെടുക്കുന്നു. ഈ സ്ഥാപനത്തിന്റെ മൂലധനം ഒന്നരലക്ഷം രൂപയാണ്. 3-ാം വാർഡിൽ വഞ്ചിമല കവലയിൽ പ്രവർത്തിച്ചു വരുന്ന റബ്ബർടെക് എൻജിനിയേഴ്സ് എമന്ന സ്ഥാപനത്തിൽ റബ്ബർ ത്രെഡ് ഉണ്ടാക്കാനുള്ള മെഷിനറികൾ നിർമ്മിക്കുന്നു.

1-ാം വാർഡിൽ കാംകോയുടെ ഉടമസ്ഥതയിലുള്ള കൊക്കോ സംഭരണകേന്ദ്രം പ്രവർത്തിക്കുന്നു. പരമ്പരാഗതവ്യവസായത്തിൽ 6 പർപ്പടകയൂണിറ്റുകൾ പ്രവർത്തിക്കുന്നു. 6 കുടുംബങ്ങൾ ഇതിനെ ആശ്രയിച്ചു ജീവിക്കുന്നു.

ഈ പഞ്ചായത്തിൽ 3 പ്രസ്സുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 2 പ്രസ്സുകൾ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവയാണ്. ഇതിൽ 9 തൊവിലാളികൾ പണിയെടുക്കുന്നു. പുരുഷന്മാർക്ക് 60 രൂപയും സ്ത്രീകൾക്ക് 30 രൂപയാണ് കൂലിയായി ലഭിക്കുന്നത്.

യൂണിറ്റായി പ്രവർത്തിക്കുന്ന ഓയിൽ മിൽ കൂരാലിയിൽ ഉണ്ട്. ഇവിടെ 3 തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇവരുടെ പ്രതിദിന വേതനം 60 രൂപയാണ്. കൂരാലി, 7-ാം മൈൽ എന്നീ കേന്ദ്രങ്ങളിൽ രണ്ട് സോഡാ ഫാക്ടറി പ്രവർത്തിക്കുന്നുണ്ട്.

എലിക്കുളം പഞ്ചായത്തിൽ 6 ഫ്ലവർ മില്ലുകൾ പ്രവർത്തിച്ചുവരുന്നു കൂടാതെ 2 കറിപൗഡർ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇതിൽ ഒരെണ്ണം 9 സ്ത്രീകൾ ചേർന്നു നടത്തുന്ന ഒരു വനിതാ സംരംഭം ആണ്.

ഹവായ് ചപ്പൽ നിർമ്മിക്കുന്ന 2 യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കെട്ടിട നിർമ്മാംണ രംഗത്ത് പ്രവർത്തിക്കുന്ന 50- ഓളം തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. കൂടുതലും തമിഴ്നാട്ടിൽനിന്നും വന്നിട്ടുള്ള തൊഴിലാളികൾ ആണ്.

മൊത്തം തൊഴിൽ മേഖലയിൽ പുരുഷന്മാരുടെ ആധിപത്യം കാണാമെങ്കിലും ഇവിടെയുള്ള വ്യവസായങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവല്ല. എല്ലാ മേഖലയിലും സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട്. 40-14 കി.മീറ്റർ വിസ്തീർണ്ണവും 25,000 ത്തോളം വരുന്ന ജനസംഖ്യയും 5244 വീടുകളുമുള്ള ഈ പഞ്ചായത്തിൽ നിത്യോപ

യോഗ സാധനങ്ങളുടെ നല്ലൊരു വിപണിയായിട്ടും പ്രസ്തുത ഉല്പന്നങ്ങൾ ഉണ്ടാക്കി വില്ക്കുന്ന ഒരു വ്യവസായ യൂണിറ്റുപോലും വളർന്നു വരാത്തത് ഗൗരവമായിട്ട് എടുക്കണം.

ഈ പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായ വികസനത്തിന് ആവശ്യമായിട്ടുള്ള അനുകൂല ഘടകങ്ങൾ ഉണ്ടായിട്ടും വേണ്ട തോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ സാധിക്കാത്തതിന്റെ കാരണം പ്രധാനമായും താഴെ പറയുന്നവയാണ്.

1. മുഖ്യകാർഷികോല്പന്നമായ റബ്ബർ, വ്യവസായരംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.
2. വൈദ്യുതിയുടെ ദൗർലഭ്യം
3. സാങ്കേതിക പരിജ്ഞാനക്കുറവ്
4. ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്
5. വിപണന സാദ്ധ്യതകുറവ്
6. സാങ്കേതിക പരിശീലനം ലഭിച്ചിട്ടുള്ള തൊഴിൽരഹിതർക്ക് തൊഴിൽ നൽകുവാനുള്ള പദ്ധതികൾ ഇല്ല.
7. മറ്റ് വ്യവസായ മേഖലകളുമായുള്ള സമ്പർക്കരാഹിത്യം.
8. വ്യവസായ സാദ്ധ്യതകളേയും, വിപണികളേയും, നിയമങ്ങളേയും കുറിച്ചുള്ള പരിജ്ഞാനമില്ലായ്മ
9. ഗതാഗതസൗകര്യങ്ങളുടെ കുറവ്.

സാദ്ധ്യതകൾ

പരമ്പരാഗത മേഖലയിൽ ജോലിചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്. ഈ രംഗത്തുള്ള അസംസ്കൃത വസ്തുക്കളുടെ കുറവ്. ഉദാ:- തെങ്ങ്, ചിരട്ട, ഈറ്റ മുതലായവ സുലഭമായി ലഭിച്ചാൽ ഈ രംഗത്ത് തൊഴിൽ സാദ്ധ്യത കൂടുതലാണ്.

ഈ പഞ്ചായത്തിൽ സുലഭമായി ഉള്ളത് റബ്ബർ ആണെങ്കിലും അതുപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ എണ്ണം വളരെ കുറവാണ്. റബ്ബർ ഉപയോഗിച്ചുള്ള വിവിധയിനം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിലേക്ക് കൂടുതൽ വ്യവസായസംരംഭകരെ ആകർഷിക്കാനും റബ്ബർ കോംപ്ലക്സ് തന്നെ സ്ഥാപിക്കാനുള്ള സാദ്ധ്യത ഈ പഞ്ചായത്തിലുണ്ട്.

ഖാദിമേഖല

4-ാം വാർഡിൽ പ്രവർത്തിച്ചിരുന്ന ഖാദി ഗ്രാമ വ്യവസായം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇതിനെ പീഡിത വ്യവസായങ്ങളുടെ പട്ടികയിൽപ്പെടുത്തി പുനരുദ്ധാരികാനുള്ള നടപടികൾ സ്വീകരിക്കണം.

ഇവിടെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കുവാൻ സാദ്ധ്യതയുള്ള യൂണിറ്റുകൾ:

1. തെങ്ങ് റബ്ബർ എന്നിവകൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണിച്ചറും
2. കന്നുകാലിത്തീറ്റ
3. ചിപ്പ്സ് നിർമ്മാണ് (നേന്ത്രക്കായ, കപ്പ മുതലായവ)
4. പഴം ജാമുകൾ, (കൈതച്ചക്ക, നേന്ത്രപ്പഴം, മാങ്ങാ)

ചുരുങ്ങിയ മുടക്കിൽ കമ്പോളം ലഭിക്കുവാൻ സാധ്യതയുള്ള വ്യവസായങ്ങൾ

1. ശാസ്ത്രീയമായ കോഴിവളർത്തൽ
2. ആധുനികരീതിയിലുള്ള ആയുർവ്വേദമരുന്നു നിർമ്മാണം
3. മരം, ഫർണിച്ചർ
4. ഹവായ് ചെരുപ്പ്
5. സ്കൂൾ ബാഗ്
6. പ്ലാസ്റ്റിക്ക് ബട്ടൺസ്
7. ക്ലീനിംഗ് പൗഡർ

സഹകരണമേഖലയിൽ വനിതകൾക്കു സാദ്ധ്യതയുള്ള വ്യവസായങ്ങൾ

1. ഉന്നതനിലവാരമുള്ള റെഡിമെയിഡ് വസ്ത്രങ്ങൾ
2. സോപ്പുപൊടി നിർമ്മാണം
3. പേപ്പർ കവർ നിർമ്മാണം
4. കടനോട്ടുബുക്ക് നിർമ്മാണം
5. സ്റ്റീൽ ഫർണിച്ചർ
6. കൂൺകൃഷി
7. സിമിന്റ് ഇഷ്ടിക നിർമ്മാണം
8. കിടക്കനിർമ്മാണം

വൻകിട വ്യവസായം

1. എലിക്കുളം പഞ്ചായത്ത് കേന്ദ്രീകരിച്ച് റബ്ബർതടി സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുക.

2. 6,7 വാർഡുകൾ കേന്ദ്രീകരിച്ച് വൻകിട റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റ്

3. 1,2 വാർഡു കേന്ദ്രീകരിച്ച് കൊക്കോ സംസ്ക്കരണ യൂണിറ്റ്

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. 1-ാം വാർഡിൽ വൻകിട റബ്ബർ അധിഷ്ഠിത വ്യവസായം ആരംഭിക്കുക.

2. സഹകരണമേഖലയിൽ ക്രീപ്പ് മിൽ, ക്രംബ് റബ്ബർ ഫാക്ടറി സ്ഥാപിക്കുക.

3. കൊക്കെ വ്യവസായം

4. റബ്ബർ തടിസംസ്ക്കരണം

5. ബലൂൺ കയ്യുറ വ്യവസായം

6. വനിതകൾക്കായി ടെയിലറിംഗ് സെന്ററുകൾ സ്ഥാപിക്കുക.

7. മുട്ടക്കോഴി, ഇറച്ചിക്കോഴി വളർത്തൽ ഇവ ആരംഭിക്കുക.

8. ജൈവവളം

9. സഹകരണമേഖലയിൽ സ്വകാര്യവ്യക്തികൾക്ക് വ്യവസായം തുങ്ങുന്നതിന് പഞ്ചായത്തു സബ്സീഡി അനുവദിക്കുക.

10. ഫോം, ചെരുപ്പു വ്യവസായം ഇവ ആരംഭിക്കുക

11. റബ്ബർ വെയിസ്റ്റ് പൊടിച്ച് ചെരിപ്പുനിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തു ഉണ്ടാക്കുന്ന യൂണിറ്റ് ആരംഭിക്കുക.

12. കറിപൗഡർ, അച്ചാറുപൊടി യൂണിറ്റ് ആരംഭിക്കുക.

13. സോമിൽ ഥാപിച്ച് പാക്കിംഗ് കേയ്സ് നിർമ്മാണം.

നിർദ്ദേശങ്ങൾ

1. വ്യവസായം തുടങ്ങുന്നതിന് താൽപ്പര്യമുള്ള ഇവരുടെ പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിനാവശ്യമായ പരസ്യം നൽകുകയും അതിൽ നിന്നും വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിന് വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്യുക.

2. ഇവിടെ സുലഭമായി റബ്ബർ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസയാങ്ങളെപ്പറ്റി ബോധനവൽക്കരണം നടത്തുന്നതിന് റബ്ബർ ബോർഡുമായി ബന്ധപ്പെട്ട് പരിശീലനം സംഘടിപ്പിക്കുക.

3. റെഡിമെയിഡ് വ്യവസായം തുടങ്ങുന്നവർക്ക് പ്രസ്തുത രംഗത്തുള്ള നവീന രീതികളെപ്പറ്റിയും വിപണനസാദ്ധ്യതയെപ്പറ്റിയും വിദഗ്ദ്ധ പരിശീലനം നൽകുക.

4. വ്യവസായ രംഗത്തേയ്ക്കു വരുന്നവർക്ക് വൈദ്യുതി ഉറപ്പുവരുത്തുന്നതിനുള്ള ത്രീഫെയിസ് കണക്ഷൻ ലഭ്യമാക്കിക്കൊടുക്കുക.

5. വ്യവസായ സംരംഭകരെ നിരന്തരമായി പ്രത്സാഹിപ്പിക്കുക.

6. എല്ലാ വാർഡുകളിലും മാതൃകാ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

7. പരിസ്ഥിതി മലിനീകരണത്തിനിടയാകാതെ വ്യവസായശാലകൾ ആരംഭിക്കണം.

8. ഈ പഞ്ചായത്തിൽ ഉചിതമായ സ്ഥലത്ത് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കണം.

9. കളിപ്പാട്ടം, റബ്ബർ ക്രീം എന്നിവ നിർമ്മിക്കാനുള്ള സംരംഭമുണ്ടാകണം.

10. വ്യവസായ യൂണിറ്റുകൾക്ക് കുറഞ്ഞ പലിശയ്ക്ക് സൗജന്യനിരക്കിൽ വൈദ്യുതിയും നൽകുക.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിന് അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിടവ്യവസായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കുവാൻ കഴിയും. ഇതിന്റെ ഫലമായി പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടും. അതോടൊപ്പം ജനങ്ങളുടെ സാമൂഹിക - സാമ്പത്തിക - സാംസ്ക്കാരിക പുരോഗതിക്ക് ഈ സംരംഭം ആക്കം കൂട്ടുകയും ചെയ്യും.

VI. ഗതാഗതം - ഊർജ്ജം

പുതിയ പാതകൾ പുതിയ യാത്രകൾ



"ചരൈവ ചരൈവ" എന്ന ഉപനിഷദ് മന്ത്രത്തിന്റെ ആശയം ഇതാണ്. ഇരിക്കുന്നവനും കിടക്കുന്നവനും ഒന്നും കാണുന്നില്ല, അറിയുന്നില്ല. നടക്കുന്നവനേ അറിയുന്നുള്ളു. മുള്ളു മുരടു മൂർഖൻ പാമ്പുകൾ നിറഞ്ഞ ഒറ്റയടിപ്പാതകളും ഇടവഴികളും റോഡുകളായി മാറുകയും തലങ്ങും വിലങ്ങും പല നിലവാരത്തിലുള്ള പാതകളുടെ ശൃംഖല രൂപപ്പെടുകയും ചെയ്ത ചരിത്രമാണ് കഴിഞ്ഞ ഒരു നൂറ്റാണ്ടായി നമ്മുടെ പഞ്ചായത്തിലുള്ളത്. ഗതാഗതത്തിന് റോഡുകളെ മാത്രം ആശ്രയിക്കുന്ന ഇവിടുത്തെ വീഥികളിൽ പ്രധാനപ്പെട്ടവ എല്ലാം തന്നെ അതതുകാലത്തെ ജനങ്ങളുടെ സംഘശക്തി ഉണർന്ന് പ്രവർത്തിച്ചതിന്റെ ഫലം തന്നെയാണ്. സർക്കാരിന്റെ വിവിധ പദ്ധതികളുടെ ഫലമായി വെട്ടിയ വഴികളിൽ മിക്കതും ടാറിടാതെ തന്നെ നിലനിൽക്കുന്നു. ജോലിക്കു ഭക്ഷണം എന്ന പരിപാടിയിൽ നിർമ്മിക്കപ്പെട്ട ഒരു റോഡിന് നാട്ടുകാർ ഗോതമ്പ് റോഡ് എന്ന പേരിട്ട കഥ (പനമറ്റം) നർമ്മബോധത്തോടെ സ്മരിക്കാം. മിക്കറോഡുകൾക്കും അനുയോജ്യമായ വീതിയില്ല എന്നത് ചിന്താർഹമായ വിഷയമാണ്. മുഖ്യമായും കാർഷിക സംസ്ക്കാരം അടിത്തറയുള്ള നമ്മുടെ പഞ്ചായത്തിൽ കർഷകർക്ക് സഹജമായുള്ള മണ്ണിനോടുള്ള ജൈവബന്ധം റോഡുകൾക്ക് വേണ്ടത്ര വീതി നൽകുന്നതിൽ നിന്ന് അവരെ പിന്തിരിപ്പിക്കുന്ന പ്രവണത ഇന്നും ഇവിടെ നിലനിൽക്കുന്നു. വിദ്യാസമ്പന്നരായ ധാരാളം ഇടത്തരക്കാരും വിശിഷ്യ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ പണിയെടുക്കുന്ന ഉദ്യോഗസ്ഥരും ഉള്ള ഈ പഞ്ചായത്തിലെ ആകെയുള്ള റോഡുകളിൽ പലതും ടാറിടാത്തതായി അവശേഷിക്കുന്നത് മുൻപു പറഞ്ഞ സ്വഭാവത്തിന്റെയും അതിനെ മറികടക്കാനുള്ള ഈ നിദർശനമാണ്. എങ്കിൽപ്പോലും ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ പരിശോധിക്കുമ്പോൾ റോഡിന്റെ കാര്യത്തിൽ ഈ പഞ്ചായത്ത് സ്വയം പിര്യാപ്തത കൈവരിച്ചിരിക്കുന്നതായി കാണാവുന്നതാണ്.

ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന മുഖ്യപാത മൂവാറ്റുപുഴ - പുനലൂർ ഹൈവേയുടെ ഭാഗമായ പാല - പൊൻകുന്നം റോഡാണ്. ഈ റോഡിന്റെ പനമറ്റം കവല മുതൽ ഒന്നാം മൈൽ വരെയുള്ള ഭാഗങ്ങൾ ഇന്നത്തെ ദിശയിലല്ല സർവ്വെ ചെയ്യപ്പെട്ടിരുന്നതെന്നും, തീണ്ടൽ തൊടീൽ തുടങ്ങിയ അനാചാരങ്ങളിൽ വിശ്വസിച്ചിരുന്ന അക്കാലത്തെ സവർണ്ണർ എതിർത്തതിനാലാണ് ഇന്നത്തെ മാതിരി മാറിപ്പോയതെന്നും പഴമക്കാർ പറയുന്ന കഥയ്ക്ക് വിശ്വാസ്യമായ ആധികാരിക തെളിവുകളില്ല. എങ്കിലും അസ്പൃശ്യത അരനൂറ്റാണ്ടിനു മുമ്പുവരെ ശക്തമായി നിലനിന്നിരുന്നുവെന്ന് ഇന്ന് ജീവിച്ചിരിക്കുന്ന മദ്ധ്യവയസ്സുകഴിഞ്ഞ തലമുറയുടെ അനുഭവസാക്ഷ്യം ഈ കെട്ടുകഥയെ വിശ്വാസ്യമാക്കുനുണ്ട്. റോഡുകൾ പോലുള്ള പ്രാഥമിക വികസനസംരംഭങ്ങളെപ്പോലും അനാചാരങ്ങൾ തടഞ്ഞിരുന്നുവെന്ന സത്യം ഇതിൽ നിന്ന് വെളിവാകുന്നു.

ഈ പഞ്ചായത്തിലെ മൂന്നോ നാലോ P.W.D. റോഡുകൾ ഒഴിച്ചാൽ മറ്റെല്ലാ റോഡുകളും ജനശക്തി ഒന്നു മാത്രം കൊണ്ട് തീർന്നതാണ്. ഈ കാര്യത്തിൽ സ്ഥലത്തെ സാമുദായിക, സാംസ്ക്കാരിക, രാഷ്ട്രീയ സംഘടനകൾ വഹിച്ച പങ്ക് ചിരസ്മരണീയമാണ്.

റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും അവസ്ഥ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാകാലം നടക്കുന്നില്ല. ആവശ്യത്തിനുള്ള ഓടകളുടെയും കലുങ്കുകളുടെയും ആവശ്യത്തിനുള്ള ഫണ്ടിന്റെ അപര്യാപ്തതയും എല്ലാ വികസനപ്രവർനങ്ങൾക്കും തടസ്സമാകുന്നു.

P.W.D. റോഡുകൾ ഒഴിച്ചാൽ ബാക്കി മിക്ക റോഡുകളും ടാർ ചെയ്യാത്തവയോ ഭാഗികമായി ടാർ ചെയ്യപ്പെട്ടവയോ ആണ്. P.W.D. റോഡുകളുടെ ആകെ ദൈർഘ്യം 40 കി.മി. താഴെയാണ്. ടാർ ചെയ്ത പഞ്ചായത്ത് റോഡുകളുടെ ദൈർഘ്യം 11 കി.മി. മാത്രമാവും.

ഈ പഞ്ചായത്തിൽ ബസ് ടെർമിനൽ ഒന്നുപോലും ഇല്ല. ടാക്സി, ഓട്ടോ സ്റ്റാൻഡുകളുടെ സ്ഥിതിയും അതുതന്നെ.

നിർദ്ദേശങ്ങൾ

1. എലിക്കുളം അമ്പലംപടി - ബാങ്ക് പടി ഉദ്ദേശം 0.3 കി. മീറ്റർ ദൈർഘ്യം വരുന്ന പുതിയ റോഡും തോടിന് പാലവും ആവശ്യമാണ്.

2. P.P. റോഡിലുള്ള മഞ്ചക്കുഴി വളവ്, ചീരാംകുഴി ഭാഗത്തുള്ള രണ്ടു വളവുകൾ വള്ളവശ്ശേരി, ഇളങ്ങുളം ചന്തക്കവല ഈ ഭാഗത്തുള്ളഒട്ടേറെ അപകടങ്ങൾക്കു കാരണമാവുന്നുണ്ട്. ഈ പ്രശ്നങ്ങൾ ഉടനടി പരിഹരിക്കേണ്ടതുണ്ട്.

3. P.W.D. റോഡുകളിലും പിന്നീട് വീതി കൂട്ടിയ പഞ്ചായത്ത് റോഡുകളിലും, പലയിടത്തും ടെലഫോൺ, ഇലക്ട്രിക്കൽ പോസ്റ്റുകൾ റോഡിലോട്ടു കയറി ഇന്നും നിൽക്കുന്നതായി കാണുന്നു. ഇവ അകറ്റി സ്ഥാപിക്കാൻ നടപടി എടുക്കണം.

4. 8 മീറ്റർ വീതിയുള്ള പട്ടിക IIൽ പറയുന്ന മൺറോഡുകൾ ഉടൻതന്നെ ടാർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണം.

5. പട്ടിക IIIൽ പറയുന്ന 5 മീറ്ററും അതിനു മുകളിലുള്ളതും എന്നാൽ 8 മീറ്റർ താഴെ വീതിയുള്ളതുമായ റോഡുകൾ വളരെയധികം പ്രാധാന്യമുള്ളവയും പ്രത്യേക സ്കീമുകളിൽ ഉൾപ്പെടുത്തി ഈ പദ്ധതിക്കാലത്തു തന്നെ ടാറിംഗ് പൂർത്തയാക്കേണ്ടതുമാണ്.

6. 5 മീറ്ററിൽ താഴെ വീതിയിലുള്ള പട്ടിക IVൽ കൊടുത്തിരിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ ഉടൻ നടത്തേണ്ടതും ടാറിംഗ് ഘട്ടം ഘട്ടമായി തീർക്കേണ്ടതുമാണ്.

7. മഞ്ചക്കുഴി, വഞ്ചിമല കവല, പനമറ്റം കവല എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കണം.

8. P.P. റോഡിൽ എലിക്കുളം ബാങ്ക് പടി, മോഡി റബ്ബർ നേഴ്സറിക്കു സമീപം, ഇളങ്ങുളം സെൻട്രൽ പബ്ലിക്ക് ലൈബ്രറിക്കു സമീപം കലുങ്കുകൾ അത്യാവശ്യമാണ്.

9. പഞ്ചായത്ത് റോഡുകളിൽ തീരേണ്ട കലുങ്കുകളുടേയും ചപ്പാത്തുകളുടേയും പാലങ്ങളുടേയും വിവരങ്ങൾ പട്ടിക II, III, IV ഇവയിൽ കൊടുത്തിട്ടുണ്ട്.

10. കൂരാലി, മഞ്ചക്കുഴി, പൈക ആശുപത്രിപ്പടി എന്നവിടങ്ങളിൽ ടാക്സിസി, ഓട്ടോ സ്റ്റാൻഡുകൾ നിർമ്മിക്കണം.

11. പനമറ്റം - കൊല്ലങ്കുന്ന് (റോക്കറ്റ് റോഡ്) റോഡിൽ ആവശ്യമുള്ള ഭാഗങ്ങളിൽ നടകൾ നിർമ്മിക്കണം.

സാധ്യതകൾ

1. റോഡുകളുടെ വികസനം, സംരക്ഷണം, അറ്റകുറ്റപ്പണി ഇവകളുടെ നടത്തിപ്പിനായി സന്നദ്ധ സംഘടന രൂപീകരിക്കണം. പഞ്ചായത്തിലെ രണ്ടോ മൂന്നോ വാർഡുകൾ ചേർന്ന ഗ്രൂപ്പുകളും പഞ്ചായത്തു തലത്തിൽ ഒരു കേന്ദ്രകമ്മിറ്റിയും ഉണ്ടാകണം

2. പുതിയ റോഡിന്റെ പണി ആ പ്രദേശത്തെ ആളുകളുടെ സന്നദ്ധപ്രവർത്തനം കൊണ്ട് നടത്തണം. സന്നദ്ധസംഘടകളുടെ കേന്ദ്രകമ്മിറ്റിയുടെ ആഭിമുഖ്യത്തിലായിരിക്കണം ഇത് നടത്തേണ്ടത്.

3. ബഹുജന സഹകരണത്തോടെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താൻ ഒരു കർമ്മ പദ്ധതി രൂപീകരിക്കാവുന്നതാണ്.

4. റോഡിന്റെയും ഓടകളുടെയും നാശത്തിന്റെ കാരണമാണ് റോഡ് വക്കിൽ തടികളുടെ ശേഖരണം. സന്നദ്ധസംഘടനകൾ ഇത് നിയന്ത്രിക്കാൻ ശ്രദ്ധിക്കണം.

5. റോഡ് സംരക്ഷണത്തിന്റെ ചുമതല സന്നദ്ധസംഘങ്ങളെ (ജനകീയ സമിതികൾ) ഏല്പിക്കണം

6. പരിമിതമായ ധനശേഷിയുള്ള ഈ പഞ്ചായത്തിന് ഭീമമായ തുക റോഡ് വികസനത്തിനുവേണ്ടി മാത്രം നീക്കിവയ്ക്കാൻ സാധിക്കുകയില്ല. ഈ ആവശ്യത്തിന് നമ്മുടെ പ്രധാന കൈമുതൽ മുൻകാലങ്ങളിലെന്നപോലെ തന്നെ ജനശക്തിയായിരിക്കണം. ശ്രമദാനം വഴി റോഡുകളുടെ വീതി വർദ്ധിപ്പിക്കാൻ കഴിയണം. റോഡുകളുടെ വികസനത്തിന് ആകെ വരുന്ന ചെലവിന്റെ 1/3 ഭാഗമെങ്കിലും ശ്രമദാനദിവസങ്ങളുടെ വിലയും പൊതുസംഭാവനയും ചേർന്നതാകണം.

ഊർജ്ജം

ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തിയായ വൈദ്യുതി എലിക്കുളം പഞ്ചായത്തിൽ കടന്നു വന്നത് 1958ൽ ആണ്. ഇന്ന് പഞ്ചായത്തിന്റെ എല്ലാ മേഖലയിലും വൈദ്യുതി എത്തിയിട്ടുണ്ട്. മുഴുവൻ കോളനികളും വൈദ്യുതീകരിച്ചു കഴിഞ്ഞു.

വൈദ്യുതിയുടെ കാര്യത്തിൽ ഉല്പാദനത്തേക്കാൾ ഏറിയ ഉപഭോഗമുള്ള സംസ്ഥാനമമാണ് നമ്മുടേത്. ഇവിടെ പ്രസരണ നഷ്ടം വളരെ കൂടുതലാണ്. ഇതിന്റെ പ്രധാനകാരണം റബ്ബർ പ്ലാന്റേഷനിൽ കൂടിയും മറ്റു മരച്ചില്ലകളുടെ ഇടയിൽ കൂടിയും നിർമ്മിച്ചിരിക്കുന്ന വൈദ്യുതി കമ്പികളിൽ മരങ്ങളുടെ ശാഖകൾ മുട്ടിനിൽക്കുന്നത് ഇല്ലാതാക്കാത്തതാണ്.

വെളിച്ചത്തിനു വേണ്ടിയുള്ള പ്രധാന സ്രോതസ് വൈദ്യുതി തന്നെ. ഇതര ഊർജ്ജ സ്രോതസുകൾ റബ്ബർ മരം, തെങ്ങ്, മറ്റു വൃക്ഷങ്ങൾ മുതലായവയാണ്. കാർഷിക മേഖലയിൽ മനുഷ്യപ്രയത്നം തന്നെ പ്രധാനം.

റബ്ബറിന്റെ നാട് എന്നു പറയാവുന്ന ഈ പ്രദേശത്ത് വിറക് ഉപയോഗിക്കുന്ന ആൾക്കാർ അത് ശേഖരിക്കാൻ കാര്യമായി വിലകൊടുക്കേണ്ടി വരുന്നില്ല. തെങ്ങിന്റെ ഭാഗങ്ങളും

ഒട്ടും അപ്രധാനമല്ലാത്ത ഊർജ്ജസ്രോതസ് തന്നെ. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി എന്നിവ ഉപയോഗിച്ച് ആഹാരം പാകം ചെയ്യുന്നവർ 10% ത്തിൽ താഴെ മാത്രം. പുകയില്ലാത്ത അടുപ്പുകൾ, ദക്ഷത ഏറിയ അടുപ്പുകൾ, സോളാർ വിളക്കുകൾ എന്നിവയെക്കുറിച്ചുള്ള ജനങ്ങളുടെ അറിവ് പരിമിതമാണ്. ഗോബർ ഗ്യാസും, ബയോ ഗ്യാസും അപൂർവ്വം ചില വീടുകളിൽ ഉപയോഗിക്കുന്നു.

പഞ്ചായത്തിലെ നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കളുടെ കണക്ക് (1-12-96ലെ) ചുവടെ ചേർക്കുന്നു

ഉപഭോക്താക്കൾ	-	3225
ഗാർഹിക		2896
വ്യവസായികം		40
വ്യാപാരം		272
കാർഷികം		17
ആകെ		3225
സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം		
ബൾബ്	40w	339
ട്യൂബ്	4	
സോഡിയം	വേപ്പർ	10

ഇളങ്ങുളത്തുള്ള ട്രാൻസ്ഫോർമർ കപ്പാസിറ്റി കൂട്ടണം

മിക്ക ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പ്രധാന പരാതി വോൾട്ടേജ് കുറവിനെക്കുരിച്ചാണ്. പുതിയ ട്രാൻസ്ഫോർമറുകൾ താഴെ പറയുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ചാൽ ഇക്കാര്യത്തിൽ ഒരു പരിധിവരെ പരിഹാരമുണ്ടാകും.

പട്ടിക II

നമ്പർ	വാർഡ്	സ്ഥലം
1	I	തച്ചപ്പുഴ
2	II	ഓന്തുകവല
3	II	മുളയ്ക്കൽ കവല
4	II	പന്തമാക്കൽ കവല
5	V	വെച്ചുമറ്റം ഭാഗത്ത്
6	VII	വെട്ടത്തുകവല
7	VII	കാപ്പുകയം ഭാഗം
8	X	ദേശാഭിമാനി വായനശാലയ്ക്കു സമീപം

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളിലും അവയുടെ കപ്പാസിറ്റിയും പട്ടികപ്പെടുത്തിയിരിക്കുന്നു

നമ്പർ	പേര്	കപ്പാസിറ്റി
1	പൈക ഹോസ്പിറ്റൽ	100 KVA
2	കുരുവിക്കൂട്	100 KVA
3	കാരക്കുളം	100 KVA
4	പാമ്പോലി	100 KVA
5	ആവേ പോളിമേഴ്സ് മല്ലികശ്ശേരി	100 KVA
6	മല്ലികശ്ശേരി	100 KVA
7	ഗ്ലെൻ റോക്ക് മല്ലികശ്ശേരി	100 KVA
8	കോക്കാട് മല്ലികശ്ശേരി	100 KVA
9	നരിയനാനി	100 KVA
10	പനമറ്റം	100 KVA
11	രണ്ടാം മൈൽ	100 KVA
12	ഇളങ്ങുളം	63 KVA
13	കൂരാലി	100 KVA
14	വഞ്ചിമല	100 KVA
15	പൊതുകം	100 KVA
16	അലൈഡ്	100 KVA

പ്രശ്നങ്ങൾ

1. വോൾട്ടേജ് ക്ഷാമത്തെ കുറിച്ചുള്ള പരാതികൾ മിക്ക ഗ്രാമസഭകളിൽ നിന്നും ഉണ്ടായി. കൂടാതെ മിക്ക ദിവസങ്ങളിലും ഉണ്ടാകുപന്ന അപ്രഖ്യാപിത കറന്റു കട്ടും പരാതികൾക്ക് കാരണമായി.

2. സ്ട്രീറ്റ് ലൈറ്റിന്റെ അപര്യാപ്തതയെക്കുറിച്ച് മിക്കഭാഗങ്ങളിൽ നിന്നും വിമർശനങ്ങൾ ഉയർന്നു

3. കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടവും ചർച്ചാവിഷയമായി.

4. പാരമ്പര്യേതര ഊർജ്ജത്തെക്കുരിച്ചുള്ള അറിവും, കുറവും അവയുടെ കുറഞ്ഞ ഉപയോഗവും

5. ദക്ഷത ഏറിയ അടുപ്പുകൾ, ഗോബർ ഗ്യാസ്, ബയോ ഗ്യാസ്, അടുപ്പുകൾ എന്നിവയുടെ കുറഞ്ഞ ഉപയോഗവും ജനങ്ങളുടെ ഇക്കാര്യത്തിലുള്ള അറിവു കുറവും പരിഗണനാർഹമാണ്.

സാധ്യതകൾ

1. ടച്ചിംഗ് മൂലം ഉണ്ടാകുന്ന വൈദ്യുതി നഷ്ടവും അപകടങ്ങളും ഒഴിവാക്കാൻ ഗ്രാമത്തിൽ പ്രത്യേകം സംഘടിപ്പിക്കുന്ന മനുഷ്യശേഷി അധികാരങ്ങളിൽ നിന്നും അതയ്ക്കുന്ന മേൽനോട്ടക്കാരുടെ സാന്നിദ്ധ്യത്തിൽ ഉപയോഗിക്കുക.

2. വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും നമ്മുടെ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ റോഡിൽ കൂടിയും വസ്തുക്കളിൽക്കൂടിയും പോകുന്ന വൈദ്യുതി കമ്പികളിൽ തട്ടിനിൽക്കുന്നതും അതിന് സാദ്ധ്യതയുള്ളതുമായ ടച്ചിംഗുകൾ എടുക്കുക.

3. പ്രസരണ നഷ്ടം ഒവിവാകുന്നതുമൂലം നാടിനു തന്നെ ലാഭം ഉണ്ടാകുന്നു. വോൾട്ടേജ്ക്ഷാമം വളരെയധികം കുറയ്ക്കാൻ സാധിക്കുന്നു. കമ്പികൾ പൊട്ടിവീണ്ടുണ്ടാകുന്ന അപകടങ്ങളും ഒഴിവാകുന്നു.

4. അമിതമായ വൈദ്യുതി വലിച്ചെടുക്കുന്ന ബൾബുകളും ട്യൂബുകളും ഒഴിവാക്കി പുതിയവ ഉപയോഗിക്കുക. അത്യാവശ്യത്തിന് മാത്രം ലൈറ്റുകൾ ഉപയോഗിക്കുവാൻ ലഘുലേഖകളിലൂടെ ഉപഭോക്താക്കളെ ബോധവത്ക്കരിക്കുക.

   നമ്മൾ സാദാരണ ഉപയോഗിക്കുന്നത് "ഇൻകാൻഡസെന്റ് ടങ്സ്റ്റൺ ഫിലമെന്റ്" വിളക്കുകളാണ്. ഇവയേക്കാൾ കൂടുതൽ പ്രകാശമുള്ളതും വൈദ്യുതി ചെലവ് കുറയ്ക്കുന്നതുമാണ്. C.F.L. (കോംപാക്ട് ഫ്ലൂറസെന്റ് വിളക്ക) വിളക്കുകൾ. C.F.L. വിളക്കുകളെപ്പറ്റി ബോധവൽക്കരണം നടത്തി കൂടുതൽ ഉപഭോക്താക്കൾക്ക് ഇത് ഉപയോഗിക്കുവാൻ പ്രേരിപ്പിക്കണം.

5. സ്ട്രീറ്റ് ലൈറ്റുകൾ മിക്കതും കത്തുന്നില്ല. ഇപ്പോൾ ഗ്രാമപഞ്ചായത്തിൽനിന്നും വൈദ്യുതി ബോർഡിനു നൽകുന്ന ചാർജ്ജ് ഉപയോഗിക്കുന്ന വൈദ്യുതിയെ അടിസ്ഥാനമാക്കിയല്ല മറിച്ച് സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണത്തെ ആധാരമാക്കിയാണ്. സ്ട്രീറ്റ് ലൈറ്റുകൾക്കും മീറ്റർ സമ്പ്രദായം നിർബന്ധമാക്കിയാൽ നാം ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ്ജ് കൊടുത്താൽ മതിയാകും. ഇപ്പോഴത്തെ തുക കൊണ്ട് ഇനി ആവശ്യമുള്ള സ്ഥലങ്ങളിലും ലൈറ്റ് ഇടാവുന്നതാണ്. അതിന് വേണ്ട നടപടി സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ അവ സ്ഥാപിക്കാനുള്ള നടപടികൾ ഉണ്ടാവണം.

6. പട്ടിക II ൽ പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കാൻ വേണ്ട നടപടികൾ ആരംഭിക്കണം.

7. സോളാർ വിളക്കുകളുടെ ലഭ്യത ഉറപ്പാക്കാൻ വേണ്ടി ബ്ലോക്ക് പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ അനർട്ടിന്റെ ഒരു കേന്ദ്രം സ്ഥാപിക്കേണ്ടതുണ്ട്.

8. ഈ പഞ്ചായത്ത് അതിർത്തി മുഴുവൻ ഉൾക്കൊണ്ടുകൊണ്ടുള്ള വൈദ്യുതി ബോർഡിന്റെ ഒരു സെക്ഷൻ ആപീസ് പഞ്ചായത്തിൽ സ്ഥാപിക്കണം.

9. പുകയില്ലാത്ത അടുപ്പുകൾ, ദക്ഷതയേറിയ അടുപ്പുകൾ, സോളാർ വിളക്കുകൾ, ഗോബർ ഗ്യാസ്, ബയോഗ്യാസ് ഇവയുടെ നിർമ്മാണം, ഉപയോഗം എന്നിവകളെക്കുറിച്ച് ജനങ്ങളെ ബോധാവാന്മാരാക്കുന്നതിന് അനർട്ടിന്റെയും വൈദ്യുത ബോർഡിന്റെയും സഹകരണത്തോടുകൂടി പഞ്ചായത്ത് മുൻകൈ എടുത്ത് വമ്പിച്ച പ്രരണ പരിപാടികൾ നടത്തേണ്ടതാണ്.

10. റബ്ബർ ഷീറ്റടിക്കുന്ന ജലത്തിൽ നിന്നും ഗ്യാസ് ഉല്പാദിപ്പിക്കുന്ന സ്കീം നടപ്പിലാക്കുക. പരിസര മലിനീകരണം തടയാനും ഊർജ്ജോത്പാദനത്തിനും പര്യാപ്തമായ പദ്ധതിയാണിത്.

പട്ടിക I പഞ്ചായത്തിലെ ടാർ റോഡുകൾ

Sl.No.	റോഡ്	ഉടമ	ദൂരം	വീതി	ടാർ	ബസ്സ്	റിമാർക്സ്
1	പാലാ - പൊൻകുന്നം	P.W.D.	11	10	11	ഉണ്ട്	
2.	മഞ്ചക്കുഴി - കാഞ്ഞിരപ്പള്ളി	P.W.D.	4.5	7	4.5	"	വീതികൂട്ടണം. റീടാറിംഗ്
3.	കുരുവിക്കൂട് - കപ്പാട്	"	4.5	7	4.5	"	Do
4.	പൈക - പിണ്ണാക്കനാട്	"	2	6	2	"	Do
5.	കൂരാലി - തമ്പലക്കാട്	"	4.5	8	4.5	"	
6.	കൂരാലി - ചെങ്ങളം	"	3.5	8	3.5	"	
7.	കൂരാലി - പള്ളിക്കത്തോട്	"	1.5	8	1.5	"	
8.	പൈക - ചെങ്ങളം	"	2	8	2	"	
9.	ഇളങ്ങുളം - നായിപ്ലാവ്	"	3.5	8	3.5	ഇല്ല	
10.	ഇളങ്ങുളംഅമ്പലം-മക്കനാതോട്	പഞ്ച.	1.4	8	1.1	"	
11.	ഇളങ്ങുളം - ഒട്ടയ്ക്കൽ	"	1.25	4.50	0.2	"	
12.	ചെങ്ങളം - മടുക്കക്കുന്ന്	"	2.31	7	0.52	"	
13.	ഇളങ്ങുളം - ഇല്ലിക്കോൺ	"	3.34	8	0.88	"	
14.	പരിയാരം - ഞണ്ടുപാറ	"	1.5	8	1.5	"	
15.	തീയേറ്റർപടി - പാമ്പോലി	"	1.95	4	0.37	"	
16.	നടപ്പുറം - പാമ്പോലി	"	1.21	5	0.21	"	
17.	നടപ്പുറം - കാരക്കുളം	"	2.05	4.5	0.58	"	
18.	മല്ലികശ്ശേരി - ചൂരൽവള്ളി	"	0.98	3.5	0.53	"	
19.	മാഞ്ഞൂക്കുളം - കാളകെട്ടി	"	1.1	5	1.1	"	
20.	ആളുറുമ്പ് - വടുതല	"	2.3	8	1.65	"	
21.	എലിക്കുളം - പൊതുകം	"	2.14	5	0.34	"	
22.	വഞ്ചിമലക്കവല - പ്ലാന്തറ	"	1.19	8	0.63	"	
23.	പൊതുകം - തമ്പലക്കാട്	"	2.5	6.5	0.78	"	
24.	രണ്ടാം മൈൽ - പനമറ്റം	"	1.4	8	0.25	"	
25.	തച്ചപ്പുഴ - തൂങ്കുഴി	"	0.47	8	0.47	"	
26.	കാരടി റോഡ്	"	0.6	8	0.6	"	റീടാറിംഗ് വേണം
27.	താന്നിമൂട് - തച്ചപ്പുഴ - ഇളംപള്ളി	P.W.D	3	8	3	"	

പട്ടിക II

Sl.No	വാർഡ് No.	റോഡിന്റെ പേര്	ദൂരം കി.മി.	ആവശ്യമായ പുതിയ കലുങ്കുകൾ, പാലങ്ങൾ	റിമാർക്സ്
1	I,II	ഇളങ്ങുളം- മക്കനാത്തോട്	1.4	കല്ലറക്കൽ ഭാഗം	1.1 കി.മി. ടാറിംഗ്
2	I,II	മുളയ്ക്കൽകവല - ഏഴികകുന്ന്	0.72	-	-
3.	II,III	ഇളങ്ങുളം-ഇല്ലിക്കോൺ	3.34	-	875 മീ. ടാറംഗ് നടന്നു
4.	IV	കുരുവിക്കൂട് -ജീരകത്ത്പടി	2	-	എലിക്കുളം വില്ലേ ജാഫീസിനു സമീ പം സംരക്ഷണ ഭിത്തി കെട്ടുക
5.	VIII	ആളുറുമ്പ് - വടുതല	2.3	ചീരംകുളം ഭാഗത്ത് കലുങ്ക്	1.650കി.മീ. ടാറിംഗ്നടന്നു
6.	VII	ആളുറുമ്പ് - കാളകെട്ടി	1.25	ആരീപറമ്പിൽ ഭാഗം	-
7	VIII,IX	വഞ്ചിമലകവല - പ്ലാന്തറ	1.19	കുറുമുള്ളി, വള്ളോംപുരയിടം ഭാഗം	625 മീ. ടാറിംഗ് നടന്നു
8.	IX	പൊതുകം - പനമറ്റം	1.7	മുകളേൽ തൊട്ടിയിൽ പുതുപ്പള്ളിൽ ഭാഗം	-
9	IX	കാരടി റോഡ്	0.6	-	റീടറിംഗ്
10.	IX	പനമറ്റം സെൻട്രൽറോഡ്	1.5	തൊട്ടിയിൽ ഭാഗം	-
11	X	രണ്ടാം മൈൽ - പനമറ്റം	1.4	-	400 മീറ്റർടാറിംഗ്നടന്നു
12.	X	പനമറ്റം - മാന്തറ	0.95	മുട്ടത്തുപടി ഭാഗം	ദേശാഭിമാനി വായനശാ ലയ്ക്കു സമീപം സംരക്ഷണഭിത്തി 34.23 മീറ്റർ
13.	I	തച്ചപ്പുഴ - ഒന്നാം മൈൽ	1.04	-	-

പട്ടിക III

1	I	കൊപ്രാക്കളംഹരിജൻ കോളനി	0.58	5	കാട്ടിൽപ്പുര, കൊച്ചുപുര ഭാഗം	ടി.വി.. കിയോസ്ക്ക് ഭാഗം ചപ്പാത്ത്
2	I	രണ്ടാംമൈൽ ഹരിജൻ കോളനി	0.44	5	പഞ്ചായത്ത്കിണർ ഭാഗം കലുങ്ക്	-
3	I	ഒന്തുകവല - തച്ചപ്പുഴ	0.74	5	-	കരമ്പുക്കൽഭാഗം സംരക്ഷണ ഭിത്തി 4.16 മീറ്റർ, മരിയൻ കുന്നേൽ ഭാഗം 15.92 മീറ്റർ
4.	II	വെള്ളാംകാവ് - ഒന്തുകവല	0.6	5	വെള്ളാംകാവ്ഭാഗംസംരക്ഷണഭിത്തി	
5.	II	വെള്ളിലക്കുഴി - ഒട്ടയ്ക്കൽ	0.84	5	കൊടയ്ക്കനാൽ ഭാഗം	
6.	II	ഒട്ടയ്ക്കൽ - നായിപ്പ്ലാവ്	1.92	5	കലുങ്ക് മൂന്ന് എണ്ണം	
7.	II	മുളയ്ക്കൽ കവല - വയലുങ്കൽ പടി	0.82	5	നടയ്ക്കൽ ഭാഗം	-
8.	III,IV	ചെങ്ങളം - മടുക്കക്കുന്ന്	2.32	7	-	520 മീ. ഠാറിംഗ്
9.	V	താഷ്കന്റ് - വളഞ്ഞതോട്	1.2	5	പാലയ്ക്കൽ ബാഗം	ടാറിംഗ് നടത്തണം
10.	VI	പാമ്പോലി - നടപ്പുറം	1.25	5	കള്ളുവയലിൽ ഭാഗം	285 മീ. ടാറിംഗ്
11.	VIII	എലിക്കുളം - പൊതുകം	2.14	5	വെച്ചൂർഭാഗം, പാലമറ്റം ഭാഗം	335 മീ. ടാറിംഗ്
12.	VIII	തോക്കനാട്ട് - പ്ലാന്തറ	1.18	5.5	-	-
13.	IX	പൊതുകം - തമ്പലക്കാട്	2.45	6.5	കുളംപള്ളി ഭാഗം	780 മീറ്റർ ടാറിംഗ്
14.	IX	മാടത്താനി - കലയത്തോലി	1.25	5	കുമ്പളൂർ ഭാഗം, വെള്ളാപ്പള്ളി	-
15	IX	വളയോടി - പ്ലാന്തറ	0.52	6	എലപ്പള്ളി, മംഗലംപടി, വളയോടി	-
16	X	പനമറ്റം - വെളിയന്നൂർ	1.25	5.5	പാലയ്ക്കൽ, മേലണ്ണൂർ	-
17	X	ഇരട്ടക്കാലിയ്ക്കൽ - നരിയനാനി	0.93	5	ആണ്ടൂർഭാഗം, ഒന്നാംമൈൽ ഭാഗം	-
18	X	ഇളങ്ങുളം - പനമറ്റം	1.98	5	അമ്പലം, പാടശ്ശേരി, മഠത്തിൽ, പുത്തൻപുരയ്ക്കൽ	-
19	X	അക്കരെകുന്ന് - വേലം പറമ്പ്	1.24	5	കൊഴിഞ്ഞൊട്ടാങ്കൽ, തുടുപ്പനാൽ, അയ്യനാക്കുഴി, പടന്നമാക്കൽ	-
20	X	അക്കരക്കുന്ന് - ഇരട്ടക്കാലി	1.2	5	കീച്ചേരി, ഉറുമ്പിൽ	-

പട്ടിക IV

Sl.	Ward	റോഡ്	നീളം	വീതി	കലുങ്ക്/പാലം	റിമാർക്സ്
1	I	തച്ചപ്പുഴ - ആനകുത്തി	0,.14	3.5	-	-
2	"	തച്ചപ്പുഴ - ഏഴിക്കുന്ന്	1.03	4	റേഷൻകടഭാഗം	കാക്കകൂട്ടിൽഭാഗം ചപ്പാത്ത്
3	"	വെള്ളിമല 2-ാം തോട്	0.7	3.5	രണ്ടാം തോടിനു പാലം	-
4	"	ഏഴിക്കുന്നു രണ്ടാംമൈൽ	1.5	4.5	പാട്ടപ്പറമ്പിൽ സിപിസാർ ഭാഗം	ഈറ്റയ്ക്കൽ ഭാഗം സൈഡ് കെട്ടുക
5	"	കള്ളുകാട്ടുപടി-നെയ്യാട്ടുശ്ശേരി	0.87	3.5	-	-
6	"	വെള്ളിലകുഴി-നെയ്യാട്ടുശ്ശേരി	0.3	3	കലുങ്ക് ഒരെണ്ണം	-
7.	"	ഏഴികകുന്ന്-പതിയിൽ	0.34	3.5	-	-
8.	"	കല്ലറയ്ക്കൽ-റേഷൻകട	0.41	3.5	-	-
9.	"	എട്ടുസെന്റ്-ഗണപതിപ്ലാക്കൽ	0.37	3.5	-	-
10.	"	ഇരുമ്പുകുത്തി-എട്ടുസെന്റ്	0.20	3.5	നടപ്പാലം	-
11.	"	പുമേലിൽ-ഇരുമ്പുകുത്തിക്കുന്ന്	0.32	4.0	-	-
12.	II	അമ്പലം-മലാങ്കൽ	0.57	3.5	-	-
13.	"	മുളയ്ക്കൽ-പാറമട	0.62	3.5	-	-
14.	"	പേഴുന്തോട്ടം-ഇരുപ്പക്കാട്ട്	0.37	4.0	വെട്ടുവേലിഭാഗം	-
15.	"	വയലുങ്കൽ-പന്തമാക്കൽ	1.55	4.5	-	കരയോഗഭാഗം ചപ്പാത്ത്
16.	"	ഇരുപ്പക്കാട്ട്-വെള്ളിലക്കുഴി	1.16	4.0	ഇരുപ്പക്കാട്ടു, തകിടിയാങ്കൽ ഭാഗം	-
17.	"	ഇളങ്ങുളം അമ്പലം-നടയ്ക്കൽ	0.46	3.5	-	-
18.	"	ഇളങ്ങുളം അമ്പലം-വെള്ളാപ്പള്ളി	0.26	3.5	-	-
19.	III	മടുക്കക്കുന്ന്-പന്തമാക്കൽ	0.85	4.0	-	-
20.	"	അഞ്ചാംമൈൽ-തലച്ചിറ	0.95	3.25	-	-
21.	"	പന്തമാക്കൽ-തറപ്പേൽ	0.92	3.5	ചെരിപുറം ഭാഗം	-
22.	"	കളത്തൂർകൊട്ടാരം റോഡ്	0.60	4.0	കളത്തൂർ, കൊട്ടാരം	-
23.	IV	ഉരുളികുന്നം-ലക്ഷം കോളനി	0.22	0.3	-	-
24.	"	ശാസ്താംകാവ്-തോട്ടുങ്കൽഭാഗം	0.24	4.0	രണ്ടുകലുങ്ക്, ഒരുപാലം	-
25.	"	മടുക്കക്കുന്ന്പള്ളി-വാഴപ്പള്ളി	1.01	3.5	തോക്കനാട്ടു,കണ്ടത്തിൽ,ചെരിപുറം	-
26.	"	ചൊടിക്കാവ്-വെച്ചൂർമറ്റം	0.84	4.0	വെച്ചൂർമറ്റംഭാഗം, കാഞ്ഞമലഭാഗം	-
27.	"	പൊങ്കൻപാറ-പരിയാരം	0.72	3.5	കളരിക്കൽ ഭാഗം	-
28.	V	തീയേറ്റർപടി-ഉരുളികുന്നം	1.29	3.5	-	-
29.	VI	തീയേറ്റർപടി-പാമ്പോലി	1.95	4.0	-	37 മീ. ടാറിംഗ്
30.	"	കോക്കാട്ടുപടി-ചാത്തംകുളം	2.46	3.5	-	-
31.	"	നടപ്പുറം-കാറക്കുളം	2.05	4.5	കാക്കനാട്ടുഭാഗം, കുണ്ടുത്തുഭാഗം	582 മീറ്റർ ടാറിംഗ്
32.	"	മല്ലികശ്ശേരി-ചാത്തൻകുളം	1.16	4.0	കീഴഞ്ചിറ, മല്ലികശ്ശേരി മഠംഭാഗം	-
33.	"	മല്ലികശ്ശേരി-ചൂരനോലി	0.98	3.5	നരിതൂക്കിൽ ഭാഗം	-
34.	"	മല്ലികശ്ശേരി-ചെമ്മലമറ്റം	0.53	3.5	മുളങ്ങാശ്ശേരി	
35.	"	കാപ്പുകയം-മുളങ്ങാശ്ശേരി	- .	-	-	-
36.	VII	കാരക്കുളം-മൺകുത്താൻ	1.43	4.0	കോക്കാട്ടുഭാഗം	
37.	"	പിണ്ണാക്കനാട്-കാപ്പുകയം	1.98	4.0	കുരിനാക്കുന്നേൽ,ഈറ്റത്തോട്ഭാഗം	-
38.	"	കരുവിക്കുട്-ഓലിക്കൽ	0.73	3.2	കലുർ ഭാഗം	-
39.	"	അമ്പലം-പള്ളിപ്പടി	1.37	4.0	-	-
40.	"	പഞ്ചായത്തുകിണർ-കാറക്കുളം	0.72	3.5	കടവത്തൂർ, പൂവത്തോലി ഭാഗം	-
41.	"	ഏറത്തുപടി-ചുള്ളിക്കൽ ചിറഭാഗം	0.69	3.5	-	ഏറത്തുഭാഗം ചപ്പാത്ത്
42.	"	പുതുപ്പറമ്പ്-നെല്ലിക്കുന്ന്	0.78	3.5	-	-
43.	"	മുത്തോലി-വെച്ചൂർ	1.26	4.0	വെച്ചൂർ, പനച്ചിക്കൽ ഭാഗം	-
44.	VIII	മുളഞ്ഞനാക്കുഴി-മാനോലി	0.95	4.0	മാനോലി ഭാഗം	-
45.	IX	വളയോടി-മാടത്താനി കോളനി	0.53	3.0	-	-
46.	"	വഞ്ചിമല-മുഴികാട്	0.31	3.5	പുളിയ്ക്കൽ ഭാഗം	-
47.	"	പേഴത്തുംമുട്-വെളിയന്നൂർ	0.39	4.0	-	-
48.	"	പുളിയ്ക്കൽ-പീടിക,മുള്ളൻമട,മാനോലി	2.25	3.5	-	-
49.	"	ഊരകം-തമ്പലക്കാട്	0.66	3.5	ചെമ്മുക്കിൽ, തുടുപ്പക്കൽ ഭാഗം	-
50.	"	പനമറ്റം-കാവുമുറി ക്ഷേത്രം	0.15	3.5	-	-
51.	X	കൊപ്രാക്കളം-അമ്മാൻകോവിൽ	0.93	4.0	പൂള്ളോലി ഭാഗം	കോളനി, ചപ്പാത്ത് ഭാഗം
52.	"	എസ്.എൻ.ഡി.പി. പടി-പനമറ്റം	0.40	3.0	-	ഇടവഴിഭാഗം 3.5 മീ.വീതി നീളം 147 മീറ്റർ
53.	"	വെളിയന്നൂർ-തമ്പലക്കാട്	0.29	3.5	കലുങ്ക് ഒരെണ്ണം	-
54.	"	തലപ്പുള്ളിൽ-പനമറ്റം	0.29	3.5	കലുങ്ക് ഒരെണ്ണം	-
55.	V	കല്ലേലിക്കുളം-ഊരകത്തുപാലം	0.32	3.0		-
56.	II	ഇളങ്ങുളം-ഒട്ടക്കൽ	1.05	4.5		ടാറിംഗ് 200 മീറ്റർ

VII പാർപ്പിടം ക്ഷേമപ്രവർത്തനം

സുദൃഢം സുഭഗം ആരൂഢം

വകലത്തെ അദ്ധ്വാനത്തിനുശേഷം തലചായ്ക്കാനൊരിടം എല്ലാവരുടെയും അടിസ്ഥാനാവശ്യമാണല്ലോ. നമ്മുടെ പഞ്ചായത്തിൽ പീടികത്തിണ്ണകളിൽ അഭയം പ്രാപിക്കുന്നവർ ഇല്ല എന്നു തന്നെ പറയാം. സാമ്പത്തിക നിലവാരമനുസരിച്ച് കോൺക്രീറ്റ് സൗധങ്ങൾ, ഇടത്തരം വീടുകൾ, കുടിലുകൾ ഇങ്ങനെ വീടുകളെ തരം തിരിക്കാവുന്നതാണ്. കേരളീയ വാസ്തുശില്പ വിദ്യയുടെ മാതൃകകളായ നാലു കെട്ടുകൾ നാലെണ്ണമേ ഇവിടെ അവശേഷിക്കുന്നുള്ളു. നിരയും നിലവറയുമുള്ള വീടുകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. സൗകര്യങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതിനുപകരം കെട്ടുകാഴ്ചകൾക്കു വേണ്ടി അനാവശ്യമായി വലുപ്പം കൂട്ടുന്ന വീടുകൾ നിർമ്മിക്കപ്പെടുന്നു. കുടിലുകളിൽ കഴിയുന്നവർക്ക് സാമാന്യ നിലവാരത്തിലുള്ള ഉറപ്പുള്ള വീട് ഇന്നും സ്വപ്നമാണ്. ഇടത്തരക്കാരന് ജീവിതകാലം മുഴുവൻ അധ്വാനിച്ചുണ്ടാവുന്ന പണത്തിൽ നല്ലൊരു പങ്ക് ഭവനനിർമ്മാണത്തിന് അല്ലെങ്കിൽ ഭവനനിർമ്മാണ വായ്പ അടച്ചു തീർക്കുവാൻ വിനിയോഗിക്കേണ്ടിവരുന്നു. ഗൾഫ് മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം താരതമ്യേന കുറവായ നമ്മുടെ പഞ്ചായത്തിൽ, അവരെ സ്വാധീനിച്ചിരിക്കുന്ന പടുകൂറ്റൻ സൗധനിർമ്മാണ ഭ്രമത്തിന്റെ ദൃഷ്ടാന്തങ്ങൾ വിരളമാണ്.

ചെലവു കുറഞ്ഞ വീടുകൾ എന്ന ലക്ഷ്യം ഇവിടെ വ്യാപകമായി സ്വാധീനം ചെലുത്തിയിട്ടില്ല. കോൺക്രീറ്റ് ഭവനങ്ങൾ മണ്ണിനോട് ജൈവബന്ധം പുലർത്താതെ എഴുന്നുനില്ക്കുന്നത് കേരളീയ ഗ്രാമങ്ങളുടെ അകൃത്രിമവും ശാലീനവുമായ മുഖച്ഛായയെ വികൃതമാക്കുന്ന അനുഭവം ഇവിടെയും പ്രസരിക്കുന്നു. നിർമ്മിതി മുതലായ സർക്കാർ സംരംഭങ്ങളിലൂടെ പണിതുയർത്തുന്ന വീടുകളുടെ ദാർഢ്യത്തെക്കുറിച്ചുള്ള സംശയവും അവയുടെ പ്രൗഢിക്കുറവും ഇത്തരം വീടുകൾ കെട്ടുന്നതിൽ നിന്ന് നമ്മുടെ ജനങ്ങളെ പിന്തിരിപ്പിക്കുന്നു. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കെട്ടിടംപണിക്ക് കരിങ്കല്ലിന്റെ ലഭ്യത എവിടെയുമുണ്ട്. കെട്ടിട നിർമ്മാണത്തിൽ അതുപയോഗിച്ചാൽ ചെലവു കുറയും. പ്രാചീനമായ തച്ചു ശാസ്ത്രത്തിന്റെ ദർശനമനുസരിച്ച് ഗൃഹങ്ങളെയും ജീവനുള്ള വയാക്കികണക്കാക്കുന്നു. സ്ഥലത്തിന്റെ കിടപ്പും ഋതുഭേദങ്ങളും കാറ്റിന്റെ ഗതിയും സൂര്യവെളിച്ചത്തിന്റെ സാധ്യതയുമൊക്കെ ഗൃഹനിർമ്മാണ പദ്ധതിയിൽ സ്വാധീനം ചെലുത്തുന്ന തച്ചുശാസ്ത്രത്തിലെ ദർശനത്തിൽ നമ്മുടെ നാട്ടിലെ ജനതയുടെ പ്രായോഗികാനുഭവത്തിന്റെ സന്മുദ്രകൾ പതിഞ്ഞുകിടക്കുന്നു. അവയെ ആധുനിക സാങ്കേതിക വിദ്യയുടെ ശാസ്ത്രീയ തത്വങ്ങളുമായി സമഞ്ജസമായി സമന്വയിപ്പിച്ചുകൊണ്ടുള്ള ഗൃഹനിർമ്മാണരീതി പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു. എലിക്കുളം പഞ്ചായത്തുപോലുള്ള ഗ്രാമീണ മനസ്സുകൾക്ക് ഇത്തരം മാതൃകയാണനുയോജ്യം. ഇവിടെ ഇപ്പോൾ നിലനില്ക്കുന്ന തടികൊണ്ടു നിർമ്മിതമായ ഗൃഹഭാഗങ്ങൾ നിലനിർത്തുവാനും, ഇനി പണിയുന്ന ഗൃഹങ്ങളിൽ കോൺക്രീറ്റ് കഴിയുന്നത്ര കുറയ്ക്കുവാനും മേല്പറഞ്ഞ രീതിയിലുള്ള അവബോധം വികസിപ്പിക്കേണ്ടിയിരിക്കുന്നു. മനശ്ശാസ്ത്രപരമായിത്തന്നെ കൂടുതൽ സ്വാതന്ത്ര്യവും പ്രശാന്തിയും കോൺക്രീറ്റ് വീടുകളുടെ യാന്ത്രികതയെക്കാൾ ഇവയ്ക്ക് നല്കാനാവും.

ഈ സന്ദർഭത്തിൽ നമ്മുടെ പഞ്ചായത്തിലെ ഒരനുഭവം വിവരിക്കുന്നത് പ്രസക്തമാണെന്നു തോന്നുന്നു. 10 വർഷങ്ങൾക്കു മുൻപ് കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പ്രചരണ ജാഥ, പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിച്ചുകൊണ്ട് നമ്മുടെ പഞ്ചായത്തിലെത്തിച്ചേർന്നു. പുകയില്ലാത്ത അടുപ്പു നിർമ്മിക്കുവാൻ സന്നദ്ധതയുള്ളവരെ കണ്ടെത്താൻ ശ്രമിച്ചപ്പോൾ വളരെ അപൂർവ്വമായിരുന്നു എന്നതാണനുഭവം. അടുപ്പിന്റെ ദക്ഷണതയെക്കുറിച്ചും ഉറപ്പിനെക്കുറിച്ചുമുള്ള അവിശ്വാസവും ദീർഘകാലമായി തുടർന്നുവന്ന അടുപ്പിന്റെ മാതൃക ഉപേക്ഷിക്കുവാനുള്ള സഹജമായ വൈമുഖ്യവും ജനങ്ങളെ ഈ പുതിയ സംവിധാനം സ്വീകരിക്കുന്നതിൽ സങ്കോചമുണ്ടാക്കി. പനമറ്റത്തുള്ള ഒരു വീട്ടിൽ ആദ്യമായി ഇതു നടപ്പിലാക്കുകയും ക്രമേണ പുകയില്ലാത്ത അടുപ്പിന്റെ പ്രയോജനവും പ്രാധാന്യവും മനസ്സിലാക്കി ഇന്ന് പഞ്ചായത്തിലാകെ നല്ല രീതിയിൽ അവ പ്രചരിക്കുകയും ചെയ്തിട്ടുണ്ട്. ഭവനനിർമ്മാണ രംഗത്തും കുറെയാളുകൾ ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മിതിക്കു തയ്യാറായാൽ തീർച്ചയായും കാലാന്തരത്തിൽ അവ വ്യാപകമായി വിന്യസിക്കപ്പെടുമെന്നു തീർച്ച.

പഞ്ചായത്തിലെ കെട്ടിട നികുതി രജിസ്റ്റർ അനുസരിച്ച് ഇപ്പോൾ ആകെയുള്ള 5783. വീടുകളിൽ 664 എണ്ണം മെച്ചപ്പെട്ടവയും 3000 വീടുകൾ ഇടത്തരവും 2119 വീടുകൾ കുടിലുകളോ പരിമിത സൗകര്യങ്ങൾ മാത്രമുള്ളവയോ ആണ്.

വീടുകളുടെ തരം തിരിച്ച പട്ടിക.

വാർഡ്	രണ്ടുനില	കോൺക്രീറ്റ്	ഓട്	ഷീറ്റ്	മറ്റുള്ളവ
I	7	39	176	21	336
II	4	57	351	119	126
III	10	66	208	13	204
IV	2	45	182	11	198
V	5	73	255	7	234
VI	7	53	326	25	150
VII	2	75	332	22	218
VIII	9	69	247	14	190
IX	3	59	307	10	211
X	8	71	363	10	215
ആകെ	57	607	2747	252	2119

ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന വികസന ബാങ്കോ മറ്റു ധനസഹായ സ്ഥാപനങ്ങളോ നമ്മുടെ പഞ്ചായത്തിൽ സ്വന്തമായി പ്രവർത്തിക്കുന്നില്ലെങ്കിലും കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് കാഞ്ഞിരപ്പള്ളി ശാഖയിൽ നിന്നും, മൈത്രി ഭവന നിർമ്മാണ പദ്ധതിയിലൂടെയും, രാജീവ് ഗാന്ധി ദശലക്ഷ ഭവന നിർമ്മാണ പദ്ധതിയിലൂടെയും, രാജീവ് ഗാന്ധി ദശലക്ഷ ഭവന നിർമ്മാണ പദ്ധതി മുഖേനയും ആവശ്യമായ വായ്പകൾ ലഭിക്കാനുള്ള സംവിധാനം നമുക്കുണ്ട്. ഈ പഞ്ചായത്തിൽ ഭവന നിർമ്മാണ ബോർഡു വഴി 30 വീടുകളും ഹൗസിംഗ് സൊസൈറ്റിയിൽ നിന്ന് 15 വീടുകളും നർമ്മിച്ചതിനാവശ്യമായ വായ്പകൾ ലഭിച്ചതായി കാണുന്നു. ഇവ കൂടാതെ ചില സംഘടനയകളിൽ നിന്നും 18 ഭവനങ്ങളും നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. ഇത്തരം വിവിധ പദ്ധതികളിലൂടെ പാർപ്പിട പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും 500റോളം ഭവന രഹിതർ ഈ പഞ്ചായത്തിൽ അവശേഷിക്കുന്നു എന്നത് ദയനീയമായ പരമാർത്ഥമാണ്.

IRDP സർവ്വെ പ്രകാരം വീട് ലഭിച്ചവരുടെ ലിസ്റ്റ്
(95-96)

വാർഡ്	വീടിന് ആവശ്യമുള്ളവർ	അനുവദിച്ചവർ	പൂർത്തിയാക്കിയവർ	ബാക്കി അനുവദിക്കേണ്ടവർ
I	107	27	27	80
II	55	3	3	52
III	20	Nil	Nil	20
IV	35	7	7	28
V	47	7	3	40
VI	42	2	2	40
VII	107	3	3	104
VIII	50	5	5	45
IX	65	25	25	40
X	53	2	2	51
ആകെ	581	81	77	500

JRY അനുസരിച്ച്
92-93 -7
93-94 - 9
94-95 - 2

M.W.S. അനുസരിച്ച്
95-96 - 8
93-94 - 10

ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വില വർദ്ധനയും കൂലി നിരക്കിൽ വന്ന വ്യത്യാസവും നിമിത്തം സ്വന്തമായി ഒരു വീട് പാവപ്പെട്ടവന് ഇന്നും ഒരു സ്വപ്നമായി അവശേഷിക്കുന്നു. കൂലി നിരക്കിലും സാധനങ്ങളുടെ വിലയിലും കഴിഞ്ഞ 10 കൊല്ലങ്ങളായി വന്ന മാറ്റം താഴെ ചേർക്കുന്നു.

മേൽക്കാണിച്ച പട്ടികയിൽ നിന്നും കെട്ടിട നിർമ്മാണ രംഗത്ത് ഇന്നു വന്നിട്ടുള്ള മാറ്റം വ്യക്തമാണ്.

പ്രകൃതി ക്ഷോഭം മൂലം വീടു നഷ്ടപ്പെട്ടവർക്ക് റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നും ഇന്നു

	1985-86	1995-96
വിദഗ്ദ്ധ തൊഴിലാളികൾ	40 രൂ	150 രൂ
അവിദഗ്ദ്ധ തൊഴിലാളികൾ	30 രൂ	110 രൂ.
അവിദഗദ്ധ സ്ത്രീ തൊഴിലാളികൾ	20 രൂ.	90 രൂ.
സിമിന്റ് 1 ചാക്ക്	75 രൂ.	180 രൂ.
മണൽ 1 ലോറി	130 രൂ.	1200 രൂ.
ചുടുകട്ട 1,000 എണ്ണത്തിന്	500 രൂ.	1500 രൂ.
കല്ല് 1 ലോറി	175 രൂ.	800 രൂ.
കമ്പി 1 കിലോ	10 രൂ.	19 രൂ.

നൽകുന്ന സഹായം വളരെ അപര്യാപ്തമാണ്. ഇതിന്റെ അന്വേഷണ നടപടികൾ പൂർത്തിയാക്കി സഹായം ലഭിക്കുന്നതിന് ഇന്ന് മാസങ്ങളുടെ താമസവും കാത്തിരിപ്പും വേണ്ടി വരുന്നു. അതിനാൽ വീടു നഷ്ടപ്പെട്ടവർ കൂടുതൽ ബുദ്ധിമുട്ടുന്നു. തന്നെയുമല്ല, ഇതിന്റെ തുക നിശ്ചയിക്കുന്ന രീതിയും അശാസ്ത്രീയമാണ്.

ഭവന രഹിതർക്ക് വീടുകൾ ലഭിക്കുന്നതിന് JRY, IRDP തുടങ്ങിയ ഫണ്ട് ലഭിക്കണമെങ്കിൽ സ്വന്തമായ ഭൂമി വേണമെന്ന് നിർബന്ധമാണ്. അതിനാൽ ഭൂരഹിതർക്ക് സ്വന്തമായി പാർപ്പിടം ഉണ്ടാവുക അസാധ്യമാണ്.

പഞ്ചായത്തിൽ വാടകത്തുക നിശ്ചയിച്ച് കെട്ടിട നികുതി ഏർപ്പെടുത്തുന്ന അശാസ്ത്രീയമായ രീതിയാണ് നിലവിൽ ഉള്ളത്.

ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് (IRDP, ട്രൈസം JRY തുടങ്ങിയ) മാത്രം ഭവന നിർമ്മാണം നടത്തിയ കണക്കുകളാണ് പഞ്ചായത്തിൽ കാണുന്നത്. പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കുന്ന മുറയ്ക്ക് ഭവനനിർമ്മാണത്തിനാവശ്യമായ സഹായം നൽകേണ്ടതാണ്.

ഭവന നിർമ്മാണ രംഗത്തു വന്ന സാമ്പത്തിക മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നുമുള്ള വിവിധ പദ്ധതികളുടെ തുക വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിൽ നിന്ന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിട നികുതി വാടകയുടെ അടിസ്ഥാനത്തിൽ കണക്കാക്കുന്ന ഇന്നത്തെ രീതി മാറ്റി നിർമ്മാണ ചെലവിന്റെ അടിസ്ഥാനത്തിലാക്കുക.

കോളനി പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ശുചീകരണത്തിലും കക്കൂസ്, വൈദ്യുതി മുതലായ കാര്യങ്ങളിലും മുൻഗണന നൽകുക.

ലക്ഷം വീട് കോളനികൾ എത്രയും വേഗം പുനരുദ്ധരിച്ച് മെയിന്റനൻസ് വർക്ക് ചെയ്യേണ്ടതാണ്.

നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. ഭവന നിർമ്മാണ വായ്പകൾ പണിയുന്ന വീടിന്റെ ഈടിന്മേൽ നൽകുക.
2. വീടു പണിയുന്നതിനുള്ള വായ്പകൾ സഹകരണസംഘങ്ങൾ വഴി നൽകുക.
3. ഭവന നിർമ്മാണ വായ്പകൾക്കുള്ള പലിശ പരമാവധി 12%ത്തിൽ കവിയാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്യുക.

4. ഏഴു ലക്ഷം രൂപയ്ക്കു മുകളിൽ ചെലവു ചെയ്തു പണിയുന്ന വീടുകൾക്ക് സൂപ്പർ ടാക്സ് ഒരു പ്രാവശ്യം മാത്രം ചെലവിന്റെ ഒന്നോ ഒന്നരയോ ശതമാനം ഈടാക്കി,. ഭവന നിർമ്മാണത്തിന് സ്വന്തം സ്ഥലം ഇല്ലാത്തവർക്ക് സ്ഥലം സമ്പാദിക്കുക.

5. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള അഞ്ഞൂറോളം ഭവനരഹിതർക്ക് ഘട്ടംഘട്ടമായി വീടു നിർമ്മിച്ചുകൊടുക്കുക.

6. പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി സ്ഥാപിക്കുക. നിർമ്മാണ പ്രവർത്തനങ്ങൾക്ക് അത്യാവശ്യമായ നിർദേശങ്ങളും സഹായങ്ങളും അതിലൂടെ നൽകുക. ഭവനരഹിതരുടെ രജിസ്റ്റർ അവിടെ സൂക്ഷിക്കുക.

7. പഞ്ചായത്തിൽ നിന്നും നൽകുന്ന എല്ലാ ഭവനങ്ങളുടേയും പണി ഈ സൊസൈറ്റി ഏറ്റെടുത്ത് നടത്തുക.

8. വാർഡു മെമ്പറന്മാരുടെ നേതൃത്വത്തിൽ ഓരോ വാർഡിലും ഒരു സമിതി രൂപീകരിക്കുക.

9. ഭവന നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ ന്യായ വിലയ്ക്ക് ലഭ്യമാക്കാൽ വേണ്ട സംവിധാനം ഏർപ്പെടുത്തണം.

10. പ്രകൃതിക്ഷോഭം മൂലം വീടു നഷ്ടപ്പെട്ടവർക്ക് ഇപ്പോൾ നൽകുന്ന സഹായം വർദ്ധിപ്പിക്കുകയും അത് ലഭിക്കുന്നതിന് വാർഡ് മെമ്പറും പഞ്ചായത്ത് പ്രസിഡന്റും വേണ്ടത്ര സഹായം ചെയ്തു കൊടുക്കുകയും വേണ്ടതാണ്.

11. സ്വന്തമായി സ്ഥലമില്ലാത്തവർക്ക് പഞ്ചായത്ത് സ്ഥലം കണ്ടെത്തുക.

12. ചെലവു കുറഞ്ഞ ഭവന നിർമ്മാണ രീതി പ്രചരിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിനും നിർമ്മിതി കേന്ദ്രം പോലെയുള്ളവയുടെ സഹകരണം നേടുക.

13. പഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള ലക്ഷം വീടുകൾ കൈമാറ്റം ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥകൾ കർശനമായി പാലിക്കുകയും അഥവാ കൈമാറ്റം ചെയ്യേണ്ട സാഹചര്യം ഉണ്ടായാൽ അതു പഞ്ചായത്തു മുഖേന ആയിരിക്കേണ്ടതുമാണ്.

14. ഭവന രഹിതരുടെ ശരിയായ വിവരങ്ങൾ ശേഖരിച്ചു ഒരു രജിസ്റ്റർ ഉണ്ടാക്കുക.

സാമൂഹ്യക്ഷേമം

ഇവിടെ ജീവിതം മധുരം സൗമ്യം ദീപ്തം.

സമൂഹത്തിലെ ഭിന്നരൂപങ്ങളിലുള്ള ജനവിഭാഗങ്ങളെ ആകെ കണ്ടുകൊണ്ടാവിഷ്കരിക്കുന്ന ക്ഷേമ പദ്ധതികൾ നമ്മുടെ പഞ്ചായത്തിലെത്രമാത്രം ഫലപ്രദമായിട്ടുണ്ടെന്നും, പോരായ്മകളുടെ അടിവേരുകളെന്തെന്നും പരിഹാരമെന്തെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. ക്ഷേമ പദ്ധതികൾ പഞ്ചായത്തിലെത്തിയിട്ടുണ്ടെങ്കിലും വേണ്ട വിധത്തിൽ അവ പ്രയോജനപ്പെടുത്താൻ നമുക്കു കഴിഞ്ഞിട്ടില്ലെന്ന് സ്ഥിതിവിവരക്കണക്കുകൾ ബോധ്യപ്പെടുത്തുന്നു. മറ്റെവിടെയുമെന്നപോലെ അനർഹരായവർക്ക് അവ ലഭ്യമാവുകയും അർഹരായവർ അവഗണിക്കപ്പെടുകയും ചെയ്തിട്ടുണ്ടെന്നു കാണാം. ചില പദ്ധതികളുടെ ഗുണഭോക്താക്കളായി ആരുമില്ലെന്നത് അതെപ്പറ്റിയുള്ള അജ്ഞതയും അലംഭാവവും സൂചിപ്പിക്കുന്നു. പഞ്ചായത്തിലുൾപ്പെട്ട വാർഡുകൾ തമ്മിൽ ആരോഗ്യകരമായ വാർത്താവിനിമയോപാധികളുടെ ഒരു നെറ്റ്വർക്കിന്റെ അഭാവമുണ്ട്. ഓരോ ഗ്രാമവും വേണ്ട വിധത്തിൽ അയൽപ്രദേശവുമായി വേണ്ടത്ര ബന്ധിക്കപ്പെടാതെ കിടക്കുന്നതിനുള്ള സങ്കീർണ്ണമായ കാരണങ്ങൾ അപഗ്രഥിച്ചു കണ്ടെത്തേണ്ടിയിരിക്കുന്നു.

വാമൊഴിയായും വരമൊഴിയായും ദൃശ്യബിംബങ്ങളായും പ്രചരിക്കേണ്ട ഈവക കാര്യങ്ങൾ ഈ രംഗത്തു പ്രവർത്തിക്കുന്ന ന്യൂനപക്ഷത്തിലൊതുങ്ങി നിൽക്കുന്നു.

സാമൂഹ്യക്ഷേമ പദ്ധതികൾ മുഖേന ദാരിദ്ര്യനിർമ്മാർജ്ജനത്തിനുള്ള സഹായങ്ങൾ വലിയതോതിലല്ലെങ്കിലും പഞ്ചായത്തിൽ ലഭ്യമാകുന്നുണ്ട്. മറ്റു പദ്ധതികളുടെ പ്രയോജനം വളരെ പരിമിതമാണ്. പദ്ധതികളെക്കുറിച്ചുള്ള അജ്ഞത, അർഹതയുള്ളവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണരാഹിത്യം ആവശ്യത്തിനും സമയത്തിനും സഹായം ലഭ്യമാവാത്ത അവസ്ഥ, ഉപയോഗപ്പെടുത്തുവാനുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തതകളാണ്.

തൊഴിലാളി-തൊഴിലുടമാ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം തന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളികൾ, കർഷകതൊഴിലാളികൾ, ചെത്തുതൊഴിലാളികൾ, ചെറുകിട റബ്ബർ ടാപ്പിംഗ് തൊഴിലാളികൾ, ബാർബർമാർ, ടെയ്ലർമാർ തുടങ്ങിയ വിവിധ മേഖലകളിൽ പണിയെടുക്കുന്ന അസംഘടിത വിഭാഗത്തിപ്പെട്ടവർ കൂടുതലുണ്ടെങ്കിലും ഭൂരിപക്ഷ തൊഴിലാളികളും ക്ഷേമ നിധിയിൽ അംഗങ്ങളാ

യിട്ടില്ല. അവരെ ക്ഷേണ നിധിയിൽ അംഗങ്ങളാക്കുവാനും അവർക്കുവേണ്ട ബോധവർക്കരണം കൊടുക്കുന്നതിനുമുള്ള ഉത്തരവാദിത്വം പഞ്ചായത്ത് ഏറ്റെടുക്കുകയും ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ യഥാസമയം കിട്ടാൻ സംവിധാനമുണ്ടാക്കുകയും വേണം. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ഗവണ്മെന്റ് ഭാഗത്തുനിന്ന് ആവശ്യമായ നടപടി ഉണ്ടാവണം. ക്ഷേമനിധിയിൽ അംഗങ്ങളായിരിക്കുന്ന തൊഴിലാളികൾക്ക് ഉത്സവബത്ത (ബോണസ്) നൽകുന്നതിനുള്ള സംവിധാനം ഉണ്ടാവണം.

വനിതാ വികസന കോർപ്പറേഷനെപ്പറ്റി പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്കുപോലും വേണ്ടത്ര അറിവാല്ലാത്ത സാഹചര്യത്തിൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഇതുവഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കുവാൻ തീരെ സാധ്യതയില്ല.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ച് സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ് വഴിയാണ്. ഇതിന്റെ പ്രവർത്തനം പഞ്ചായത്തിൽ നടത്തുന്നതിന് മൂന്ന് V.E.O. സർക്കിളുകളും മൂന്ന് V.E.O. മാരും ഉണ്ടെങ്കിലും പലപ്പോഴും ഒരാൾ മാത്രമോ ആരുമില്ലാത്തതോ ആയ അവസ്ഥയാണുള്ളത്. അവരുടെ സേവനം വേണ്ട രീതിയിൽ ലഭിക്കുന്നില്ല. ആവശ്യത്തിന് V.E.O. മാരെ നിയമിച്ച് ഈ കുറവ് എത്രയും വേഗം പരിഹരിക്കേണ്ടതാണ്.

മൂന്ന് V.E.O. സർക്കിളുകൾ വഴി പഞ്ചായത്തിൽ ആവിഷ്കരിച്ച പദ്ധതികളെ സംബന്ധിച്ച് വിശദമായി താഴെ പ്രതിപാദിക്കുന്നു.

പട്ടിക No.I
IRDP സഹായ ലഭ്യതാക്കണക്ക്

വർഷം	എണ്ണം	വായ്പ (തുക ലക്ഷത്തിൽ)	സബ്സിഡി
1992-93	45	1.96	1.02
1993-94	27	2.46	1.18
1994-95	38	4.01	1.62
1995-96	34	5.21	1.46
ആകെ	144	13.64	5.28

IRDP സർവ്വെ അനുസരിച്ച് 1995-96 വരെ 1696 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായി കണ്ടെത്തി. ഇതിൽ 144 കുടുംബങ്ങൾക്ക് മാത്രമേ ഇതുവരെ ധനസഹായം ലഭിച്ചിട്ടുള്ളൂ. ഇത് തീരെ അപര്യാപ്തമാണ്.

ദേശസാൽകൃത ബാങ്കുകൾ ഈ സ്കീമനുസരിച്ച് വായ്പ വിതരണം ചെയ്യുന്നതിൽ വിമുഖത കാണിക്കുന്നുണ്ട്. വായ്പത്തുക തിരിച്ചടയ്ക്കാത്തതാണ് ഇതിന് കാരണമായി അവർ പറയുന്നത്. ഇത് പരിഹരിക്കുവാൻ പഞ്ചായത്ത് തലത്തിൽ വായ്പ ലഭിക്കുന്നതിനും തിരിച്ചടയ്ക്കുന്നതിനുമുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്. ദേശസാൽകൃത ബാങ്കുകളെക്കൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണം. കൂടാതെ വായ്പത്തുക ശരിയായ രീതിയിൽ വിനിയോഗിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പു വരുത്തുകയും വേണം.

DWCRA സഹായ ലഭ്യത

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടി പത്തോ ഇതിലധികമോ സത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരഭമാണ് DWCRA.

പഞ്ചായത്തിൽ 93-94ൽ ഒന്നും 94-95ൽ രണ്ടും 95-96ൽ ഒന്നും ഉൾപ്പെടെ ആകെ 4 യൂണിറ്റുകളാണ് ആരംഭിച്ചിട്ടുള്ളത്. 5-ാം വാർഡിലെ പ്രിന്റിംഗ് യൂണിറ്റും 10-ാം വാർഡിലെ റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റും തൃപ്തികരമായല്ല പ്രവർത്തിക്കുന്നത്. അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ വേണ്ട നടപടികൾ ഉണ്ടാവണം. അതിനായി അതാതു പ്രദേശത്തെ വാർഡു മെമ്പറും സന്നദ്ധ സംഘടനാ പ്രവർത്തകരും ഉൾപ്പെടുന്ന കമ്മറ്റി രൂപീകരിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകണം.

ട്രൈസം.

18 മുതൽ 35 വരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം.

ഈ പദ്ധതിയനുസരിച്ച് പഞ്ചായത്തിൽ പരിശീലനം ലഭിച്ചവരുടേയും അവരിൽ തൊഴിൽ കണ്ടെത്തിയവരുടേയും പട്ടിക താഴെ ചേർക്കുന്നു.

വർഷം	പരിശീലനം ലഭിച്ചവരുടെ എണ്ണം	തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം
92-93	8	7
93-94	10	6
94-95	6	2
95-96	12	12
ഇപ്പോൾ പരിശീലനത്തിന്		
പോകുന്നവർ	43	—
ആകെ	79	27

ഈ പദ്ധതിയനുസരിച്ച് പരിശീലനം ലഭിച്ചവരിൽ സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം താരതമ്യേന കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു. അതിനാൽ പരിശീലനം ലഭിച്ചവർക്ക് തൊഴിൽ യൂണിറ്റ് ആരംഭിക്കുവാൻ വായ്പ ലഭ്യമാകുന്നതിൽ ശ്രദ്ധിക്കണം. ഇത് ഈ പദ്ധതിയുടെ ഗുണഫലം ശരിയായ വിധത്തിൽ പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമാണ്.

ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്.

പഞ്ചായത്തിൽ IRDP സർവ്വെ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാർ 139 പേരുണ്ട്. ഇവരിൽ രണ്ടു പേർക്ക് ടൂൾ കിറ്റ് കിട്ടിയിട്ടുണ്ട്. 95-96ൽ ചുരുങ്ങിയ ആൾക്കാർക്ക് മാത്രമേ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുള്ളൂ. ഈ പദ്ധതിയെക്കുറിച്ച് ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് വേണ്ടത്ര വിവരവുമില്ല. ഈ പദ്ധതി കൂടുതൽ ആളുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി ഉണ്ടാവണം.

വിവിധ IRDP പദ്ധതികൾ പ്രകാരം ലഭിച്ച കക്കൂസുകൾ

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ബ്ലോക്ക് വഴി ധനസഹായം നൽകുന്ന വിവിധ പദ്ധതികൾ നിലവിലുണ്ട്. അവയാണ് CRSP, JRY തുടങ്ങിയവ. 92-93 മുതൽ ഈ പദ്ധതികൾ പ്രകാരം ലഭിച്ച കക്കൂസുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

CRSP കക്കൂസുകൾ

വർഷം	ടാർജറ്റ്	SC	ST	മറ്റുള്ളവർ	ആകെ
92-93	11	4	—	7	11
93-94	13	5	—	8	13
94-95	3	1	-	1	2
95-96	31	6	—	25	31
ആകെ	58	16	—	41	57

JRY കക്കൂസുകൾ

വർഷം	എണ്ണം
92-93	4
93-94	4
94-95	—
95-96	—
ആകെ	8

പഞ്ചായത്തിൽ ഇനിയും വളരെയധികം കുടുംബങ്ങൾക്ക് കക്കൂസ് ഇല്ലെന്ന് ഈ കണക്കുകൾ തെളിയിക്കുന്നു. ഇവ കൂടുതലും കോളനി പ്രദേശങ്ങളുമാണ്. കക്കൂസിന്റെ അഭാവം ഈ പ്രദേശങ്ങളിൽ ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കണം. CRSP, JRY തുടങ്ങിയ പദ്ധതികൾ മുഖേന കൂടുതൽ ആൾക്കാർക്ക് സഹായം ലഭ്യമാക്കണം. കൂടാതെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധ സഹകരണ സംഘങ്ങളുടേയും സന്നദ്ധസംഘടന

കക്കൂസുകളുടെ ലഭ്യതയും ആവശ്യവും സംബന്ധിച്ച പട്ടിക

IRDP സർവ്വെ പ്രകാരം കക്കൂസ് ഇല്ലാത്തവീടുകൾ	വിവിധ രീതിയിൽ കക്കൂസ് ലഭിച്ചത് (92ന് ശേഷം)				ഇനി കക്കൂസ് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം
	CRSP	JRY	റബ്ബർ ബോർഡ്	സന്നദ്ധ സംഘടനകൾ	
1291	57	8	12	10	1204

കളുടേയും സഹായത്തോടെ കക്കൂസ് നിർമ്മിച്ചു കൊടുക്കുന്ന പദ്ധതിയും നടപ്പാക്കണം. ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്കിന്റെ പരിധിയിലുള്ള മുഴുവൻ ദുർബലവിഭാഗത്തിനും ഘട്ടം ഘട്ടമായി കക്കൂസ് നിർമ്മിച്ചു കൊടുക്കുന്ന പുതിയ പദ്ധതി ഈ സന്ദർഭത്തിൽ വളരെ സ്വാഗതാർഹവും പ്രശംസനീയവുമാണ്.

MWS

ഈ പദ്ധതി അനുസരിച്ച് 95-96ൽ 2 കിണർ കുഴിക്കുന്നതിനും 8 കിണർകെട്ടുന്നതിനും സഹായ ധനം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നൽകുന്ന ധനസഹായം കൂടുതൽ വ്യാപിപ്പിക്കേണ്ടതുണ്ട്.

പെൻഷനുകളെ സംബന്ധിച്ച്:-

വിധവാ പെൻഷൻ

അർഹരായ ധാരാളം പേരുണ്ടെങ്കിലും ചുരുങ്ങിയ ആൾക്കാർക്ക് മാത്രമാണ് ഇത് ലഭിക്കുന്നത്. ഇതിന് മുഖ്യ കാരണം ആൺമക്കളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കുന്നില്ല എന്നതാണ്. ഇത് മാറ്റി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കുവാൻ നടപടി സ്വീകരിക്കണം. പഞ്ചായത്തിൽ വിധവകളെ സംബന്ധിച്ച ഒരു വിധവാ രജിസ്റ്റർ ഉണ്ടാവുന്നത് അർഹരായവർക്ക് പെൻഷൻ ലഭിക്കുന്നതിന് സഹായകരമാണ്.

വികലാംഗ പെൻഷൻ

നിയമത്തിന്റെ നൂലാമാലകൾ മൂലം അർഹരായ മുഴുവൻ പേർക്കും കിട്ടാത്ത സ്ഥിതിയുണ്ട്. വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് കിട്ടാൻ ജില്ലാ ആശുപത്രിവരെ പോകേണ്ട സ്ഥിതിയാണ്. ഇത് മാറ്റി താലൂക്ക് ആശുപത്രിയിൽ സർട്ടിഫിക്കറ്റ് കിട്ടാൻ സൗകര്യമുണ്ടാക്കണം. കൂടാതെ വികലാംഗർക്കുവേണ്ടി പുതിയതായി സ്വയം തൊഴിൽ പുനരധിവാസ പദ്ധതികൾ ആരംഭിക്കണം.

വാർദ്ധക്യകാല പെൻഷൻ

ആൺമക്കളുള്ളവർക്ക് ലഭിക്കില്ല എന്ന നിയമം മൂലം അർഹരായ അനേകം പേർക്ക് കിട്ടാത്ത സ്ഥിതിയുണ്ട്. ഈ നിയമം മാറ്റി അർഹരായവരെ ഗ്രാമപഞ്ചായത്ത് തന്നെ കണ്ടെത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യണം.

തൊഴിലില്ലായ്മ വേതനം.

പഞ്ചായത്തിൽ അർഹരായ പലർക്കും കിട്ടാതെ വരികയും അനർഹർക്ക് കിട്ടുകയും ചെയ്യുന്ന സ്ഥിതിയുമുണ്ട്. വേതനം യഥാസമയം വിതരണം ചെയ്യാത്ത അവസ്ഥയുണ്ട്. അർഹരായവരെ കണ്ടെത്തുന്നതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുകയും അവർക്ക് യഥാസമയം വേതനം വിതരണം ചെയ്യുകയും വേണം.

പഞ്ചായത്തിൽ നിലവിലുള്ള പെൻഷൻ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

അങ്കൺ വാടികൾ

സാമൂഹ്യ ക്ഷേമരംഗത്ത് സുപ്രധാന പങ്കു വഹിക്കുന്ന അങ്കണവാടികലുടെ ഇന്നത്തെ സ്ഥിതി വളരെ ശോചനീയമാണ്. നമ്മുടെ പഞ്ചായത്തിൽ ആകെ 22 അങ്കണവാടികളുണ്ട്. ഇവയിൽ 500ലധികം കുട്ടികൾ ഉണ്ട്. ആയിരം പേർക്ക് ഒരു അങ്കണവാടി എന്ന അനുപാതം ഈ പഞ്ചായത്തിൽ നിറവേറ്റിയിട്ടുണ്ട്. എണ്ണത്തിന്റെ കാര്യത്തിൽ മുന്നോക്കമാണെങ്കിലും

വർഷം	അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യ പെൻഷൻ	അവശകലാകാര പെൻഷൻ	അവശകായിക പെൻഷൻ	ക്ഷയരോഗ പെൻഷൻ	ക്യാൻസർരോഗി പെൻഷൻ	കർഷകത്തൊഴിലാളി പെൻഷൻ	തൊഴിലില്ലായ്മ വേതനം
91-92		25	5	32	—	—	1	1	—	42
92-93		25	7	38	—	—		1	—	32
93-94		31	14	39	—	—		3	—	—
94-95		32	14	42	—	—		4	-	46
95-96		33	20	42	—	—		2	94	-

ഗുണപരമായി അങ്കണവാടികൾ ഇനിയും ഏറെ മുന്നേറേണ്ടിയിരിക്കുന്നു. പുതിയ വിദ്യാഭ്യാസ സംസ്കാരത്തെ ചെറുക്കാൻ ഇവയുടെ വികസനം ആവശ്യമാണ്. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അങ്കണവാടികൾ ഇനിയുമുണ്ട്. ജീവനക്കാരുടെ വേതനവ്യവസ്ഥകൾ മെച്ചപ്പെടുത്തി അവരിൽ ഉത്തരവാദിത്വബോധം വളർത്തണം. ആവശ്യത്തിന് കളിപ്പാട്ടങ്ങളും മറ്റും വാങ്ങിച്ച് കുട്ടികളുടെ സർഗ്ഗവാസനകളെ വികസിപ്പിക്കണം.

ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു:-

1. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ ക്കൊണ്ടോ JRY ഫണ്ടോ ഉപയോഗിച്ച് അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം പണിയുക.

2. പഞ്ചായത്ത് തന്നെ കെട്ടിടനിർമ്മാണത്തി നാവശ്യമായ ഭൂമി നൽകുക.

3. അങ്കണവാടികളിലൂടെ കുട്ടികൾക്ക് നൽകുന്ന പോഷകാഹാരം കാര്യക്ഷമമായി വിതരണം ചെയ്യാൻ ശ്രദ്ധിക്കുക.

4. അങ്കണവാടി വർക്കർമാരേയും ഹെൽപ്പ ർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിച്ച് സേവന-വേതന വ്യവസ്ഥ കൾ മെച്ചപ്പെടുത്തുക.

5. അങ്കണവാടികളുടെ പ്രവർത്തനം വിലയി രുത്താൻ വാർഡു മെമ്പർമാർ സന്നദ്ധ സംഘടനാ പ്രവർത്തകരും ഉൾപ്പെടുന്ന ഉപദേശകസമിതി രൂപീകരിച്ച് പ്രവർത്തന ങ്ങൾ അവലോകനം ചെയ്യുക.

ക്ഷേമനിധികളെ സംബന്ധിച്ച്:-

നിർമ്മാണ തൊഴിലാലി ക്ഷേമനിധി;-

ഈ പഞ്ചായത്തിൽ പ്രധാനമായും ഇപ്പോൾ ലഭിക്കുന്നത് നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള ധനസഹായമാണ്. 60 വയസ് കഴിഞ്ഞ 6 പേർക്ക് ഇപ്പോൾ ധനസഹായം കിട്ടുന്നുണ്ട്. കൂടാതെ ഒരാൾക്ക് പ്രസവാനുകൂല്യവും 3 പേർക്ക് മരണനാന്തര ധനസഹായവും 9 വിദ്യാർത്ഥികൾക്ക് പഠനാ നുകൂല്യവും ലഭിച്ചു. നമ്മുടെ പഞ്ചായത്തിൽ ഈ വിഭാഗത്തിൽപ്പെട്ട അനവധി തൊഴിലാളി കലുണ്ടെങ്കിലും ഇതിനെക്കുറിച്ചുള്ള അജ്ഞത മൂലം ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. ഇവ രേക്കൂടി ക്ഷേമനിധിയിൽ അംഗങ്ങളാക്കുവാൻ ബോധവൽക്കരണം നടത്തണം.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനി ധി.

പഞ്ചായത്തിൽ വളരെയേറെപേർ പണി യെടുക്കുന്ന മേഖലയാണെങ്കിലും ചുരുങ്ങിയ ആൾക്കാർ മാത്രമേ ക്ഷേമനിധിയിൽ അംഗങ്ങളാ യിട്ടുള്ളൂ. ഉടമാവിഹിതം പിരിക്കുന്നില്ല. തൊഴി ലാളികൾ തന്നെ കൃത്യമായി തുക അടയ്ക്കു ന്നില്ല. ഇവരെ മുഴുവാനുളുകളെയും ക്ഷേമനി ധിയിൽ അംഗങ്ങാക്കുവാൻ ശ്രദ്ധിക്കണം.

അങ്കണവാടികളെ സംബന്ധിച്ച വിവരം

വാർഡ്	എണ്ണം	അങ്കണവാടി നമ്പർ	കെട്ടിടം ഉള്ളത്	കെട്ടിടം ഇല്ലാത്തത്.
1.	3	24/28/39	3	—
2	2	21/30	2	—
3	1	1/9	—	1
4	2	19/36	—	2
5	2	20/31	2	—
6	2	26/37	1(37)	1(26)
7	2	29/32	—	2
8	2	23/27	1(23)	1(27)
9	4	22/25/33/35	4	—
10	2	34/38	2	—

കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, കൊല്ലന്മാർ, മരം കയ റ്റക്കാർ, വാച്ച്, സൈക്കിൾ റിപ്പയറന്മാർ, ഫോട്ടോ ഗ്രാഫർമാർ എന്നിവർ ക്കൊക്കെ ക്ഷേമനിധി ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ ബഹുഭൂ രിപക്ഷവും ഈ പദ്ധതിയിൽ അംഗങ്ങളായിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ ഏറ്റവുമധികം തൊഴിലാളികൾ പണിയെടുക്കുന്ന ടാപ്പിംഗ് മേഖ ലയിൽക്കൂടി ക്ഷേമനിധി ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഇവർക്കുവേണ്ടിയുള്ള ക്ഷേമ പദ്ധതികൾ ഇവരുടെ ജീവിത നിലവാരം മെച്ച പ്പെടുത്താൻ സഹായിക്കും.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യ ങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കാനും അർഹരാ യവർക്ക് ലഭ്യമാക്കാനും പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കണം. ഈ സെൽ വഴി പദ്ധതികളെ സംബന്ധിച്ച് ബോധവൽക്കരണ വും നടത്താം.

സംസ്കാരം VIII

ഉണർവ്വിന്റെ സൂര്യശോഭകൾ

പ്രതിജനഭിന്ന വിചിത്രമായ ജന ജീവിതത്തിൽ നിന്ന് ഉരുവം കൊള്ളുന്ന മൂല്യങ്ങളും ധാരണകളും ദർശനങ്ങളും ആചാരങ്ങളും ബന്ധങ്ങളും സമന്വയിച്ചുണ്ടാവുന്ന സത്തയാണ് സംസ്കാരം. കല, മതം, സാഹിത്യം, രാഷ്ട്രീയ, സാമൂഹിക സാമുദായിക സംഘടനകൾ, ശാസ്ത്രം ഇവയൊക്കെയും കൂടാതെ ഒരു പ്രദേശത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും സാംസ്കാരികമായ സത്തയെ സ്വാധീനിക്കുന്നുണ്ട്. ഹിമാലയത്തിന്റെ മഹാസാന്നിദ്ധ്യം ഇൻഡ്യയുടെ സംസ്കാരത്തെ സ്വാധീനിക്കുന്നുവെന്നത് ഉദാഹരണം. സാംസ്കാരിക രംഗത്തെ പരിണാമത്തിന്റെ ചലനാത്മകമായ വംശം ജനങ്ങളുടെ കർമ്മങ്ങളാണ് എന്നത് നിർണ്ണായകമാണ്. നമ്മുടെ പഞ്ചായത്ത് കേരളത്തിലെ അർദ്ധമലയോരപ്രദേശങ്ങളിലൊന്നാണ്. ഇടത്തരക്കാർ പ്രാമാണ്യമുള്ള കാർഷിക മേഖലയാണ്. പഞ്ചായത്തിലെ സ്ഥലനാമങ്ങൾ തന്നെ ഈ കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ടതാണ്. എലിക്കുളം, ഇളങ്ങുളം എന്നീ പേരുകൾ കുളവുമായി ബന്ധപ്പെട്ടു കിടക്കുന്നു. മറ്റം എന്ന പദത്തിന് വയൽ, നിലം എന്ന അർത്ഥമാണുള്ളത്. പനമറ്റം എന്ന പദം കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടുണ്ടായതാവാനാണ് സാദ്ധ്യത. കേരളത്തിലെ ഏതൊരു ഗ്രാമത്തേയും പോലെ നിറപ്പകിട്ടുള്ള ഐതീഹ്യങ്ങളും അനുഷ്ഠാനങ്ങളും കലാരൂപങ്ങളും ഇവിടെയുണ്ട്. കഴിഞ്ഞ ദശകങ്ങളിൽ ഉദയം കൊള്ളുകയും അസ്തമിക്കുകയും ഇപ്പോഴും ജീവിക്കുകയും ചെയ്യുന്ന പ്രസ്ഥാനങ്ങളുടെയെല്ലാം സ്വാധീനം ഏറിയും കുറഞ്ഞും ഇവിടെയുമെത്തിയിട്ടുണ്ട്. ഇനിയും അസ്തമിക്കാത്ത ഫ്യൂഡൽ സ്വാധീനങ്ങളുടെ അവശിഷ്ടങ്ങളും 21-ാം നൂറ്റാണ്ടിലേക്ക് നയിക്കുന്ന നവീന സാങ്കേതിക വിദ്യയുടെ ഉല്പന്നങ്ങളും ഒരേ സമയം ഈ പഞ്ചായത്തിലെ ഗ്രാമങ്ങളിലും സമ്മിശ്രമായി ഇഴചേർന്നു നിൽക്കുന്നു. അർദ്ധനഗരങ്ങളായി അനുനിമിഷം പരിവർത്തം പ്രാപിക്കുന്ന നമ്മുടെ നാട്ടിൻപുറങ്ങളുടെ ചേരിയിൽ ഈ പഞ്ചായത്തിലെ ചില കേന്ദ്രങ്ങൾ നിലയുറപ്പിക്കുന്നു ഇവിടെത്തന്നെ ഭൂരിപക്ഷം ഗ്രാമങ്ങളും നഗരവൽക്കരണത്തിന് വിമുഖരായിത്തന്നെ നിൽക്കുന്നതും സവിശേഷമായ ഒരു സാംസ്കാരിക സത്യമാണ്. സ്വാതന്ത്ര്യ സമരകാലത്തും സ്വാതന്ത്ര്യാനന്തരം ഒന്നു രണ്ടു ദശകങ്ങളിലും ജ്വലിച്ചു നിന്ന പ്രതീക്ഷകൾ മങ്ങിത്തുടങ്ങിയതുപോലെ ഒരു കാലത്ത് ഇവിടത്തെ ജനങ്ങളെ ഉത്തേജിപ്പിക്കുകയും നയിക്കുകയും ചെയ്ത സംഘടനകളും ശക്തികളും ഇന്ന് ഒരുതരം അർദ്ധസുഷുപ്തിയിലാണെന്നും ഖേദപൂർവ്വം നമുക്കു ബോധ്യമാവുന്നു.

നഗരവൽക്കരണം.

നമ്മുടെ പഞ്ചായത്തിൽ കോൺക്രീറ്റുകെട്ടിടങ്ങൾ പടരുന്നുവെങ്കിലും മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് താരതമ്യേന കുറവാണ്. കൂടുതലും കേരളീയ ശൈലിയിലുള്ള തടിയുപയോഗിച്ചുള്ള വീടുകളാണ്. ഇപ്പോഴും ക്ഷേത്രങ്ങളോടനുബന്ധിച്ചും സ്കൂളുകളോടനുബന്ധിച്ചും വിശാലമായ മൈതാനങ്ങൾ നിലനിൽക്കുന്നു. റബ്ബർ ആകെ വിസ്തൃതിയുടെ മുക്കാൽ പങ്കും കടന്നുകയറിയിട്ടുണ്ടെങ്കിലും ഇടവഴികളും ചെമ്മൺപാതകളും അപ്രത്യക്ഷമായിട്ടില്ല. ഓണക്കാലവും ക്ഷേത്രോത്സവങ്ങളും നാടുവിട്ട് അന്യദേശങ്ങളിലേയ്ക്ക് പോയവരുടെ കൂടിക്കാഴ്ചയുടെ സന്ദർഭങ്ങളാണ്. പൂക്കളങ്ങളും കൈകൊട്ടിക്കളിയും പുലികളിയും തീരെ നശിച്ചുവെന്നു പറയാറായിട്ടില്ല. വസ്തുധാരണത്തിൽ നഗര സംസ്കാരത്തിന്റെ സ്വാധീന മുദ്രകൾ പതിഞ്ഞുനിൽക്കത്തന്നെ അർദ്ധനഗരായ കാരണവന്മാരെ പൊതുസ്ഥലങ്ങളിലും കുടുംബവേദികളിലും കാണാൻ കഴിയുന്നു. പഴയുടെ കുടുംബവ്യവസ്ഥയുടെ സ്ഥാനത്ത് അന്നു കുടുംബങ്ങളുണ്ടാവുകയും ഓരോ തുരുത്തുകളായി അവ മാറുകയും ചെയ്തിട്ടുണ്ടെങ്കിലും പരസ്പര സഹായവും സഹകരണവും നിലനിർത്താൻ ശ്രമക്കുകവഴി പഴമയുടെ ചില നന്മകൾ പരിരക്ഷിക്കപ്പെടുന്നുണ്ട്. കുടുംബ ബന്ധങ്ങളിലെ ആർദ്രതയും അകൃത്രിമത്വവും നഷ്ടപ്പെട്ടിട്ടില്ല. താരതമ്യേന സംഭവ രഹിതവും വർണ്ണരഹിതവുമായ ഗ്രാമ ജീവത്തിൽ ക്ഷേത്രോത്സവങ്ങളും പെരുന്നാളുകളും ആഹ്ലാദത്തിന്റെ പൊലിമ നൽകുന്നു. ഉത്സവങ്ങളിൽ യാന്ത്രികമായി പങ്കെടുത്ത് മടങ്ങുന്ന നാഗരികനു പകരം, ഉറക്കമിളച്ച് അവയിൽ ലയിക്കുകയും വരവിനായി കാത്തിരിക്കുകയും ചെയ്യുന്ന ഗ്രാമീണ ശാലീനത ഇവിടുത്തെ നാട്ടിൻപുറത്തുകാർക്ക് ഇന്നും നിലനിർത്താൻ കഴിയുന്നുണ്ട്. പെരുമാറ്റത്തിലുള്ള കൃത്രിമത്വമാണല്ലോ, നഗരജീവിയുടെ മറ്റൊരു സവിശേഷത. നമ്മുടെ പഞ്ചായത്തിൽ ഈ കൃത്രമിത്വവും കച്ചവടമനോഭവവും വ്യാപകമായി വളർന്നിട്ടില്ലെന്നു തന്നെയാണനുഭവം. പൊതുവെ, ഗ്രാമത്തിലെ ഭവനങ്ങളും പൊതുസ്ഥലങ്ങളും നിരത്തുകളുമെല്ലാം. വൃത്തിയായി സൂക്ഷിക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്ന സ്വാഭാവം സാർവ്വത്രീകമാണ്. ശുചിത്വം പാലിക്കുന്നതിൽ നിഷ്കർഷതയുള്ളവരാണ് ഭൂരിപക്ഷവും എന്നതാണ് വസ്തുത. വ്യാപകമായ വ്യവസായ വൽക്കരണം നടക്കാത്ത മേഖലയായതുകൊണ്ട് പരി

സരമലിനീകരണ പ്രശ്നങ്ങൾ ഒരു പരിധിയിക വിഞ്ഞ് അലട്ടുന്നില്ല. നഗരജീവിതത്തിന്റെ മുഖ മുദ്രയായ മനഃസംഘർഷം ഗ്രാമജീവിതത്തിലേക്ക് ആപൽക്കരമായ തോതിൽ കടന്നുകയറിയിട്ടില്ല. പരസ്പരം വികരാവിചാരങ്ങൾ കൈമാറുന്നതി നുള്ള സംവാദത്തിന്റെ വേദികൾ നാട്ടിൽപുറ ങ്ങളിലിപ്പോഴും, സൗഹൃദസംഘങ്ങളായി സ്ഥിതി ചെയ്യുന്നതാണിതിനു കാരണം. പഞ്ചായത്തിൽ പൊതുവേ മാനസിക രോഗികളുടെ എണ്ണം കുറവാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. കുടുംബബന്ധങ്ങൾ സുദൃഢമായിത്തന്നെ നിൽ ക്കുന്നതായാണ് കാണാൻ കഴിയുന്നത്. വിവാഹ മോചനങ്ങളുടെ എണ്ണവും ഗണ്യമായിട്ടില്ല. പൊതുവെ ഭദ്രമായ ആരോഗ്യമുള്ളവരാണ് നമ്മുടെ ഗ്രാമപ്രദേശങ്ങളെന്നതും പ്രസ്താവ്യമാ ണ്.

മതസൗഹാർദ്ദം

മതത്തിന്റെ പേരിലോ, ജാതിയുടെ അടി സ്ഥാനത്തിലോ സംഘർഷങ്ങളുണ്ടായ അനു ഭവം ഈ പഞ്ചായത്തിലില്ല. ഇളങ്ങുളം, എലി ക്കുളം, പനമറ്റം എന്നീ ക്ഷേത്രങ്ങളിലെ പൂര ങ്ങളിലും ഉത്സവങ്ങളിലും ഹിന്ദുക്കളെന്നപോലെ ഇതര മതസ്ഥരും പങ്കെടുക്കുന്ന പാരമ്പര്യം ഇ ന്നും തുടരുന്നു. ഇളങ്ങുളം, കാരക്കുളം, വഞ്ചി മല എന്നീ പള്ളികളിലെ പെരുന്നാളിലും ഹിന്ദു ക്കൾ ദീപാലങ്കാരങ്ങളും പ്രദക്ഷിണവും കാണാ നും ആസ്വദിക്കാനും താൽപ്പര്യപൂർവ്വം എത്തി ച്ചേരുന്ന സ്വഭാവം ദൃശ്യമാണ്. ഇളങ്ങുളം ക്ഷേത്രോത്സവത്തോടനുബന്ധിച്ച് നടത്തിവന്നി രുന്ന വേലകളി എന്ന നാടൻ കലാനുഷ്ഠാന ത്തിൽ പങ്കെടുത്തിരുന്ന വന്ദ്യവയോധികരായ ക്രിസ്ത്യാനികൾ ചിലർ ഇന്നും ജീവിച്ചിരിപ്പുണ്ട്.. അതുപോലെ പനമറ്റം ക്ഷേത്രത്തിൽ ദീർഘ കാലം മീനപ്പൂരത്തോടനുബന്ധിച്ച് അവരിപ്പിക്ക പ്പെടുകയും അരനൂറ്റാണ്ടിനുമുമ്പ് നിരോധിക്ക പ്പെടുകയും ചെയ്ത പടയണി എന്ന കലാരൂപ ത്തിലും, അവസാന ഭാഗത്ത് ജോനകർ (മുസ്ലീ ങ്ങൾ) കഥാപാത്രങ്ങലായി പ്രത്യക്ഷപ്പെടാറുണ്ടാ യിരുന്നു. ആചാരങ്ങളും അനുഷ്ഠാനങ്ങളും പര സ്പരം സ്വാധീനം ചെലുത്തുന്നതിന്റേയും പര സ്പരം സ്വാംശീകരിച്ചതിന്റെറയും ഉദാഹരണങ്ങൾ ഇവിടെയുണ്ട്. ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് ആർച്ചുകളും വൈദ്യുത ദീപാലങ്കാരങ്ങളും പൊരു ന്നാളുകളുടെ ആഘോഷങ്ങളിൽനിന്ന് സ്വീകരി ച്ചവയാണ്. അതുപോലെ പെരുന്നാളുകളോട നുബന്ധിച്ചുള്ള ഘോഷയാത്രയിൽ ചെണ്ട തുടങ്ങിയ വാദ്യോപകരണങ്ങൾ ഉപയോഗി ക്കുനന രീതി തിരിച്ചുള്ള ആദാനത്തിന്റെ നിദ ർശനമാണ്. സന്ധ്യാസമയത്ത് നിലവിളക്ക് കൊളു ത്തുന്നത് ഇവിടെയുള്ള പല ക്രിസ്ത്യൻ ഭവന ങ്ങളും പുലർത്തിവരുന്നത് മുൻ പറഞ്ഞ സ്വാധീ നത്തിന്റെ മറ്റൊരു മാതൃകയാണ്. പൂരങ്ങളുടെ ഭാഗമായി ഇവിടുത്തെ ക്ഷേത്രങ്ങളിൽ ക്ഷേത്ര കലകളിൽ ഓട്ടൻതുള്ളൽ, പാഠകം തുടങ്ങിയവ യായിരുന്നു നടന്നിരുന്നതെങ്കിൽ ഇന്ന് ഇളങ്ങു ളത്തായാലും പനമറ്റത്തായലും, എലിക്കുളത്താ യാലും മുഖ്യദിവസം നാടകങ്ങൾ അരങ്ങേറു ന്നതും പെരുന്നാളുകളുടെ സ്വാധീനതയിലുൾ പ്പെടുന്നു. ജനസംഖ്യയുടെ കാര്യത്തിൽ ഏതാണ്ട് തുല്യരായ ഹിന്ദുക്കളും ക്രിസ്ത്യാനികളും ന്യൂനപ ക്ഷമായ മുസ്ലീങ്ങളും സാമൂഹ്യവും സാംസ്കരി കവും രാഷ്ട്രീയവുമായ രംഗങ്ങളിൽ ഐക്യ ത്തോടെ ഭാഗഭാക്കാകുന്നു. ഏറ്റവുമൊടുവിൽ നടന്ന ജനകീയാസൂത്രണ പരിപാടിയുടെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ നേതൃത്വം വഹിച്ച വരെ പരിശോധിച്ചാൽ ഇതു ബോദ്ധ്യാമവുന്ന താണ്. പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖല യിൽ നിസ്തുലസേവനം നല്കിയ ഗുരുഭൂതന്മാരെ മതപരമായ വിവേചനത്തിന്റെ സ്വാധീനം അല്പം പോലുമിലാതെ ഏകാത്മനാ ബഹുമാനിക്കുന്ന പാരമ്പര്യം ഇവിടുത്തെ ജനതയ്ക്ക് സ്വായത്ത മാണ്. നാലിലെ സാറി (നാരായണൻ നായർ) നോടൊപ്പം മുൻഷിസാറും (ശ്രീ. പുന്നൻ) തുല്യ സ്ഥാനം ജനമനസ്സുകളിലുണ്ടെന്ന് ഒരു ഉദാഹ രണത്തിനു മാത്രം ചൂണ്ടികാണിക്കട്ടെ. പനമറ്റ ത്തും വഞ്ചിമലയിലുമുള്ള മുസ്ലീം പള്ളി കേന്ദ്ര മാക്കി ജീവിക്കുന്ന ഇസ്ലാം മതസ്ഥരും നമ്മുടെ സംസ്കാരത്തിന് അവരുടെ സംഭാവനകൾ നൽ കയിട്ടുണ്ട്. നാട്ടിൽ പലപ്പോഴായി നടക്കുന്ന മതസൗഹാർദ്ദ റാലികളിലും സാംസ്കാരിക സ മ്മേളനങ്ങളിലും പുരോഹിതന്മാരുടെ സാന്നിദ്ധ്യ വും സഹകരണവുമുണ്ടാവാറുണ്ട്. മുസ്ലീങ്ങളുടെ തനതു കലാരൂപമായ ഒപ്പന നമ്മുടെ പഞ്ചായ ത്തിലെ എല്ലാ സ്കൂളുകളിലേയും ഇതരമത സ്ഥരായ കുട്ടികൾ പഠിച്ചവതരിപ്പിക്കാറുണ്ട്.

സ്വാതന്ത്ര്യ സമരം

ദേശീയ പ്രസ്ഥാനത്തിന്റേയും സ്വാതന്ത്ര്യ സമരത്തിന്റേയും സ്വാധീനം ഈ പഞ്ചായത്തി ലും എത്തിച്ചേരുകയും ചലനാത്മനകമാലുകയും ചെയ്തിട്ടുണ്ട് ആദ്യത്തെ പഞ്ചായത്ത് പ്രസിഡ ന്റായിരുന്ന ശ്രീ പി. കേശവപിള്ള പയ്യന്നൂരിൽ നടന്ന ഉപ്പുസത്യാഗ്രഹ' പരിപാടിയിൽ പങ്കെടു ക്കുകയും ജയിൽവാസമനുഭവിക്കുകയും ചെയ്തു. ഈ പഞ്ചായത്തിലെ മറ്റൊരു സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ശ്രീ പെരുവേലിൽ ആശാൻ (ജോസഫ്)) കോൺഗ്രസ് വോളന്റിയർമാരെ സംഘടിപ്പിക്കുന്നതിൽ ഏർപ്പെട്ട് സജീവമായി ദേശീയപ്രസ്ഥാനത്തിലുണ്ടായിരുന്ന ആളാണ് സ്വാതന്ത്ര്യസമരത്തിന്റെ തന്നെ ഭാഗമായി സ്റ്റേറ്റ് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ സി.പി. രാമ സ്വാമി അയ്യരുടെ സ്വതന്ത്ര തിരുവതാംകൂർ എന്ന വാദത്തിനെതിരേ നടന്ന സമരവും ഈ പഞ്ചാ യത്തിൽ രൂപമെടുത്തു എന്ന് ചരിത്രത്തിൽ നിന്നു തെളിയുന്നു. ഗാന്ധിജിയുടെ ദേശ നിർമ്മാണ പരിപാടികളിൽ മുഖ്യമായ സ്ഥാനം അയിത്തോ

ച്ചാടനത്തിനുണ്ടായിരുന്നല്ലോ. ക്ഷേത്ര പ്രവേശന വിളംബരത്തോടനുബന്ധിച്ച് ദേശീയ വാദികളായ കോൺഗ്രസ്സുകാരുടെ നേതൃത്വത്തിൽ ഇളങ്ങുളം ക്ഷേത്രത്തിലും പനമറ്റം ക്ഷേത്രത്തിലും അവർ ണ്ണർ പ്രവേശിക്കുകയും യഥാസ്ഥിതികരെ വെല്ലു വിളിക്കുകയുമുണ്ടായി. നമ്മുടെ പഞ്ചായത്തിലെ ഗ്രന്ഥശാലകളെല്ലാം തന്നെ സ്വതന്ത്ര്യാനന്തരകാ ലത്ത് 1950 കളിൽ സ്ഥാപിക്കപ്പെട്ടവയാണ്. അതിനുമുമ്പ് ഇവയുടെ പ്രാഗ്രൂപങ്ങളുണ്ടാവു കയും വൈകാതെ പൊലിയുകയും ചെയ്തതായി കാണാം. എലിക്കുളത്തുണ്ടായിരന്നു മാളവിക ഗ്രന്ഥശാലയും പനമറ്റത്ത് ആദ്യകാലത്താരംഭിച്ച ഗ്രാമീണ വായനശാലയും ഇതിനുദാഹരണങ്ങ ളാണ്. ഈ ഗ്രന്ഥശാലകളുടെ വേരുകൾ തന്നെ ശക്തമായി നമ്മുടെ സ്വാതന്ത്ര്യ സമരത്തിന്റെ ധ്വനിയുള്ളവയാണ്. (പനമറ്റത്തെ ദേശീയ വായ നശാല, ദേശാഭിമാനി വായനശാല). 1942-ലെ കിറ്റിൻഡ്യ സമരത്തോടനുബന്ധിച്ച് നമ്മുടെ പഞ്ചായത്തിലെ ചില വിദ്യാലയങ്ങളിൽ വിദ്യാ ർത്ഥികൾ ക്ലാസ് ബഹിഷ്കരിച്ച് പ്രകടനം നട ത്തിയതായും അനുഭവസാക്ഷ്യമുണ്ട്.

സ്വാതന്ത്ര്യസമരത്തിന്റെ അവസാന വർ ഷങ്ങളിൽ നടന്ന രണ്ടു സംഭവങ്ങൾ അതു മായി നേരിട്ടല്ലെങ്കിലും പരോക്ഷമായി ബന്ധ പ്പെട്ടവയാണ്. 1947-ൽ പനമറ്റത്തു നടന്ന നായർ മഹാ സമ്മേളനത്തിന്റെ രാഷ്ട്രീയ സമ്മേളന ത്തിൽ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ സമുന്നത നേതാ ക്കളായിരുന്ന ശ്രീ പട്ടം താണുപിള്ള, സി നാരാ യണപിള്ള, ടി.എം. വർഗീസ്, കുട്ടനാട് രാമകൃ ഷ്ണപിള്ള എന്നിവരും സാഹിത്യസാംസ്കാരിക സമ്മേളനത്തിൽ ശ്രീ എം.പി. മന്മഥനും പങ്കെടു ത്തിരുന്നു അതുപോലെ എലിക്കുളത്ത് SNDP യുടെ ശാഖ ഉദ്ഘാടനം ചെയ്തത് കോൺഗ്രസ് നേതാവായിരുന്ന ടി.കെ. മാധവനാണ്. ഈ ദേശീയ നേതാക്കളുടെ പ്രഭാഷണങ്ങളും സാ ന്നിദ്ധ്യവും സ്വാതന്ത്ര്യബോധവും സം ഘടനാ ബോധവും വളർത്തകാൻ ഏറെ സഹായിച്ചിട്ടു ണ്ട്. ഇന്നത്തെ പഴയതലമുറയുടെ ബോധമ ണ്ഡലത്തിൽ ഈ നേതാക്കനാമാരുടെ പ്രബോ ധനങ്ങൾ ഇന്നും മായാതെ നിൽക്കുന്നുണ്ട്.

കലാ സാഹിത്യം

സുകുമാര കലയുടെ രംഗത്ത് സമൃദ്ധ മായ ഒരു പാരമ്പര്യം ഈ പഞ്ചായത്തിലുണ്ട്. ഇവിടുത്തെ ഇടത്തരം കുടുംബങ്ങളിൽ അടു ത്തകാലം വരെ കുട്ടികളെ സംഗീതവും നൃത്ത വും അഭ്യസിപ്പിക്കുന്ന രീതിയുണ്ടായിരുന്നു. മറ്റു നാടുകളിലുള്ള ഭാഗവതരന്മാരെ താമസിപ്പിച്ച് കുട്ടികൾക്ക് സംഗീതഭ്യസനം നടത്തിയിരുന്നു. ഇതോടൊപ്പം മുതിർന്ന സ്ത്രീകൾ പെൺകുട്ടികളെ തിരുവാതിര പഠിപ്പിച്ചിരകുന്നു. തിരുവാതിര ദിവസം ക്ഷേത്രാങ്കണത്തിൽ ഇവരുടെ അരങ്ങേ റ്റവും നടനവും നടക്കാറുണ്ടായിരുന്നു. നൃത്താ ഭ്യസനവും സംഗീതപഠനവും പൂർത്തിയാക്കി പല പ്പോഴും കുടുംബാംഗണത്തിൽ ഉയരുന്ന വേദി യിൽ അരങ്ങേറ്റം നടന്നിരുന്നു. ഭാഗവതന്മാരും തിരുവാതിര ആശാട്ടിമാരും കുടുംബ - സാമൂഹ്യ ജീവിതത്തിലെ ഭാഗങ്ങളായിരുന്ന അക്കാലം കഴി ഞ്ഞിരിക്കുന്നു. പഞ്ചായത്തിൽ പനമറ്റത്ത് പതി റ്റാണ്ടുകൾക്കു മുമ്പ് കുറെ യുവാക്കൾ കഥ കളി പഠിക്കുകയും കഥകളിയോഗം സംഘടിപ്പി ക്കുകയും ചെയ്തിരുന്നു. ഇവിടത്തന്നെ 1970 കളിൽ കലാമണ്ഡലം രാമകൃഷ്ണന്റെ ശിക്ഷണ ത്തിൽ അഭ്യസനം പൂർത്തിയാക്കിയ കഥകളി കലാകാരന്മാരിൽ പനമറ്റം സോമൻ, ഇളങ്ങുളം ശശി എന്നിവർ ഇന്നും കഥകളിയുടെ അരങ്ങ ത്തുണ്ട്. പാരമ്പരാഗതമായി വാസ്തുശില്പവിദ്യയി ലേർപ്പെട്ടിരിക്കുന്നവരിൽ മികച്ച ശിപികളായു ള്ളവരിൽ ചിലർ ഇപ്പോഴും വേണ്ടത്ര പരിഗണ നയോ അംഗീകാരമോ ലഭിക്കാതെ കഴിയുന്നു ണ്ട്. വേരുകൾ കൊണ്ട് പക്ഷി മൃഗാദികളുടെ യും ദേവീ ദേവന്മാരുടെയും മനോജ്ഞശില്പ ങ്ങൾ ധാരാളം നിർമ്മിക്കുന്ന പനമറ്റം കേശവ ൻകുട്ടി നല്ലൊരു കവിയും വാസ്തു ശില്പ വിദ ഗ്ദ്ധനും കൂടിയാണ്. ചിത്രകലയിലും പ്രാവീണ്യ മുള്ളവർ നമ്മുടെ പഞ്ചായത്തിന്റെ പല ഭാഗ ങ്ങളിലുമുണ്ട്. കാൽ നൂറ്റാണ്ടായി നൃത്തം പഠി പ്പിച്ച് യുവജനോത്സവ വേദികളിലും, കലാലയ വേദികളിലും പുരസ്ക്കാരങ്ങൾ നേടിയ ധാരാളം ശിഷ്യരുള്ള ശ്രീമതി രാധാദേവി (പനമറ്റം) യുടെ ശ്രീദേവി നൃത്ത കലാലയം വർഷങ്ങളോളം ഡാൻസുപരിപാടികൾ ഉത്സവകാലത്ത് നാട്ടി ലും സമീപപ്രദേശങ്ങളിലും നടത്തിയരുന്നു. 1965-ൽ തുടങ്ങി സംഗീതനാടക അക്കാഡമിയിൽ അംഗമായിരുന്നു. കൈരളി കലാക്ഷേത്രം ഉരുളി കുന്നം, റേഡിയോയിലൂടെയും മറ്റും പരിപാടി കൾ അവതരിപ്പിച്ചിരുന്നു. 1935-ൽ തുടങ്ങി ശ്രീദേവി നടനകലാ സമിതി എലിക്കുളം എന്ന പേരിൽ ഒരു കലാ സമിതി പ്രവർത്തിച്ചിരുന്നു.

സജീവമായ ഒരു ഗ്രാമീണ നാടകവേദി ഈ പഞ്ചായത്തിലുണ്ടായിരുന്നുവെന്ന് നിസ്സം ശയം പറയാവുന്നതാണ്. 1930കളിൽ ഇളങ്ങുളം പള്ളിയുടേയും പിന്നീട് സെന്റ് മേരീസ് ഹൈ സ്ക്കൂളിന്റെയുപം വേദികളിൽ ഷേക്സ്പിയറുടെ ടെമ്പസ്റ്റ് എന്ന വിശ്രുത നാടകം കൊടുങ്കാറ്റ് എന്ന പേരിൽ തർജ്ജിമ ചെയ്ത് അവതരിപ്പി ക്കുകയുണ്ടായി.ഇവിടെ തന്നെ വർഷങ്ങളോളം ഉദയാ ആർട്ട്, ക്ലബിന്റെ നേതൃത്വത്തിൽ മിക ച്ച നാടകങ്ങൾ തെരെഞ്ഞെടുത്ത് അവതരിപ്പി ക്കപ്പെട്ടിരുന്നു. ഇക്കാലത്തു തന്നെ പനമറ്റത്തെ ഭാരതീവിലാസം ലോവർ പ്രൈമറി സ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന നാരായണൻ സാർ നിഴൽ ക്കൂത്ത് എന്നൊരു പുരാണ നാടകം രചിക്കുക യും മൂന്നു നാലു വർഷങ്ങളോളം സമീപ പ്രദേ ശങ്ങളിൽ പലയവസരങ്ങളിലായി അരങ്ങേറു കയും ചെയ്തിട്ടുണ്ട്. 1960 കളിൽ പനമറ്റത്ത് അയ്യപ്പസേവാസംഘം കലാസമിതി എന്ന പേരിൽ

പ്രവർത്തിച്ചിരുന്ന നാടകസമിതി കർണ്ണൻ, മേഘ നാദൻ തുടങ്ങിയ പുരാണ നാടകങ്ങൾ ക്ഷേത്രോത്സവത്തോടനുബന്ധിച്ച് അവതരിപ്പിച്ചി രുന്നു. നാട്ടിലെ വായനശാലകളുടെ വാർഷി കാഘോഷങ്ങളോടനുബന്ധിച്ച് അതതുവർഷം പുറത്തിറങ്ങിയ പ്രശസ്തങ്ങളായ നാടകങ്ങൾ വായനശാലാ പ്രവർത്തകർ തന്നെ പഠിച്ച് അവ തരിപ്പിക്കുന്ന പതിവ് 10-15 വർഷം അവതരിപ്പി ക്കുകയും ഗാനരചനയും സംവിധാനവും നട ത്തുകയും ചെയ്ത് വർഷങ്ങളോളം ഈ രംഗത്തു പ്രവർത്തിച്ച അഗസ്റ്റിൻ വഞ്ചിമല സ്മരണീയ നാണ്. ഇന്ന് എലിക്കുളം കേന്ദ്രമാക്കി രംഗപ്രതിഭ എന്ന പേരിൽ ഒരു പ്രൊഫഷണൽ നാടകക മ്പനി പ്രവർത്തിച്ചു വരുന്നു. ഇതോടൊപ്പം കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ കലാ - ജാഥ കളുടേയും സാക്ഷരതാ പരിപാടിയുടെയും ഭാഗ മായി തെരുവു നാടകങ്ങളും പഞ്ചായത്തിലാകെ നടന്നിട്ടുണ്ട്. പഞ്ചായത്തിലെ പെരുന്നാളുകളി ലും ഉത്സവങ്ങളിലും പ്രധാന സ്ഥാനം നാടകാ വതരണത്തിന് ലഭിക്കാനുള്ള മുഖ്യ കാരണം മുൻപു പറഞ്ഞ നാടകസംസ്കാരം സൃഷ്ടിച്ച നാടകാഭിനിവേശവും താല്പര്യവും ജനങ്ങളിൽ സജീവമാണ് എന്നുള്ളതു തന്നെയാണ്. പുറമേ മദനമോഹന മാളവ്യ മെമ്മോറിയൽ എന്ന പേരിൽ ഒരു വായനശാലയും എലിക്കുളത്തു പ്രവർത്തിച്ചുവരുന്നു.

സാഹിത്യത്തിന്റെ രംഗത്ത് ശ്രദ്ധേയമായ സംഭാവന നൽകിയ ഇളങ്ങുളത്തെ വിദ്വാൻ ആർ. വാസുദേവൻ കർത്താ, ഭാഷാ പോഷിണി മാസികയിൽ ധാരാളം ലേഖനങ്ങൾ എഴുതിയി രുന്നു. തികഞ്ഞ പണ്ഡിതനും കവിയുമായി രുന്നു അദ്ദേഹം. ആധുനിക കാലത്ത് പ്രൊഫ. വി.പി. ഹരിനാഥൻ പനമറ്റം ഒരു നോവലും രണ്ടു നിരൂപണഗ്രന്ഥങ്ങളും രചിച്ച് സാഹിത്യ രംഗത്ത് മുദ്ര പതിപ്പിച്ചു. വി. ബാലൻചന്ദ്രൻ വേലമ്പറമ്പിൽ, ബി. ഉണ്ണിക്കൃഷ്ണൻ ചെമ്മരപ്പ ള്ളിൽ ഇളങ്ങുളം എന്നിവരും കവിതാരംഗത്ത് മികച്ച സംഭാവനകൾ നല്കിക്കൊണ്ടിരുന്ന പ്രതി ഭകളാണ്.

ദീപിക ദിനപ്പത്രത്തിൽ സാഹിത്യവിചാരം എന്ന പേരിൽ ഒരു സ്ഥിരം പംക്തി മാസങ്ങ ളോളം കൈകാര്യം ചെയ്തിരുന്ന അധ്യാപകനായ ശ്രീ പി.ഡി. മാത്യു പുത്തൂർ, മികച്ച പ്രഭാഷക നും എഴുത്തുകാരനുമാണ്. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിലും ആധ്യാത്മിക വിഷ ങ്ങളെ അധികരിച്ച് കീർത്തനങ്ങൾ രചിക്കുക യും ദീർഘകാലം പനമറ്റത്ത് ക്ഷേത്രത്തോട് ചേർന്ന് മതപാഠശാലയിൽ മുഖ്യാധ്യാപകനായി പ്രവർത്തിക്കുകയും ചെയ്ത ജ്യോതിഷ പണ്ഡിത നായ ശ്രീ. കെ.പി. കൊച്ചുകൃഷ്ണൻ പ്രഗത്ഭനായ മതപ്രഭാഷകനും കൂടിയാണ്. ഇളങ്ങുളം സെന്റ് മേരീസ് ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്ന ശ്രീ കെ.റ്റി. സെബാസ്റ്റ്യൻ കുറ്റിക്കാട്ട് നാടക കൃത്തും ഭാഷാ പണ്ഡിതനും ഉപന്യാസകാരനു മാണ്. വാസ്തുശില്പ വിദഗ്ദ്ധനും ശില്പിയുമായ പനമറ്റം കേശവൻ കുട്ടി ധാരാളം കവിതകൾ രചിക്കുകയും ചിലവ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഹൈസ്കൂൾ അദ്ധ്യാപകനായ ശ്രീ എലിക്കുളം ഗോപാലകൃഷ്ണൻ നായർ കുറെ വർഷം മുമ്പുവരെ ദേശബന്ധു, മലയാള രാജ്യം തുടങ്ങിയ പത്രങ്ങളും വാരികകളിലും കഥക ളും നോവലുകളും എഴുതിയിരുന്ന ആളാണ്.

സാഹിത്യരംഗത്ത് മൗലികമായ മുഖമുദ്ര പതിപ്പിച്ച് ശ്രദ്ധേയനായ ശ്രീ സക്കറിയ ഇന്ന് ഇന്ദ്രപ്രസ്ഥത്തിലേക്ക് ചേക്കേറിയെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഉരുളികുന്നത്ത് മുണ്ടാട്ടുചുണ്ട യിൽ കുടുംബാംഗമാണ് നിരവധി ചെറുകഥക ളിലൂടെയും മൂർച്ചയേറിയ സാഹിത്യലേഖനങ്ങ ളിലൂടെയും മലയാള സാഹിത്യരംഗത്ത് ഉന്നത മായ ഒരു സ്ഥാനം അദ്ദേഹം നേടിയിരുക്കുന്നു. അദ്ദേഹത്തിന്റെ കഥാപ്രപഞ്ചത്തിൽ തന്റെ ഗ്രാമവും അതിന്റെ പ്രകൃതിയും സംസ്ക്കാര വും അങ്ങിങ്ങ് സജീവമായി പ്രത്യക്ഷപ്പെടാറു ണ്ട്.

നാടോടിക്കലകൾ

ദ്രാവിഡത്തനിമയും കരുത്തും തുളുമ്പുന്ന നാടൻകലാ രൂപങ്ങളുടെ അവതരണം കൊണ്ട് സമ്പന്നമായിരുന്ന നമ്മുടെ പഞ്ചായത്ത് എന്ന് നാം ഓർക്കേണ്ടിയിരിക്കുന്നു. ഇതിലേറ്റവും പുരാ തനമായ അനുഷ്ഠാനകലയാണ് അര നൂറ്റാ ണ്ടിനു മുമ്പ് വരെ പനമറ്റം ക്ഷേത്രത്തിലെ പൂരമഹോത്സവത്തോടു കൂടി നടത്തിയിരുന്ന പടേനി, ദാരികനും ഭദ്രകാളിയും രണ്ടു തട്ടുക ളിലേറി കണ്ടുമുട്ടുന്നതും. തുടർന്നു നടക്കുന്ന ഉഗ്രമായ പോരാട്ടവും ദാരികവധത്തിനു ശേഷം ക്രോധ വിവശയായ ഭദ്രകാളിയെ സൗമ്യയാ ക്കാൻ നടത്തുന്ന സ്തുതികളും അർച്ചനകളും നടനങ്ങളും പാട്ടുകളുമാണ് പടേനിയുടെ സ്വരൂ പം. ചൂട്ടുകൾ കത്തിച്ച് വെട്ടമുണ്ടാക്കി വിവിധ ജനവിഭാഗങ്ങളിൽപ്പെട്ടവർ പങ്കെടുത്ത് നടത്തി യിരുന്ന ഈ അനുഷ്ഠാനം ചമയങ്ങളിലെ നിറ പ്പകിട്ടുകൊണ്ടും പാട്ടുകളുടെ ചുടുലമായ താള ഭംഗികൊണ്ടും മറക്കാനാവാത്തതായിരുന്നു. ഒ രേസമയം ക്രൂരവും കുപിതയുമായ ദേവിതന്നെ വാത്സല്യത്തിന്റെ മൂർത്തിയായും മാറുന്ന ഈ അനുഷ്ഠാനം ഈ പ്രദേശത്തുള്ളവരുടെ സംസ് ക്കാരത്തിലും സ്വഭാവത്തിലും ആഴത്തിലുള്ള സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇളങ്ങുളം ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് നടന്നിരുന്ന വേലകളി എന്ന അനുഷ്ഠാനകല താളാത്മക മായ ചുവടുവയ്പുകൊണ്ടും മെയ്യഭ്യാസചാതുര്യം കൊണ്ടും മികച്ചതായിരുന്നു. ഉത്സവത്തിന് പര മ്പരാഗതമായി ഗണക സമുദായത്തിൽപ്പെട്ടവർ അവതരിപ്പിച്ചിരുന്ന ഓട്ടൻതുള്ളൽ, കുറത്തിയാട്ടം എന്നിവയും ആ കലാരൂപങ്ങളിലെ സാമൂഹ്യ

വിമർശനംകൊണ്ട് ശ്രദ്ധ നേടിയിരുന്നു. അതു പോലെ തന്നെ രണ്ടാം മൈലിലുള്ള മുത്താര മ്മൻ കോവിലിലെ ഉത്സവദിവസം നടക്കുന്ന വില്പാട്ട് തുടർന്നു നടക്കുന്ന മേലപ്പകിട്ടുള്ള ഘോഷയാത്ര, തീയ്യ് കയ്യിൽ വഹിച്ചുകൊണ്ട് അനുഷ്ഠിക്കുന്ന അഗ്നികരകം എന്നിവയും പ നമറ്റം ദേവീക്ഷേത്രത്തിലെ പൂരം നാൾ അവത രിപ്പിക്കുന്ന കുംഭകുട നൃത്തവും പ്രാചീനതയുടെ കരുത്തുള്ളവയാണ്.

ഇളങ്ങുളത്ത് ക്രിസ്ത്യൻ കുടുംബങ്ങളുടെ ആഭിമുഖ്യത്തിൽ പ്രശസ്തമായ ഒരു മാർഗ്ഗം കളി സംഘമുണ്ടായിരുന്നു. ചട്ടയും മുണ്ടുമുടുത്ത് തോടയുടെ രൂപമായ കുണുക്കണിഞ്ഞ് ക്രിസ്ത്യൻ വനിതകൾ നടത്തിയിരുന്ന മാർഗ്ഗം കളിയും ഏറെ നാൾ നടന്നിരുന്നു. വേല സമുദായത്തിൽപ്പെട്ടവർ നടത്തിയിരുന്ന പള്ളിപ്പാന, ഓണക്കളി, പുറ നാടി എന്നീ കലാരൂപങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പലഭാഗങ്ങളിലും പതിവായി നടന്നിരുന്നു. നമ്മു ടെ ഗ്രാമങ്ങളിലെ കുടുംബക്ഷേത്രങ്ങളിൽ നാഗാ രാധനയുടെ ഇനമായി നടന്നിരുന്ന കളമെഴു ത്ത്, പുള്ളുവൻപാട്ട് എന്നിവ ഇന്ന് അവശേ ഷിക്കുന്നതെയില്ല. പാളകളുപയോഗിച്ചുള്ള എടു പ്പിൽ നിറങ്ങൾ ചാലിച്ച് കിരീടവും അരയിൽ പട്ടും ചുറ്റി, ചൂട്ടിന്റെ വെളിച്ചത്തിൽ കിണ്ണംകൊട്ടി ക്കൊണ്ടുള്ള നാഗരാജചരിതാലാപത്തോടെ നട ന്നിരുന്ന സർപ്പം തുള്ളലും അസ്തമിച്ചു കഴിഞ്ഞു. പനമറ്റം, ഇളങ്ങുളം എന്നീ ക്ഷേത്രങ്ങളിലെ മീന പ്പൂരത്തിന് പുലയ സമുദായാംഗങ്ങൾ വയ്ക്കോൽ കൊണ്ടുണ്ടാക്കിയ കാളയെയും കുതിരയെയും ദീർഘനാളത്തെ വ്രതാനഷ്ഠാനങ്ങൾക്കും ഊരു ചുറ്റലിനും ശേഷം പ്രദർശിപ്പിക്കാറുണ്ടായിരുന്നു. അതോടൊപ്പം സ്ത്രീകളുടെ മുടയഴിച്ചുകൊണ്ടു ള്ള മുടിയാട്ടവും ഉണ്ടായിരുന്നു. ഇവ കൂടാതെ കൊയ്ത്തുപാട്ടുകൾ, കിളപ്പാട്ടുകൾ, കോലടി കളി എന്നിവയും പഴയവരുടെ സ്മരണയിൽ ഇന്നും തങ്ങി നില്പുണ്ട്. ഈ വിവിധ ജനവി ഭാഗങ്ങൾ പലകാലങ്ങളിലുമായി അവതരിപ്പി ച്ചിരുന്ന നിറങ്ങളും താളങ്ങളും മെയ്യഭ്യാസവും ഈണവും ഐതീഹ്യവും സാമൂഹ്യ വിമർശന വും ഒക്കെ കലർന്ന കലാരൂപങ്ങൾ നമ്മുടെ പഞ്ചായത്തിലെ സാമൂഹ്യ മനസ്സിൽ അഗാധ മായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് നാമോ ർക്കണം.

രാഷ്ട്രീയം-സാമുദായികം.

9 ഗ്രന്ഥശാലകളും ഒരു സാംസ്കാരിക നിലയവുമുള്ള എലിക്കുളം പഞ്ചായത്തിൽ വിദ്യാ ഭ്യാസത്തിന്റേയും വിജ്ഞാനത്തിന്റേയും വിക സനത്തിന് ഇവ വഹിച്ചിട്ടുള്ള പങ്ക് ഗണനീയ മാണ്. ഈ വായനശാലകളുടെ കീഴിൽ കായി ക-കലാ ക്ലബുകളും പ്രവർത്തിക്കുന്നുണ്ട്. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സജീവമായി പ്രവർ ത്തിക്കുന്ന മേഖലയാണിത്. അവയുടെയെല്ലാം വിദ്യാർത്ഥിയുവജന പ്രസ്ഥാനങ്ങളും ഇവിടെ ശ്രദ്ധേയമായി പ്രവർത്തിക്കുന്നുണ്ട്. തൊഴിലാളി സംഘടനകൾ ചിട്ടയോടെ രംഗത്തുണ്ട്. പുരോ ഗമന കലാ സാഹിത്യത്തിന് കൂരാലി കേന്ദ്ര മാക്കി പഞ്ചായത്തു കമ്മറ്റിയും ശാസ്ത്രസാഹിത്യ പരിഷത്തിന്റെ എലിക്കുളം-കൂരാലി യൂണിറ്റുക ളും അതതു രംഗങ്ങളിൽ സംഭാവന നൽക ക്കൊണ്ടിരിക്കുന്നു. സമ്പൂർണ്ണ സാക്ഷരതായജ്ഞ ത്തിന്റെ കർമ്മ പരിപാടികൾ ഊർജ്ജിതമായി നടപ്പിലാക്കുവാൻ ശാസ്ത്രസാഹിത്യ പരിഷത്തി ന്റെയും ഗ്രന്ഥശാലകളുടേയും സംഘടിതമായ പ്രവർത്തനം മൂലം കഴിഞ്ഞിട്ടുണ്ട്. വായനശാല കളെല്ലാം ജനവിദ്യാകേന്ദ്രങ്ങളായി മാറുകയും സന്നദ്ധപ്രവർത്തകരുടെ കമ്മറ്റികൾ അവിടങ്ങ ളിലെല്ലാം ക്രമമായി കൂടുകയും ചെയ്തിരുന്നു. എലിക്കുളം, ഇളങ്ങുളം, പനമറ്റം എന്നീ പ്രദേശ ങ്ങളിൽ S.N.D.P.യുടെ ഘടകങ്ങൾ ദീർഘകാല മായി രംഗത്തുണ്ട്. 2-ാം മൈലിലെ മുത്താര മ്മൻ ക്ഷേത്രം കേന്ദ്രമാക്കി വണികവൈശ്യ സംഘവും, പഞ്ചായത്തിലെ മിക്ക മേഖലകളി ലും വേരുകളുള്ള വിശ്വകർമ്മ സഭയും വീര ശൈവ സഭയും അതതു സമുദായങ്ങളുടെ അഭ്യു ദയത്തിനായി കർമ്മപരിപാടികളിലേർപ്പെടുന്നു. പുലയ മഹാസഭ, മലവേട മഹാസഭ എന്നി വയും രൂപമെടുത്തിട്ടുണ്ട്. എല്ലാ വാർഡിലും നായർ സർവ്വീസ് സൊസൈറ്റിയുടെ ശാഖകളു ണ്ട്. പള്ളികളോടനുബന്ധിച്ച് വിൻസന്റ് ഡിപോൾ സൊസൈറ്റി, യുവദീപ്തി, ജീവകാരുണ്യ നിധി തുടങ്ങിയ സംഘങ്ങൾ സമുദായ സേവനവും യുവജനങ്ങളുടെ കായിക കലാ വികസനവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്നുണ്ട്. വാർഡുകളിൽ മിക്കതിലും മഹിളാസമാജങ്ങൾ മുമ്പേതന്നെ സ്ഥാപിക്കപ്പെട്ടുവെങ്കിലും നന്നായി പ്രവർത്തി ക്കുന്നവ ഒന്നും തന്നെയില്ലെന്ന് ഖേദപൂർവ്വം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഗ്രന്ഥശാലകളിൽ മിക്കതും പുസ്തക വിത രണത്തിലും വർഷംതോറും നടക്കുന്ന വാർ ഷിക സമ്മേളനങ്ങളിലും ചുരുങ്ങിപ്പോകുന്നതാ യാണു കാണുന്നത്. സാമുദായിക സംഘടനകൾ അതതു വിഭാഗങ്ങളുടെ ജീവിതരംഗത്തുമാത്രം ശ്രദ്ധയൂന്നുന്നു. രാഷ്ട്രീയ സാംസ്കാരിക സംഘടനകളാണ് എല്ലാ വിഭാഗം ജനതയേ യും ബന്ധിപ്പിച്ചുകൊണ്ടുള്ള പ്രവർത്തം നട ത്തുന്നത്. ഈ രംഗങ്ങളിൽ ഊർജ്ജസ്വലരായ ധാരാളം പ്രവർത്തകരുണ്ടെങ്കിലും അപൂർവ്വം ചി ലരൊഴികെ ജില്ലാ സംസ്ഥാന നിലവാരത്തിലേ യ്ക്ക് സാഹചര്യങ്ങളനുകൂലമാണെങ്കിലും ഉയ രുന്നില്ല എന്നതിന്റെ കാരണം അന്വേഷിക്കേ ണ്ടിയിരിക്കുന്നു.

കായികരംഗം

കായിക മേഖലയിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞവരുടെ എണ്ണം ഇവിടെ

വളരെ കുറവാണ്. എല്ലാ ഹൈസ്കൂളുകലിലും കായിക പരിശീലനം ഏറിയും കുറഞ്ഞും ലഭിക്കുന്ന വിദ്യാർത്ഥി-വിദ്യാർത്ഥിനികളുണ്ട്. എന്നാൽ ഗൗരവബുദ്ധിയോടെ പാഠ്യവിഷയത്തോടൊപ്പം പ്രാധാന്യം നൽകി ഈ വിഷയത്തിൽ വ്യാപരിക്കുന്നവർ പരിമിതമാണ്. ഗ്രന്ഥശാലകളുടെ ആഭിമുഖ്യത്തിലുള്ള വോളിബോൾ-ക്രിക്കറ്റ് ക്ലബുകൾ ഇപ്പോഴും യുവജനങ്ങൾക്ക് കായിക പരിശീലനത്തിന് വേദിയൊരുക്കാറുണ്ട്. പ്രാദേശിക ടീമുകൾ തമ്മിൽ ഇടയ്ക്ക് മത്സരങ്ങളും സംഘടിപ്പാക്കാറുണ്ട്. പ്രാദേശിക ടീമുകൾ തമ്മിൽ ഇടയ്ക്ക് മത്സരങ്ങളും സംഘടപ്പിക്കാറുണ്ട്. എങ്കിലും ഗണനീയമായ ഒരു കായിക സംസ്കാരം നമ്മുടെ പഞ്ചായത്തിൽ വളർന്നുവന്നിട്ടില്ലെന്നു തന്നെ പറയാം. സംസ്ഥാനതലത്തിൽ 1990ൽ നമ്മുടെ പഞ്ചായത്തിലെ പ്രതാപചന്ദ്രൻ (പനമറ്റം) ഒന്നാം സ്ഥാനം നേടുകയുണ്ടായി. (ജാവലിൻ ത്രോ) സംസ്ഥാന തലവോളിബോൾ മത്സരങ്ങളിൽ പങ്കെടുക്കാനുള്ള പരിശീനവും അർഹതയും നേടിയ കുട്ടികളും നമ്മുടെ ഗ്രാമങ്ങളിലുണ്ട്. തുടർച്ചയായി പരിശീലനം നൽകുന്നതിനാവശ്യമായ സ്റ്റേഡിയത്തിന്റെ അഭാവം ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളിലൊന്നാണ്. ഈ രംഗത്തെ വിദഗ്ദ്ധരായ കോച്ചുകളുടെ അഭാവം മറ്റൊരു വിഷയമാണ്. പ്രോത്സാഹനത്തിന്റെ അഭാവം ഈ മേഖലയിലെ വളർച്ചയ്ക്ക് വിഘാതമുണ്ടാക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽത്തന്നെ ഇളങ്ങുളം സർവ്വീസ് സഹകരണബാങ്ക് സ്വന്തമായി ഒരു വോളീബോൾ ട്രൂപ്പ് സംഘടിപ്പിക്കുകയും വിവിധ മത്സരങ്ങളിലവരെ പങ്കെടുപ്പിച്ച് പ്രോത്സാഹനം നൽകുകയും ചെയ്യുന്നുണ്ടെന്നത് അനുമോദനാർഹമാണ്. സ്വന്തം കുടുംബങ്ങളിൽ നിന്നുതന്നെ വേണ്ടത്ര പിന്തുണ കായികരംഗത്തു താല്പര്യമുള്ള കുട്ടികൾക്ക് കിട്ടുന്നില്ലെന്നതാണ് വാസ്തവം. സ്കൂൾതലംവരെ വളരെ മികച്ച കായിക പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്ന കുട്ടികൾ സർവ്വകലാശാലാ തലങ്ങളിലെത്തുമ്പോൾ പിന്മാറുന്നതായാണു കാണുന്നത്. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്കൊപ്പം കായിക പ്രവർത്തനങ്ങൾക്കും പരിശീലനത്തിനും പ്രാമുഖ്യം നൽകിക്കൊണ്ടുള്ള സമീപനം ഇനിയും ഇവിടെ വളരേണ്ടിയിരിക്കുന്നു.

മാമൂലുകളുടെ ബാക്കി പത്രം

ജനസംഖ്യയുടെ മുക്കാൽ പങ്കും ഇടത്തട്ടുകാരായ കർഷകരായതുകൊണ്ട് ഇപ്പോഴും മാമൂലുകലുടെ അവശിഷ്ടങ്ങൾ മങ്ങിയാണെങ്കിലും അണയാൻ മടിച്ചു നിൽക്കുന്ന സ്ഥിതി സാംസ്കാരിക-സാമൂഹ്യ ജീവിതത്തിലുണ്ട്. കൃഷിഭൂമിയോടുള്ള അദമ്യമായ കൂറ് ശക്തമായ വാസനയായി പുലരുന്നുണ്ട്. അതിർത്തി തർക്കങ്ങൾ, റോഡുകൾക്കും മറ്റു പൊതുസ്ഥാപനങ്ങൾക്കും വേണ്ടി സ്ഥലം അല്പം പോലും ത്യജിക്കാനുള്ള സന്നദ്ധതയില്ലായ്മ ഇതൊക്കെ പഴയ വ്യവസ്ഥയുടെ ബാക്കി പത്രങ്ങളാണ്. കൂട്ടുകുടുംബ വ്യവസ്ഥയുടെ ഏറ്റവും വലിയ ഗുണവശം അതിൻ കീഴിൽ അംഗങ്ങൾക്കു കിട്ടുന്ന സുരക്ഷിതത്വബോധത്തിന്റെ തണലാണ്. എന്നാൽ ഈ വ്യവസ്ഥതന്നെ കുടുംബാഗങ്ങളുടെ സ്വാതന്ത്ര്യത്തിന്, വൈകാരികവും വൈചാരികവുമായ സ്വാതന്ത്ര്യത്തിന് കടിഞ്ഞാണിടുന്നുണ്ട്. കൂട്ടുകുടുംബ വ്യവസ്ഥ തകർന്നെങ്കിലും നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ കുടുംബ ബന്ധങ്ങളുടെ അഗാധമായ സ്വാധീനം സ്വതന്ത്രവും നിർഭയവും നിശിതവുമായ നിലപാടുകളെടുക്കുന്നതിൽ നിന്നും വ്യക്തികളെ പിന്തിരിപ്പിക്കുന്നുണ്ട്. ജാതിവ്യവസ്ഥ അര നൂറ്റാണ്ടു വരെ ശക്തമായി തുടർന്ന ഈ ഉൾനാടൻ ഗ്രാമങ്ങൾ അതിന്റെ കരിനിഴലിൽ നിന്നും പൂർണ്ണമായി മുക്തി നേടിയെന്നു പറയാനാവില്ല. അവർണ്ണ സമുദായങ്ങൾക്ക് ആരാധനയ്ക്ക് പ്രത്യേക സംവിധാനങ്ങളും ക്ഷേത്രത്തിലെ മുഖ്യ ഉത്സവത്തിൽ നിന്നു വേറിട്ട് അവർക്കു മാത്രം മറ്റൊരു ആഘോഷവും ചില ക്ഷേത്രങ്ങളിൽ ഇന്നും നടന്നുവരുന്നു. അതുപോലെ മതപരവും ജാതീയവുമായ ആചാരാനുഷ്ഠാനങ്ങൾ ഏതാണ്ട് കർക്കശമായിത്തന്നെ ആചരിക്കുന്ന രീതിക്കും കുറവുവന്നിട്ടില്ല. കാലാനുസൃതമായി ആചാരങ്ങളുടെ ആർഭാടം കുറയ്ക്കാനുള്ള നീക്കം ഇനിയും നടക്കേണ്ടിയിരിക്കുന്നു. വിവാഹം, മരണാനന്തര ചടങ്ങുകൾ എന്നിവയുടെ വൈകാരകമായ ഗൗരവം നിലനിർത്തിക്കൊണ്ടു തന്നെ ആർഭാടം കുറയ്ക്കാൻ മിക്കവർക്കും കഴിയുന്നില്ല എന്നത് സത്യമാണ്. ഗ്രാമങ്ങളിൽ പലയിടത്തും പ്രാദേശിക-വിഭാഗീയതകൾ ഇന്നും നിലനിൽപ്പുണ്ട്. ഒരു നാട്ടിൻപുരത്തുതന്നെ വടക്കൻ, തെക്കൻ എന്ന തിരിവ് വ്യവഹാര സൗകര്യത്തിന് ഉപരി വിഭാഗീയ സ്പർശത്തോടെ പലയിടത്തുമുള്ളതിന്റെ ഉദാഹരണങ്ങൾ നിരത്തുന്നില്ല ജാതി ചേർത്ത് പലരേയും വിളിക്കുന്ന രീതിക്ക് വളരെയധികം മാറ്റമുണ്ടായിട്ടില്ലെങ്കിലും അത് നിശ്ശേഷം അസ്തമിച്ചിട്ടില്ല. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ ഏർപ്പെടുന്നുണ്ടെങ്കിലും സാമൂഹ്യമായി പിന്നോക്കാവസ്ഥയിലുളളവർ നേതൃസ്ഥാനത്തെത്താനുള്ള സാഹചര്യം ഈ രംഗത്ത് ഉയർച്ചയുള്ളവർ സൃഷ്ടിച്ചു കൊടുക്കേണ്ടിയിരിക്കുന്നു.

മാധ്യമങ്ങൾ ഉപഭോഗ സംസ്കാരം

സാക്ഷരത ലഭിച്ചവരാണ് പഞ്ചായത്തിലെ ജനങ്ങളെല്ലാമെന്നത് സാങ്കേതികമായി ശരിയാണ്. സാക്ഷരതയുടെ ഗുണഫലങ്ങൾ അനുഭവപ്പെടുന്നതിന് വിമർശനപരമായ വീക്ഷണം വ്യക്തിക്ക് ഉണ്ടാവേണ്ടതുണ്ട്. ജനങ്ങൾ ഭൂരിപക്ഷവും പത്രപാരായണത്തിൽ തല്പരരാണെന്ന് പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും നമ്മുടെ ഗ്രാമീണ വായനശാലകളിൽ കൂടുന്നവരുടെ

സംഖ്യയിൽ നിന്നും വ്യക്തമാക്കുന്നു. ടെലിവിഷൻ വ്യാപകമായിത്തന്നെ എല്ലാ തലത്തിലുമുള്ള ജനങ്ങളെ ആകർഷിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്നുണ്ട്. നമ്മുടെ നാട്ടിലെ സാമൂഹ്യ-രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ പോലും അവയുടെ മീറ്റിംഗുകളും കമ്മറ്റികളും പോലും ടെലിവിഷനിലെ പരിപാടികൾക്കനുസരിച്ച് ചിട്ടപ്പെടുത്താൻ നിർബ്ബന്ധിതരാകത്തക്കവണ്ണം ഈ സ്വാധീനം വളർന്നിട്ടുണ്ട്. ടെലിവിഷൻ സ്ഥാപിച്ചിട്ടുള്ള ഈ ഗ്രാമപഞ്ചായത്തിലെ വായന ശാലകൾ നിരീക്ഷിച്ചാൽ ഇതു ശരിയാണെന്നു ബോധ്യപ്പെടും. റേഡിയോ ഇല്ലാത്ത ഭവനങ്ങൾ ഈ പഞ്ചായത്തിൽ വിരളമാണ്. പൊതുസ്ഥലങ്ങളിലും മറ്റുമുണ്ടായിരുന്ന സൗഹൃദസംഘങ്ങൾ വീട്ടുമുറികളിലേയ്ക്ക് ഒതുങ്ങിയിരിക്കുന്നു. തൊഴിൽ കഴിഞ്ഞ് സമയം കിട്ടുന്നവരും താരതമ്യേന കൂടുതൽ ഒഴിവു സമയമുള്ള വീട്ടമ്മമാരും ടെലിവിഷൻ സീരിയലുകൾക്കും ആഴ്ചപ്പതിപ്പുകൾക്കും വേണ്ടി കാത്തിരിക്കുന്നു. കുട്ടികളുടെയും യുവജനങ്ങളുടേയും വസ്ത്രധാരണ രീതിയിൽ പെരുമാറ്റത്തിൽ, സംഭാഷണ ശൈലിയിൽ സിനിമയും, ടി.വി.യും സ്വാധീനം ചെലുത്തുന്നുണ്ടെന്നത് വ്യക്തമാണ്. നല്ല സിനിമകൾ അപൂർവ്വമായേ പ്രദർശിപ്പിക്കപ്പെടാറുള്ളൂ. സാമ്പത്തിക സമാഹരണം ലക്ഷ്യമാക്കി ഷോകൾ ഇടയ്ക്കിടെ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ നടക്കാറുണ്ടെങ്കിലുംല അവ ജനപ്രിയ വാണിജ്യ സിനിമകളാണെന്നതാണ് വാസ്തവം. ഇതിനപവാദമായി 1980 കളിൽ എലിക്കുളത്തുള്ള സാംസ്ക്കരിക പ്രവർത്തകരായ യുവാക്കൾ ചേർന്ന് ഒഡേസാ ഫിലിം സൊസൈറ്റിയുടെ സഹായത്തോടെ കലാമൂല്യവും ഉന്നത നിലവാരവുമുള്ള സിനിമകൾ തുറന്ന വേദിയിൽ അവതരിപ്പിച്ച് ജനതയുടെ ചലച്ചിത്രാവബോധം വളർത്തുവാൻ നടത്തിയ ശ്രമം ഈ സന്ദർഭത്തിൽ സ്മരണീയമാണ്.

ടൂവീലറുകളും കാറുകളും ജീപ്പുകളും വ്യാപകമാവുന്നുണ്ട്. കാൽനടയായുള്ള യാത്രകളും യാത്രയ്ക്കിടയിലെ കൂട്ടായ്മയും കുറഞ്ഞുവരുന്നു. ഇടത്തരം ഭവനങ്ങളിൽ പകുതിയിലെങ്കിലും അത്യാധുനിക ഗൃഹോപകരണങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ടെലിഫോൺ സൗകര്യം നമ്മുടെ പഞ്ചായത്തിന്റെ ഉൾനാടൻ മേഖലയിൽപോലും കടന്നെത്തിയിട്ടുണ്ട്. കുടുംബങ്ങൾ തമ്മിലുള്ള സമ്പർക്കത്തിന്റെ പ്രധാനമാർഗ്ഗമായ ഗൃഹസന്ദർശനവും പരസ്പരസംവാദവും കുറഞ്ഞുവന്നുകൊണ്ടിരിക്കുന്നു. ഇവയുടെ ഗുണഫലങ്ങളിൽ മുഖ്യം സമയലാഭമാണ്. പക്ഷേ ഈ ഇടവേളകൾ സൃഷ്ടിപരമായി പ്രയോജനപ്പെടുത്തുന്നവരുടെ എണ്ണം കുറയുന്നു. വസ്ത്രങ്ങളും ആഭരണങ്ങളും ഫർണീച്ചറും മറ്റും ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ നൽകുന്ന ഏജൻസികൾ പഞ്ചായത്തിന്റെ എല്ലാ മേഖലയിലും സജീവമായി രംഗത്തുണ്ടെന്നത് ഉപഭോഗവസ്തുക്കളോടുമുള്ള ഭ്രമം ഏറിവരുന്നതിന് തെളിവാണ്.

നിശ്ചല ചിത്രം

ഒരുപാട് കഥകളും ഓർമ്മകളും ഐതിഹ്യങ്ങളുമായി അർദ്ധസുഷുപ്തിയിൽ ഒരു നിശ്ചല ചിത്രം പോലെയാണ്. നമ്മുടെ നാട്ടിൻ പുറങ്ങളുടെ സ്ഥിതി. സാമ്പത്തികമായ സുരക്ഷിതത്വമനുഭവിക്കുന്ന ഭൂരിപക്ഷം ജനത അതുകൊണ്ടുതന്നെ അലസരായിരിക്കുന്നു. സാമ്പത്തിക ഭദ്രത അനുഭവിക്കുന്ന ഈ വിഭാഗം പൊതുരംഗങ്ങളിൽ നിന്നും ഉൾവലിഞ്ഞു നിൽക്കുന്നതായനുഭവപ്പെടുന്നു. പല പുതിയ പ്രസ്ഥാനങ്ങളും ആവേശപൂർവ്വം പ്രവർത്തനാരംഭിച്ച് അധികം വൈകാതെ നിശ്ചലമാവുന്നു. മധ്യവർത്തികളെ സംബന്ധിച്ചിടത്തോളം തൊഴിൽ കഴിഞ്ഞ് വീട്ടിലേക്ക് വലിയുന്ന പ്രവണത ഏറിവരുന്നു. ഈ കുടുംബബാധ (family fixation) സാമൂഹ്യപ്രവർത്തനങ്ങളിൽ നിന്ന് അവനെ പിന്തിരിപ്പിക്കുന്നുണ്ട്. നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ കലാ - കായിക - രാഷ്ട്രീയ രംഗത്ത് സജീവമായി നിൽക്കുന്നവർക്ക് വേണ്ട അവസരങ്ങളോ പ്രോത്സാഹനങ്ങളോ ലഭിക്കുന്നില്ല. നമ്മുടെ ഗ്രാമങ്ങളിൽ റോഡുകളുടെ ശൃംഖലയുണ്ടെന്നത് നേരാണ്. പക്ഷേ വേണ്ടവിധം സൗകര്യമുള്ളവ കുറവാണെന്നു മാത്രമല്ല, ബസ്സ്സർവ്വീസിന്റെ ശൃംഖല മതിയാംവണ്ണം ഗ്രാമങ്ങളിലേക്ക് കടന്നുകയറിയിട്ടില്ല. വിവിധ വാർഡുകളിലെ ജനതയെ ഒരേ കേന്ദ്രത്തിൽ ഒന്നിപ്പിക്കുവാനുള്ള സംവിധാനമില്ല. ഈ വാർഡുകൾ തമ്മിലുള്ള പരസ്പര സമ്പർക്കവും കൊടുക്കൽ വാങ്ങലുകളും തൃപ്തികരമായ രീതിയിൽ നടക്കുന്നില്ല. വാർത്താ വിനിമയോപാധികളും ഗതാഗത സൗകര്യവും വികസിപ്പിച്ചു കൊണ്ടും വിവിധ പ്രദേശങ്ങൾ തമ്മിൽ പരസ്പരം ആദാന പ്രദാനങ്ങൾ നടത്തുവാനുള്ള പരിപാടികളാവിഷ്ക്കരിച്ച് കൊണ്ടുമേ ഇതിനു പരിഹാരം കാണാൻ കഴിയൂ. ജനങ്ങളുടെ സഹകരണം എല്ലാ വികസന പരിപാടികൾക്കും നിർല്ലോപം ലഭിക്കുന്നതിന് ജനകീയാസൂത്രണ പിരപാടിയുടെ പ്രവർത്തനങ്ങളിലെ പങ്കാളിത്തം തന്നെ തെളിവാണ്. ഈ പഞ്ചായത്തിലെ മിക്ക റോഡുകളും ശ്രമദാനഫലമായുണ്ടായതാണ്. സാമ്പത്തികവും കായികവുമായ സഹകരണത്തിന് സന്നദ്ധത ഇവിടെ വേണ്ടുവോളമുണ്ട്. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ വിവിധ ജീവിത മേഖലകളിൽ സേവനം നടത്തി റിട്ടയർ ചെയ്ത ആളുകൾ ധാരാളമുണ്ട്. ഇവരുടെ അനുഭവസമ്പത്തും സമ്പർക്കവും വികസനപ്രവർത്തനങ്ങൾക്ക് വേണ്ടി വിനിയോഗിക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

1. ഗ്രന്ഥശാലകളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും വായന വളർത്തുവാൻ വേണ്ടി ഭവനങ്ങളിൽ പുസ്തകമെത്തിക്കുന്ന സംവിധാനമുണ്ടാക്കുകയും വേണം.

2. ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ചും ഗ്രന്ഥശാലാ വാർഷികങ്ങളോടനുബന്ധിച്ചും നാടൻ കലകളും മറ്റും അവതരിപ്പിക്കാൻ പ്രേരണ ചെലുത്തുക.

3. നിലച്ചുപോയ ഗ്രാമീണ നാടകസംഘങ്ങൾ പുനരുദ്ധരിക്കുവാൻ പ്രേരണയും പ്രോത്സാഹനവും അവ തമ്മിലുള്ള മത്സരങ്ങളും സംഘടിപ്പിക്കുക.

4. കായിക പരിശീലനത്തിനാവശ്യമായ സ്റ്റേഡിയം നിർമ്മിക്കുകയും വിഗദ്ധരുടെ സേവനം ലഭിക്കുവാൻ സംവിധാനമുണ്ടാക്കുകയും പ്രാത്സാഹനം നൽകുകയും ചെയ്യുക.

5. നാട്ടിൻപുറത്തെ കലാകാരന്മാരുടെ ചിത്രങ്ങളും ശില്പങ്ങളും കരകൗശല വസ്തുക്കളും പ്രദർശിപ്പിക്കാനവസരമുണ്ടാക്കുക.

6. ഉത്സവങ്ങൾ, ഗ്രന്ഥശാലാ വാർഷികങ്ങൾ എന്നിവയോട് ചേർന്ന് ജില്ലയിലെ പ്രമുഖ പ്രസാധകരുമായി ബന്ധപ്പെട്ട് പുസ്തകോത്സവങ്ങൾ സംഘടിപ്പിക്കുക.

7. ഈ പഞ്ചായത്തിൽ ആർക്കും തന്നെ കലാകാരന്മാർക്കുള്ള പെൻഷൻ ലഭിക്കുന്നില്ല. അവശരായ നാടൻ കലാകാരന്മാരെ കണ്ടെത്തി അവർക്കു പെൻഷൻ ലഭിക്കാനുള്ള ഏർപ്പാടു ചെയ്യുക.

8. സ്കൂളിലെ മാതൃസംഗമം, രക്ഷാകർത്തൃ സമിതിയുടെ മീറ്റിംഗ് എന്നീ വേദികളിലും ഗ്രന്ഥശാലകളിലും മനഃശാസ്ത്രജ്ഞന്മാരുടെ സേവനം ഉപയോഗപ്പെടുത്തി കൗൺസിലിംഗ് നടത്തുക.

9. നാമമാത്രമായി നടക്കുന്ന സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

10. ഗ്രന്ഥശാലകളുടെ നേതൃത്വത്തിൽ നിലവാരമുള്ള ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുവാനുള്ള ഫിലിം സൊസൈറ്റികൾ തുടങ്ങുക. അതിന്റെ ആഭിമുഖ്യത്തിൽ നല്ല ചിത്രങ്ങളുടെ പ്രദർശനങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുക. അതിൽനിന്നുള്ള വരുമാനം കൊണ്ടുതന്നെ ഈ പ്രസ്ഥാനം ഭംഗിയായി നടത്താം.

11. ആവശ്യമായ ഉപകരണങ്ങൾ സൊസൈറ്റി സംഘടിപ്പിക്കണം.

12. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു കേന്ദ്രഗ്രന്ഥശാല തുടങ്ങുക. അതിൽ പഞ്ചായത്തിലെ എല്ലാ ഗ്രന്ഥശാലകളും അംഗമാകണം അംഗഗ്രന്ഥശാലകളിൽ നിന്നും പുസ്തകങ്ങൾ വായ്പാടിസ്ഥാനത്തിൽ ശേഖരിച്ച് എല്ലാ ഭവനങ്ങളിലും എത്തിക്കുന്ന സഞ്ചരിക്കുന്ന ഗ്രന്ഥശാലയായി പഞ്ചായത്തുഗ്രന്ഥശാല മാറണം.

13. നാടകങ്ങൾ സ്വന്തമായി അവതരിപ്പിക്കുന്ന ക്ലബുകൾക്കും ഗ്രന്ഥശാലകൾക്കും പഞ്ചായത്തിൽനിന്നും ധനസഹായം നല്കണം.

14. സ്വന്തമായി കെട്ടിടമില്ലാതെ പ്രവർത്തിക്കുന്ന ക്ലബുകൾക്കു കെട്ടിടമുണ്ടാക്കാൻ സൗകര്യമേർപ്പെടുത്തണം.

ഗ്രന്ഥശാലകളെ സംബന്ധിച്ച വിവരങ്ങൾ

ക്രമ നം	ഗ്രന്ഥശാലയുടെ പേര്	രജി. നമ്പർ	ആരംഭിച്ച തീയതി	ഗ്രേഡ്	അംഗങ്ങൾ	പുസ്തകങ്ങൾ	ദിനപ്പത്രങ്ങൾ	മറ്റു പ്രസിദ്ധീകരണങ്ങൾ	അനുബന്ധ പ്രവർത്തനങ്ങൾ
1.	തച്ചപ്പുഴ ജനതാ പബ്ലിക് ലൈബ്രറി	4571	13.3.80	E	199	2281	2	5	-
2.	സെൻട്രൽ പബ്ലിക്ക് ലൈബ്രറി ഇളങ്ങുളം	279	17.8.47	A	620	10182	7	10	ആർട്ട്സ & സ്പോർട്ട്സ ക്ലബ് മഹിളാസമാജം
3.	ഇളങ്ങുളം പബ്ലിക്ക് ലൈബ്രറി	187	7.9.41	A	576	6082	3	8	സ്പോർട്സ് ക്ലബ്
4.	താഷ്ക്കന്റ് പബ്ലിക്ക് ലൈബ്രറി ഉരുളികുന്നം	3563	1.6.68	D	504	3350	5	24	ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് ബാലവിഭാഗം
5.	പഞ്ചായത്ത്സാംസ്ക്കാരികനിലയംഉരുളികുന്നം	-	1989	-	200	1500	8	12	-
6.	എലിക്കുളം പബ്ലിക്ക് ലൈബ്രറി	1641	10.3.53	A	721	6500	4	7	ആർട്ട്, & സ്പോർട്സ് ക്ലബ്
7.	വഞ്ചിമല പബ്ലിക്ക് ലൈബ്രറി	1233	15.8.50	A	548	8256	5	12	ആർട്ട്സ് & സ്പോർട്സ് ക്ലബ് റൂറൽ ഡവലപ്മെന്റ് കമ്മിറ്റി ബ്ലഡ് ഡോണേഴ്സ് ഫോറം
8.	ദേശീയ വായനശാല, പനമറ്റം	1306	27.5.51	A+	567	12485	8	12	ആർട്സ് & സ്പോർട്സ് ക്ലബ് മഹിളാസമാജം
9.	ദേശാഭിമാനി വായനശാല വെളിയന്നൂർക്കര	480	25.7.49	A	582	10976	5	11	ആർട്സ് & സ്പോർട്സ് ക്ലബ് മഹിളാസമാജം നേഴ്സറി സ്കൂൾ

IX വനിത

അബല ഇനിമേൽ പ്രബല

ദേശീയ പ്രസ്ഥാനത്തിന്റെ കർമ്മ പദ്ധതികളും സ്വാതന്ത്ര്യാനന്തരകാലത്തെ സാമൂഹ്യ - സാംസ്ക്കാരിക - രാഷ്ട്രീയ ചലനങ്ങളും കേരളീയ സ്ത്രീകളെ അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് കൊണ്ടുവരുന്നതിന് ആവേശവും പ്രേരണയും നൽകിയിട്ടുണ്ട്. സമ്പൂർണ്ണ സാക്ഷരത നേടിയ നമ്മുടെ ഗ്രാമങ്ങളിൽ സ്ത്രീകൾക്ക് സ്വാതന്ത്ര്യബോധവും സ്വത്വബോധവും വളർന്നിട്ടുണ്ട്. എങ്കിലും പുരുഷനോടൊപ്പം ജീവിതത്തിന്റെ പ്രവർത്തന മണ്ഡലങ്ങളിൽ ചുവടുറപ്പിക്കാനും നേതൃത്വം നൽകുവാനും സ്ത്രീകൾക്ക് ഇനിയും വളരെ ദൂരം മുന്നോട്ടു പോകുവാനുണ്ട്. നമ്മുടെ പഞ്ചായത്തിൽ മുൻപറഞ്ഞ സ്വാധീനങ്ങളുടെ മുദ്രകൾ ദർശിക്കാമെങ്കിലും സ്ത്രീയുടെ ജീവിതത്തെ സമഗ്രമായ.ഇ സ്പർശിക്കാനും ഉണർത്തുവാനും വേണ്ട ശക്തവും ചൈതന്യപൂർണ്ണവുമായ സ്വാധീനമായി ഇവ രൂപാന്തരപ്പെട്ടിട്ടില്ല. വിദ്യഭ്യാസ നിലവാരത്തിലും തൊഴിൽ സമ്പാദനത്തിലും പുരുഷനോടൊപ്പം നില്ക്കാൻ കഴിയുന്നുണ്ടെന്നതും പഞ്ചായത്തിലെ മഹിളാ പ്രസ്ഥാനങ്ങളിൽ പങ്കാളിത്തമുണ്ടെന്നതും ശ്രദ്ധേയമാണ്. സാമൂഹ്യരംഗത്തിന്റെ കേന്ദ്രബിന്ദുവിലേക്ക് വരുന്നതിൽ നിന്ന് സ്ത്രീകളെ പിന്നോക്കം വലിക്കുന്ന സാംസ്കാരിക സാമൂഹ്യ സാമ്പത്തിക കാരണങ്ങൾ സൂക്ഷ്മമായും ശാസ്ത്രീയമായും അപഗ്രഥിക്കേണ്ടതുണ്ട്.

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഈ പഞ്ചായത്തിലും കെട്ടുകല്യാണം, ശൈശവവിവാഹം എന്നീ ആചാരങ്ങൾ നിലനിന്നിരുന്നു. 1910 കളിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നാന്ദികുറിച്ചു 1920 ആകുമ്പോഴേക്കും സ്ത്രീ വിദ്യാഭ്യാസം എലിക്കുളം പഞ്ചായത്തിൽ സാർവ്വത്രികമായെന്നു പറയാം. സ്വാഭാവികമായി സാമൂഹ്യമായും ജാതിയമായും ഉയർന്ന ശ്രേണിയിൽപ്പെട്ട വനിതകൾക്കാണ് ആദ്യകാലങ്ങളിൽ വിദ്യാഭ്യാസത്തിന് അവസരമുണ്ടായിരുന്നത്. ഈ സ്ഥിതിയിൽ ക്രമേണ മാറ്റമുണ്ടാവുകയും വിദ്യാഭ്യാസം വ്യാപകമാവുകയും ചെയ്തു. ഇന്ന് ബിരുദധാരിണികളും ബിരുദാനന്തരബിരുദം നേടിയവരും അധ്യാപികമാരും ഓഫീസ് ജീവനക്കാരുമടങ്ങിയ ഉദ്യോഗസ്ഥകളുടേതായ ഒരു നിര സ്ത്രീകളുടേതായി നിലവിലുണ്ട്. 1991ലെ സെൻസസ് പ്രകാരം എലിക്കുളം പഞ്ചായത്തിലെ സ്ത്രീകളുടെ ജനസംഖ്യ 11027 ആണ്. പുരുഷജനസംഖ്യയേക്കാൾ 124 കുറവാണ് ഇത്. പഞ്ചായത്തിലെ സ്ത്രീപുരുഷ അനുപാതം വലിയ വ്യത്യാസമില്ലാതെ നിലനില്ക്കുന്നു. 6 വയസ്സിൽ താഴെയുള്ള ആൺകുട്ടികളുടെ എണ്ണവും പെൺകുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതലാണ്. സ്ത്രീകൾ കുടുംബനാഥകളായ 175 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

സ്ത്രീകളുടെ തൊഴിൽ നില (1991ലെ സെൻസസ്)

മുഖ്യജോലിക്കാർ	ഭാഗിക	തൊഴിൽ ഇല്ലാത്തവർ
700	165	10162

1991 നു ശേഷം കഴിഞ്ഞ 5 വർഷങ്ങളിൽ മുഖ്യ ജോലിക്കാരുടേയും ഭാഗിക ജോലിക്കാരുടേയും എണ്ണത്തിൽ സാരമായ വർദ്ധനവുമുണ്ടായിട്ടുണ്ട്. തൊഴിൽ ചെയ്യാനവസരമുണ്ടെങ്കിലും വീട്ടമ്മമാരായി ഒതുങ്ങിക്കഴിയുന്ന സ്ത്രീകളുടെ ശതമാനം വളരെ കൂടുതൽ ആയിട്ടാണ് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ ശ്രേണിയിൽപ്പെടുന്ന വനിതകൾക്കാണ് സാമൂഹ്യ സാംസ്കാരിക മേഖലകളിൽ ക്രിയാത്മകമായി പ്രവർത്തിക്കാൻ സാധിക്കുന്നത്. അവരെ സംഘടിപ്പിക്കുവാനും കർമ്മ നിരതരാക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്. ജനകീയാസൂത്രണത്തോടനുബന്ധിച്ചു നടന്ന ഗ്രാമസഭകളിൽ മിക്ക വാർഡുകളിലും നാല്പതുശതമാനത്തോളം സ്ത്രീ പങ്കാളിത്തമുണ്ടായിരുന്നുവെന്നത് ശ്രദ്ധാർഹമായ വസ്തുതയാണ്. പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നടന്ന മാതൃസംഗമങ്ങളിലും സ്ത്രീകൾ മുന്തിയ പരിഗണന നൽകി ഭാഗഭാക്കാക്കിയിട്ടുണ്ട്. ഇതു കാണിക്കുന്നത് വേണ്ടവിധം പ്രചോദനവും ലക്ഷ്യബോധവും ആവശ്യകതാബോധവും നൽകിയാൽ സ്ത്രീകൾ സംഘടിക്കുമെന്നു തന്നെയാണ്.

തൊഴിൽ മേഖലയിലെ വനിതകളെക്കുറിച്ച് പഠിക്കുമ്പോൾ വെള്ളക്കോളർ ജോലിയിലേർപ്പിട്ടിരിക്കുന്നവരാണ് കൂടുതൽ. തീപ്പെട്ടി ഫാക്ടറികൾ, റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ, തോട്ടം മേഖല, റെഡിമെയ്ഡ് ഡ്രസ്സ് നിർമ്മാണ മേഖല, പ്രൈവറ്റ് ആസ്പത്രികളിലെ നെഴ്സുമാർ, അംഗൻവാടി ടീച്ചർമാർ, തടിപ്പണിയിലേർപ്പെട്ടവർ എന്നിവരാണ് അവശേഷിപ്പിക്കുന്ന വിഭാഗം. ഈ വിഭാഗത്തിൽപ്പെട്ടവരുടെ വേതനം താരതമ്യേന വളരെക്കുറവാണെന്നത് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. വനിതകളുടേതു മാത്രമായി 4

DWCRA യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രവർത്തന ക്ഷമതയുള്ള സ്ഥാപനങ്ങളായി പേരെടുക്കാൻ അവയ്ക്കു കഴിഞ്ഞിട്ടില്ല.

സ്വാതന്ത്ര്യ സമര പ്രക്ഷോഭണങ്ങളിൽ ഈ പഞ്ചായത്തിൽ നിന്നും കാര്യമായ സ്ത്രീപങ്കാളിത്തം ഇല്ലായിരുന്നു. ഇപ്പോൾ ജനാധിപത്യമഹിളാ അസോസിയേഷന്റെ വില്ലേജ് യൂണിറ്റ് കമ്മറ്റികളും മഹിളാ കോൺഗ്രസ്സിന്റെ പഞ്ചായത്തു കമ്മറ്റിയും കേരളാ കോൺഗ്രസ്സ്, സി.പി.ഐ., ബി.ജെ.പി. എന്നീ പാർട്ടികളുടെ വനിതാ കമ്മറ്റികളും നിലവിലുണ്ട്. ശാസ്ത്ര സാഹിത്യപരിഷത്തിന്റെ കൂരാലി യൂണിറ്റിൽ വനിതകളുടെ സജീവ പങ്കാളിത്തമുണ്ട്. 1950കളിൽ ആരംഭിച്ച് 1970 വരെ ഊർജ്ജിതമായി പ്രവർത്തിച്ചിരുന്ന ദേശീയ മഹിളാ സമാജം, ദേശാഭിമാനി മഹിളാ സമാജം (പനമറ്റത്ത്)എന്നിവ ഇന്ന് മാന്ദ്യം ബാധിച്ച സ്ഥിതിയിലെത്തിയിരിക്കുന്നു. കേരള ഗവൺമെന്റിന്റെ സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൽ ഈ പഞ്ചായത്തിലെ വനിതകളുടെ നിർണ്ണായകവും നേതൃത്വപരമായും പങ്കാളിത്തമുണ്ടായിരുന്നു.

പ്രശ്നങ്ങൾ

1. പട്ടിക

തൊഴിൽ മേഖല	സ്ത്രീകൾ	പുരുഷന്മാർ
കർഷകത്തൊഴിലാളി	രൂ.50-65	രൂ.85-100
നിർമ്മാണ തൊഴിലാളി	രൂ. 75	രൂ. 100-110

ഈ പട്ടിക വെളിപ്പെടുത്തുന്നതുപോലെ തൊഴിൽ മേഖലയിലെ കൂലി നിരക്കിൽ സ്ത്രീകൾ അവഗണന നേരിടുന്നു.

2. സ്വയം തൊഴിൽ പ്രവർത്തനങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താൽപര്യം കാണിക്കുകയോ തൊഴിൽ പദ്ധതികൾ തുടങ്ങുകയോ ചെയ്യുന്നില്ല. സാമ്പത്തിക ഞെരുക്കവും പ്രശ്നമാണ്.

3. തൊഴിൽ നിയമങ്ങളിലും ഉപഭോക്തൃ സംരക്ഷണ നിയമത്തിലും പ്രാഥമികമായ പരിജ്ഞാനം വനിതകൾക്കില്ല. പരിശീലനത്തിന് സൗകര്യങ്ങളുമില്ല.

4. തൊഴിലധിഷ്ഠിത വിദ്യാഭ്യാസമോ പരിശീലനമോ വനിതകൾക്ക് ലഭിക്കുന്നില്ല.

5. സർക്കാർ സഹായ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമായറിയുവാനുള്ള സംവിധാനമില്ല.

6. അംഗൻവാടി അധ്യാപികമാർക്കും സഹായികൾക്കും വേണ്ട വിധമുള്ള വേതനമോ സേവന വ്യവസ്ഥയോ ഇല്ല.

7. മദ്യം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ അനുഭവിക്കുന്നത് മുഖ്യമായും സ്ത്രീകളാണ്.

8. വിദ്യാലയങ്ങളിൽ പാഠ്യേതര രംഗത്ത് പെൺകുട്ടികളുടെ പങ്കാളിത്തം താരതമ്യേന കുറയുന്നു.

9. സാമൂഹ്യസേവന രംഗങ്ങളിലും കലാരംഗത്തും മുന്നിട്ടിറങ്ങുവാൻ സാമൂഹ്യമായ വിലക്കുകൾ സ്ത്രീകളെ അനുവദിക്കുന്നില്ല. സ്വന്തം കുടുംബത്തിൽത്തന്നെ ഇക്കാര്യത്തിൽ എതിർപ്പുണ്ടാവുന്നു.

10. അഭ്യസ്തവിദ്യരെങ്കിലും തൊഴിൽ രഹിതരായ വനിതകൾ വിവാഹപ്രായമായി സാമ്പത്തിക പ്രശ്നങ്ങൾ മൂലം വിവാഹിതരാവാതെ നില്ക്കുന്ന സ്ഥിതിയുണ്ട്.

നിർദ്ദേശങ്ങൾ

1. തൊഴിൽരംഗത്ത് തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിലാക്കുക.

2. വനിതകൾക്കായി സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുകയും അവയിൽ പരിശീലനം നൽകുകയും വേണം. ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കണം.

3. സ്വയം തൊഴിൽ ഉല്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള സഹായങ്ങൾ ചെയ്തുകൊടുക്കുക.

4. നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം ചെയ്തയയ്ക്കുവാനുള്ള സാമ്പത്തിക സഹായത്തിന് സംവിധാനമുണ്ടാക്കുക.

5. മദ്യം പൂർണ്ണമായി നിരോധിക്കുക.

6. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ എന്നിവ അർഹരായ എല്ലാ സ്ത്രീകൾക്കും ലഭ്യമാക്കുക.

7. നവസാക്ഷരരായ വനിതകളുടെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനു വേണ്ടി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ഇവരുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി ഗ്രന്ഥശാലകളിൽ വനിതാ കോർണറുകൾ ആരംഭിക്കുകയും ചെയ്യണം.

8. കലാ-കായിക പ്രവർത്തനങ്ങളിൽ വനിതാ പങ്കാളിത്തം കൂടുതലായി ഉറപ്പുവരുത്താൻ വനിതാ പങ്കാളിത്തത്തോടെ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുക.

9. സമ്പാദ്യശീലം വർദ്ധിപ്പിക്കുവാൻ അവരെ വിവിധ നിക്ഷേപ പദ്ധതികളെപ്പറ്റി അറിവുള്ളവരാക്കുക.

10. വിധവകളായ വനിതകൾക്ക് മുൻഗണന നൽകി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

11. മഹിളാ സമാജങ്ങൾ പുനരുജ്ജീവിപ്പിക്കുകയും അവയുടെ ആഭിമുഖ്യത്തിൽ വാർഡുകൾ തോറും സഹകരണ സംഘങ്ങൾ സ്ഥാപിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.

12. പച്ചക്കറിത്തോട്ടം, പുഷ്പഫല ഔഷധത്തോട്ടങ്ങൾ എന്നിവ നടത്തുന്നതിനായി കൃഷി പരിജ്ഞനവും വിത്ത്-വള വിതരണവും കൃഷിഭവൻ വഴി നടത്തുക.

13. DWCRA യൂണിറ്റുകൾ വഴി അച്ചാർ നിർമ്മാണം, കറിപൗഡർ നിർമ്മാണം, സോപ്പ് നിർമ്മാണം എന്നിവ ആരംഭിക്കുക.

14. സന്നദ്ധരായ വനിതകൾക്ക് ആടുമാടുകൾ, കോഴി, പന്നി എന്നിവയെ വളർത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായവും വൈദഗ്ദ്ധ്യവും നൽകുക.

15. താൽപര്യമുള്ള വനിതകൾക്ക് ഡ്രൈവിംഗിലും മറ്റ് സാങ്കേതിക രംഗങ്ങളിലും പരിശീലനം നൽകുന്നതിനായി സ്ത്രീകളുടെ മേൽനോട്ടത്തിൽ സംവിധാനമുണ്ടാക്കുക.

16. വനിതകളുടെ സ്വയരക്ഷയ്ക്കും ആരോഗ്യപരിപാലനത്തിനും ഉതകുന്ന കരാട്ടെ, യോഗാഭ്യാസം എന്നിവയിൽ വിദഗ്ദരുടെ സഹായത്തോടെ പരിശീലനം നൽകുക.

17. പഞ്ചായത്തു തലത്തിലും വാർഡു തലത്തിലും കൗൺസിലിംഗ് സെന്ററുകൾ നിയമസഹായസെല്ലുകൾ, വനിതാജാഗ്രതാ സെല്ലുകൾ എന്നിവ രൂപീകരിക്കണം.

X സഹകരണം

ഒരു കയ്യ് ഇരുകയ്യ് ഒരായിരം കയ്യ്

സഹകരണ പ്രസ്ഥാനത്തിന് സാമൂഹ്യജീവിതത്തിലും രാഷ്ട്രപുരോഗതിയിലുമുള്ള നിർണ്ണായകമായ സ്ഥാനം വളരെ മുമ്പേ തന്നെ നമ്മുടെ നാട്ടുകാർ മനസ്സിലാക്കിയിരുന്നു. 1904 ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യയിൽ ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ ഈ പ്രസ്ഥാനം ഉദയം ചെയ്തു. കടം വാങ്ങി ജീവിതകാലം മുഴുവൻ കെണിയിൽക്കഴിഞ്ഞ ഗ്രാമീണ കർഷകന് തണലായി ഇവ നിലനില്ക്കുന്നു. കർഷകരെ ഋണബാധ്യതയിൽ നിന്ന് മോചിപ്പിക്കുവാനായി മദ്രാസ് ഗവൺമെന്റ് മി.ഫ്രെഡറിക് നിക്കൽസനെ ജർമ്മനിയിലേക്കയയ്ക്കുകയും അവിടെ നടപ്പിലുണ്ടായിരുന്ന ക്രഡിറ്റ് സംവിധാനത്തെക്കുറിച്ച് പഠിച്ച് തിരികെ വന്ന് അദ്ദേഹം റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഇൻഡ്യയിലെ സിവശേഷ പരിതഃസ്ഥിതിക്കു യോജിച്ച റെയ്ഫെയ്സൻ ക്രഡിറ്റ് സൊസൈറ്റികൾ നടപ്പിലാക്കണമെന്നായിരുന്നു നിക്കൽസന്റെ ശുപാർശ. ഇതേത്തുടർന്ന് രൂപമെടുത്ത സഹകരണപ്രസ്ഥാനം കേരളത്തിൽ വ്യാപകവും വികസിതവുമായത് 1969ലെ കേരള സഹകരണ സംഘനിയമം പ്രാബല്യത്തിൽ വന്നതോടെയാണ്. ഇന്ന് കേരളത്തിലെ നഗരഗ്രാമ പ്രദേശങ്ങളിൽ ശക്തമായ വേരുകളാഴ്ത്തി വടവൃക്ഷമായി വളർന്നിരിക്കുന്ന ഈ പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് പരിശോധിക്കാം.

1942-ൽ പ്രവർത്തനമാരംഭിച്ച ഇളങ്ങുളം വിനിയോജക സഹകരണസംഘം (2315) ആണ് നമ്മുടെ പഞ്ചായത്തിലെ ആദ്യസംരംഭം. റേഷൻ വിതരണം ലക്ഷ്യമാക്കി ആരംഭിച്ച ഈ സംഘം ഏതാനും വർഷങ്ങൾ നിലനിന്ന് സ്വയം അസ്തമിക്കുകയായിരുന്നു. 1943-ൽ പനമറ്റം വടക്കുംഭാഗത്ത് രൂപമെടുത്ത പനമറ്റം വിനിയോജക സഹകരണ സംഘം (2359) റേഷൻ വിതരണമെന്ന പരിമിതമായ പരിപാടിയിലൊതുങ്ങി 1969 വരെ പ്രവർത്തിച്ചശേഷം അക്കൊല്ലം ഇളങ്ങുളം സർവ്വീസ് സഹകരണബാങ്കിൽ ലയിക്കുകയാണുണ്ടായത്. സംഘത്തിന്റെ സ്ഥാപക പ്രസിഡന്റ് ശ്രീ. പി.കേശവപിള്ളയും സെക്രട്ടറി പ്രഭാകരൻ കർത്തായും കമ്മറ്റിയംഗങ്ങൾ സർവ്വശ്രീ. പുതുപ്പറമ്പിൽ ശിവരാമൻ നായർ, നിരവത്ത് മാധവൻ നായർ, അമ്പഴത്തിനാൽ രാമകൃഷ്ണൻ നായർ എന്നിവരുമായിരുന്നു. 1946ൽ ജന്മമെടുത്ത വെളിയന്നൂർ വിനിയോജക സഹകരണ സംഘം 1980 ൽ എലിക്കുളം കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറായി. ഇതിന്റെ സ്ഥാപക പ്രവർത്തകർ ശ്രീ. രാഘവൻ നായർ, കെ.പി. രാമൻ നായർ പാട്ടത്തിൽ എന്നിവരായിരുന്നു. വിപുലമായ പ്രവർത്തന ലക്ഷ്യങ്ങളുള്ളതും എലിക്കുളം പഞ്ചായത്തിലെ ഏക കൺസ്യൂമർ സൊസൈറ്റിയുമായ ഈ സ്ഥാപനം റേഷൻ വിതരണത്തിൽ മാത്രം ചുരുങ്ങി പ്രവർത്തിച്ചുവരുന്നു. റേഷൻ വിതരണത്തിനായി എലിക്കുളത്ത് സ്ഥാപിക്കപ്പെട്ട എക്സ്പെരിമെന്റൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും ഏതാനും വർഷങ്ങൾക്കു ശേഷം പ്രവർത്തന രഹിതമായിത്തീർന്നു. എലിക്കുളത്ത് കുറേ വർഷങ്ങളോളം പ്രവർത്തിച്ച കോഴി വളർത്തൽ സംഘവും അധികം നിലനില്ക്കാതെ തിരോഭവിച്ചു.

1955 ജൂൺ 3ന് 3576-ാം നമ്പരായി രജിസ്റ്റർ ചെയ്ത് കൂരാലി കേന്ദ്രമാക്കി രൂപം കൊണ്ട എലിക്കുളം കപ്പ ഉല്പാദക സംഘം ജൂൺ 26ന് പ്രവർത്തനമാരംഭിച്ചു. എലിക്കുളം വില്ലേജ് മുഴുവൻ പരിധിയാക്കി, കപ്പ ഉല്പാദനവും വിപണനവും മുഖ്യലക്ഷ്യമാക്കി പ്രവർത്തിച്ചു വന്ന ഈ സംഘം 1961ൽ എലിക്കുളം വിവിധോദ്ദേശ സഹകരണ സംഘമാക്കി മാറുകയും പ്രവർത്തനം വിപുലപ്പെടുത്തുകയും ചെയ്തു. അർഹരായ അംഗങ്ങൾക്ക് കാർഷിക വായ്പകൾ നല്കുകയും വളം, റേഷൻ എന്നിവ വിതരണം ചെയ്യുകയും ബഹുജനങ്ങളിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുകയും ചെയ്യുന്ന സ്ഥാപനമായി ഈ കാലത്ത് ഈ സഹകരണ സംഘം വളർന്നു. 1969 ഫെബ്രുവരി 7 ന് ഈ സംഘം എലിക്കുളം പഞ്ചായത്തിലെ 1,28,9 വാർഡുകൾ മേഖലയാക്കി ഇളങ്ങുളം സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം 3576 കൂരാലി എന്ന പേരിൽ പ്രാഥമിക സേവന സഹകരണസംഘ പ്രസ്ഥാനമായി പരിണമിച്ചു. എലിക്കുളം പഞ്ചായത്തിൽ 10 വാർഡുകൾ ഉണ്ടായപ്പോൾ പ്രവർത്തന പരിധി 1,29,10 വാർഡുകളായി ഭേദഗതി ചെയ്യുകയുണ്ടായി. ഈ സംഘത്തിന്റെ പ്രഥമ പ്രസിഡന്റ് ശ്രീ. എം.റ്റി. ജോസഫ് മുറിഞ്ഞാലയ്ക്കായിരുന്നു.

1961 മാർച്ച് 6 ന് എലിക്കുളം സർവ്വീസ് സഹകരണ ബാങ്ക് എന്ന പേരിൽ രജിസ്റ്റർ ചെയ്ത് ഏപ്രിൽ 8 ന് പ്രവർത്തനമാരംഭിച്ച സഹകരണ സംഘമാണ് പഞ്ചായത്തിലെ മറ്റൊരു പ്രമുഖ സഹകരണ സ്ഥാപനം. 35 അംഗങ്ങളാണ് പ്രാരംഭത്തിലുണ്ടായിരുന്നത്. എലിക്കുളം

പഞ്ചായത്തിലെ 3,4,5,6,7 വാർഡുകളിൽ പ്രവർത്തിച്ചിരുന്ന സംഘം വാർഡുകൾ പത്തായതോടെ 8-ാം വാർഡിലേയ്ക്കുകൂടി പ്രവർത്തനം വിപുലപ്പെടുത്തുകയുണ്ടായി. ഈ സഹകരണസംഘത്തിന്റെ ആദ്യത്തെ പ്രസിഡന്റ് ശ്രീ. സി.വി. വർക്കി ചീരാംകുഴിയായിരുന്നു.

സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷികമേഖലയിൽ സജീവമായി പ്രവർത്തിക്കുന്നത് ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്കും എലിക്കുളം സർവ്വീസ് സഹകരണ ബാങ്കുമാണ്, ഇളങ്ങുളം സർവ്വീസ് ബാങ്ക്, വിവിധതരം പദ്ധതികളിൽ നിക്ഷേപങ്ങൾ സ്വീകരിക്കുകയും, കാർഷിക വ്യവസായിക - വാണിജ്യ മണ്ഡലങ്ങളിലും സ്വയം തൊഴിൽ സംരംഭങ്ങൾക്കും ഉദാരമായി വായ്പ നൽകുകയും ചെയ്യുന്നു. തച്ചപ്പുഴ, പന്തമാക്കൽ, പനമറ്റം, വഞ്ചിമല എന്നീ ശാഖകളും, പ്രഭാത സായാഹ്ന ബാങ്കും, കൂരാലിയിലുള്ള ഹെഡ്ഡാഫീസും ചേർന്ന് ഗണ്യമായ ഒരു ധനകാര്യസ്ഥാപനമായി ഈ ബാങ്കിന് വികസിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വളം വിതരണം, റബ്ബർ സംഭരണം, ഔഷധവിതരണം, മാവേലി സ്റ്റോറിലൂടെ നിത്യോപയോഗ വസ്തുക്കളുടെ പൊതുവിതരണം എന്നിങ്ങനെ വൈവിധ്യമാർന്ന കർമ്മമേഖലയിൽ ഈ സ്ഥാപനം വ്യാപരിക്കുന്നു. ബാങ്കിന്റെ മേൽനോട്ടത്തിൽ ഫോട്ടോസ്റ്റാറ്റ് ചെയ്തുകൊടുക്കുന്ന സെന്ററും 24 മണിക്കൂറും STD, ISD സൗകര്യമുള്ള സർവ്വീസ് സെന്ററും കൃഷിക്കാർക്ക് പണിയായുധങ്ങളും കീടനാശിനികളും വിതരണം ചെയ്യുന്ന ഷോറൂമും പ്രവർത്തിച്ചുവരുന്നു. റബ്ബർ ബോർഡ് നാഗാർജ്ജുന ഫാർമസ്യൂട്ടിക്കൽസ്, എം.ആർ.എഫ്, ഡൺലപ്പ്, J.K. എന്നീ സ്ഥാപനങ്ങളും ആയി നിരന്തരബന്ധവും സഹകരണവും നിലനിർത്തിക്കൊണ്ട് ബാങ്ക് മുന്നേറുന്നു. പഞ്ചായത്തിലെ കലാ-കായിക-സാംസ്ക്കാരിക മേഖലകൾക്ക് നിർല്ലോപമായ പ്രോത്സാഹനവും ഉത്തേജനവും നൽകുന്നതിൽ ഈ ബാങ്ക് എന്നും മുൻപന്തിയിൽ തന്നെയാണ് കേരളസർക്കാരിന്റെ സാക്ഷരതാ പദ്ധതിയിൽ സജീവമായി പങ്കെടുത്ത് പഞ്ചായത്തിലാകെ കലാജാഥകളും സെമിനാറുകളും സംഘടിപ്പിക്കുന്നതിൽ ബാങ്ക് സജീവ നേതൃത്വം നൽകുകയുണ്ടായി. നിർമൽ 2000 പോലുള്ള ഗവൺമെന്റ് പദ്ധതികൾ സഹകരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്താവുന്നതാണ്. അങ്ങനെ ചെയ്യാവുന്നതിന്റെ ഉദാഹരണമാണ് ഇളങ്ങുളം സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന മേഖലയിലുള്ള ബാങ്കിന്റെ പദ്ധതി. ശബരിമല തീർത്ഥാടനകാലത്ത് പമ്പയിൽ മാവേലി സ്റ്റോർ തുടങ്ങുകയും തീർത്ഥാടകർക്ക് മിതമായ വിലയ്ക്ക് അരിയും പലവ്യഞ്ജനങ്ങളും മറ്റും വിതരണം ചെയ്യുകയും വഴി ബാങ്കിന്റെ പ്രവർത്തനങ്ങളിൽ അവസരോചിതമായ മുന്നേറ്റങ്ങളും നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും മികച്ച നിക്ഷേപ സമാഹരണത്തിനും മികച്ച മാവേലി സ്റ്റോറിനുമുള്ള പുരസ്ക്കാരങ്ങൾ നേടുവാൻ ബാങ്കിന് സാധിച്ചിട്ടുണ്ട്. പ്രവർത്തനമേഖലയിൽപ്പെട്ട എല്ലാ കുടുംബങ്ങളും ബാങ്കുമായി ഏതെങ്കിലും വിധത്തിൽ ബന്ധമുള്ളവരാണെന്നത് ശ്രദ്ധേയമായ പ്രത്യേകതയാണ്. ഏതാണ്ട് 99% കുടുംബങ്ങളിൽ നിന്നും അംഗത്വം നേടുവാൻ ബാങ്കിന് സാധിച്ചിട്ടുണ്ടെന്നതും പ്രസ്താവ്യമാണ്.

എലിക്കുളത്ത് മടുക്കക്കുന്ന് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന എലിക്കുളം സർവ്വീസ് സഹകരണബാങ്കിന് പൈക, കാരക്കുളം എന്നിവിടങ്ങളിൽ ശാഖകളുണ്ട്. വിവിധ ഇനത്തിലുള്ള നിക്ഷേപങ്ങൾ സ്വീകരിക്കുകയും വായ്പകൾ വിതരണം ചെയ്യുക എന്നിവയ്ക്കു പുറമെ വളം വിതരണം, മാവേലിസ്റ്റോറുകൾ, റബ്ബർ സംഭരണ കേന്ദ്രം എന്നീ വിഭാഗങ്ങളും പൈകയിൽ ഒരു ടെക്സ്റ്റൈൽസ് ഷോറൂമും ഉണ്ട്. മഫ്തലാൽ, ബോംബെ ഡയിംഗ് എന്നീ കമ്പനികളുടെ അംഗീകൃത ഏജന്റായി ബാങ്ക് പ്രവർത്തിക്കുന്നു. ശങ്കർ സിമിന്റിന്റെ അംഗീകൃത വിതരണവും ബാങ്ക് വിജയകരമായി നടത്തുന്നു. റബ്ബർ രംഗത്തെ കാർഷികോപകരണങ്ങൾ നൽകുന്നതിനും ബാങ്കിൽ സംവിധാനമുണ്ട്. പ്രവർത്തന മേഖലയിലെ കുടുംബങ്ങളുമായി ബന്ധം സ്ഥാപിക്കുവാനുള്ള ബാങ്കിന്റെ ശ്രമങ്ങൾ വിജയകരമായിത്തീർന്നിട്ടുണ്ട്.

പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ സജീവമായ രണ്ടു പ്രതീകങ്ങളാണ് ഈ ബാങ്കുകൾ. കാർഷിക വ്യാവസായിക, വിദ്യാഭ്യാസ, തൊഴിൽ മേഖലകളിലാകെ സ്വാധീനം ചെലുത്താനും സഹായം നൽകാനും ഈ രണ്ടു ബാങ്കുകൾക്ക് പതിറ്റാണ്ടുകളിലൂടെയുള്ള പ്രവർത്തനം വഴി കഴിഞ്ഞിട്ടുണ്ട്. 1996 മാർച്ചിലെ സ്ഥിതി പരിശോധിക്കുമ്പോൾ എലിക്കുളം പഞ്ചായത്തിൽ സഹകരണ മേഖലയിൽ സ്ഥിരം ജീവനക്കാരായി 33 പേരും താല്കാലിക ജീവനക്കാരായി 15 പേരും പണിയെടുക്കുന്നു. ബാങ്കിലെ വിവിധ പ്രവർത്തനങ്ങളിൽ പരോക്ഷമായി പങ്കാളികളായി തൊഴിലെടുക്കുന്ന ദിവസക്കൂലിക്കാരുടെ എണ്ണം ഏകദേശം നൂറോളമുണ്ട്.

എലിക്കുളം കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിന്റെ പ്രവർത്തന ലക്ഷ്യങ്ങളും മേഖലകളും വിപുലമാണെങ്കിലും റേഷൻ വിതരണത്തിലൊതുങ്ങി വളർച്ചയോ തളർച്ചയോ ഇല്ലാതെ (Static) നീങ്ങുകയാണ്. ഖാദി ആന്റ് വില്ലേജ് ഇൻഡിസ്ട്രീസിന്റെ കീഴിലുള്ള വാർദ്ധാ സ്കീം അനുസരിച്ച് കൊപ്രായിൽ നിന്ന് എണ്ണ ഉല്പാദിപ്പിക്കുന്ന സംഘം കുറെ വർഷങ്ങളോളം വിജയപ്രദമായി പ്രവർത്തിച്ചതിനുശേഷം രംഗത്തു

നിന്ന് പിൻവാങ്ങിയിരിക്കുന്നു. ഖാദി ആന്റ് വില്ലേജ് ഇൽഡസ്ട്രീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീമിയർ വനിതാ വില്ലേജ് ഇൻഡസ്ട്രീസ് കൂരാലി വനിതാ വില്ലേജ് ഇൻഡസ്ട്രീസ്, ഇളങ്ങുളം വില്ലേജ് ഇൻഡസ്ട്രീസ് എന്നീ സംഘങ്ങളും നിലവിലുണ്ട്. കാരക്കുളം, വഞ്ചിമല, കൂരാലി, പനമറ്റം എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന മിൽക്ക് സൊസൈറ്റികൾ പാൽ വിലയ്ക്കുവാങ്ങി വിപണനം, കാലിത്തീറ്റ വിതരണം എന്നീ പ്രവർത്തനങ്ങൾ സജീവമായി നടത്തുന്നുണ്ട്. പാലാ-പൊൻകുന്നം റോഡിൽ 7-ാം മൈലിൽ പ്രവർത്തിക്കുന്ന കാഞ്ഞിരപ്പള്ളി നോർത്ത് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനവും ശ്രദ്ധേയമാണ്. ഇളങ്ങുളം സെന്റ് മേരീസ് ഹൈസ്ക്കൂൾ, പനമറ്റം ഗവഃഹൈസ്ക്കൂൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളോനുബന്ധിച്ച് പ്രവർത്തിക്കുന്ന സ്കൂൾ സൊസൈറ്റികളും വിദ്യാർത്ഥികൾക്കാവശ്യമായ പാഠപുസ്തകങ്ങളും നോട്ടു ബുക്കുകളും പഠനോപകരണങ്ങളും യഥാസമയം വിതരണം ചെയ്തു വരുന്നു.

സഹകരണ സ്ഥാപനങ്ങളായി നിയതാർത്ഥത്തിൽ വിവക്ഷിക്കുവാനില്ലെങ്കിലും ഉരുളികുന്നം, കാരക്കുളം, വഞ്ചിമല, കൂരാലി, ഇളങ്ങുളം നോർത്ത്, മഞ്ചക്കുഴി എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന റബ്ബർ പ്രോഡ്യൂസേഴ്സ് സൊസൈറ്റികളും ഈ മേഖലയിലെ ഇടത്തരം റബ്ബർ കർഷകരെ സഹായിക്കുന്ന സ്ഥാപനങ്ങളായി നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു.

രണ്ടു ബാങ്കുകളുടേയും സ്ഥിതിവിവരക്കണക്കുകൾ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ഈ പഞ്ചായത്തിലെ സാമ്പത്തിക പുരോഗതിക്ക് ബാങ്കിന്റെ സംഭാവനയിലുണ്ടായ ക്രമാനുഗതമായ വളർച്ചയോ തളർച്ചയോ വ്യക്തമാകും. ഓഹരി മൂലധനത്തിൽ എലിക്കുളം ബാങ്ക് ഏതാണ്ട് നിശ്ചിത ശതമാനം വീതം പ്രതിവർഷം വർദ്ധന പുലർത്തുമ്പോൾ ഇളങ്ങുളം ബാങ്ക് 1996 ആകുമ്പോഴേക്കും 92ൽ നിന്നും മൂന്നിരട്ടിയലധികം വർദ്ധന പ്രദർശിപ്പിക്കുന്നു. അംഗങ്ങളുടെ എണ്ണത്തിലും എലിക്കുളം ബാങ്ക് 5 വർഷത്തിനുള്ളിൽ 622 ന്റെ വളർച്ച കാണിക്കുമ്പോൾ ഇളങ്ങുളം ബാങ്ക് 1896 ന്റെ ഉയർച്ച കാണിക്കുന്നു. വനിതാ അംഗങ്ങളുടെ വർദ്ധനയും ഇരു ബാങ്കുകളിലും ശ്രദ്ധേയമാണ്. പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ട അംഗങ്ങളുടെ എണ്ണത്തിലുള്ള വർദ്ധന ഇളങ്ങുളം ബാങ്കിൽ 92ൽ ആകെ അംഗങ്ങളിൽ 7 ശതമാനമായിരുന്നു എങ്കിൽ 96ൽ അത് 8.5 ശതമാനമായി ഉയർന്നു. എലിക്കുളം ബാങ്കിൽ 1992ൽ 2 ശതമാനമായിരുന്നത് 96ൽ 5 ശതമാനമായി ഉയർന്നു. പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ കുറെക്കൂടി ശ്രദ്ധ കേന്ദ്രീകരിക്കണമെന്നതാണ് ഈ രണ്ടു ബാങ്കുകളുടേയും സ്ഥിതിവിവരത്തിൽ നിന്ന് നിർദ്ദേശിക്കുവാനുള്ളത്.

നിക്ഷേപത്തിന്റെ കാര്യമെടുക്കാം. ഇളങ്ങുളം ബാങ്ക് 3 കോടി 69 ലക്ഷത്തിൽ നിന്നും 6.69 കോടിയിലേയ്ക്കും 10.5 കോടിയിലേയ്ക്കും 15.65 കോടിയിലേയ്ക്കും 1996 ആകുമ്പോഴേയ്ക്കും 23.16 കോടിയിലേയ്ക്കും അഭൂതപൂർവ്വമായ കുതിച്ചുചാട്ടം തന്നെ നടത്തിയിരിക്കുന്നു. എലിക്കുളം ബാങ്കാവട്ടെ 1.20 കോടിയിൽ നിന്ന് 1.93 കോടിയിലേയ്ക്കും 2.35 കോടിയിലേയ്ക്കും 3 കോടിയിലേയ്ക്കും 1996ൽ 3.31 കോടിയിലേയ്ക്കും ഏതാണ്ട് നിശ്ചിതമായ തോതിലും അനുപാതത്തിലുമുള്ള വികാസമാണ് വെളിപ്പെടുത്തുന്നത്. വായ്പയുടെ കാര്യത്തിൽ ഇളങ്ങുളം 3.33 കോടിയിൽ നിന്നും 96 ആകുമ്പോഴേക്കും 22.75 കോടിയിലേയ്ക്ക് വ്യാപിക്കുമ്പോൾ എലിക്കുളം ബാങ്ക് 1.45 കോടിയിൽ നിന്നും 2.45 കോടിയിലേയ്ക്ക് പുരോഗമിക്കുന്നു. വായ്പകളിൽ ഹ്രസ്വകാല വായ്പകളാണ് രണ്ടു ബാങ്കുകളും ഏറെ നല്കിയിരിക്കുന്നത്. മദ്ധ്യകാല-ദീർഘകാല വായ്പകളിൽ വളർച്ചയുണ്ടെങ്കിലും ഹ്രസ്വകാലവായ്പകളുമായി തട്ടിച്ചു നോക്കുമ്പോൾ അനുപാതം കുറവാണെന്നു കാണാം. സ്വയംതൊഴിൽ വായ്പകൾ, വ്യവസായ വായ്പകൾ എന്നിവയുടെ കാര്യത്തിലും മറ്റ് രംഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വർദ്ധന ദൃശ്യമല്ല. IRDP വായ്പകളുടെ കാര്യത്തിലും രണ്ടു ബാങ്കും നൽകുന്ന ചിത്രവും വ്യത്യസ്തമല്ല.

ഹ്രസ്വകാല വായ്പകൾക്ക് ചട്ടവട്ടങ്ങൾ കുറവായതിനാലും മദ്ധ്യകാല-ദീർഘകാല വായ്പകൾക്ക് വസ്തു ഈടുവയ്ക്കേണ്ടതുണ്ടെന്നതിനാലും ആദ്യത്തെ വിഭാഗത്തിലുള്ള ലോണിന്റെ എണ്ണവും അളവും വർദ്ധിക്കുന്നു. ഹ്രസ്വകാല-മദ്ധ്യകാല വായ്പകൾക്ക് കർശനമായ പരിശോധനയുള്ളതും ഇതിന് കാരണമാണ്. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് 15,000 രൂപയിൽ കവിഞ്ഞാൽ വസ്തു ഈടുവയ്ക്കേണ്ടതിനാൽത്തന്നെ ആ രംഗത്തുള്ള വിനിയോഗം കുറയാനിടയാകുന്നു. വ്യാവസായിക വായ്പകളുടെ കാര്യത്തിലും മറ്റ് വായ്പകളേക്കാൾ സാങ്കേതികമായ നടപടിക്രമങ്ങൾ കൂടുതലായതിനാൽ കുറവു സംഭവിക്കുന്നു. ദുർബല വിഭാഗങ്ങൾക്കുള്ള വായ്പയെ സംബന്ധിച്ചിടത്തോളം തിരിച്ചടയ്ക്കലിന്റെ ശതമാനം വളരെ കുറവാകുന്നുവെന്നത് ബാങ്കുകളെ അലട്ടുന്ന പ്രശ്നമാകുന്നു.

ആകെ അവലോകനം ചെയ്യുമ്പോൾ, വർഷം പ്രതി ബാങ്കിന്റെ ബന്ധം കൂടുതൽ കൂടുംബങ്ങളിലേയ്ക്കു വ്യാപിക്കുന്നുവെന്നു കാണാം. നിക്ഷേപങ്ങൾ വർദ്ധിക്കുന്നത് ഇതിനു സാക്ഷ്യമാണ്. സംഘം ചേർന്നുള്ള ചിട്ടയായ പ്രവർത്തനങ്ങൾ, ജനസമ്പർക്കം, മെച്ചപ്പെട്ട സേവനം, ജീവനക്കാരുടെ അർപ്പണമനോഭാവം, കാര്യക്ഷമമായ മാനേജ്മെന്റ് എന്നീ ഘടകങ്ങളെല്ലാം ഈ പുരോഗതിക്കു കാരണമാണ്. ബാങ്കിംഗ് പ്രവർത്തനത്തോടൊപ്പം തന്നെ ഇതരമേഖലയി

ലേയ്ക്കും കടന്നുചെന്ന് സ്വാധീനം ചെലുത്താൻ ഈ സ്ഥാപനങ്ങൾക്കും കഴിയുന്നുവെന്നത് ശ്രദ്ധേയമാണ്. ബാങ്ക് വായ്പകൾ തിരികെ നേടുന്നതിനും, സ്വയം തൊഴിൽ-വ്യവസായ രംഗങ്ങളിൽ വായ്പ നൽകുന്നതിനുള്ള സാങ്കേതിക പ്രക്രിയകൾ ലഘൂകരിക്കപ്പെടുന്നതിനും, വരൾച്ച ബാധിതമായ പഞ്ചായത്തിലെ പ്രദേശങ്ങളിലുള്ളവർക്ക് കിണർ കുഴിക്കുന്നതിനും മറ്റുമുള്ള വായ്പകൾ ഉദാരമാക്കുന്നതിനും വേണ്ട നടപടികൾ ഡിപ്പാർട്ടുമെന്റിൽ നിന്നും ഉണ്ടാവേണ്ടിയിരിക്കുന്നു. ഈ വഴിയുള്ള ചില നിർദ്ദേശങ്ങളും ചുവടെ ചേർത്തിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1. പച്ചക്കറികൃഷി സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക, വിപണനകേന്ദ്രം കൂരാലിയിൽ സംവിധാനം ചെയ്യുക.

2. വിത്ത്, വളം മുതലായവ സഹകരണാടിസ്ഥാനത്തിൽ ശേഖരിച്ച് വിതരണം ചെയ്യുവാനുള്ള വ്യവസ്ഥ ചെയ്യുക.

3. ജനസഹകരണത്തോടെ പച്ചക്കറി ഫാം തുടങ്ങുക.

4. സ്വയം തൊഴിലിനുള്ള സാമ്പത്തിക സഹായവും മാർഗ്ഗ നിർദ്ദേശവും ബാങ്കുകളിൽ നിന്ന് ലഭ്യമാക്കുവാനുള്ള വ്യവസ്ഥയുണ്ടാക്കുക.

5. എലിക്കുളം സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ച് കളരിക്കൽപീടികയിലാരംഭിക്കുക.

6. സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലുള്ള മാവേലി സ്റ്റോർ എലിക്കുളം സർവ്വീസ് സഹകരണ ബാങ്കിൽ രൂപീകരിക്കുക.

7. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് കർഷകരുടേതായ മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കുക.

8. സെന്റിന് 130 രൂപ വെച്ച് 12% പലിശയ്ക്ക് ഹ്രസ്വകാല വായ്പ കൊടുക്കുന്നതിന്റെ പരമാവധി 25,000 രൂപയിൽ നിന്ന് 1 ലക്ഷമായി വർദ്ധിപ്പിക്കുക, സെന്റിന് 200 രൂപ പ്രകാരം വായ്പ കൊടുക്കുവാനുള്ള administrative sanction നേടുക.

9. കിണർ കുഴിക്കുന്നതിനുള്ള ദീർഘകാല വായ്പാ പദ്ധതി വിപുലവും ഊർജ്ജിതവുമാക്കുക.

10. വിവിധ വാർഡുകളിൽ തരിശായി കിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനുള്ള സന്നദ്ധ സംഘങ്ങൾ രൂപീകരിച്ച് പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ പ്രവർത്തനം നടത്തുക.

11. 6-ാം വാർഡിൽ മാവേലി സ്റ്റോർ തുടങ്ങുക, കാരക്കുളത്തും എലിക്കുളത്തും സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ മാവേലി സ്റ്റോർ തുടങ്ങുക.

12. സഹകരണാടിസ്ഥാനത്തിൽ ഒരു കാർഷിക വിഭവസമാഹരണത്തിന്റെ വിതരണ ശൃംഖല രൂപീകരിക്കുക.

13 10-ാം വാർഡിൽ ഒരു മാവേലി സ്റ്റോർ തുടങ്ങുക, നിലവിലുള്ള കൺസ്യൂമർ സൊസൈറ്റി ബാങ്കുമായി യോജിപ്പിച്ച് പ്രവർത്തനം വിപുലപ്പെടുത്തുക.

14. IRDP വായ്പകൾ നൽകുമ്പോൾ തിരിച്ചടയ്ക്കാൻ കടക്കാരെ പ്രേരിപ്പിക്കുവാനും, അതിനു നേതൃത്വം കൊടുക്കുവാനുമുള്ള ഒരു സംഘം രൂപീകരിക്കേണ്ടിയിരിക്കുന്നു. സന്നദ്ധ സംഘടനകൾ അതതു വാർഡിലെ മെമ്പറന്മാർ ഇവർ ചേർന്ന ഒരു ഗ്രൂപ്പ് ഈ കാര്യത്തിൽ നിഷ്കർഷ കാണിച്ചാൽ ഈ വിഭാഗങ്ങളിലേയ്ക്ക് ബാങ്കു വായ്പകൾ കൂടുതലെത്തിച്ചേരുവാനിടയാകും. വായ്പ നൽകുവാൻ ബാങ്കുകൾക്കുള്ള സങ്കോചമില്ലാതാക്കുവാനും കഴിയും.

15. കടമെടുത്ത തുക തിരിച്ചടയ്ക്കാതിരുന്നാലുണ്ടാവുന്ന ജപ്തി നടപടികൾ ബാങ്കിലെ വായ്പക്കാരെ മാത്രമല്ല ബാങ്കധികൃതരേയും വിഷമിപ്പിക്കുന്ന വസ്തുതയാണ്. ഇതൊഴിവാക്കാൻ വർഷം തോറും ബാങ്ക് അധികൃതരും പഞ്ചായത്തിലെ ജനപ്രതിനിധികളുമടങ്ങിയ അദാലത്തുകൾ സംഘടിപ്പിക്കുവാനും അതിലെ തീരുമാനങ്ങൾ നിയമാനുസൃതമാക്കുവാനുമുള്ള കല്പനകൾ പുറപ്പെടുവിക്കണം.

16. പഞ്ചായത്തിൽ മൂന്നു കോളനികളുമുണ്ട്. ഈ കോളനികളിലുള്ള കുടുംബങ്ങളെ സാമ്പത്തികമായും സാമൂഹ്യമായും ഉയർത്താൻ അവരുടെ സംഘങ്ങൾ (അയൽക്കൂട്ടങ്ങൾ) രൂപീകരിക്കുകയും ആ സംഘങ്ങളുടെ ഉത്തരവാദിത്തത്തിന്മേൽ വായ്പകൾ നൽകുകയും ചെയ്യാൻ സഹകരണ ബാങ്കുകൾ തയ്യാറാവണം. ഈ കോളനികളെ ദത്തെടുത്ത് (adoption) അവയുടെ ഇന്നത്തെ നിലയിൽ ഗണ്യമായ മാറ്റമുണ്ടാക്കാൻ ശ്രമിക്കണം.

17. സഹകരണ മേഖലയിൽ റബ്ബറധിഷ്ഠിത ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

18. ഒന്നാം വാർഡിൽ ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ സഹായത്തോടെ വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.

19. രണ്ടാം വാർഡിൽ കൂരാലി കേന്ദ്രീകരിച്ച് ഖാദി ബോർഡിന്റെ സഹായത്തോടെ റബ്ബർ ബുഷ്, ബലൂൺ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ തുടങ്ങണം. 7-ാം വാർഡിലും ഇതിനു സാദ്ധ്യതയുണ്ട്.

20. 8-ാം വാർഡിൽ പഴ സംസ്കരണ യൂണിറ്റ് ആരംഭിക്കണം.

21. 5-ാം വാർഡിൽ കേരള സർവ്വീസ് സംഘത്തിന്റെ പ്രവർത്തനരഹിതമായിപ്പോയ നൂൽനൂൽപ്പ് യൂണിറ്റ് പുനരുജ്ജീവിപ്പിക്കണം.

22. പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയ്ക്കും പാൽ വിപണന ശൃംഖല വ്യാപിപ്പിക്കത്തക്കവിധം മിൽക്ക് സൊസൈറ്റിയുടെ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

23. കൂരാലി കേന്ദ്രീകരിച്ച് പച്ചക്കറി മാർക്കറ്റിംഗിനുള്ള സഹകരണ സംഘം രൂപികരിക്കേണ്ടതാണ്. 1,2,6,7 വാർഡുകളിൽ വിപുലമായ പച്ചക്കറി കൃഷിക്കുള്ള സൗകര്യമുണ്ട്. എലിക്കുളം പച്ചക്കറി ഗ്രാമമായി പ്രഖ്യാപിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ഇക്കാര്യം പ്രത്യേക പരിഗണനയർഹിക്കുന്നു.

24. ഒന്നാം വാർഡിൽ വനിതകളെ സംഘടിപ്പിച്ച് തയ്യൽ പരിശീലനകേന്ദ്രം ആരംഭിക്കിണ്ടേതാണ്.

25. പഞ്ചായത്താകെ പ്രവർത്തനമേഖലയാക്കി പട്ടികജാതി പട്ടിക വർഗ്ഗ വികസന സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

26. ഇറച്ചിക്കോഴികൾക്ക് ആവശ്യം ഏറിവരുന്ന സാഹചര്യത്തിൽ കോഴിവളർത്തൽ സഹകരണ സംഘം രൂപീകരിച്ച് എല്ലാ വാർഡിലും പ്രവർത്തനം നടത്തേണ്ടതാണ്. സ്ത്രീകളെ സംഘടിപ്പിച്ച് നടത്താവുന്ന ലാഭകരമായ പ്രസ്ഥാനമാണിത്.

27. പഞ്ചായത്തടിസ്ഥാനത്തിൽ വനിതകളെ സംഘടിപ്പിച്ച് വനിതാ സഹകരണ സംഘം രൂപീകരിച്ച് തയ്യൽ, റെഡിമെയിഡ് ഗാർമെന്റ് മേക്കിംഗ്, കറിപൗഡർ നിർമ്മാണം, പട്ടുനൂൽപ്പുഴു വളർത്തൽ, ചെറുകിട റബ്ബറധിഷ്ഠിത വ്യവസായങ്ങൾ എന്നിവ ആവിഷ്ക്കരിക്കേണ്ടതാണ്. ഓഹരി മുഖേനയും ബാങ്ക് വായ്പ മുഖേനയും ഫണ്ട് സ്വരൂപിക്കാവുന്നതാണ്.

28. സഹകരണ മേഖലയിൽ ഒരു മെഡിക്കൽ സ്റ്റോർ ആരംഭിക്കേണ്ടതാണ്.

ക്ഷീരോല്പാദനവിതരണം

യൂണിറ്റ്	മൊത്തം ശേഖരിക്കുന്നപാൽ	പഞ്ചായത്തിൽത്തന്നെവില്ക്കുന്നപാൽ	പുറത്തേയ്ക്ക് അയയ്ക്കുന്ന പാൽ
വഞ്ചിമല	45629	9137	36492
പനമറ്റം	78900	19233	59667
കാരക്കുളം	87728	6781	80947
ആകെ	212257	35151	177106

സഹകരണബാങ്കുകൾ സമഗ്ര സ്ഥിതി വിവരം (1000 രൂ)

ക്രമ നമ്പർ	ഇനം	1992		1993		1994		119		1996	
		ഇളങ്ങുളം SCB	എലിക്കുളം SCB	ഇളങ്ങുളം SCB	എലിക്കുളം SCB	ഇളങ്ങുളം SCB	എലിക്കുളം SCB	ഇളങ്ങുളം SCB	എലിക്കുളം SCB	ഇളങ്ങുളം SCB	എലിക്കുളം SCB
1.	ഓഹരിമൂലധനം	2152	1721	2680	1887	3637	1982	5197	2129	7972	2406
2.	അംഗങ്ങൾ	6109	6120	6407	6202	6850	6204	7238	6226	8005	6742
3.	സ്ത്രീ അംഗങ്ങൾ	1917	1272	2218	1411	2412	1750	2623	1812	2894	1852
4.	SC/ST അംഗങ്ങൾ	423	121	471	184	536	241	608	292	679	334
5.	നിക്ഷേപം	36967	12028	66982	19274	105691	23558	156593	30087	231659	33140
6.	വായ്പകൾ	33352	14559	57374	17932	96276	19323	127900	20516	227566	24520
a	ഹ്രസ്വകാലകാർഷികവായ്പകൾ	1932	3128	4204	3791	24811	4078	28267	3487	39648	4192
b	മധ്യകാല കാർഷികവായ്പകൾ	407	240	601	524	1243	462	1317	541	1281	414
c	ദീർഘകാല കാർഷികവായ്പകൾ	1070	376	1436	420	1695	423	1644	666	1447	573
7.	ചെറുകിടവ്യവസായ വായ്പ	68	36	74	31	87	35	108	25	122	47
8.	സ്വയംതൊഴിൽ വായ്പ	99	31	110	21	124	31	127	19	130	40
9.	വ്യവസായ വായ്പകൾ	58	46	49	36	745	45	2013	32	9317	60
10	മാവേലിസ്റ്റോർ വിറ്റുവരവ്	1586	410	2038	456	3068	1110	3896	2472	4276	2194
11.	IRDP വായ്പകൾ	112	103	155	88	189	100	164	72	295	134

XI പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

ഞങ്ങളങ്ങനെ നമ്മളാവുമ്പോൾ



മിക്ക പഞ്ചായത്തുകളിലും ആകെ ജനതയുടെ ന്യൂനപക്ഷമേ പട്ടികജാതി പട്ടികവർഗങ്ങളുള്ളു. അതുകൊണ്ടുതന്നെ ഈ വിഭാഗത്തിന്റെ വികസനത്തിന് ഭൂരിപക്ഷം വരുന്ന ഇതര വിഭാഗത്തിൽ പെട്ടവരുടെ സവിശേഷമായ ശ്രദ്ധപതിയേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ നാനാവിധ കർമ്മ പദ്ധതികളിൽ ഈ വിഭാഗത്തിൽപ്പെട്ടവരെ പങ്കെടുപ്പിക്കുവാൻ പരമാവധി ശ്രമം നടത്തേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയുടെ 5.2% ആണ് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്നത്. ഇവിടെ കൂടുതൽ പട്ടികജാതിക്കാർ വസിക്കുന്നത് 1-ഉം 9-ഉം വാർഡുകളിലാണ്. പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ ഏകകോളനി ഒന്നാം വാർഡിലുള്ള ഇളങ്ങുളം കോളനിയാണ്. മറ്റുവാർഡുകളിൽപ്പെട്ടവർ ഇതരവിഭാഗങ്ങളോടൊപ്പം ഇടകലർന്നു താമസിക്കുന്നു. ലഭ്യമായ കണക്കുപ്രകാരം കോളനിയടക്കം ജനസംഖ്യ 1132 ആണ്.

കുടികിടപ്പവകാശം ലഭിച്ചതോടുകൂടി പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ നിലവാരത്തിൽ മാറ്റമുണ്ടായിട്ടുണ്ട്. ജാതി സമ്പ്രദായത്തിന്റെ സ്വാധീനം കുറഞ്ഞതോടെ രാഷ്ട്രീയ സാമൂഹ്യ മേഖലയിലുണ്ടായ പരിവർത്തനങ്ങളുടെ ഫലമായി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഈ വിഭാഗത്തിന് കടന്നു വരുന്നതിനു കഴിഞ്ഞു. പദ്ധതികളുടെ നടത്തിപ്പിലുണ്ടായ സങ്കീർണ്ണതയും സാങ്കേതികത്വവും മൂലം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി സർക്കാർ ആവിഷ്ക്കരിച്ച പല പദ്ധതികളും വേണ്ടവിധം പ്രയോജനപ്പെടുത്തുവാൻ ഈ വിഭാഗത്തിന് സാധിച്ചിട്ടില്ല.

ട്രൈസം പ്രകാരം തൊഴിൽ ലഭിച്ചവരുടെ എണ്ണം നാമമാത്രമാണ്. ജനസംഖ്യാനുപാതികമായിപ്പോലും ഈ കാര്യത്തിൽ കൂടുതൽ കാണാൻ കഴിയുന്നില്ല. ആരോഗ്യപരിപാലനം, ശുചിത്വം എന്നിവയ്ക്കനുപേക്ഷണീയമായ കക്കൂസുകൾ ലഭിച്ചവരുടെ എണ്ണവും എത്രയോ തുച്ഛമാണ്. J.R.Y. ആക്ഷൻപ്ലാൻ പ്രകാരം വീടുനിർമ്മാണത്തിനായി ഈ വിഭാഗത്തിനായി വിനിയോഗിച്ചതുകയും വളരെ കുറവെന്നു കാണുവാൻ കഴിയും.

വിദ്യാഭ്യാസം.

സാക്ഷരരുടെ ശതമാനം പൊതുവേ കൂടുതലാണെങ്കിലും ഉന്നത വിദ്യാഭ്യാസരംഗത്തെത്തുന്നവരുടെ എണ്ണം വളരെ കുറവാണ്. കോളേജു വിദ്യാഭ്യാസത്തിനു പോകുന്ന കുട്ടികളുടെ എണ്ണവും വിരളമാണ്. അംഗണവാടികളുടേയും മറ്റു സാമൂഹ്യസ്ഥാപനങ്ങളുടേയും പ്രവർത്തനഫലമായി വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. 1996-97 അദ്ധ്യയന വർഷത്തിൽ ഈ പഞ്ചായത്തിന്റെ വിവിധ സ്കൂളുകളിലായി 250 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തിവരുന്നു. യു.പി.യിലും, ഹൈസ്കൂളിലുമായി 9 കുട്ടികൾ പഠനം നിർത്തിയതായി കാണുന്നു.

തൊഴിൽ

പരമ്പാരഗത തൊഴിലിൽ ഏർപ്പെട്ടിരുന്ന നല്ലൊരു വിഭാഗം കുടുംബങ്ങൾ ഇപ്പോൾ മറ്റു തൊഴിലുകൾ നിർവ്വഹിക്കുന്നു. പരമ്പരാഗത തൊഴിലിൽനിന്നും ലഭിക്കുന്ന കുറഞ്ഞ വരുമാനമാണ് ഈ മാറ്റത്തിനു കാരണം. പുതു തലമുറ കാർഷികരംഗത്തു നിന്നു മറ്റു മേഖലയിലേക്കു തിരിഞ്ഞിരിക്കുന്നു. കെട്ടിടനിർമ്മാണം, ലോഡിംഗ് എന്നീ രംഗങ്ങളിലാണ് കൂടുതൽ യുവാക്കളും പണിയെടുക്കുന്നത്. ഈ മേഖലയിലുണ്ടായ ഉയർന്ന കൂലിനിരക്കിന്റെ ആകർഷണമാണ് തൊഴിൽ രംഗത്തുണ്ടായ ഈ വ്യതിയാനത്തിന്റെ കാരണം. ഗ്രാമീണ വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യവും വിലകൂടുതലും പ്രധാന പ്രശ്നം തന്നെയാണ്. പരമ്പരാഗത കുടിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന അംഗങ്ങളുടെ എണ്ണം അനുദിനം ശോഷിച്ചുവരുന്നു.

പാർപ്പിടം

സ്വന്തമായി പാർപ്പിടമിലാത്ത ഏകദേശം 30 പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്. പലവീടുകൾക്കും പ്രാഥമിക സൗകര്യങ്ങൾ കുറവാണ്. ഇളങ്ങുളം കോളനിയിലെ വീടുകൾ വൈദ്യുതികരിക്കപ്പെട്ടവയാണെങ്കിലും വൈദ്യുതി ലഭിച്ചിട്ടില്ലാത്ത ധാരാളം വീടുകൾ ഉണ്ട്. ഒന്നാം വാർഡിലെ 8 സെന്റ് കോളനിയിൽ വൈദ്യുതി കുടിവെള്ളം എന്നിവ ലഭ്യമല്ല. ഇതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ കോളനിയിൽ പട്ടയം ലഭിക്കാത്ത കളിലെ കക്കൂസ് സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

നാടൻ കലകൾ നാടൻ പാട്ടുകൾ

പട്ടികജാതി - പട്ടികവർഗ്ഗദത്തിൽപ്പെട്ടവർ

പരമ്പരാഗതമായി പ്രദർശിപ്പിച്ചിരുന്ന നാടൻ കലകൾ ഇന്നു പൂർണ്ണമായിതന്നെ അപ്രത്യക്ഷമായിരിക്കുന്നു. ഓണക്കളി, കോൽക്കളി കാളയും കുതിരയും, മുടിയാട്ടം, പള്ളിപ്പാന, പുറനാടി തുടങ്ങിയ കലാരൂപങ്ങൾ അവയുടെ നിറപ്പകിട്ടുകൊണ്ടും ചലനാത്മകതകൊണ്ടും ആകർഷകങ്ങളാണ്. ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ചുള്ള അനുഷ്ഠാനങ്ങളാണ് ഇവയിൽ മിക്കതും. ഇതുപോലെ തന്നെ ഞാറുനടീൽപാട്ട്, കിളപ്പാട്ട്, കൊയ്ത്തുപാട്ട് എന്നിവയും താളഭംഗികൊണ്ട് സുന്ദരമാണ്. നമ്മുടെ പഞ്ചായത്തിന്റെ ഉൾനാടൻ പ്രദേശങ്ങളിൽ ഈ കലകളിൽ പ്രവർത്തിച്ചിരുന്ന വയോധികരിൽ പലരും ഇന്നു ജീവിച്ചിരിപ്പുണ്ട്. ഇവയുടെ പുനരുത്ഥാനത്തിന് ധനസഹായവും കലാപ്രദർശനത്തിന് വേദിയും സംഘടിപ്പിക്കേണ്ടതുണ്ട്. ഒപ്പം ഈ കലാകാരന്മാർക്ക് പെൻഷൻ നല്കാനുള്ള സംവിധാനവും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതോടൊപ്പം ഒട്ടും തന്നെ ശിക്ഷണം ലഭിക്കാതെ തന്നെ സംഗീതത്തിലും നടനത്തിലുമൊക്കെ കഴിവു പ്രദർശിപ്പിക്കുന്ന കുട്ടികളും യുവാക്കളും ഈ വിഭാഗത്തിലുണ്ട്, അവർക്ക് പ്രത്യേക പരിഗണനയും ശ്രദ്ധയും നല്കേണ്ടിയിരിക്കുന്നു.

സാമൂഹ്യസാമ്പത്തിക സ്ഥിതി

പട്ടികജാതി - പട്ടിക വർഗത്തിൽപ്പെട്ട 91 ഓളം കുടുംബങ്ങൾ ഇന്നും ദാരിദ്രരേഖയ്ക്കു താഴെയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഭൂപരിഷ്ക്കരണത്തിനുശേഷം സ്വന്തമായി ലഭിച്ച മണ്ണ് നിലനിർത്തുവാൻ പല കുടുംബങ്ങൾക്കും കഴിയുന്നില്ല സർക്കാർ ജോലി ലഭിച്ചവരുടെ എണ്ണം വളരെ കുറവാണ്. സാമാന്യവിദ്യാഭ്യാസത്തിൽനിന്ന് S.S.L.C. വരെ എത്താൻ കഴിയുന്ന ന്യൂനപക്ഷം തന്നെ ഉന്നത വിദ്യാഭ്യാസത്തിലേക്ക് ഉയരുന്നില്ല. പഞ്ചായത്തിലെ രാഷ്ട്രീയ - സാമൂഹ്യ സംഘടനകളിൽ പ്രവർത്തിക്കുമ്പോൾ തന്നെ നേതൃത്വത്തിലേക്കുവരുവാൻ കഴിഞ്ഞവർ വിരളമാണ്. വ്യാപകമായ വ്യവസായവല്ക്കരണത്തിന്റെ അഭാവവും ഇടത്തരം കർഷകവിഭാഗത്തിന്റെ പ്രാമണ്യവും മൂലം പൂർണ്ണമായും മാമൂലുകൾ നശിക്കാത്ത ഈ പഞ്ചായത്തിൽ നിരന്തരമായ, ബോധപൂർവ്വമായ പ്രവർത്തനത്തിലൂടെയേ പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യസ്ഥിതിക്കു മാറ്റമുണ്ടാകൂ.

പ്രശ്നങ്ങൾ

1. സ്വന്തമായി വീടില്ലാത്ത 35 കുടുംബങ്ങൾക്ക് വീടു ലഭ്യമാക്കേണ്ടതുണ്ട്.
2. കുടിവെള്ളവും ആവശ്യമായ വൈദ്യുതിയും ലഭിക്കുന്നില്ല.
3. ശവം മറവുചെയ്യുന്നതിനു ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
4. നടപടികളിലെ സങ്കീർണ്ണതയും, സാങ്കേതികത്വവും മൂലം ക്ഷേമപദ്ധതികൾ പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നില്ല.
5. പെൺകുട്ടികളുടെ വിവാഹത്തിനും മറ്റുമുള്ള ധനസഹായം വേണ്ടസമയത്തു ലഭിക്കുന്നില്ല.
6. തൊഴിൽരഹിതരുടെ എണ്ണം വർദ്ധിക്കുന്നു.
7. വീടുനിർമ്മിക്കുന്നതിനു ലഭിക്കുന്ന ധനസഹായം അപര്യാപ്തമാണ്.
8. മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുവാൻ സാധിക്കന്നില്ല.
9. വീടുകൾക്ക് പരിമിതമായ സൗകര്യങ്ങളേ ഉള്ളൂ.
10. പട്ടികജാതി - പട്ടികവർഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവുവേണ്ടത്രയില്ല.
11. I.R.D.P. പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

സാദ്ധ്യതകൾ

വൈദ്യുതി

ഇളങ്ങുളം കോളനിയിലെ വീടുകൾ മാത്രമാണ് പൂർണ്ണമായും വൈദ്യുതികരിച്ചിട്ടുള്ളത്. ഒന്നാം വാർഡിലുള്ള 8 സെന്റ് കോളനി ജീരകത്തും പടി - കുരുവിക്കൂട് റോഡ്, സമീപത്തുള്ള 10 വീടുകൾ എന്നിവ വൈദ്യുതീകരിക്കുവാൻ ആവശ്യമായ പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്.

കുടിവെള്ളം

കോളനിയിൽ പൊതുവെ കുടിവെള്ളപ്രശ്നം രൂക്ഷമാണ്. ഒന്നാം വാർഡിൽ കോളനിക്കു സമീപമുള്ള പഞ്ചായത്തു കിണർ സംരക്ഷിക്കുന്നതിന് ഏർപ്പാടുണ്ടാക്കിയാൽ വേനൽക്കാലത്തെ കുടിവെള്ള പ്രശ്നം ഒരളവുവരെ പരിഹരിക്കാവുന്നതാണ്. രണ്ടാം വാർഡിൽ ഈറ്റക്കൽ തോട്ടിൽ പതിയിൽ കടവിൽ തടയണ നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാം.

പട്ടികജാതി - പട്ടിക വർഗവിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെപ്പറ്റയും ഈ വിഭാഗത്തിനു ലഭിക്കേണ്ട വിവിധയിനം ധനസഹായങ്ങളെപ്പറ്റിയും അറിവുലഭിക്കാനുള്ള ബോധവല്ക്കരണ പരിപാടികൾ ഗ്രാമ പഞ്ചായത്തുകൾ മുഖേന നടത്തേണ്ടതാണ്. ഇതിനുവേണ്ടി പഞ്ചായത്തിൽ പട്ടികജാതി സെൽ രൂപീകരിക്കേണ്ടതുമാണ്.

പട്ടികജാതി - പട്ടികവർഗക്ഷേമത്തിനായി ശ്രദ്ധപതിയേണ്ട നിർദ്ദേശങ്ങൾ

പരമ്പരാഗത കുടിൽ വ്യവസയാങ്ങൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. കുടിവെള്ള പ്രശ്നം പരിഹരിക്കുക.
2. പട്ടികജാതി സഹകരണ സംഘം ആരംഭിക്കുക.
3. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള 60 വയസ്സിനും മുകളിലുള്ള എല്ലാവർക്കും പെൻഷനും ചികിത്സാസഹായവും നല്കുക.
4. പട്ടികജാതിയിൽപ്പെട്ട വനിതകൾക്കായി വനിതാവ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
5. പൊതുശ്മശാനം സ്ഥാപിക്കുക.
6. രണ്ടാംമൈൽ ഹരിജൻ കോളനിയിൽ ഒരു ലൈബ്രറി സ്ഥാപിക്കുക.
7. രണ്ടാം മൈൽ കോളനിയിലെ പൊതുശ്മശാനത്തിന് ചുറ്റുമതിൽ കെട്ടുക.
8. 8 സെന്റ് കോളനി വീടുകൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
9. പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിലിനാവശ്യമായ അസംസ്കൃത വസ്തുക്കൾ എത്തിച്ചുക്കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
10. അർഹരായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സൗജന്യമായി വളർത്തു മൃഗങ്ങളേയും പക്ഷികളേയും വിതരണം ചെയ്യേണ്ടതാണ്.
11. വീടിന്റെ അറ്റകുറ്റപ്പണികൾ പഞ്ചായത്തിൽ നിന്നും ചെയ്തുകൊടുക്കുക.
12. എട്ടു സെന്റു കോളനി, 1-ാം മൈൽ കോളനി, 2-ാം മൈൽ കോളനി എന്നിവടങ്ങളിൽ വഴി വിളക്കുകൾ സ്ഥാപിക്കുക.
13. കക്കൂസ് ഇല്ലാത്ത എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിച്ചു നൽകേണ്ടതാണ്.
14. പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിന് പഞ്ചായത്തു തലത്തിൽ ക്രമീകരണങ്ങൾ ഉണ്ടാക്കുക.
15. സ്വയം തൊഴിൽ നേടുന്നതിനുള്ള മാർഗ്ഗ നിർദ്ദേശവും ബാങ്ക് വായ്പ ലഭിക്കുന്നതിനുള്ള നടപടികളും ലഘൂകരിച്ച് നടപ്പിലാക്കുക.
16. S.S.L.C പൂർത്തിയാക്കുന്നതിനും തുടർപഠനം ചെയ്യുന്നതിനും വേണ്ട പദ്ധതികൾ നടപ്പിലാക്കുക.
17. രണ്ടാം മൈൽ കോളനിക്കു സമീപത്തുകൂടി കടന്നുപോകുന്ന റോഡ് വീതി കൂട്ടി ടാർ ചെയ്യുക.
18. വീടു നിർമ്മാണത്തിന് ധനസഹായം വർദ്ധിപ്പിക്കുന്നതോടൊപ്പം കക്കൂസ് നിർമ്മാണത്തിനു ധനസഹായം നൽകുക.
19. രണ്ടാം വാർഡിൽ ത്രിവേണി ഭാഗത്തുള്ള ഏകദേശം 10 വീടുകൾക്ക് കക്കൂസ് നിർമ്മിച്ചു കൊടുക്കുക.
20. 1-ാം വാർഡിൽ ഒരു ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക.
21. ക്ഷേമ പദ്ധതികൾ ഏകോപിപ്പിച്ച് വിതരണം ചെയ്യുന്നതിനും പദ്ധതികളും നിബന്ധനകൾ ലളിതമാക്കി അവയുടെ മേൽ നോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തുകളെ അധികാരപ്പെടുത്തുക.
22. 10 സെന്റു സ്ഥലമുള്ള എല്ലാ പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും സൗജന്യമായി കിണർ കുഴിക്കുന്നതിനുള്ള സൗകര്യമേർപ്പെടുത്തണം.

പട്ടിക I

എലിക്കുളം പഞ്ചായത്ത് ജനസംഖ്യ

		പുരുഷൻ	സ്ത്രീ
പട്ടികജാതി	1132	569	563
പട്ടികവർഗ്ഗം	86	46	40

പട്ടിക II

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

വാർഡ്	ആകെ കുടുംബങ്ങൾ	ഇതിൽ പട്ടികജാതി കുടുംബങ്ങൾ
1	245	22
2	177	8
3	101	14
4	150	6
5	129	8
6	169	5
7	130	4
8	168	7
9	152	12
10	157	5

പട്ടിക III തൊഴിൽ പരിശീലനം ലഭിച്ചവർ

	S.C	S.T.
1992-93	2	—
1993-94	2	—
1994-95	3	—
1995-96	1	—

പട്ടിക IV കക്കൂസ് സൗകര്യം ലഭിച്ചവർ

	S.C	S.T.
1993-94	5	—
1994-95	1	—
1995-96	6	—

പട്ടിക 5. JRY ആക്ഷൻ പ്ലാൻ 1995-96

പണിയുടെ പ്ലാൻ	SC/ST വിഭാഗം തുക
വീടു നിർമ്മാണം	40,600/-രൂ.

XII വിഭവസമാഹരണം

ഇല്ലം നിറ വല്ലം നിറ

വിഭവ സമാഹരണമെന്ന സങ്കല്പം കൊണ്ട് വിവക്ഷിക്കുന്നത് പ്രകൃതി വിഭവങ്ങളുടെ സമാഹരണം മാത്രമല്ല. അതിലുപരി എല്ലാ വികസന പ്രക്രിയയുടേയും നടുനായക സ്ഥാനത്തു നിൽക്കുന്ന അപാരമായ മനുഷ്യശേഷിയുടെ സംഘാടനവും വിനിയോഗവും കൂടിയാണത്. സ്വാതന്ത്ര്യ സമരകാലത്ത് നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ ആശയാദർശങ്ങൾ പ്രചരിപ്പിക്കുന്നതിനും അതിന്റെ കീഴിൽ ജനതയെ അണിനിരത്തുന്നതിനും നിസ്വാർത്ഥരായ ഗ്രന്ഥശാലാ പ്രവർത്തകർ വഹിച്ച പങ്ക് ഓർമ്മിക്കുക. ഈയടുത്ത കാലത്ത്. കേരളത്തിലെ ജനജീവിതത്തെ ഉജ്ജ്വലമായി ഉണർത്തിയ സാക്ഷരതാ പ്രസ്ഥാനത്തിന്റെ കേന്ദ്രവും മനുഷ്യപ്രയത്നവും ശേഷിയുമായിരുന്നു. നമ്മുടെ പഞ്ചായത്തിലെ പ്രകൃതി വിഭവങ്ങളുടേയും നികുതിവഴി ലഭിക്കുന്ന വരുമാനത്തിന്റേയും സാധ്യത കണക്കിലെടുക്കുക തന്നെ വേണം. പക്ഷേ, അതിലുപരി, ഈ നാട്ടിൻപുറങ്ങളിൽ അർദ്ധ സുഷുപ്തമായി വിനിയോഗിക്കപ്പെടാതെ അണകെട്ടി നിൽക്കുന്ന മനുഷ്യന്റെ സർഗ്ഗശേഷിയെ അഴിച്ചുവിടാനുള്ള പ്രായോഗികവും ക്ഷമാപൂർവ്വവുമായ പരിപാടികളാണ് നാം ആവിഷ്ക്കരിക്കേണ്ടത്. മനുഷ്യശേഷിയുടെ ശാസ്ത്രീയമായ സാക്ഷാത്ക്കാരവും ജനകീയ പങ്കാളിത്തവും പരസ്പര പൂരകമാണ്.

താരതമ്യേന വരുമാനം കുറഞ്ഞ പഞ്ചായത്താണ് നമ്മുടേതെന്ന് സ്ഥിതി വിവരം വ്യക്തമാക്കുന്നു.

വരവ് സംബന്ധിച്ച വിവരങ്ങൾ

ഈ കോളനികെട്ടിട നികുതി, തൊഴിൽ നികുതി, വസ്തു കൈമാറ്റ നികുതി എന്നീ മൂന്നിനങ്ങളിൽ നിന്നാണ് നമ്മുടെ പഞ്ചായത്തിലെ വരുമാനത്തിന്റെ 90 ശതമാനവും ലഭിക്കുന്നത്. വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ കുറവായ ഈ മേഖലയിൽ നിന്ന് പതിനായിരത്തിൽ താഴെയാണ് ലൈസൻസ് ഫീസായി ലഭിക്കുന്നതെന്നു കാണാം. മറ്റു വരവുകൾ ആകെ വരവിന്റെ ഏഴു ശതമാനം മാത്രമാണ്. വാഹന നികുതി, വിനോദനികുതി, ചന്തവരവ് തുടങ്ങിയ ഇനങ്ങളിൽ പൂജ്യമാണ് കാണുന്നത്. നികുതിയിലൂടെയുള്ള വരുമാനം എത്രയോ കുറവാണെന്ന് ഇതു നമ്മെ ബോധ്യപ്പെടുത്തുന്നു. ഇതോടൊപ്പം പഞ്ചായത്തിന്റെ മൊത്തം ചെലവിന്റെ ചിത്രം കൂടി ലഭിച്ചാലേ, മിച്ചം വരുന്ന തുക എത്രയെന്ന് കാണാൻ കഴിയൂ.

ചെലവ്

വരുമാനത്തിന്റെ 60 ശതമാനവും ഭരണ ചെലവിനു വിനിയോഗിക്കുമ്പോൾ ബാക്കി പൊതുമരാമത്തു പണിക്കും തെരുവു വിളക്കു കത്തിക്കുന്നതിനും വിദ്യാഭ്യാസത്തിനും വിനിയോഗിക്കുന്നു. വിദ്യാഭ്യാസത്തിനായി ചെലവഴിക്കാൻ കഴിഞ്ഞ തുക എത്രയോ കുറവാണെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക. പഞ്ചായത്തിന്റെ പൊതു സാമ്പത്തിക നില കൂടി പരിശോധിക്കാം.

ഏതാണ്ട് മൂന്നു ലക്ഷത്തിൽ എൺപതിനായിരം രൂപയാണ് പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുവാൻ കഴിയുന്നത്. ഇത് തികച്ചും അപര്യാപ്തമായ സാമ്പത്തിക ശേഷിയുടെ ദൃശ്യമാണ് നമ്മുടെ മുമ്പിൽ ചിത്രപ്പെടുത്തുന്നത്.

ഇത് വളരെ ശ്രദ്ധിക്കേണ്ട സുപ്രധാനമായ ഒരു വസ്തുതയിലേയ്ക്ക് വിരൽചൂണ്ടുന്നു. കേന്ദ്ര-കേരള സർക്കാരുകളുടെ ഗ്രാന്റും സഹായവും എത്രയളവിൽ ലഭിച്ചാലും നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് അത് സമ്പൂർണ്ണമായി തികയുകയില്ല എന്ന യാഥാർത്ഥ്യം നാം അംഗീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ ചെലവിനങ്ങളിൽ കുറവു വരുത്തുവാൻ സാധ്യമല്ലാത്ത സ്ഥിതിയാണുള്ളതെന്ന് ചെലവിനങ്ങൾ പരിശോധിച്ചാൽ വ്യക്തമാകും. എന്തെങ്കിലും കുറവു വരുത്താനാവുന്നത് തെരുവു വിളക്കുകൾ കത്തിക്കുന്നതിൽ വരുന്ന ചെലവിൽ മാത്രമാണ്. അതിനും പരിധിയുണ്ടെന്നോർക്കുക. ജീവനക്കാരുടെ വേതനമുൾപ്പെടെയുള്ള ഭരണ ചെലവിൽ കുറവു വരുത്തുവാൻ കഴിയില്ലല്ലോ. വരവിനങ്ങളിൽ ശ്രദ്ധിച്ചാൽ നല്ല ശതമാനം വർദ്ധന സൃഷ്ടിക്കാൻ കഴിയും കെട്ടിട നികുതി പിരിക്കുന്നതിലും തൊഴിൽ നികുതിയുടെ കാര്യത്തിലും നിരക്കിൽ മാറ്റം വരുത്തുക, വിലയിരുത്തലുകൾ കർക്കശവും നിഷ്പക്ഷവുമാക്കുക എന്നീ വഴികളിലൂടെ വർദ്ധിപ്പിക്കാൻ കഴിയുന്ന വരവിനും പരിധിയുണ്ട്. എല്ലാ വഴികളും റോമിലേയ്ക്ക് എന്നു പറഞ്ഞതുപോലെ ഈ വസ്തുതകളെല്ലാം ചൂണ്ടുന്നത്, നമ്മുടെ പഞ്ചായത്തിലെ മനുഷ്യശേഷിയുടെ സമ്പന്നമായ ദിശയിലേയ്ക്കു തന്നെയാണ്.

ചെലവ്

ഇനം	തുക
ഭരണം	56,6251
പൊതുമരാമത്ത്	3,83,533
വിദ്യാഭ്യാസം	9914
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	1,800
തെരുവു വിളക്കുകൾ കത്തിക്കുന്നത്	36,680
മറ്റുള്ളവ	15364
ആകെ	10,13,542

പൊതു സാമ്പത്തിക നില

പൊതു കണക്ക്	മൂലധനക്കണക്ക്	കടം സംബന്ധിച്ച കണക്ക്
വരവ്	13,96,691	— 12,890
ചെലവ്	10,13,542	— 8775

സാധ്യതകൾ

നമ്മുടെ പഞ്ചായത്തിൽ ഒൻപതു ഗ്രന്ഥ ശാലകൾ പ്രവർത്തിക്കുന്നുണ്ട്. അവയോടനു ബന്ധിച്ച് കലാ-കായിക ക്ലബ്ബുകളുമുണ്ട്. പല വാർഡുകളിലും മഹിളാ സമാജങ്ങൾ പ്രവർ ത്തിക്കുന്നുണ്ട്. ഇതിനും പുറമെ സാമുദായിക-രാഷ്ട്രീയ സംഘടനകളും അവയുടെ യുവജന വിഭാഗവും നിലവിലുണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരും, വിശ്രമവേളകൾ ധാരാള മുള്ള വീട്ടമ്മമാരുടെ നല്ല ഒരു സംഘവും തന്നെ

വരവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി.
കെട്ടിട നികുതി	2,84,336	2,84,336	Nil
സർവ്വീസ് ചാർജ് ലൈബ്രറിസെസ്	13,855	13,855	Nil
തൊഴിൽ നികുതി	1,42,265	1,42,265	Nil
വാഹന നികുതി	Nil	Nil	Nil
വിനോദ നികുതി	Nil	Nil	Nil
അഡീഷണൽ വിനോദ നികുതി	Nil	Nil	Nil
പ്രദർശന നികുതി	Nil	Nil	Nil
പ്രദർശന നികുതിയിന്മേൽ സർചാർജ്ജ്	Nil	Nil	Nil
ചന്ത വരവ്	Nil	Nil	Nil
ലാന്റ് സെസ്സ്	Nil	Nil	Nil
ലൈസൻസ് ഫീസ്	9278	9278	Nil
കെട്ടിട നികുതി സർചാർജ്ജ്	Nil	Nil	Nil
വസ്തു കൈമാറ്റ നികുതി 75%	2,59,396	2,59,396	Nil
വസ്തു കൈമാറ്റ നികുതി 25%	Nil	Nil	Nil
സർക്കാർ ഗ്രാന്റും മറ്റുമൊഴികെ മറ്റു വരവുകൾ	44,519	44,519	Nil
സംഭാവന	Nil	Nil	Nil
ഡെപ്പോസിറ്റ്	12,890	12,890	Nil
മറ്റുള്ളവ	Nil	Nil	Nil
ആകെ	7,66,539	7,66,539	Nil

യുണ്ട്. പഞ്ചായത്തിലെ നല്ലൊരു വിഭാഗം ടാപ്പിംഗ് തൊഴിലാളികളാണ്. അവർക്ക് ടാപ്പിംഗ് കഴിഞ്ഞ് ധാരാളം ഒഴിവ് സമയം ലഭിക്കുന്നുണ്ട്. ശബരിമല തീർത്ഥാടനകാലത്ത് നമ്മുടെ പഞ്ചായത്തിലെ പ്രധാന പാതയായ പാലാ-പൊൻകുന്നം റോഡിൽ തീർത്ഥാടകരുടെ നല്ല തിരക്ക് എല്ലാ വർഷവും അനുഭവപ്പെടുന്നുമുണ്ട്. ഇടത്താവളങ്ങളും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യവുമില്ലാതെ അവർ ബുദ്ധിമുട്ടുന്ന സ്ഥിതി നമുക്കു കാണാവുന്നതാണ്. വിവിധ വകുപ്പുകളിൽ പ്രശസ്തവും സുദീർഘവുമായ സേവനമനുഷ്ഠിച്ച ശേഷം വിശ്രമജീവിതം നയിക്കുന്ന നല്ലൊരു ശതമാനം ജനങ്ങളുടെ അനുഭവസമ്പത്തും പരിചയവും സ്വാധീനങ്ങളും വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കത്തക്ക വിധം പാകമായി നമുക്ക് ഇവിടെ ലഭ്യമാണ്.

നിർദ്ദേശങ്ങൾ

1. ഓരോ വാർഡിലും അംഗസംഖ്യ 100 വരെ ആകാവുന്ന സന്നദ്ധ സേന രൂപീകരിച്ച് ഗ്രാമവികസനപ്രവർത്തനങ്ങൾ നടത്തണം. "ഫുഡ് ഫോർ വർക്ക്" എന്ന പദ്ധതിക്കു പകരം "സേവനത്തിന് അംഗീകാരം" എന്ന സങ്കല്പത്തോടെ വികസന രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് സേവനത്തിന് അംഗീകാരമായി ആവുംവിധം സഹായം നൽകണം.

2. ഈ സന്നദ്ധ സേനയിൽ നിന്നും മേസ്തിരിപ്പണി, തടിപ്പണി ഇവയ്ക്ക് പ്രത്യേകം പരിശീലനം നേടാൻ താല്പര്യമുള്ളവർക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിദഗ്ദ്ധ പരിശീലനം നേടാനുള്ള സംവിധാനം ഉണ്ടാവണം.

3. നിലവിലുള്ള റോഡുകളുടെ നവീകരണത്തിനും പരിപാലനത്തിനും ശ്രമദാനങ്ങളിലൂടെ മനുഷ്യശേഷി ഉപയോഗിക്കത്തക്കവിധം അതതു പ്രദേശങ്ങളിലുള്ളവരെ സംഘടിപ്പിക്കണം.

4. പഞ്ചായത്തിൽ നിന്ന് പൊതുകിണറുകൾ കുഴിച്ചു കൊടുക്കുമ്പോൾ അതിനും അവയുടെ കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികൾക്കും അവ ഉപയോഗിക്കുന്ന പത്തോ ഇരുപതോ വീടുകളുടെ സഹകരണവും സഹായവും ഉറപ്പാക്കണം.

5. നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ പുറമ്പോക്കും അളന്ന് തിട്ടപ്പെടുത്തി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കൈവശപ്പെടുത്തി ഗ്രാമവികസനസമിതികളുടെ ഉത്തരവാദിത്വത്തിൽ ആവർത്തന കൃഷി നടത്തേണ്ടതാണ്.

6. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ, വാണിജ്യ ബാങ്കുകൾ, ഫൈനാൻസിയേഴ്സ് എന്നിവയുടെ ലാഭത്തിൽ നിശ്ചിത വിഹിതം പഞ്ചായത്തിലേക്ക് ഈടാക്കേണ്ടതാണ്.

7. നമ്മുടെ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളേയും നാഷണൽ സേവിംഗ്സ് സ്കീമിൽ അംഗങ്ങളാക്കണം.

8. കെട്ടി നികുതി നിർണ്ണയിക്കുന്നതിൽ ശാസ്ത്രീയ മാനദണ്ഡം പാലിക്കുകയും പുതുക്കുകയും ചെയ്യേണ്ടതാണ്. അഞ്ചു ലക്ഷം രൂപയിൽ കൂടുതൽ ചെലവു വരുന്ന കെട്ടിടങ്ങളെ ആഡംബര ഇനത്തിൽപ്പെടുത്തി നിർമ്മാണച്ചെലവിന്റെ ഒന്നോ രണ്ടോ ശതമാനം പഞ്ചായത്ത് സെസ്സ് ആയി ഈടാക്കണം.

9. വീടുകൾ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് നികുതി ചുമത്തുമ്പോൾ നിർമ്മാണച്ചെലവ് മാനദണ്ഡമാക്കുന്നതോടൊപ്പം തന്നെ അവിടെ നടക്കുന്ന ബിസിനസിന്റെ ടേണോവർ കൂടി കണക്കിലെടുക്കേണ്ടതാണ്. ബിസിനസിൽ വരുന്ന മാറ്റത്തിനനുസൃതമായി നികുതി പുതുക്കേണ്ടതാണ്.

10. തൊഴിൽ നികുതിയുടെ സ്വഭാവത്തിൽ സമൂല പരിവർത്തനം വരുത്തി എല്ലാവിധ തൊഴിൽക്കാരിൽ നിന്നും നികുതി ഈടാക്കണം.

11. നമ്മുടെ പരിധിയിലുള്ള റബ്ബർ ഉൾപ്പടെയുള്ള എല്ലാത്തരം നെഴ്സറികൾക്കും ലൈസൻസ് ഏർപ്പെടുത്തുകയും തൈകളുടെ ഗുണനിലവാരം പരിശോധിക്കുകയും വേണം.

12. നമ്മുടെ പ്രദേശത്തുള്ള ഗൾഫ് ജോലിക്കരാരുടെ സാമ്പത്തിക സഹകരണവും നിക്ഷേപവും വികസനപ്രവർത്തനങ്ങളിൽ സമാഹരിക്കേണ്ടതാണ്.

13. ശബരിമല തീർത്ഥാടനകാലത്ത് എരുമേലി വഴി പമ്പയ്ക്കു പോകുന്ന അയ്യപ്പ ഭക്തന്മാർ പാലാ - പൊൻകുന്നം റോഡിൽ ഒന്നു മുതൽ പത്തുവരെയുള്ള വാർഡുകളെ കടന്നുപോകുന്നു. ഇവർക്ക് വിശ്രമത്താവളങ്ങളും പ്രാഥമികസൗകര്യങ്ങളും ഏർപ്പെടുത്തി ന്യായമായ വാടക അവരിൽനിന്നും ഈടാക്കാവുന്നതാണ്.

14. പാലാ - പൊൻകുന്നം റോഡിൽ പൈക ഹോസ്പിറ്റലിന് എതിർവശമുള്ള സ്ഥലത്ത് ഒരു ബസ് സ്റ്റാൻഡ് സ്ഥാപിച്ചാൽ ദിനംപ്രതി കുറഞ്ഞത് 900 രൂപ എങ്കിലും പിരിച്ചെടുക്കാൻ കഴിയും.

15. നമ്മുടെ പഞ്ചായത്തിൽ ഒരു സിനിമാ തീയേറ്റർ ഇല്ല. പ്രദർശനമില്ലാത്ത പഴയ സിനിമാ തീയേറ്റർ ഉള്ളത് 6-ാം വാർഡിൽ ആണ്. അതു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞാൽ നല്ല തോതിൽ നികുതി സമാഹരിക്കുവാൻ കഴിയും.

16. ഗവണ്മെന്റ് ആസ്പത്രിക്ക് സമീപം പഞ്ചായത്ത് വക സ്ഥലത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സും മുകളിലത്തെ നിലയിൽ കമ്മ്യൂണിറ്റി ഹാളും നിർമ്മിച്ച് സ്ഥിരവരുമാനം സമ്പാദിക്കാവുന്നതാണ്.

17. പഞ്ചായത്ത് മുൻ കയ്യെടുത്ത് ഒരു പൊതു മാർക്കറ്റ് സ്ഥാപിക്കണം.



ടൂറിസം

യാത്രികർക്ക് ഒരിടം



കേരളത്തിന്റെ ഏതു പ്രദേശത്തും വിദേശികളെ ആകർഷിക്കുന്ന പ്രകൃതി സുന്ദരമായ ഭാഗങ്ങളുണ്ട്. തികച്ചും അകൃത്രിമമായ കറയറ്റൊരാലസൽഗ്രാമ ഭംഗി തുളുമ്പുന്ന ഈ രംഗങ്ങൾ ചിരപരിചിതത്വം കൊണ്ട് ശ്രദ്ധിക്കപ്പെടാതെ പോവുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഇങ്ങനെ ടൂറിസം ഡിപ്പാർട്ട്മെന്റ് ശ്രദ്ധ വെച്ചാൽ നല്ല വികസനസാധ്യതയുള്ള പോയിന്റാണ് 9-ാം വാർഡിലെ വഞ്ചിമലയുടെ നെറുകയിലുള്ള മണിയൻകുന്നും ചെത്തിമറ്റം പുരയിടവും. ഒരു വശത്ത് അത്യഗാധമായ താഴ്വരയും മറുവശത്ത് അതിവിശാലമായി പരന്നുകിടക്കുന്ന ജില്ലയിലെ മിക്കഭാഗവും കാണാവുന്ന സൗകര്യവും ഈ പ്രദേശത്തിനുണ്ട്. ഇടുക്കി ജില്ലയിലെ ഇലവീഴാപുഞ്ചിറയ്ക്കൊപ്പം പ്രാധാന്യമുള്ള ഒരു സ്ഥലമാണിത്. നല്ലൊരു പിക്ക്നിക്ക് സ്പോട്ടിനുള്ള എല്ലാ സാധ്യതകളും ഇവിടെയുണ്ട്. മാത്രമല്ല, ഇവിടെയുള്ള ക്രിസ്ത്യുമതസ്ഥർ യേശുദേവന്റെ പീഢാനുഭവത്തിന്റെ വിശുദ്ധ സ്മരണകളുമായി ഈ മല കയറാറുണ്ട്. അങ്ങിനെ മതപരമായും ഈ പ്രദേശത്തിന് പ്രാധാന്യമുണ്ട്.

പാലാ - പൊൻകുന്നം റോഡിൽ മഞ്ചക്കുഴിയിലിറങ്ങി, കിഴക്കോട്ടുള്ള കാഞ്ഞിരപ്പള്ളി റോഡിൽ വേണ്ടത്ര പരസ്യം കൊടുക്കുകയും പത്രങ്ങളിലും ടി.വിയിലും കൂടി പ്രചരണം നടത്തുകയും ചെയ്താൽ ജില്ലയിലെ അപ്രധാനമല്ലാത്ത ഒരു ഉല്ലാസയാത്രാ കേന്ദ്രമായി ഈ സ്ഥലം നമുക്കുമാറ്റാൻ കഴിയും. 9-ാം വാർഡിലെയും എട്ടാം വാർഡിലെയും ഗ്രാമസഭകളിൽ നിന്ന് ഈ നിർദ്ദേശം സജീവമായി ഉയർന്നു വന്നിട്ടുള്ളതാണ്. എൻ.സി.സി. സ്കൗട്ട് തുടങ്ങിയ സംഘങ്ങളുടെ സജീവ ശ്രദ്ധയിൽപ്പെടുത്തിയാൽ അവയുടെ കായിക പരിശീലനങ്ങൾക്ക് യോജിച്ച പ്രദേശമായി ഇവിടെ പരിഗണിക്കപ്പെടുമെന്നത് തീർച്ചയാണ്. ഗതാഗത സൗകര്യം മെച്ചപ്പെടുത്തുകയും താല്കാലിക വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്താൽ വളരെ പ്രയോജനകരമായിരിക്കും.